വേദപ്രചാര

# മദ്ധ്യസ്ഥൻ

വാല്യം 95 | ലക്കം 12 | 2023 ജൂൺ

VEDAPRACHARA MADHYASTHAN

Price Rs. 25/- Annual Subscription Rs. 300/-

Malayalam Monthly




The official organ of the Archeparchy of Changanacherry

# അതിരൂപതാദിനം (20 മെയ് 2023)

## മുഹമ്മ സെന്റ് ജോർജ് ഫൊറോനാപ്പള്ളി



ലോഗോ പ്രകാശനം

ഇടവകതല ആഘോഷങ്ങൾ
14 മെയ് 2023





ദീപശിഖയും ഛായാചിത്രവും





പ്രയാണങ്ങൾക്കു സ്വീകരണങ്ങൾ



## മാർ ജോസഫ് പവ്വത്തിൽ നഗർ, മുഹമ്മ സെന്റ് ജോർജ് ഫൊറോനാപ്പള്ളി



സമ്മേളനനഗറിലേക്കു



പതാക ഉയർത്തൽ



സമ്മേളന ഉദ്ഘാടനം



അതിരൂപതാദിനപ്രതിജ്ഞ



ഗായകസംഘം





എക്സലൻസ് അവാർഡുദാനം



## പ്രതിഭകളെ ആദരിക്കൽ



ജൂബിൻ ജിമ്മി

തോമസ് വി.ജെ. കപ്പാമൂട്

അനീഷ് കെ. ജോസഫ്

ഡോ. ഷേർലി ഫിലിപ്പ്സ് പൂതൂമന

ഹെൽന മെറിൻ ജോസഫ്

ഡോ. ജോർജ് ജോസഫ്

മികച്ച പാരിഷ് ഡയറക്ടറി



സെന്റ് ജോസഫ്സ്, കുറിച്ചി



നൃത്താവിഷ്കാരം

മികച്ച പാരിഷ് ബുള്ളറ്റിൻ



സെന്റ് മേരീസ് ബസിലിക്ക, ചമ്പക്കുളം

മികച്ച പാരിഷ് ഡയറക്ടറി



സെന്റ് മേരീസ്, പുന്നമട

മികച്ച പാരിഷ് ബുള്ളറ്റിൻ



മർത്ത് മറിയം ഫൊറോന, തുരുത്തി

മികച്ച പാരിഷ് ബുള്ളറ്റിൻ



ലിറ്റിൽ ഫ്ളവർ, കുളത്തൂർ

മികച്ച പാരിഷ് ബുള്ളറ്റിൻ



ലൂർദ്സ് ഹിൽ, പേരൂർക്കട

മാർ ജോസഫ് പവ്വത്തിൽ സ്മരണിക പ്രകാശനം



'നല്ലോർമ'

138–ാമത് അതിരൂപതാദിനാഘോഷത്തിന്റെ പതാക കുറുമ്പനാടം ഫൊറോനാ ഏറ്റുവാങ്ങുന്നു



"നിങ്ങൾ യൗസേപ്പിന്റെ പക്കൽ പോകുവിൻ.
അവൻ നിങ്ങളോടു പറയുന്നത്
നിങ്ങൾ ചെയ്യുവിൻ"
(ഉൽപത്തി 41:55)

# വേദപ്രചാര
# മദ്ധ്യസ്ഥൻ

## ചങ്ങനാശേരി അതിരൂപത

സ്ഥാപിതം: മെയ് 20, 1887

വാല്യം 95 ● ലക്കം 12 ● ജൂൺ 2023

വേദപ്രചാര
മദ്ധ്യസ്ഥൻ
ചങ്ങനാശേരി അതിരൂപതാ മുഖപത്രം

Archbishop House, P.B. No. 20, Changanacherry, Kottayam 686 101
Tel: 0481 2420040, 2420379, 2420614, Mob: 9037440040
E-mail: chancellorchry@gmail.com
Website: www.archdiocesechanganacherry.org

# ഉള്ളടക്കം

മാർപാപ്പായുടെ സന്ദേശം - ദൈവവിളി ..... 07
മാർപാപ്പായുടെ സന്ദേശം - മാധ്യമദിനം ..... 14
സർക്കുലർ (23 Ch.285-366) ..... 20
ആരാധനാജീവിതം: മാർഗനിർദ്ദേശങ്ങൾ ..... 23
തറയിൽ പിതാവിന്റെ കത്ത് - മൈ പാരിഷ് ..... 26
കച്ചേരിക്കാര്യം ..... 31
അനുസ്മരണം - വയലാർ ബഹു. ജോസ് അച്ചൻ ..... 38
അതിരൂപതാദിനാചരണ റിപ്പോർട്ട് ..... 40
എക്സലൻസ് അവാർഡ് ..... 45
പി.ആർ. - ജാഗ്രതാസമിതി ..... 47
സന്ദേശനിലയം ..... 48
ചെറുപുഷ്പ മിഷൻലീഗ് ..... 50
മാർത്തോമാവിദ്യാനികേതൻ ..... 53
ബൈബിൾ അപ്പോസ്തലേറ്റ് & കുടുംബക്കൂട്ടായ്മ ..... 55
ഫാമിലി അപ്പോസ്തലേറ്റ് ..... 57
യുവദീപ്തി - SMYM ..... 60
CARP ..... 62
CHASS ..... 63
ജീവകാരുണ്യനിധി ട്രസ്റ്റ് ..... 67
ആതുരശുശ്രൂഷാമേഖല ..... 68
പ്രവാസി അപ്പോസ്തലേറ്റ് ..... 72
KLM ..... 73
ആത്മതാകേന്ദ്രം ..... 76
DCMS ..... 78
ലീജിയൻ ഓഫ് മേരി ..... 79
SFO ..... 80
വിൻസെൻഷ്യൻ വേദി ..... 81
കരിസ്മാറ്റിക് നവീകരണം ..... 83
പൗരോഹിത്യ ആദ്ധ്യാത്മികത ..... 84
അഭിവന്ദ്യ പിതാക്കന്മാരുടെ DIARY ..... 90
അഭിവന്ദ്യ പിതാക്കന്മാരുടെ ENGAGEMENTS ..... 98

Annual Subscription: Rs. 300/-

Ref: 3861/K-5/KCBC/OL/DS 06.05.2023

# 2023-ലെ ദൈവവിളികൾക്കായുള്ള പ്രാർഥനാദിനത്തിനുവേണ്ടിയുള്ള പരിശുദ്ധ പിതാവ് ഫ്രാൻസിസ് പാപ്പായുടെ സന്ദേശം

പ്രിയപ്പെട്ട സഹോദരീസഹോദരന്മാരേ, യുവതീയുവാക്കന്മാരേ,

1964-ൽ 2-ാം വത്തിക്കാൻ കൗൺസിലിന്റെ സമ്മേളനമദ്ധ്യേ വി. പോൾ ആറാമൻ പാപ്പ ദൈവവിളിക്കായുള്ള പ്രാർഥനാദിനം സ്ഥാപിച്ച ശേഷം ഇപ്പോൾ അറുപതാമത്തെ തവണയാണ് നാം ഇതാഘോഷിക്കുന്നത്. ഇന്നത്തെ ലോകത്തിൽ ക്ലേശങ്ങളുടെയും പ്രത്യാശകളുടെയും വെല്ലുവിളികളുടെയും നേട്ടങ്ങളുടെയും മദ്ധ്യേ ദൈവജനത്തിലെ അംഗങ്ങളായ നാം വ്യക്തികളും സമൂഹങ്ങളുമെന്നനിലയിൽ, നമ്മെ ഓരോരുത്തരെയും കർത്താവ് ഭരമേല്പിക്കുന്ന വിളിയോടും ദൗത്യത്തോടും പ്രതികരിക്കുന്നതിൽ, നമ്മെ സഹായിക്കുന്നതിനു ദൈവപരിപാലനയുടെ ഭാഗമായിത്തന്നെ ഉരുത്തിരിഞ്ഞതായിരുന്നു ആ പുതിയ സംരംഭം.

ഈ വർഷം നിങ്ങളുടെ വിചിന്തനത്തിനും പ്രാർഥനയ്ക്കുമായുള്ള മാർഗദർശകവിഷയമായി ഞാൻ നിങ്ങൾക്കു നല്കുന്നത്, **''ദൈവവിളി കൃപയും ദൗത്യവും''** എന്നതാണ്. ദൈവത്തിന്റെ വിളിയെന്നതു കൃപയാണെന്ന്, സമ്പൂർണദാനമാണെന്ന്, ആശ്ചര്യപൂർവം ഓർക്കാനുള്ള ഒരു അമൂല്യാവസരമാണ് ഈ ദിനം; അതോടൊപ്പം സുവിശേഷം അന്യരിലേക്കെത്തിക്കാനുള്ള നമ്മുടെ സമർപ്പണത്തിന്റെ അവസരം കൂടിയാണിത്. സാക്ഷ്യംനല്കുന്ന ഒരു വിശ്വാസത്തിലേക്കാണ് നാം വിളിക്കപ്പെടുന്നത്; കൂദാശകളിലും സഭാത്മകകൂട്ടായ്മയിൽ നാം അനുഭവിക്കുന്ന കൃപയുടെ ജീവിതത്തെ ലോകത്തിലുള്ള നമ്മുടെ പ്രവർത്തനവുമായി അതു നമ്മെ ഏറെ ബന്ധിപ്പിക്കുന്നു. പ്രേഷിതത്വം ദൈവത്തിന്റേതന്നെ പ്രവൃത്തിയാണെന്നുള്ള നിരന്തര ബോധ്യമുള്ള ക്രിസ്ത്യാനികൾ ആത്മാവിനാൽ നയിക്കപ്പെട്ട് അസ്തിത്വത്തിന്റെ പ്രാന്തപ്രദേശങ്ങളെക്കുറിച്ചും മാനവികതയുടെ ക്ഷോഭജനകമായ സാഹചര്യങ്ങളെക്കുറിച്ചും പ്രതികരിക്കാനായി വെല്ലുവിളിക്കപ്പെടുന്നു; അതു നാം ഒറ്റയ്ക്കു നടപ്പിൽ വരുത്തുന്ന ഒന്നല്ല; മറിച്ച് നാം നമ്മുടെ സഹോദരീസഹോദരന്മാരോടൊത്ത്

എപ്പോഴും സഭാത്മകകൂട്ടായ്മയിൽ, സഭയുടെ അജപാലകരുടെ നേതൃത്വ ത്തിൽ നടത്തുന്നതാണ്. എന്തെന്നാൽ, അതു ദൈവത്തിന്റെ നിരന്തര സ്വപ്നമായിരുന്നു, അതായത്, നാം അവിടുത്തോടുകൂടെ സ്നേഹ കൂട്ടായ്മയിൽ ജീവിക്കണമെന്നത്.

## ''ലോകസ്ഥാപനത്തിനുമുമ്പുതന്നെ തിരഞ്ഞെടുക്കപ്പെട്ടവർ''

അപ്പസ്തോലനായ പൗലോസ് നമ്മുടെ മുമ്പിൽ അസാധാരണമായ ഒരു ചക്രവാളം തുറന്നുവയ്ക്കുന്നു: പിതാവായ ദൈവം, മിശിഹായിൽ, *''തന്റെ മുമ്പാകെ സ്നേഹത്തിൽ വിശുദ്ധരും നിഷ്കളങ്കരുമായിരിക്കാൻ ലോകസ്ഥാപനത്തിനുമുമ്പുതന്നെ നമ്മെ തിരഞ്ഞെടുത്തു. അവിടുത്തെ തിരുമനസ്സിന്റെ പ്രീതിയനുസരിച്ച്, ഈശോമിശിഹാവഴി തനിക്കുവേണ്ടി നമ്മെ ദത്തുപുത്രസ്ഥാനത്തേക്ക് അവിടുന്നു മുൻകൂട്ടി നിശ്ചയിച്ചു'' (എഫേ. 1, 4-5).* ജീവിതത്തെ അതിന്റെ പൂർണ അർഥത്തിൽ നോക്കി ക്കാണാൻ ഈ വാക്കുകൾ നമ്മെ സഹായിക്കുന്നു. ദൈവം നമ്മെ ''ഗർഭം ധരിച്ചത്'' തന്റെ ഛായയിലും സാദൃശ്യത്തിലുമാണ്; അവിടുന്നു നമ്മെ അവിടുത്തെ പുത്രീപുത്രന്മാരാക്കാൻ ആഗ്രഹിക്കുന്നു. സ്നേഹത്താലും സ്നേഹത്തിനും സ്നേഹത്തോടൊപ്പവുമാണ് നാം സൃഷ്ടിക്കപ്പെട്ടത്; സ്നേഹത്തിനുവേണ്ടിയാണ് നാം സൃഷ്ടിക്കപ്പെട്ടിരിക്കുന്നത്.

നമ്മുടെ ജീവിതത്തിന്റെ പശ്ചാവിൽ നമ്മുടെ അസ്തിത്വത്തിന്റെ ഇഴകളുടെ ഭാഗമായിരിക്കുകയും നമ്മുടെ സന്തോഷത്തിന്റെ രഹസ്യ മായിരിക്കുകയും ചെയ്യുന്ന ഈ വിളി, നിരന്തരം പുതിയ വഴികളിലൂടെ പരിശുദ്ധാത്മാവിന്റെ പ്രവർത്തനത്താൽ നമ്മുടെ മുമ്പിലേക്കുവരുന്നു. അതു നമ്മുടെ മനസ്സുകളെ പ്രശോഭിപ്പിക്കുന്നു; നമ്മുടെ ഇച്ഛാശക്തിയെ ബലപ്പെടുത്തുന്നു; നമ്മെ അത്ഭുതപാരവശ്യംകൊണ്ടു നിറയ്ക്കുന്നു; അതു നമ്മുടെ ഹൃദയങ്ങളെ അഗ്നികൊണ്ടു ജ്വലിപ്പിക്കുന്നു. ചില സമയ ങ്ങളിൽ, തീർത്തും അപ്രതീക്ഷിതമായ വിധത്തിൽ ആത്മാവ് നമ്മി ലേക്കു വരുന്നു. 1953 സെപ്തംബർ മാസം 21ന് എനിക്ക് അപ്രകാര മായിരുന്നു സംഭവിച്ചത്. അന്ന് ഞാൻ ഞങ്ങളുടെ വിദ്യാലയത്തിന്റെ ഒരു വാർഷികാഘോഷത്തിനു പോകുംവഴി ഒരു ദൈവാലയത്തിന്റെ മുമ്പിലെ ത്തുകയും അവിടെ അനുരഞ്ജനകൂദാശയ്ക്കണയാൻ ഇടയാകുകയും ചെയ്തു. ആ ദിവസം എന്റെ ജീവിതത്തെ പരിവർത്തനപ്പെടുത്തുകയും എന്റെമേൽ അന്നൊരു മുദ്ര ചാർത്തപ്പെടുകയും ചെയ്തു. അതിന്നുവരെ നിലനില്ക്കുന്നു. സ്വയദാനത്തിനായുള്ള ദൈവത്തിന്റെ വിളി സാവധാന മാണ് വെളിച്ചത്തുവരുന്നത്: ദാരിദ്ര്യവുമായി നാം കണ്ടുമുട്ടുന്ന വേളക ളിൽ, പ്രാർഥനയുടെ നിമിഷങ്ങളിൽ, സുവിശേഷത്തിന്റെ വ്യക്തമായ ഒരു സാക്ഷ്യം നാം കാണുമ്പോൾ, അല്ലെങ്കിൽ നമ്മുടെ മനസ്സിനെ സ്പർശി ക്കുന്ന ഏതെങ്കിലും കാര്യം വായിക്കുമ്പോൾ. നമ്മൾ ദൈവവചനം കേൾക്കുകയും അതു നമ്മോടു നേരിട്ടു സംസാരിച്ചതായി നമുക്കനുഭവ

പ്പെടുകയും ചെയ്യുമ്പോൾ, ഒരു സഹോദരനോ സഹോദരിയോ നല്കുന്ന ഉപദേശം കേൾക്കുമ്പോൾ, രോഗത്തിന്റെയും ദുഃഖത്തിന്റെയും നിമിഷങ്ങളുണ്ടാകുമ്പോൾ ഈ വഴികളിലൂടെയെല്ലാം ദൈവം നമ്മെ വിളിക്കുന്നു; ദൈവം അനന്തമായ സർഗാത്മകതയാണ് ഇവിടെയെല്ലാം പുലർത്തുന്നത്.

ദൈവത്തിന്റെ ഈ സംരംഭവും അവിടുത്ത കരുണാർദ്രമായ സമ്മാനവും നമ്മുടെ ഭാഗത്തുനിന്ന് ഒരു പ്രത്യുത്തരം ആവശ്യപ്പെടുന്നു. ദൈവവിളിയെന്നത് ''ദൈവികമായ ഒരു തെരഞ്ഞെടുപ്പും മനുഷ്യസ്വാതന്ത്ര്യവും തമ്മിലുള്ള ഒരു പരസ്പര പ്രവർത്തനമാണ്;'' അതു ദൈവവും മനുഷ്യഹൃദയവും തമ്മിലുള്ള ചലനാത്മകവും ആവേശജനകവുമായ ഒരു ബന്ധമാണ്. നമ്മുടെ അസ്തിത്വമാകുന്ന ഭൂമിയിൽ പൊട്ടിമുളയ്ക്കുന്ന ഒരു ദൈവികവിത്താണ് ദൈവവിളി എന്ന ദാനം. അതു നമ്മുടെ ഹൃദയത്തെ ദൈവത്തിലേക്കും മറ്റുള്ളവരിലേക്കും തുറന്നുവക്കാൻ ഇടവരുത്തുന്നു; അങ്ങനെ നാംതന്നെ കണ്ടെത്തിയ നിധി അവരോടൊപ്പം പങ്കുവയ്ക്കാൻ നമുക്കു സാധിക്കും. ഇതാണ് ദൈവവിളിക്കുറിച്ച് നമുക്കു പറയാവുന്ന അടിസ്ഥാനഘടന: ദൈവം തന്റെ സ്നേഹത്തിൽ നമ്മെ വിളിക്കുന്നു; നാമാകട്ടെ കൃതജ്ഞതാപൂർവം സ്നേഹത്തിൽ പ്രത്യുത്തരിക്കുന്നു. നാം നമ്മെത്തന്നെ ഏകപിതാവിന്റെ വത്സലപുത്രീപുത്രന്മാരാണെന്നു മനസ്സിലാക്കുന്നു; നാം പരസ്പരം സഹോദരീസഹോദരന്മാരാണെന്നും ഗ്രഹിക്കുന്നു. വി. കൊച്ചുത്രേസ്യാ ഇക്കാര്യം ''കണ്ടപ്പോൾ'' വ്യക്തമായി ഉദ്ഘോഷിച്ചു: *''ഇതാ അവസാനം ഞാൻ എന്റെ വിളി കണ്ടെത്തിയിരിക്കുന്നു: എന്റെ വിളി സ്നേഹമാണ്. ഇതാ, ഞാൻ യഥാർഥത്തിൽ സഭയിൽ എന്റെ ശരിയായ സ്ഥാനം കണ്ടെത്തിയിരിക്കുന്നു...എന്റെ മാതാവായ സഭയുടെ ഹൃദയത്തിൽ ഞാൻ സ്നേഹമായിരിക്കും.''*

## ''ഈ ഭൂമിയിൽ ഞാൻതന്നെ ഒരു ദൗത്യമാണ്''

ദൈവത്തിന്റെ വിളി ഒരു ''പറഞ്ഞയയ്ക്കൽ'' ഉൾപ്പെട്ടതാണെന്നു നമ്മൾ പറഞ്ഞു. ദൗത്യമില്ലാത്ത ഒരു വിളിയില്ല. നമ്മൾ കണ്ടെത്തിയ പുതുജീവൻ മറ്റുള്ളവർക്കു പകർന്നുകൊടുത്തില്ലെങ്കിൽ സന്തോഷവും പൂർണമായ ആത്മസാക്ഷാത്കാരവും ഉണ്ടാകില്ല. ദൈവത്തിന്റെ വിളിയെന്നതു നമ്മെ നിശ്ശബ്ദരായിരിക്കാൻ അനുവദിക്കാത്ത ഒരനുഭവമാണ് നല്കുന്നത്. വി. പൗലോസ് പറയുന്നു: *''ഞാൻ സുവിശേഷം പ്രസംഗിക്കുന്നില്ലെങ്കിൽ എനിക്കു ദുരിതം'' (1 കോറി 9,16)*. യോഹന്നാന്റെ ഒന്നാം ലേഖനം ഇപ്രകാരമാണ് ആരംഭിക്കുന്നത്: *''ഞങ്ങൾ കേട്ടതും കണ്ടതും വീക്ഷിച്ചതും സ്പർശിച്ചതുമായ മാംസം ധരിച്ച വചനത്തെ ഞങ്ങളുടെ സന്തോഷം പൂർണമാക്കുന്നതിനായി ഞങ്ങൾ നിങ്ങളോടു പ്രഘോഷിക്കുന്നു'' (1,1-4)*.

അഞ്ചുവർഷംമുമ്പ് *''ആനന്ദിച്ച് ആഹ്ലാദിക്കുവിൻ''* എന്ന അപ്പസ്തോലിക ആഹ്വാനത്തിൽ ജ്ഞാനസ്നാനം സ്വീകരിച്ച എല്ലാവരോടുമായി ഞാൻ എഴുതി, ''നിങ്ങളുടെ ജീവിതത്തെ മുഴുവനുമായി ഒരു ദൗത്യമായി കാണേണ്ടതുണ്ട്'' (ഖണ്ഡിക 23). അതേ, നാം ഓരോരുത്തരും ഇപ്രകാരം പറയുവാൻ പ്രാപ്തരാണ്, ''ഞാൻതന്നെയും ഈ ഭൂമിയിൽ ഒരു ദൗത്യമാണ്; അക്കാരണത്താലാണ് ഞാൻ ഈ ഭൂമിയിലായിരിക്കുന്നത്'' (*സുവിശേഷത്തിന്റെ സന്തോഷം,* ഖണ്ഡിക 273).

ക്രിസ്ത്യാനികളെന്നനിലയിൽ നാം എവിടെ ആയിരിക്കുന്നുവോ അവിടെ സന്തോഷപൂർവകമായ സാക്ഷ്യം ഒരുമിച്ചു നല്കുകയെന്നതാണ് നമ്മുടെ ദൗത്യം. ഈശോയോടും ഇതര സഭാംഗങ്ങളോടും ചേർന്നുനിന്നുകൊണ്ട് ഒരു സഭയെന്നനിലയിൽ നമ്മുടെ അനുഭവം വാക്കിലും പ്രവൃത്തിയിലും പങ്കുവയ്ക്കുന്നതാണ് ഈ ദൗത്യം. ഇതു സാക്ഷാത്കരിക്കപ്പെടുന്നത് ഭൗതികവും ആത്മീയവുമായ കാരുണ്യപ്രവൃത്തികളിലാണ്; അതായത്, അന്യരെ സ്വാഗതം ചെയ്യുന്ന, സൗമ്യമായ ജീവിതശൈലി വഴിയായി. അതു പലതിനെയും പലരെയും പാഴ്‌വസ്തുവായി ഉപേക്ഷിക്കുന്നതിന്റെയും നിസ്സംഗതയുടെയും സംസ്കാരത്തിനുപകരം സാമിപ്യവും അനുകമ്പയും ആർദ്രതയും പ്രതിഫലിപ്പിക്കുന്നു. നല്ല സമറിയാക്കാരനെപ്പോലെ ഒരു അയൽക്കാരനായിത്തീർന്നുകൊണ്ട് *(ലൂക്കാ 10,25-37).* ക്രിസ്തീയദൈവവിളിയുടെ മർമം നാം മനസ്സിലാക്കുന്നു: ശുശ്രൂഷിക്കപ്പെടുന്നതിലുപരി ശുശ്രൂഷിക്കാനായി വന്ന ഈശോമിശിഹായെ അനുകരിക്കുകയെന്നത് *(മർക്കോ. 10,45).*

ഈവിധമുള്ള പ്രേഷിതപ്രവർത്തനം നമ്മുടെ കഴിവുകളിൽനിന്നോ, പദ്ധതികളിൽനിന്നോ, ആലോചനകളിൽനിന്നോ ആവിർഭവിക്കുന്ന ഒന്നല്ല; സത്കൃത്യങ്ങൾ പരിശീലിപ്പിക്കുകയെന്ന നമ്മുടെ കേവലം ഇച്ഛാശക്തിയിൽനിന്നുമല്ല അതു വരുന്നത്; അത് ഈശോയുമായി സഹവസിക്കുന്നതിന്റെ അഗാധമായ അനുഭവത്തിന്റെ അനന്തരഫലമാണ്. അപ്പോൾ മാത്രമാണ്, നമുക്ക് ഒരു വ്യക്തിക്കുവേണ്ടി, ഒരു ജീവിതത്തിനുവേണ്ടി സാക്ഷ്യം നല്കാനാകൂ; അങ്ങനെ നാം ''അപ്പസ്തോലന്മാരാകും.'' അപ്പോഴാണ്, ''പ്രകാശം പരത്തുന്ന, ആശീർവദിക്കുന്ന, ഉജ്ജീവിപ്പിക്കുന്ന, ഉയിർപ്പിക്കുന്ന, സുഖപ്പെടുത്തുന്ന, സ്വതന്ത്രമാക്കുന്ന ഈ ദൗത്യംവഴിയായി മുദ്രിതരാക്കപ്പെട്ടവരും അടയാളപ്പെടുത്തപ്പെട്ടവരുമായി നാം നമ്മെത്തന്നെ മനസ്സിലാക്കുന്നത്'' (*സുവിശേഷത്തിന്റെ സന്തോഷം* ഖണ്ഡിക 273).

എമ്മാവൂസിലേക്കു യാത്ര ചെയ്ത രണ്ടുശിഷ്യരുടെ അനുഭവമാണ് ഇതിന്റെ സുവിശേഷചിത്രം. ഉത്ഥിതനായ ഈശോയെ കണ്ടുമുട്ടിയ ശേഷം അവർ പരസ്പരം പറഞ്ഞു: *''വഴിയിൽവച്ച് അവൻ നമ്മോടു സംസാരിച്ചുകൊണ്ടിരുന്നപ്പോഴും വിശുദ്ധലിഖിതങ്ങൾ വ്യാഖ്യാനിച്ചു*

*കൊണ്ടിരുന്നപ്പോഴും നമ്മുടെ ഹൃദയങ്ങൾ ജ്വലിക്കുകയായിരുന്നില്ലേ?'' (ലൂക്കാ 24, 32).* ''ഹൃദയം അഗ്നിയാൽ ജ്വലിക്കുക'', ''പാദങ്ങൾ നീങ്ങിക്കൊണ്ടിരിക്കുക'' എന്നൊക്കെ പറയുന്നതിന്റെ അർഥമെന്താണെന്ന് ആ ശിഷ്യരിൽനിന്നു നമുക്കു മനസ്സിലാക്കാനാകും. പോർച്ചുഗലിലെ ലിസ്ബണിൽ നടക്കാനിരിക്കുന്ന ലോകയുവജനദിനത്തെ ഉന്നംവച്ചുള്ള എന്റെ തീക്ഷ്ണമായ പ്രത്യാശയിതാണ്. ഞാൻ സന്തോഷപൂർവം ഈ ആപ്തവാക്യവുമായി അതിനായി കാത്തിരിക്കുന്നു: *''മറിയം എഴുന്നേറ്റ് തിടുക്കത്തിൽ പോയി'' (ലൂക്കാ 1,39).* ഹൃദയം അഗ്നിയാൽ ജ്വലിച്ച് എഴുന്നേറ്റു തിടുക്കത്തിൽപോകാൻ എല്ലാ സ്ത്രീപുരുഷന്മാരും ക്ഷണിക്കപ്പെട്ടതായി അനുഭവപ്പെടട്ടെയെന്നതാണെന്റെ ആശംസ.

## ഒരുമിച്ചു വിളിക്കപ്പെട്ട് യോഗം ചേർക്കപ്പെട്ടവർ

12 ശിഷ്യന്മാരെ ഓരോരുത്തരെയും ഈശോ തന്റെ പക്കലേക്കു പേരുചൊല്ലി വിളിച്ച നിമിഷത്തെ സുവിശേഷകനായ മർക്കോസ് വിവരിക്കുന്നുണ്ട്. തന്നോടുകൂടെ ആയിരിക്കാനും സന്ദേശം അറിയിക്കാനും രോഗങ്ങൾ സുഖപ്പെടുത്താനും പിശാചുക്കളെ ബഹിഷ്കരിക്കാനുംവേണ്ടി അയക്കപ്പെടാനുമായി അവിടുന്ന് അവരെ നിയോഗിച്ചു *(മർക്കോ. 3,13).* അങ്ങനെ കർത്താവ് തന്റെ പുതിയസമൂഹത്തിന്റെ അടിസ്ഥാനങ്ങളിട്ടു. ആ 12 പേർ വ്യത്യസ്ത സാമൂഹ്യഗണത്തിലും തൊഴിലിലും ഉൾപ്പെട്ടവരായിരുന്നു; അതിൽ ഒരാൾപോലും സ്വാധീനശക്തിയുള്ളവരായിരുന്നില്ല. സുവിശേഷങ്ങൾ മറ്റൊരുതരം വിളികളെകുറിച്ചും പറയുന്നു, അതായത്, 72 ശിഷ്യരുടെ വിളി; അവരെ ഈശോ ഈരണ്ടുപേരെവച്ച് പറഞ്ഞയച്ചു *(ലൂക്കാ 10,1).*

സഭ ഒരു *എക്ലേസിയാ* ആണ്. ഒരുമിച്ചു വിളിക്കപ്പെട്ട് യോഗം ചേർക്കപ്പെട്ടവരുടെ ഗണമെന്നാണ് ഈ ഗ്രീക്ക് പദത്തിന്റെ അർഥം. ദൈവരാജ്യത്തിന്റെ വരവിനായി തങ്ങളുടെയിടയിൽ പരസ്പരം സ്നേഹം പങ്കുവയ്ക്കാനും ആ സ്നേഹം മറ്റുള്ളവരിലേക്കു പ്രസരിപ്പിക്കാനും *(യോഹ 13,34; 15,12)* അങ്ങനെ ഈശോമിശിഹായുടെ പ്രേഷിതശിഷ്യരുടെ ഒരു സമൂഹം സൃഷ്ടിക്കാനുമായിരുന്നു അത്.

സഭയ്ക്കുള്ളിൽ നമ്മൾ എല്ലാവരും ഭൃത്യരാണ്; അതു നമുക്കു ലഭിച്ചിട്ടുള്ള വ്യത്യസ്തങ്ങളായ ദൈവവിളികളുടെയും സിദ്ധികളുടെയും *(charisms)* ശുശ്രൂഷകളുടെയും അടിസ്ഥാനത്തിലാണ്. സ്നേഹത്തിൽ നമ്മെത്തന്നെ സമർപ്പിക്കുകയെന്ന നമ്മുടെ പൊതുവായ വിളി വികാസം പ്രാപിക്കുന്നതും മൂർത്തമായ ഭാവം സ്വീകരിക്കുന്നതും അത്മായരായ സ്ത്രീപുരുഷന്മാരിൽ നാം കണ്ടെത്തുന്നു. അവർ കുടുംബത്തെ ഒരു ചെറിയ *ഗാർഹികസഭ* എന്നപോലെ വളർത്തിയെടുക്കുകയും സമൂഹത്തിന്റെ വിവിധ വിഭാഗങ്ങളെ നവീകരിക്കാനായി സുവിശേഷത്തിന്റെ പുളിമാവായി പ്രവർത്തിക്കുകയും ചെയ്യുന്നു; ദൈവരാജ്യത്തിന്റെ പ്രവ

ചനാത്മക സൂചന എന്നവിധം തങ്ങളുടെ സഹോദരീസഹോദരന്മാർക്കുവേണ്ടി ദൈവത്തിനു തങ്ങളെത്തന്നെ സമ്പൂർണമായി അർപ്പിച്ചിരിക്കുന്ന സമർപ്പിതരായ സ്ത്രീപുരുഷന്മാരുടെ സാക്ഷ്യത്തിലും അതടങ്ങിയിരിക്കുന്നു; അഭിഷിക്തരായ ശുശ്രൂഷകർ, ഡീക്കന്മാർ, പുരോഹിതർ, മെത്രാന്മാർ വചനപ്രഘോഷണത്തിലൂടെയും പ്രാർഥനയിലൂടെയും ദൈവത്തിന്റെ പരിശുദ്ധ ജനത്തിന്റെ കൂട്ടായ്മ വളർത്താൻ നടത്തുന്ന ശ്രമത്തിലും ഈ സാക്ഷ്യമുണ്ട്. മറ്റുള്ളവരുമായുള്ള ബന്ധത്തിൽ മാത്രമേ, സഭയിലെ ഏതൊരു പ്രത്യേക ദൈവവിളിയും അതിന്റെ യഥാർഥ സ്വഭാവവും സമ്പന്നതയും പ്രകടമാക്കുകയുള്ളൂ. ഈ വെളിച്ചത്തിൽ നോക്കുമ്പോൾ സഭ ഒരു ദൈവവിളികളുടെ ''സ്വരലയം'' (symphony) ആണ്. അതായത്, ഓരോ ദൈവവിളിയും വ്യത്യസ്തവും അതേസമയം സംയോജിച്ചതും അങ്ങനെ ഐക്യത്തിലായിരുന്നുകൊണ്ട് ഒരുമിച്ചു ചേർക്കപ്പെട്ട് ദൈവരാജ്യത്തിന്റെ നവജീവൻ പ്രതിഫലിപ്പിക്കാൻ ലോകം മുഴുവനിലേക്കും ഇറങ്ങിപ്പുറപ്പെടുന്നതുമാണ്.

## കൃപയും ദൗത്യവും: ഒരു സിദ്ധിയും സാധനയും

പ്രിയപ്പെട്ട സഹോദരീസഹോദരന്മാരേ, ദൈവവിളി ഒരു സിദ്ധിയും സാധനയുമാണ്. പുതുജീവന്റെയും യഥാർഥ സന്തോഷത്തിന്റെയും ഉറവിടം ഈ ദിനത്തോടനുബന്ധിച്ച് നടത്തുന്ന പ്രാർഥനയുടെയും പ്രവർത്തനത്തിന്റെയും സംരംഭങ്ങൾ നമ്മുടെ കുടുംബങ്ങളിലും ഇടവക സമൂഹങ്ങളിലും സമർപ്പിതജീവിതസമൂഹങ്ങളിലും സഭാപരമായ സംഘടനകളിലും പ്രസ്ഥാനങ്ങളിലും ദൈവവിളിയെക്കുറിച്ചുള്ള അവബോധം ശക്തിപ്പെടുത്തട്ടെ. ഉത്ഥിതനായ കർത്താവിന്റെ ചൈതന്യം നമ്മുടെ നിർവികാരത നശിപ്പിക്കുകയും സഹാനുഭൂതിയും തന്മയീഭാവവും ബലപ്പെടുത്തുകയും ചെയ്യുന്നു. അങ്ങനെ, സ്നേഹംതന്നെയായ ദൈവത്തിന്റെ *(1 യോഹ 4,16)* മക്കളായി ഓരോ ദിവസവും പുനർജനിച്ചു ജീവിക്കാൻ നമ്മെ അവിടന്നു പ്രാപ്തരാക്കുന്നു; ആ സ്നേഹം മറ്റുള്ളവരുമായി പങ്കുവയ്ക്കാനും അവിടുന്നു നമ്മെ കഴിവുറ്റവരാക്കുന്നു. അത് എല്ലായിടത്തും, ഏറെ പ്രത്യേകിച്ച് പുറന്തള്ളപ്പെടലും ചൂഷണവും ദാരിദ്ര്യവും മരണവുമുള്ളിടത്ത്, ജീവൻ പ്രസരിപ്പിക്കാൻവേണ്ടിയാണ്; അതുവഴിയായി സ്നേഹത്തിന്റെ വിസ്തീർണം വർധിപ്പിക്കാനും അങ്ങനെ ദൈവത്തിന്റെ ഭരണം വർധമാനമാംവിധം ഈ ലോകത്ത് അനുഭവപ്പെടാനുമാണ്.

വി. പോൾ ആറാമൻ 1964 ഏപ്രിൽ 11-ാംതീയതി ആദ്യത്തെ ലോക ദൈവവിളി ദിനത്തിനുവേണ്ടി രചിച്ച ഈ പ്രാർഥന നമ്മുടെ തീർഥാടനത്തിൽ നമ്മെ അനുയാത്ര ചെയ്യട്ടെ: ''ആത്മാക്കളുടെ ദിവ്യഇടയനായ ഈശോയേ, നീ അപ്പസ്തോലന്മാരെ വിളിക്കുകയും അവരെ മനുഷ്യരെപ്പിടിക്കുന്നവരാക്കുകയും ചെയ്തുവല്ലോ! നിന്റെ അനുയായികളും നിന്റെ ശുശ്രൂഷകരുമാകാൻ യുവതീയുവാക്കന്മാരുടെ ഇടയിൽനിന്നു തീക്ഷ്ണ

മതികളും ഉദാരമനസ്കരുമായ ആത്മാക്കളെ തുടർന്നും നിന്നിലേക്കു വിളിക്കണമേ. എല്ലാവരുടെയും രക്ഷയ്ക്കായുള്ള നിന്റെ ദാഹത്തിൽ പങ്കുചേരാൻ അവരെ അനുവദിക്കണമേ. അവരുടെ മുമ്പിൽ ലോകം മുഴുവന്റെയും ചക്രവാളങ്ങൾ തുറന്നുവയ്ക്കണമേ. നിന്റെ വിളിയ്ക്കു പ്രത്യുത്തരം നല്കിക്കൊണ്ട്, ഈ ഭൂമിയിലുള്ള നിന്റെ ദൗത്യം അവർ വിപുലമാകട്ടെ. അങ്ങനെ അവർ നിന്റെ മൗതികശരീരമാകുന്ന സഭയെ പണിതുയർത്തുകയും 'ഭൂമിയുടെ ഉപ്പും' 'ലോകത്തിന്റെ പ്രകാശവും' *(മത്താ 5,13)* ആയി ഭവിക്കുകയും ചെയ്യുമാറാകട്ടെ.''

പരി. കന്യകാമറിയം നിങ്ങളെ കടാക്ഷിക്കുകയും സംരക്ഷിക്കുകയും ചെയ്യുമാറാകട്ടെ. നിങ്ങൾക്കെല്ലാവർക്കും എന്റെ ആശീർവാദം!

പെസഹാക്കാലത്തിലെ നാലാം ഞായറാഴ്ചയായ 2023 ഏപ്രിൽ 30-ാംതീയതി റോമിലെ വി. ജോൺ ലാറ്ററൻ ബസിലിക്കായിൽവച്ചു നല്കപ്പെട്ടത്.

Francis

**ഫ്രാൻസിസ് പാപ്പ**

പി.ഒ.സി., കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയം
കൊച്ചി - 682 025

Ref: 3865/K-5/KCBC/OL/DS 27.05.2023

# 57-ാം ആഗോള മാധ്യമദിനം

## ലോക മാധ്യമദിനത്തോടനുബന്ധിച്ച് ഫ്രാൻസിസ് പാപ്പാ നല്കുന്ന സന്ദേശം

### *"ഹൃദയപൂർവം സംസാരിക്കാം"*

പ്രിയ സഹോദരീസഹോദരന്മാരേ,

57 -ാമത് ലോക സാമൂഹിക ആശയവിനിമയദിനത്തിനായുള്ള ഈ സന്ദേശത്തിലൂടെ, നല്ല ആശയവിനിമയത്തിനുള്ള വ്യവസ്ഥകളായി 'പോയി കാണുക' 'ശ്രവിക്കുക' എന്നീ ശുശ്രൂഷകളിലൂടെ കടന്നു പോകാൻ, കഴിഞ്ഞവർഷങ്ങളിൽ നാം ശ്രമിച്ചു . എന്നാൽ ഇന്ന് ഞാൻ നിങ്ങളോട് ആഹ്വാനം ചെയ്യുന്നത് 'ഹൃദയപൂർവമായി സംസാരിക്കുന്നതിൽ' ശ്രദ്ധ കേന്ദ്രീകരിക്കാനാണ്. പലപ്പോഴും പലയിടത്തേക്കും പോകാനും പലരെയും കാണാനും കേൾക്കാനും നമ്മെ പ്രേരിപ്പിക്കുന്നതും സ്വാഗതാർഹമായ രീതിയിൽ തുറന്നഹൃദയത്തോടെ മറ്റുള്ളവരെ കേൾക്കാൻ നമ്മെ പ്രചോദിപ്പിക്കുന്നതും നമ്മുടെ ഹൃദയമാണ്. മറ്റൊരുവനെ ശ്രദ്ധയോടെ കേൾക്കാൻ നാം ഉൾക്കൊള്ളുന്ന കാത്തിരിപ്പും ക്ഷമയും നല്ലൊരു പരിശീലനമായി സ്വീകരിച്ചുകഴിഞ്ഞാൽ, നമ്മുടെ മനസ്സിൽ തോന്നുന്ന ആശയങ്ങളെ മുൻനിർത്തിക്കൊണ്ട്, സംഭാഷണത്തിന്റെയും പങ്കുവയ്ക്കലിന്റെയും ചലനാത്മകതയിലേക്കു നമ്മളെത്തന്നെ ഉൾചേർക്കാൻ കഴിയും, ഈ പരിശീലനത്തെയാണ് കൃത്യമായി ആശയവിനിമയം നടത്തുകയെന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്. നന്മയുള്ള ഹൃദയത്തോടെ അപരനെ ശ്രവിച്ച ശേഷം, സ്നേഹത്തിൽ സത്യത്തെ പിന്തുടർന്നു നമുക്കു സംസാരിക്കാനും കഴിയും *(എഫേ 4:15)*. സത്യം പ്രഘോഷിക്കുന്നതിൽ നാം ഭയപ്പെടേണ്ടതില്ല, അതു ചിലപ്പോൾ അസ്വസ്ഥതയുണ്ടാക്കുമെങ്കിൽപ്പോലും; കാരണം 'The Christian's Programme' എന്ന ലേഖനത്തിൽ - ബനഡിക്റ്റ് പതിനാറാമൻ എഴുതിയതുപോലെ – 'പലരെയും കാണുവാനുള്ള ഒരു ഹൃദയം' ആണ് നമുക്കുവേണ്ടത്.

**1.** അതായത് നമ്മുടെ അസ്തിത്വത്തിന്റെ സത്യം അതിന്റെ ചലനാത്മകതയിലൂടെ വെളിപ്പെടുത്തുന്ന ഒരു ഹൃദയം നാം സ്വന്തമാക്കണം. ഒരേ തരംഗദൈർഘ്യത്തിലേക്കു സ്വയം പൊരുത്തപ്പെടാൻ ശ്രദ്ധിക്കുന്നവരെ ഈ ഹൃദയനിഷ്ഠ നയിക്കുന്നു, അങ്ങനെ പരിശീലിച്ചാൽ അപരന്റെ ഹൃദയമിടിപ്പും സ്വന്തം ഹൃദയത്തിനുള്ളിൽ കേൾക്കാൻ കഴിയും. അപ്പോൾ കണ്ടുമുട്ടലെന്ന അത്ഭുതം സംഭവിക്കാം, ആ കണ്ടുമുട്ടൽ പരസ്പരം അനുകമ്പയോടെ നോക്കാൻ നമ്മെ പ്രേരിപ്പിക്കുന്നു, നമ്മുടെ പരസ്പര ദൗർബല്യങ്ങളെ ബഹുമാനത്തോടെ സ്വാഗതം ചെയ്യുന്നു, കേട്ടു

കേൾവിയിലൂടെ വിലയിരുത്തി അഭിപ്രായവ്യത്യാസവും വ്യത്യസ്ത ചിന്തകളും നമ്മിൽ രൂപപ്പെടുന്നു

എല്ലാ വൃക്ഷങ്ങളും അതിന്റെ ഫലത്തിൽനിന്നാണ് അറിയപ്പെടുന്നതെന്ന് ഈശോ മുന്നറിയിപ്പു നൽകുന്നുണ്ട്: *"നല്ല മനുഷ്യൻ തന്റെ ഹൃദയത്തിലെ നല്ല നിക്ഷേപത്തിൽനിന്നു നന്മ പുറപ്പെടുവിക്കുന്നു, ദുഷ്ടൻ തന്റെ ദുഷ്ട നിക്ഷേപത്തിൽനിന്നു തിന്മ പുറപ്പെടുവിക്കുന്നു; എന്തെന്നാൽ, ഹൃദയത്തിന്റെ നിറവിൽനിന്നാണ് അധരം സംസാരിക്കുന്നത്"(Lk 6:45)*. അതുകൊണ്ടാണ്, സത്യമുൾക്കൊള്ളുന്ന ദാനധർമപ്രവൃത്തികളെ മനസിലാക്കുന്നതിന് ഒരാളുടെ ഹൃദയത്തെ ശുദ്ധീകരിക്കേണ്ടത് ആവശ്യമാണെന്നു പറയുന്നത്. ശുദ്ധമായ ഹൃദയത്തോടെ ശ്രവിക്കുകയും സംസാരിക്കുകയും ചെയ്യുന്നതിലൂടെ മാത്രമേ നമുക്കു ശരിയായതിനെ കാണാനും വിവരസാങ്കേതികതയിൽ നാം ജീവിക്കുന്ന സങ്കീർണമായ ലോകത്ത് വിവേചിച്ചറിയാൻ സഹായിക്കാത്ത അവ്യക്തമായ ശബ്ദങ്ങൾ മറികടക്കാനും കഴിയൂ. ഹൃദയംകൊണ്ടു സംസാരിക്കാനുള്ള ആഹ്വാനം, നിസ്സംഗതയിലേക്കും രോഷത്തിലേക്കും ചായ്‌വുള്ള നാം ജീവിക്കുന്ന കാലഘട്ടത്തെ വെല്ലുവിളിക്കുന്നു, ചിലപ്പോൾ സത്യത്തെ വ്യാജമാക്കുകയും ചൂഷണം ചെയ്യുകയും ചെയ്യുന്ന തെറ്റായ വിവരങ്ങളുടെ അടിസ്ഥാനത്തിൽപോലും നാം പരീക്ഷിക്കപ്പെടുന്നുണ്ട്.

## ഹൃദ്യമായി ആശയവിനിമയം നടത്തുന്നു

സൗഹാർദപരമായ രീതിയിൽ ആശയവിനിമയം നടത്തുകയെന്നതിനർത്ഥം, നമ്മുടെകൂടെയുള്ള സ്ത്രീപുരുഷന്മാരുടെ സന്തോഷങ്ങളിലും വേദനകളിലും ഭയപ്പാടുകളിലും പ്രതീക്ഷകളിലും കഷ്ടപ്പാടുകളിലും ഒപ്പമായിരിക്കാൻ നമുക്കു കഴിയണമെന്നാണ്. അങ്ങനെ നാം മറ്റുള്ളവരെ ഉൾക്കൊള്ളുന്നുവെങ്കിൽ അപരനെ നാം സ്നേഹിക്കുകയും അവരുടെ സ്വാതന്ത്ര്യത്തെ പരിപാലിക്കുകയും അതു ലംഘിക്കാതെ സംരക്ഷിക്കുകയും ചെയ്യുന്നുവെന്നാണ്. ഗോൽഗോഥായിൽ നടന്ന കുരിശുമരണത്തിനുശേഷം എമ്മാവൂസിലേക്കു പോകുന്ന ശിഷ്യന്മാരുമായി സംഭാഷണം നടത്തുന്ന നിഗൂഢമായ വഴിയാത്രക്കാരനിൽ ഈ ശൈലി നമുക്കു കാണാൻ കഴിയും. ഉത്ഥിതനായ ഈശോ ഹൃദയംകൊണ്ട് അവരോടു സംസാരിക്കുന്നു, അവരുടെ കഷ്ടപ്പാടുകളുടെ യാത്രയെ സ്നേഹബഹുമാനത്തോടെ അനുഗമിച്ചു, സ്വയം നിർദേശിച്ചു, തന്റെ ഇഷ്ടപ്രകാരം അടിച്ചേൽപ്പിക്കാതെ, കടന്നുപോയ സംഭവത്തിന്റെ ആഴത്തിലുള്ള അർത്ഥം മനസ്സിലാക്കാൻ സ്നേഹപൂർവം അവരുടെ മനസ്സ് തുറക്കുന്നു. തീർച്ചയായും, അവൻ വഴിയിൽ അവരോടു സംസാരിക്കുകയും അവർക്കു തിരുവെഴുത്തുകൾ വിശദീകരിക്കുകയും ചെയ്യുമ്പോൾ അവരുടെ ഹൃദയങ്ങൾ അവരുടെയുള്ളിൽ കത്തുന്നതായി അവർക്കു സന്തോഷത്തോടെ ഉദ്ഘോഷിക്കാൻ കഴിഞ്ഞുവെന്നു വി. ഗ്രന്ഥം നമ്മെ പഠിപ്പിക്കുന്നു *(Lk 24:32)*.

ധ്രുവീകരണങ്ങളും വൈരുദ്ധ്യങ്ങളും അടയാളപ്പെടുത്തിയ ഒരു ചരിത്രകാലഘട്ടത്തിൽ - നിർഭാഗ്യവശാൽ സഭാസമൂഹംപോലും പ്രതിരോധിക്കാത്തതാണെന്നു നാം മനസിലാക്കുന്നു - 'തുറന്ന ഹൃദയത്തോടെയും തുറന്ന കൈകളോടെയും' ആശയവിനിമയം നടത്താനുള്ള പ്രതിബദ്ധത ആശയവിനിമയമേഖലയിലുള്ളവർക്കുമാത്രം ബാധകമായതല്ല; അത് എല്ലാവരുടെയും ഉത്തരവാദിത്തമാണ്. സത്യം അന്വേഷിക്കാനും സംസാരിക്കാനും ദാനധർമം ചെയ്യാനും നാമെല്ലാവരും വിളിക്കപ്പെട്ടിരിക്കുന്നു. പ്രത്യേകിച്ച് ക്രിസ്ത്യാനികളായ നാം നമ്മുടെ നാവിനെ തിന്മയിൽനിന്നു സൂക്ഷിക്കാൻ നിരന്തരം ആവശ്യപ്പെടുന്നു *(സങ്കീ. 34:13)*, കാരണം തിരുവെഴുത്തു നമ്മെ പഠിപ്പിക്കുന്നതുപോലെ, അതേ നാവിൽ നമുക്കു കർത്താവിനെ വാഴ്ത്താനും ദൈവത്തിന്റെ സാദൃശ്യത്തിൽ സൃഷ്ടിക്കപ്പെട്ട സ്ത്രീകളെയും പുരുഷന്മാരെയും ശപിക്കാനും കഴിയും *(യാക്കോ. 3:9)*. ഒരു ദുഷിച്ച വാക്കും നമ്മുടെ വായിൽനിന്നു വരരുത്, പകരം 'കേൾക്കുന്നവർക്ക് കൃപ നൽകുന്നതിന് അവസരത്തിനു യോജിച്ചരീതിയിൽ ആത്മീയവർദ്ധനയ്ക്കു യോജിച്ച രീതിയിൽ ജീവിതം നയിക്കുന്നതാണ് നല്ലത്' *(എഫേ. 4:29)*.

ചിലപ്പോൾ സൗഹൃദസംഭാഷണങ്ങൾ ഏറ്റവും കഠിനമായ ഹൃദയങ്ങളിൽപോലും ഒരു മാറ്റം നൽകിയേക്കാം. സാഹിത്യത്തിൽ നമുക്കിതിനു തെളിവുകളുണ്ട്. ലൂസിയ ഇന്നോമിനാറ്റോയോടു ഹൃദയംകൊണ്ട് സംസാരിക്കുന്ന, ആരോഗ്യകരമായ ആന്തരികപ്രതിസന്ധിയാൽ നിരായുധനാകുകയും സ്നേഹത്തിന്റെ സൗമ്യമായ ശക്തിക്കു വഴങ്ങുകയും ചെയ്യുന്നതുവരെ, 'വിവാഹനിശ്ചയത്തിന്റെ' *(The Bethrothed)* 21-ാം അധ്യായത്തിലെ അവിസ്മരണീയമായ ആ പേജിനെക്കുറിച്ചു ഞാൻ ചിന്തിക്കുകയാണ്. നിർഭാഗ്യവശാൽ ഹൃദയങ്ങളെയും ബന്ധങ്ങളെയും വിഷലിപ്തമാക്കുകയും ചെയ്യുന്ന ക്രൂരതയ്ക്കുള്ള യഥാർത്ഥ മറുമരുന്നാണ് ദയ. 'മര്യാദ'യുടെ ഒരു ചോദ്യം മാത്രമല്ല, സമൂഹത്തിൽ ഞങ്ങളിതു പലരുടെയും അനുഭവത്തിൽ കാണുകയും കേൾക്കുകയും ചെയ്യുന്നു. മാധ്യമരംഗത്തു ഞങ്ങൾക്കിത്തരം ആയുധങ്ങളാവശ്യമാണ്, അതിനാൽതന്നെ മുന്നിലായിരിക്കുന്നവരെ ഈ ആശയവിനിമയരീതി പ്രകോപിപ്പിക്കുകയും രോഷം സൃഷ്ടിക്കുകയും സംഘർഷത്തിലേക്കു നയിക്കുകയും ചെയ്യുന്ന അമർഷമുളവാക്കുന്നില്ല, മറിച്ച് അവർ ജീവിക്കുന്ന യാഥാർത്ഥ്യത്തെ, വിമർശനാത്മകവും എന്നാൽ എല്ലായ്പ്പോഴും ആദരവുമുള്ള മനോഭാവത്തോടെ സമാധാനപരമായി പ്രതിഫലിപ്പിക്കാനും വ്യാഖ്യാനിക്കാനും ആളുകളെ സഹായിക്കുന്നു.

## ഹൃദയം ഹൃദയത്തോടു സംവദിക്കുന്നു

പ്രശസ്തമായ പ്രസ്താവനകളിലൊന്നായ 'ഹൃദയം ഹൃദയത്തോടു സംസാരിക്കുന്നു' എന്ന ചിന്ത, സ്നേഹത്തിൽ വിശ്വസ്തരായ തലമുറകളെ പ്രചോദിപ്പിക്കുന്നുണ്ട്, അവരിൽ വി. ജോൺ ഹെൻറി ന്യൂമാൻ,

അതു തന്റെ മുദ്രാവാക്യമായി തിരഞ്ഞെടുത്തു. *നന്നായി സംസാരിക്കാൻ, നന്നായി സ്നേഹിച്ചാൽ മതി* എന്നതായിരുന്നു അദ്ദേഹത്തിന്റെ ഒരു ബോധ്യം. അദ്ദേഹത്തെ സംബന്ധിച്ചിടത്തോളം ആശയവിനിമയം ഒരിക്കലും കൃത്രിമമായ ഒന്നിലേക്കും വിപണനതന്ത്രത്തിലേക്കും ചുരുങ്ങരുതെന്നു കാണിച്ചുതരുന്നു. വി. ഫ്രാൻസിസ് ഡി സെയിൽസിനെ സംബന്ധിച്ചിടത്തോളം, ''ഹൃദയത്തിലും ഹൃദയത്തിലൂടെയും സൂക്ഷ്മവും തീവ്രവും ഏകീകൃതവുമായ ഒരു പ്രക്രിയ നടക്കുന്നു, അതിൽ നാം ദൈവത്തെ അറിയുന്നു''.

**2.** 'നന്നായി സ്നേഹിക്കുന്നതിലൂടെ', ബധിരനും മൂകനുമായ മാർട്ടിനുമായി ആശയവിനിമയം നടത്തുന്നതിൽ വി. ഫ്രാൻസിസ് വിജയിച്ചു, അങ്ങനെ അവന്റെ സുഹൃത്തായി. അതുകൊണ്ടാണ് 'ആശയവിനിമയത്തിൽ വൈകല്യമുള്ള ആളുകളുടെ സംരക്ഷക'നെന്ന് അദ്ദേഹം അറിയപ്പെടുന്നത്.

ഈ 'സ്നേഹത്തിന്റെ മാനദണ്ഡത്തിൽ' നിന്നാണ്, ജനീവയിലെ വി. ബിഷപ്പ് തന്റെ രചനകളിലൂടെയും ജീവിതസാക്ഷ്യത്തിലൂടെയും ആശയവിനിമയം നടത്തുന്നത്' എത്ര ഉചിതമെന്നു നമ്മെ ഓർമിപ്പിക്കുന്നത്. ഇതിന്നത്തെ കാലഘട്ടത്തിന്റെ ചിന്തകൾക്ക് എതിരാണ് - പ്രത്യേകിച്ച് സോഷ്യൽ മീഡിയയിൽ നമ്മൾ അനുഭവിക്കുന്നതുപോലെ - ആശയവിനിമയം പലപ്പോഴും ചൂഷണം ചെയ്യപ്പെടുന്നു, അതിനാൽ ലോകം നമ്മളെപ്പോലെയല്ല, നമ്മൾ ആഗ്രഹിക്കുന്നതുപോലെ കാണണമെന്നു നിർബന്ധമില്ല . വി. ഫ്രാൻസിസ് ഡി സെയിൽസ് തന്റെ രചനകളുടെ നിരവധി പകർപ്പുകൾ ജനീവയിലെ സമൂഹത്തിനിടയിൽ പ്രചരിപ്പിച്ചു. ഈ 'പത്രപ്രവർത്തന' അവബോധം അദ്ദേഹത്തിന് ഒരു വലിയ പ്രശസ്തി നേടിക്കൊടുത്തു, അത് അദ്ദേഹത്തിന്റെ രൂപതയുടെ പരിധിക്കപ്പുറത്തേക്കുപോയി, ഇന്നും നിലനിൽക്കുന്നു. അദ്ദേഹത്തിന്റെ രചനകൾ, 'വളരെ ആസ്വാദ്യകരവും പ്രബോധനപരവും ചലനാത്മകവുമായ' ചിന്തകൾ നൽകുന്നു. ഇന്നു നമ്മൾ ആശയവിനിമയമേഖലയിലേക്കു നോക്കുകയാണെങ്കിൽ, ഒരു ലേഖനം, ഒരു റിപ്പോർട്ട്, ഒരു ടെലിവിഷൻ അല്ലെങ്കിൽ റേഡിയോ പരിപാടി അല്ലെങ്കിൽ ഒരു സോഷ്യൽ മീഡിയ പോസ്റ്റിൽ ഉൾപ്പെടേണ്ട സവിശേഷതകൾ പലതാണ്. ആശയവിനിമയ മേഖലയിൽ പ്രവർത്തിക്കുന്ന ആളുകൾ മാധ്യമങ്ങളെ വല്ലാതെ സ്വാധീനിച്ച ഈ വിശുദ്ധനിൽനിന്നു പ്രചോദനം ഉൾക്കൊണ്ട്, ധൈര്യത്തോടും സ്വാതന്ത്ര്യത്തോടും കൂടി സത്യം അന്വേഷിക്കുകയും പറയുകയും ചെയ്യണം.

## സിനഡൽ പാതയിൽ ഹൃദയപൂർവം സംസാരിക്കാം

നാം ഒരാളെ ശ്രവിക്കുന്നതുമൂലം മറ്റൊരാളുടെ സാമീപ്യം, അനുകമ്പ, ആർദ്രത എന്നിവയാൽ പരിപോഷിപ്പിക്കപ്പെടുന്ന ദൈവത്തിന്റെ സാമൂഹികാവബോധമുൾക്കൊണ്ട് സമൂഹത്തോടു സംസാരിക്കുന്ന

തിനു കാരണമാകണം. ഹൃദയങ്ങളെ ജ്വലിപ്പിക്കുന്ന, മുറിവുകളിൽ സുഗന്ധം പരത്തുന്ന, നമ്മുടെ സഹോദരീസഹോദരന്മാരുടെ യാത്രയിൽ വെളിച്ചം വീശുന്ന ആശയവിനിമയം സഭയിൽ നമുക്കനിവാര്യമാണ്. പരിശുദ്ധാത്മാവിനാൽ നയിക്കപ്പെടാൻ അറിയുന്ന, സൗമ്യവും അതേസമയം പ്രവചനികവുമായ ഒരു വ്യക്തിയെ, അല്ലെങ്കിൽ ഒരുകൂട്ടം കേൾവിക്കാരെ 3-ാം സഹസ്രാബ്ദത്തിൽ അവതരിപ്പിക്കാൻ വിളിക്കപ്പെടുന്ന അത്ഭുതകരമായ പ്രഖ്യാപനത്തിനു പുതിയവഴികളും മാർഗങ്ങളും എങ്ങനെ കണ്ടെത്താമെന്നു സഭ ചിന്തിക്കുന്നു. അങ്ങനെ ഒരു ആശയവിനിമയരീതി ഞാൻ സ്വപ്നം കാണുന്നു. ദൈവവുമായും അയൽക്കാരനുമായും പ്രത്യേകിച്ച് ഏറ്റവും ആവശ്യമുള്ളവരുമായുള്ള ബന്ധത്തെ കേന്ദ്രസ്ഥാനത്തു നിർത്തുന്ന ഒരു ആശയവിനിമയം, സ്വയം റഫറൻഷ്യൽ ഐഡന്റിറ്റി സംരക്ഷിക്കുന്നതിനുപകരം വിശ്വാസത്തിന്റെ തീ ആളിക്കത്തുന്നത് എങ്ങനെയെന്ന് അറിയുന്ന ഒരു കൂട്ടായ്മ സഭയ്ക്ക് അനിവാര്യമാണ്. ശ്രവിക്കുന്നതിലെ വിനയവും സംസാരിക്കുന്നതിലെ സൗമ്യതയും അടിസ്ഥാനമാക്കിയുള്ള ആശയവിനിമയത്തിന്റെ ഒരു രൂപം, അത് ഒരിക്കലും ദാനധർമത്തിൽനിന്നു സത്യത്തെ വേർതിരിക്കുന്നില്ല.

## സമാധാനത്തിന്റെ ഭാഷ പ്രചരിപ്പിച്ചുകൊണ്ട് ആത്മാക്കളെ നിരായുധരാക്കുന്നു

'മൃദുവായ നാവ് അസ്ഥിയെ തകർക്കും' എന്ന് വി. വേദപുസ്തകം പറയുന്നു. എന്നത്തേക്കാളും ഇന്ന്, യുദ്ധം നടക്കുന്ന സ്ഥലങ്ങളിൽ സമാധാനസംസ്കാരം വളർത്തിയെടുക്കാൻ ഹൃദയം ഹൃദയംകൊണ്ടു സംസാരിക്കേണ്ടത് അത്യാവശ്യമാണ്; വെറുപ്പും വിദ്വേഷവും രോഷവും നമ്മെ അടിമപ്പെടുത്തുന്ന ഇടങ്ങളിൽ സംവാദത്തിനും അനുരഞ്ജനത്തിനും വഴിയൊരുക്കുന്ന വഴികൾ തുറക്കുക. നാം അനുഭവിക്കുന്ന ആഗോളസംഘർഷത്തിന്റെ സാമൂഹികപശ്ചാത്തലത്തിൽ, ശത്രുതയില്ലാത്ത ഒരു ആശയവിനിമയരീതി നിലനിർത്തേണ്ടത് അടിയന്തിരമാണ്. 'മാന്യമായ സംഭാഷണം നടത്തുന്നതിനു പകരം തുടക്കത്തിൽതന്നെ എതിരാളികളെ അപകീർത്തിപ്പെടുത്തുകയും അപമാനിക്കുകയും ചെയ്യുക' എന്ന പ്രവണതയെ മറികടക്കേണ്ടത് ആവശ്യമാണ്. വി. ജോൺ ഇരുപത്തിമൂന്നാമൻ 'ഭൂമിയിൽ സമാധാനം' എന്ന ചാക്രികലേഖനത്തിൽ പ്രവചനാത്മകമായി ഉദ്ബോധിപ്പിച്ചതുപോലെ, സമഗ്രമായ നിരായുധീകരണം പ്രോത്സാഹിപ്പിക്കുന്നതിൽ ഏർപ്പെട്ടിരിക്കുന്ന, നമ്മുടെ ഹൃദയങ്ങളിൽ കൂടുകൂട്ടുന്ന യുദ്ധസമാനമായ മനോവിഭ്രാന്തിയെ ഇല്ലാതാക്കാൻ പ്രതിജ്ഞാബദ്ധരായ, സംഭാഷണത്തിനും തുറന്ന ആശയവിനിമയക്കാരെ നമുക്ക് ആവശ്യമുണ്ട്: 'യഥാർത്ഥസമാധാനം കെട്ടിപ്പടുക്കാൻ പരസ്പരവിശ്വാസത്തിനു മാത്രമേ കഴിയൂ. അറുപതു വർഷങ്ങൾക്കു മുമ്പുള്ളതുപോലെ, ആശയവിനിമയത്തിന്റെ തലത്തിലും

എത്രയുംവേഗം അവസാനിപ്പിക്കേണ്ട യുദ്ധത്തിന്റെ വർദ്ധനവിനെ മനുഷ്യൻ ഭയപ്പെടുന്ന ഒരു ഇരുണ്ടസമയത്താണ് നാമും ഇപ്പോൾ ജീവിക്കുന്നത്. ആളുകളെയും പ്രദേശങ്ങളെയും നശിപ്പിക്കാൻ ആഹ്വാനം ചെയ്യുന്ന വാക്കുകൾ എത്രയെളുപ്പത്തിൽ സംസാരിക്കുന്നുവെന്നു കേൾക്കുന്നത് വല്ലാതെ ഭയപ്പെടുത്തുന്നതാണ്. വാക്കുകൾ, അതു പലപ്പോഴും ഹീനമായ അക്രമത്തിന്റെ യുദ്ധസമാനമായ പ്രവർത്തനങ്ങളായി മാറുന്നു. അതുകൊണ്ടാണ് എല്ലാ യുദ്ധസമാനമായ വാക്കുതർക്കങ്ങളും അതുപോലെതന്നെ സത്യത്തെ കൃത്രിമമാക്കുകയും പ്രത്യയശാസ്ത്രപരമായ ലക്ഷ്യങ്ങൾക്കായി അതിനെ രൂപഭേദം വരുത്തുകയും ചെയ്യുന്ന എല്ലാത്തരത്തിലുമുള്ള പ്രചരണങ്ങളും തള്ളിക്കളയേണ്ടത് അനിവാര്യമാണ്. പകരം, ജനങ്ങൾ തമ്മിലുള്ള തർക്കങ്ങൾ പരിഹരിക്കുന്നതിനുള്ള സാഹചര്യങ്ങൾ സൃഷ്ടിക്കാൻ സഹായിക്കുന്ന ആശയവിനിമയത്തിന്റെ ഒരു രൂപമാണ് പ്രോത്സാഹിപ്പിക്കേണ്ടത്.

ക്രിസ്ത്യാനികളെന്നനിലയിൽ, സമാധാനത്തിന്റെ വിധി നിർണയിക്കുന്നതു ഹൃദയങ്ങളുടെ പരിവർത്തനത്തിലൂടെയാണെന്നു നമുക്കറിയാം, കാരണം യുദ്ധത്തിന്റെ വൈറസ് മനുഷ്യന്റെ ഹൃദയത്തിനുള്ളിൽ നിന്നാണ് വരുന്നത്. അടഞ്ഞതും വിഭജിക്കപ്പെട്ടതുമായ ഒരു ലോകത്തിന്റെ നിഴലുകളകറ്റാനും നമുക്കു ലഭിച്ചതിനേക്കാൾ മികച്ച ഒരു നാഗരികത കെട്ടിപ്പടുക്കാനുമുള്ള ശരിയായ വാക്കുകൾ ഹൃദയത്തിൽനിന്നു വരുന്നു. ഈ ശ്രമത്തിലേർപ്പെടാൻ നമ്മൾ ഓരോരുത്തരും ശ്രദ്ധിക്കേണ്ടതുണ്ട്. എന്നാൽ ആശയവിനിമയ മേഖലയിൽ പ്രവർത്തിക്കുന്നവരുടെ ഉത്തരവാദിത്തബോധത്തെ കൂടുതലാകർഷിക്കുന്ന ഒന്നാണ്, അതിലൂടെ അവർക്ക് അവരുടെ തൊഴിൽ ഒരു ദൗത്യമായി നിർവഹിക്കാൻ കഴിയുമെന്ന വസ്തുത.

കർത്താവായ ഈശോ, പിതാവിന്റെ ഹൃദയത്തിൽനിന്നു പകർന്ന ശുദ്ധമായ വചനം, നമ്മുടെ ആശയവിനിമയം വ്യക്തവും തുറന്നതും ഹൃദയംഗമവുമാക്കാൻ സഹായിക്കട്ടെ. ഹൃദയമിടിപ്പിനു ചെവികൊടുക്കാനും സഹോദരീസഹോദരന്മാരായി നമ്മെത്തന്നെ വീണ്ടും കണ്ടെത്താനും ഭിന്നിപ്പിക്കുന്ന ശത്രുതയെ നിരായുധരാക്കാനും വചനം മാംസമായ കർത്താവായ മിശിഹാ നമ്മെ സഹായിക്കട്ടെ. സത്യത്തിന്റെയും സ്നേഹത്തിന്റെയും വചനമായ ഈശോ ദാനധർമത്തിൽ സത്യം സംസാരിക്കാൻ നമ്മെ സഹായിക്കട്ടെ, അങ്ങനെ നമുക്കു പരസ്പരം സംരക്ഷകരായി മുന്നേറാം.

Francis

**ഫ്രാൻസിസ് പാപ്പ**

പി.ഒ.സി., കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയം
കൊച്ചി - 682 025

## സർക്കുലർ

**23 Ch. 285-366**

# ചാസിന്റെ ക്ഷേമപദ്ധതികളും ലഹരിവിരുദ്ധ പ്രവർത്തനങ്ങളും

ചങ്ങനാശേരി അതിരൂപതയുടെ സാമൂഹികസേവനപ്രവർത്തനങ്ങൾക്കുവേണ്ടിയുള്ള ഔദ്യോഗിക സംവിധാനമാണ് ചാസ് (CHASS) എന്ന ചുരുക്കപ്പേരിൽ അറിയപ്പെടുന്ന ചങ്ങനാശേരി സോഷ്യൽ സർവീസ് സൊസൈറ്റി എന്ന കാര്യം ഏവർക്കും അറിവുള്ളതാണല്ലോ. 1966-ൽ എളിയരീതിയിൽ പ്രവർത്തനമാരംഭിച്ച ചാസ്, ആറുപതിറ്റാണ്ടിനോടടുക്കുമ്പോൾ ഏറെ ശ്രദ്ധേയമായൊരു സേവനചരിത്രം രചിച്ചു കഴിഞ്ഞിരിക്കുന്നു. സാമൂഹികക്ഷേമം ലക്ഷ്യംവച്ച് നിരവധി പദ്ധതികളാണ് ആവിഷ്കരിച്ചു നടപ്പിലാക്കിവരുന്നത്. ഇന്ന് ചാസ് കേരളത്തിലെ ഒരു മുൻനിര സോഷ്യൽ സർവീസ് സൊസൈറ്റിയായി അംഗീകരിക്കപ്പെട്ടിരിക്കുന്നു.

ചാസിന്റെ മികച്ചപ്രവർത്തനങ്ങൾക്കുള്ള അംഗീകാരമാണ് കേന്ദ്ര, സംസ്ഥാന സർക്കാരുകളുടെ വിവിധ വികസനപദ്ധതികളുടെ നോഡൽ ഏജൻസിയായി ചാസിനെ തെരഞ്ഞെടുത്തിരിക്കുന്നത്. കൂടാതെ, കേന്ദ്ര ഗവൺമെന്റിന്റെ സാമൂഹിക നീതിശക്തീകരണ മന്ത്രാലയത്തിന്റെ കീഴിൽ പ്രവർത്തിക്കുന്ന മുഴുവൻ ലഹരിവിമുക്തപ്രസ്ഥാനങ്ങളുടെയും സംസ്ഥാനതല ഏകോപന ഏജൻസിയാണ് ചാസ്. ഇന്ത്യയിൽ ഖാദി ഗ്രാമവ്യവസായ കമ്മിഷന്റെ കീഴിൽ പ്രവർത്തിക്കുന്ന ഏക ക്രിസ്ത്യൻ NGO ചാസാണെന്നുള്ളത് എടുത്തുപറയേണ്ടതാണ്.

## ചാസിന്റെ ബഹുമുഖക്ഷേമപദ്ധതികൾ

ജനപങ്കാളിത്തത്തോടെ ബഹുമുഖക്ഷേമപദ്ധതികളാണ് ചാസ് നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്. മാനവശേഷിവികസനം, വനിതാ-ശിശുവികസനം, സുസ്ഥിരകൃഷി, പരിസ്ഥിതി സൗഹാർദപ്രവർത്തനങ്ങൾ, കുടുംബോദ്ധാരണ പദ്ധതികൾ, ലഹരിവിമുക്ത പ്രവർത്തനങ്ങൾ, ഭിന്നശേഷിക്കാരുടെ പുനരധിവാസം, ഖാദിഗ്രാമവ്യവസായ പ്രവർത്തനങ്ങൾ, മൈക്രോ ക്രെഡിറ്റ് പദ്ധതി, ആരോഗ്യപരിപാലനം, ക്യാൻസർ സുരക്ഷാ പദ്ധതികൾ, മഴവെള്ളം-കുടിവെള്ളം പദ്ധതി, ദുരിതാശ്വാസ പുനരധിവാസ

പ്രവർത്തനങ്ങൾ, വിദ്യാഭ്യാസസഹായം, ഭവനനിർമാണം തുടങ്ങിയ വൈവിധ്യമാർന്ന പദ്ധതികളാണ് ചാസിനുള്ളത്.

നാനാജാതിമതസ്ഥരായ ജനങ്ങളുടെ സമഗ്രവികസനമാണ് ചാസ് ലക്ഷ്യം വയ്ക്കുന്നത്. ഈ പ്രവർത്തനങ്ങളെല്ലാം ഇടവകതലത്തിൽ ഏകോപിപ്പിക്കുന്നതും ചാസിന്റെ പ്രദേശികയൂണിറ്റുകളാണ്. 161 പ്രാദേശികയൂണിറ്റുകൾ, അവയുടെ കീഴിൽ പ്രവർത്തിക്കുന്ന 900-ൽ അധികം സ്വാശ്രയസംഘങ്ങൾ, 93 കർഷകസംഘങ്ങൾ, 138 മൈക്രോ ക്രെഡിറ്റ് യൂണിറ്റുകൾ, 70 മഹിളാസമാജങ്ങൾ, 163 ജോയിന്റ് ലയ ബിലിറ്റി ഗ്രൂപ്പുകൾ തുടങ്ങിയ ജനകീയസംവിധാനങ്ങളിലൂടെയാണ് ചാസിന്റെ പ്രവർത്തനങ്ങൾ ജനമദ്ധ്യത്തിലെത്തിക്കുന്നത്. നാനാജാതി മതസ്ഥരായ 75000-ലധികം കുടുംബങ്ങൾ ചാസിന്റെ പ്രവർത്തനങ്ങ ളിൽ പങ്കുചേർന്നു പ്രയോജനപ്പെടുത്തുന്നു. അങ്ങനെ വിപുലമായ ഒരു ജനകീയ അടിത്തറയാണ് ചാസിനുള്ളത്. ചാസിന്റെ ഇത്തരത്തിലുള്ള ജനക്ഷേമ പ്രവർത്തനങ്ങൾക്കു നമ്മുടെ ഇടവകകൾ എല്ലാ പിന്തുണയും നൽകി പ്രോത്സാപ്പിക്കണമെന്നഭ്യർത്ഥിക്കുന്നു.

ദൈവസ്നേഹത്തിന്റെയും സഹോദരസ്നേഹത്തിന്റെയും മുഖമുദ്ര യായി ആരംഭകാലം മുതൽ സഭ പ്രാധാന്യം കൊടുത്തുപോന്നിരുന്ന താണ് ഇപ്രകാരമുള്ള പരോപകാരപ്രവൃത്തികൾ. നമ്മുടെ ഇടവക സമൂഹങ്ങളിലൂടെ ആ പാരമ്പര്യം ഒളിമങ്ങാതെ തുടർന്നുകൊണ്ടു പോകാൻ ചാസിന്റെ പ്രവർത്തനങ്ങളോടു സജീവമായി സഹകരിക്കാൻ ഇടവകകൾ തയ്യാറാകുമെന്നു വിശ്വസിക്കുന്നു.

## ലഹരിക്കെതിരെ രക്ഷാകവചം

ജൂൺ 26 ഐക്യരാഷ്ട്രസംഘടന ലോകലഹരിവിരുദ്ധദിനമായി ആച രിച്ചുവരുന്നു. ലഹരിക്കിരയാകാതെ നമ്മുടെ യുവജനങ്ങളെയും കുടുംബ ങ്ങളെയും സംരക്ഷിക്കുക, ലഹരി ഉപയോഗത്തിന്റെ ദോഷവശങ്ങളെ ക്കുറിച്ചു ജനങ്ങളെ ബോധവത്കരിക്കുക, ലഹരിവസ്തുക്കളുടെ ലഭ്യത തടയാൻ സർക്കാരുകളെ പ്രേരിപ്പിക്കുക, ആരോഗ്യമുള്ള ഒരു സമൂഹ ത്തിന്റെ നിലനിൽപ്പ് ഉറപ്പുവരുത്തുക എന്നിവയാണ് ലഹരിവിരുദ്ധ ദിനാചരണത്തിന്റെ മുഖ്യലക്ഷ്യങ്ങൾ. അതിനു ലഹരിക്കെതിരെ ഫല പ്രദമായ ബോധവത്ക്കരണം നടത്തുകയെന്നതാണ് ഏറ്റവും ആവശ്യ മായിരിക്കുന്നത്.

ഈ ലക്ഷ്യത്തോടെ ചാസിന്റെയും ആത്മതാകേന്ദ്രത്തിന്റെയും ആഭി മുഖ്യത്തിൽ ജൂൺ 25 ന് അതിരൂപതയിലെ എല്ലാ ഇടവകകളെയും ഉൾപ്പെടുത്തി ലഹരിവിരുദ്ധദിനാചരണം നടത്താൻ ആഗ്രഹിക്കുന്നു. അന്നേദിവസം ലഹരിക്കെതിരെ രക്ഷാകവചം എന്ന രീതിയിൽ രാവിലെ 8.30 ന് വികാരിയച്ചന്മാരുടെ നേതൃത്വത്തിൽ ഇടവകകളോടു ചേർന്നുള്ള

വഴികളിൽ അണിനിരന്നു ലഹരിവിരുദ്ധ സൗഹൃദചങ്ങല രൂപപ്പെടു ത്തുകയും 8.45 ന് ലഹരിവിരുദ്ധപ്രതിജ്ഞ ചൊല്ലി ഈ യജ്ഞത്തോടു സഹകരിക്കുകയും ചെയ്യണമെന്നഭ്യർത്ഥിക്കുന്നു.

ബഹു. വികാരിയച്ചന്മാർ ഇക്കാര്യം ജനങ്ങളെ മുൻകൂട്ടി അറി യിച്ച് ഒരുക്കി ആവശ്യമായ ക്രമീകരണങ്ങൾ നടത്താൻ ശ്രദ്ധിക്കണം. സൺഡേസ്കൂൾ കുട്ടികൾ, ഇടവകയിലെ സംഘടനാംഗങ്ങൾ, പള്ളി യോഗാംഗങ്ങൾ, കുടുംബകൂട്ടായ്മാ ലീഡേഴ്സ് തുടങ്ങിയവരുടെ സജീവ പങ്കാളിത്തം ഇക്കാര്യത്തിൽ ഉണ്ടാകണം. ചാസിന്റെ പ്രാദേശികയൂണി റ്റുകൾ ആവശ്യമായ നേതൃത്വം നൽകേണ്ടതാണ്. ചെയ്യേണ്ട പ്രതിജ്ഞ ചാസിൽനിന്ന് അയച്ചുതരുന്നതാണ്.

പ്രിയ സഹോദരങ്ങളേ,

കുട്ടികളിൽപോലും ഇന്നു ലഹരിയുടെ ഉപയോഗം വർദ്ധിച്ചുവരുന്നു. കുടുംബങ്ങളുടെ ഭദ്രതയും സമാധാനവും ആത്മീയതയും ഇല്ലാതാ ക്കുന്ന വലിയ വിപത്തായിരിക്കുന്നു ലഹരിവസ്തുക്കളുടെ ഉപയോഗം. ലഹരിക്കെതിരായ പ്രവർത്തനങ്ങളെ ഫലശൂന്യമാക്കുന്നവിധം ലഹരി മാഫിയാ പിടിമുറുക്കുകയാണ്. നമ്മുടെയും മറ്റുള്ളവരുടെയും നന്മ ആഗ്രഹിക്കുന്നുവെങ്കിൽ ഈ ലഹരി മഹാവിപത്തിനെതിരെ നമ്മൾ അണിനിരന്നേതീരു. എക്സൈസ് കമ്മിഷണറുടെ നിർദേശമനുസ രിച്ചു നടത്തിയ പുതിയ അന്വേഷണത്തിൽ 1100 സ്കൂളുകളും പരിസര ങ്ങളും ലഹരിസംഘങ്ങളുടെ സ്വാധീനത്തിൽ പ്രശ്നബാധിതപ്രദേശങ്ങ ളാണെന്നാണു കണ്ടെത്തൽ. കഴിഞ്ഞവർഷം തികയുന്നതിനുമുമ്പേ അത് 1100 ആയി വർദ്ധിച്ചിരിക്കുന്നു. നമ്മുടെ ഇളംതലമുറയെ മുഴുവൻ റാഞ്ചി യെടുക്കാൻ ലഹരിമാഫിയ ചിറകുവിരിച്ച് വട്ടംചുറ്റുകയാണ്. മാതാ പിതാക്കളും അദ്ധ്യാപകരും ജനനേതാക്കളും സന്നദ്ധസേവകരും സഭാ സംവിധാനങ്ങളും ഒറ്റക്കെട്ടായി ഈ വിപത്തിനെ നേരിടാൻ മുന്നോട്ടു വരണമെന്ന് അഭ്യർത്ഥിക്കുന്നു. അതിന് എല്ലാ ദൈവാനുഗ്രഹങ്ങളും ഉണ്ടാകാൻ പ്രാർത്ഥിക്കുന്നു.

മിശിഹായിൽ സ്നേഹപൂർവം,

**ആർച്ചുബിഷപ് ജോസഫ് പെരുന്തോട്ടം**
ചങ്ങനാശേരി അതിരൂപതാ മെത്രാപ്പോലീത്ത

**NB:** ***2023 ജൂൺ 18 ഞായറാഴ്ച*** *വി. കുർബാനമധ്യേ എല്ലാ പള്ളികളിലും ഈ സർക്കുലർ വായിക്കേണ്ടതാണ്.*

# ആരാധനാജീവിതം:
# ചില അനുബന്ധമാർഗനിർദേശങ്ങൾ

നമ്മുടെ ആത്മീയജീവിതം കൂടുതൽ അർത്ഥവത്തും ഫലദായകവുമാകുന്നതിന് ആരാധനക്രമാനുബന്ധമായ ഏതാനും നിർദേശങ്ങൾ താഴെചേർക്കുന്നു. അജപാലനശുശ്രൂഷയിൽ ഏർപ്പെട്ടിരിക്കുന്ന എല്ലാ വൈദികരും ഇക്കാര്യങ്ങൾ ശ്രദ്ധിച്ചു മനസ്സിലാക്കണമെന്നും വിശ്വാസികൾക്കു വിശദീകരിച്ചുകൊടുത്ത് ബോദ്ധ്യപ്പെടുത്തി നടപ്പിലാക്കണമെന്നും സ്നേഹപൂർവം അറിയിക്കുന്നു.

## 1. വസ്ത്രധാരണം സംബന്ധിച്ച്

ദൈവാലയം ദൈവത്തിന്റെ ഭവനമാണ്. അതു വിശുദ്ധ സ്ഥലമാണ്. വിശുദ്ധകർമങ്ങളിൽ പങ്കെടുത്ത് ദൈവാനുഗ്രഹം പ്രാപിക്കാനാണ് നമ്മൾ ദൈവാലയത്തിൽ പോകുന്നത്. അതിനനുസൃതമായ ആന്തരിക മനോഭാവം പുലർത്തുന്നതോടൊപ്പം വസ്ത്രധാരണവും ഉചിതമായിരിക്കണം. ലാളിത്യവും മാന്യതയും ഇക്കാര്യത്തിൽ പാലിക്കണം. പള്ളിയിലെ തിരുക്കർമങ്ങളിൽ പങ്കെടുക്കാൻ പോകുമ്പോൾ ധരിക്കുന്നതിന് വെടിപ്പുള്ള വസ്ത്രം പ്രത്യേകം കരുതുന്നത് നന്നായിരിക്കും. ചിലരൊക്കെ, പ്രത്യേകിച്ച് കുട്ടികൾ, ചില കമ്പനികളുടെയും മറ്റും പരസ്യങ്ങൾ പതിച്ച വസ്ത്രങ്ങൾ ധരിച്ചുവരുന്നത് കാണാറുണ്ട്. കളിക്കാനും മറ്റും (Sports) ധരിക്കുന്ന വസ്ത്രങ്ങൾ പള്ളിയിലെ തിരുക്കർമങ്ങളിൽ സംബന്ധിക്കുമ്പോൾ ധരിക്കുന്നത് ഉചിതമല്ല

തിരുക്കർമങ്ങളുടെ ഫോട്ടോയും മറ്റും എടുക്കുന്ന ഫോട്ടോഗ്രാഫേഴ്സും ദൈവാലയത്തിനു ചേർന്ന മാന്യമായ വസ്ത്രം ധരിച്ചിരിക്കണമെന്നത് അവരെ മുൻകൂട്ടി അറിയിച്ച് ഉറപ്പാക്കേണ്ടതാണ്.

തിരുക്കർമങ്ങൾക്കു കാർമികരും ശുശ്രൂഷികളും ധരിക്കുന്ന വസ്ത്രങ്ങൾ വെടിപ്പുള്ളതായിരിക്കണം.

## 2. ഫോട്ടോയും വീഡിയോയും മറ്റും എടുക്കുന്നതു സംബന്ധിച്ച്

വിവാഹം, മാമ്മോദീസ തുടങ്ങിയ തിരുക്കർമങ്ങളുടെ ഫോട്ടോയും വീഡിയോയും എടുക്കുമ്പോൾ തിരുക്കർമങ്ങളോടും ദൈവാലയത്തോടും യാതൊരു അനാദരവും ഉണ്ടാകാൻ ഇടയാകരുത്. വിശ്വാസികൾ തിരുക്കർമങ്ങളിൽ ശ്രദ്ധയോടെ പങ്കെടുക്കുന്നതിനെ തടസ്സപ്പെടുത്തുന്ന വിധമുള്ള പെരുമാറ്റം ഫോട്ടോഗ്രാഫർമാരിൽ നിന്നുണ്ടാകാതിരിക്കാൻ ശ്രദ്ധിക്കണം. ഒന്നോ രണ്ടോ ക്യാമറകൾ മാത്രം അനുവദിക്കുക. ഫോട്ടോഗ്രാഫർമാർ മദ്ബഹയിൽ കയറി ഫോട്ടോയെടുക്കാൻ അനുവദിക്കരുത്. തിരുക്കർമങ്ങളിലെ ഏറ്റവും അത്യാവശ്യമുള്ള സന്ദർഭങ്ങളുടെ മാത്രം ഫോട്ടോയെടുത്താൽ മതിയാവും.

### 3. പ്രാരംഭകൂദാശകൾ സ്വീകരിക്കുമ്പോൾ ശ്രദ്ധിക്കേണ്ടവ

മാമ്മോദീസ, തൈലാഭിഷേകം, പരി. കുർബാന എന്നീ പ്രാരംഭ കൂദാശകളിലൂടെ തിരുസഭയിലേക്കു പ്രവേശനം ലഭിക്കുകയാണ്. അതിനാൽ ഒരു സഭാസമൂഹത്തിന്റെ സാന്നിദ്ധ്യം ഉണ്ടായിരിക്കുന്നത് ഏറ്റവും ഉചിതമാണ്. ഒരിടവകസമൂഹത്തിലേക്കാണല്ലോ പുതിയൊരംഗം ചേർക്കപ്പെടുന്നത്. സാധിക്കുമെങ്കിൽ ഇടവകസമൂഹത്തിന്റെ സാന്നിദ്ധ്യത്തിൽ നിശ്ചിതദിവസങ്ങളിൽ പ്രാരംഭകൂദാശകൾ നൽകാൻ ശ്രദ്ധിക്കണം. പ്രാരംഭകൂദാശകൾ സ്വീകരിക്കുന്നതിന് ഏറ്റവും ഉചിതമായ ദിവസം വലിയ ശനിയാഴ്ചയാണ്. സഭയുടെ ആദിമപാരമ്പര്യം അതാണ്. ദനഹാത്തിരുനാളും പന്തക്കുസ്താത്തിരുനാളും പ്രാരംഭകൂദാശകൾ സ്വീകരിക്കുന്നതിന് അനുയോജ്യമായ അവസരങ്ങളാണ്. പ്രാരംഭകൂദാശകളെ സംബന്ധിച്ചും അവയുടെ കർമാനുഷ്ഠാനങ്ങളെ സംബന്ധിച്ചും അവ സ്വീകരിക്കുന്ന ശിശുക്കളുടെ മാതാപിതാക്കൾക്കും തലതൊടുന്നവർക്കും ശരിയായ അറിവു നൽകേണ്ടതാണ്. അവർ ആത്മീയമായി നല്ലവണ്ണം ഒരുങ്ങിവേണം വരാൻ.

പ്രാരംഭകൂദാശകൾ സ്വീകരിക്കുമ്പോൾ നൽകപ്പെടുന്ന വെള്ള വസ്ത്രം, മുടി, തിരി എന്നിവ കുടുംബങ്ങളിൽ സൂക്ഷിച്ചു വയ്ക്കാവുന്നതാണ്. അതിനാൽ അവ നല്ല രീതിയിൽ തയ്യാറാക്കാൻ ശ്രദ്ധിക്കുക. മുടിയും തിരിയും ഭംഗിയുള്ളതായിരിക്കട്ടെ. സ്വർഗീയകിരീടത്തെയും ലോകത്തിന്റെ പ്രകാശമായ മിശിഹായെയുമാണല്ലോ അവ സൂചിപ്പിക്കുന്നത്.

വെള്ളത്തിൽ മൂന്നുപ്രാവശ്യം മുക്കി മാമ്മോദീസാ നൽകുന്നതാണ് ഏറ്റവും ഉചിതം. അതു പ്രായോഗികമല്ലെങ്കിൽ ശിശുവിനെ മാമ്മോദീസാത്തൊട്ടിയിലെ വെള്ളത്തിൽ നിർത്തിയോ ഇരുത്തിയോ കാർമികൻ ഇരുകൈകളും ചേർത്ത് വെള്ളം കോരി നിശ്ചിത പ്രാർത്ഥന ചൊല്ലി ശിശുവിന്റെ ശിരസ്സിൽ മൂന്നുപ്രാവശ്യം ഒഴിക്കുക. ശരീരംമുഴുവൻ നനയത്തക്കവിധം വെള്ളം ഒഴിക്കാൻ ശ്രദ്ധിക്കുക. തണുപ്പുമാറ്റിയ വെള്ളത്തിൽ മാമ്മോദീസ നൽകുന്നത് കുഞ്ഞുങ്ങൾക്ക് കൂടുതൽ ഹൃദ്യമായിരിക്കും.

### 4. ആദ്യകുമ്പസാരവും (അനുരഞ്ജന കൂദാശ) ആഘോഷമായ കുർബാനസ്വീകരണവും

ശിശുക്കളായിരുന്നപ്പോൾ പ്രാരംഭകൂദാശകൾ സ്വീകരിച്ച കുട്ടികൾക്കു തിരിച്ചറിവാകുമ്പോൾ കൂദാശകളെ സംബന്ധിച്ച് ആവശ്യമായ അറിവും പരിശീലനവും നൽകി, ഇടവകപ്പള്ളിയിൽ ഒരുമിച്ച് കുർബാന സ്വീകരണം നടത്തുന്നതിനെ സഭാസിനഡ് പ്രോത്സാഹിപ്പിക്കുന്നു. കുർബാനസ്വീകരണത്തിന്റെ പ്രാധാന്യം കുട്ടികൾക്കു ബോധ്യമാകുന്നതിനും ഇടവകയാകുന്ന സഭാകൂട്ടായ്മയുടെ ഭാഗമാണ് തങ്ങളെന്നുള്ള

അനുഭവം അവർക്കുണ്ടാകുന്നതിനും ഏകമനസ്സോടെ സഭയോടുചേർന്നുള്ള ജീവിതമാണ് ശരിയായ ക്രിസ്തീയ ജീവിതമെന്നു കുട്ടികളെ പഠിപ്പിക്കുന്നതിനുമൊക്കെയാണ് ആഘോഷമായ കുർബാന സ്വീകരണം നടത്തുന്നത്. ആദ്യകുർബാന സ്വീകരണമെന്നല്ല അതിനെ വിളിക്കേണ്ടത്.

ആഘോഷമായ കുർബാന സ്വീകരണത്തിനൊരുക്കമായിട്ടാണ് ആദ്യകുമ്പസാരം നടത്തുന്നത്. അതിനാൽ **ആദ്യകുമ്പസാരവും ആഘോഷമായ കുർബാനസ്വീകരണവും** എന്നുപറയുന്നതാണ് ശരിയായിട്ടുള്ളത്.

**5. കൈയ്യിൽ പൂച്ചെണ്ടല്ല പ്രാർത്ഥനാപ്പുസ്തകമാണ് വേണ്ടത്**

തിരുക്കർമാനുഷ്ഠാനസമയത്ത് പൂച്ചെണ്ട് കൈയിലേന്തി ഫോട്ടോയ്ക്കെന്നതുപോലെ നിലകൊള്ളുന്നതു ശരിയല്ല. തിരുക്കർമങ്ങളിൽ സജീവമായി പങ്കുചേരുവാൻ പ്രാർത്ഥനാപുസ്തകമാണ് (ഉദാ: കുർബാനപ്പുസ്തകം) കൈയ്യിൽ കരുതേണ്ടത്. തിരുക്കർമങ്ങൾക്കുശേഷം ദൈവാലയത്തിൽ സംസാരിച്ചുനിൽക്കാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കണം.

**6. മാമ്മോദീസാത്തൊട്ടി**

സഭാമാതാവ് ദൈവമക്കൾക്കു ജന്മം നൽകുന്ന മാമ്മോദീസാത്തൊട്ടി ഒരു വിശുദ്ധ സ്ഥലമാണ്. അതിനോട് ആദരവു പുലർത്തുകയും ശ്രദ്ധാപൂർവം സംരക്ഷിക്കുകയും വേണം. മാമ്മോദീസാ നൽകപ്പെടുന്ന അവസരത്തിൽ മാമ്മോദീസാത്തൊട്ടി ലളിതമായി അലങ്കരിക്കുന്നത് നന്നായിരിക്കും. മാമ്മോദീസാത്തൊട്ടിയ്ക്ക് ഉചിതമായ ഒരു കവറുണ്ടായിരിക്കണം.

**7. ആഘോഷങ്ങളും അലങ്കാരങ്ങളും**

തിരുക്കർമങ്ങളുടെ പരിശുദ്ധിയും പ്രാധാന്യവും വിസ്മരിക്കത്തക്ക വിധമുള്ള ആഘോഷങ്ങൾ ഒഴിവാക്കേണ്ടതാണ്. പൂക്കൾ ഉപയോഗിച്ച് ദൈവാലയം അലങ്കരിക്കുന്നതിലും മിതത്വം പാലിക്കണം. മദ്ബഹായുടെ ഭംഗി മറയ്ക്കത്തക്കവിധമുള്ള അലങ്കാരം പാടില്ല...

(തുടരും)

മിശിഹായിൽ സ്നേഹപൂർവം,

**ആർച്ചുബിഷപ് ജോസഫ് പെരുന്തോട്ടം**
ചങ്ങനാശേരി അതിരൂപതാ മെത്രാപ്പോലീത്ത

# അതിരൂപതയിലെ എല്ലാ ഇടവകകളിലും 2023 ഓഗസ്റ്റ് 31 ന് 'മൈ പാരിഷ്' പ്രാബല്യത്തിൽ വരുന്നു

പ്രിയമുള്ളവരേ,

My Parish Online Software പദ്ധതി (അക്കൗണ്ട്സ് ഉൾപ്പെടെ) എല്ലാ ഇടവകകളിലും ഓഗസ്റ്റ് മാസം 31 ന് മുമ്പായി നടപ്പിലാക്കുന്നതിനു ഫൊറോനാതലത്തിൽ അവസാനഘട്ട ക്രമീകരണം നടത്തുകയാണ്. എല്ലാവരുടെയും സഹകരണം ഉണ്ടാകുമല്ലോ. അടുത്ത സാമ്പത്തിക വർഷം മുതൽ അരമനയിൽനിന്നു പള്ളികളിലേക്കും പള്ളികളിൽനിന്ന് അരമനയിലേക്കുമുള്ള ആശയവിനിമയം, ഇടവകകൾ തമ്മിലുള്ള സർട്ടിഫിക്കറ്റുകളുടെ കൈമാറ്റം ഉൾപ്പെടെയുള്ള കാര്യങ്ങൾ My Parish Online Software ന്റെ സഹായത്തോടെ നടപ്പിലാക്കാൻ സാധിക്കും.

നമ്മുടെ അതിരൂപതയിലെ എല്ലാ വികാരിയച്ചന്മാരെയും My Parish ഇടവകതല കോർഡിനേറ്റേഴ്സിനെയും ഉൾപ്പെടുത്തി സോൺ അടിസ്ഥാനത്തിൽ നടത്തിയ മീറ്റിങ്ങുകൾക്കും ഫൊറോനാതലപ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്ന ബഹു. ഡയറക്ടറച്ചന്മാരുടെ നേതൃത്വത്തിൽ നടന്ന ആലോചനകൾക്കും ഫൊറോനാ വികാരിയച്ചന്മാരുമായി ഓൺലൈൻ മീറ്റിങ്ങിൽ നടത്തിയ ചർച്ചകൾക്കും ശേഷമാണ് താഴെപ്പറയുന്ന ക്രമീകരണങ്ങൾ നടപ്പിലാക്കുന്നത്.

1. My Parish Online Software പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കുവാൻ ഫൊറോനാടിസ്ഥാനത്തിൽ ശമ്പളത്തോടുകൂടിയോ സേവനാടിസ്ഥാനത്തിലോ ഒരു സ്റ്റാഫിനെ നിയമിക്കുക. ഫൊറോനാ വൈദികരുടെ സമിതിയാണ് അത്തരം ഒരാളെ കണ്ടത്തേണ്ടത്. കണ്ടെത്തുന്ന വ്യക്തിയെ *താത്കാലികമായോ (മൂന്നോ നാലോ മാസത്തേക്ക്), സ്ഥിരമായോ* നിയമിക്കാവുന്നതാണ്. ഇതിനായി My Parish Online Software പദ്ധതിയുടെ പ്രാധാന്യം മനസ്സിലാക്കി താത്പര്യത്തോടെ മുന്നോട്ടുവരുന്ന ഏതെങ്കിലും ഇടവക കോർഡിനേറ്ററെ പരിഗണിക്കാവുന്നതാണ്. അവർക്കുവേണ്ട പരിശീലനം അതിരൂപതയിൽനിന്ന് ഒരുക്കുന്നതായിരിക്കും.
2. ഫൊറോനയിലെ ബഹു. അച്ചന്മാർ തീരുമാനിക്കുകയാണെങ്കിൽ, My Parish Online Software ൽ പരിശീലനം ലഭിക്കുന്ന വ്യക്തിയെ ഫൊറോനക്കുവേണ്ടി ശമ്പളത്തോടുകൂടിയ പെർമനന്റ് സ്റ്റാഫാക്കി മാറ്റാനും ഫൊറോനാടിസ്ഥാനത്തിൽ മറ്റ് ഓൺലൈൻ പ്രവർത്തനങ്ങളിൽ സഹകരിപ്പിക്കാനും സാധിക്കും.

3. ഫൊറോനയിലെ ബഹു. വൈദികർ തീരുമാനിക്കുന്നതനുസരിച്ച്, പരിശീലനം ലഭിക്കുന്ന ആളിനു മാസശമ്പളമായോ പള്ളികളിൽ പോകുന്നതനുസരിച്ച് ഒരു ദിവസത്തെ ജോലിക്ക് ആയിരം രൂപയും യാത്രയുടെ ദൂരമനുസരിച്ചുള്ള TA യും കൊടുക്കാവുന്നതാണ്

4. പരിശീലനം ലഭിക്കുന്ന ആളിന്റെ നേതൃത്വത്തിൽ അതാത് ഫൊറോനയിലെ എല്ലാപള്ളികളിലും My Parish Online Software പദ്ധതിയുടെ എല്ലാ ഭാഗങ്ങളും (Parish Registry, Mobile Application, Accounting Software, Web Page) എത്തിക്കുകയും ഓരോ ഇടവക യിലും പ്രായോഗികമായി തുടർന്നുകൊണ്ടുപോകാൻ അവിടെയുള്ള ഒരു ടീമിനെ പരിശീലിപ്പിക്കുകയും ചെയ്യുക. അപ്രകാരം ടീമിനെ ഓരോ ഇടവകയ്ക്കുമായി പരിശീലിപ്പിക്കാൻ കഴിയുന്നില്ലെങ്കിൽ ഓരോ ഇടവകയിലും Monthly Updation നടത്താൻവേണ്ട ക്രമീക രണം ഫൊറോനയിലെ പരിശീലനം ലഭിക്കുന്ന ആളിന്റെ (പെയ്ഡ് സ്റ്റാഫ്) സഹായത്തോടെ ചെയ്യേണ്ടതാണ്.

എല്ലാവരുടെയും സഹകരണം പ്രതീക്ഷിച്ചുകൊണ്ട്,

+ [signature]

**തോമസ് തറയിൽ പിതാവ്**

# 137 –ാമത് അതിരൂപതാദിനത്തിൽ
# അഭി. പിതാക്കന്മാർ നല്കിയ സന്ദേശങ്ങളുടെ സംക്ഷിപ്തരൂപം

**മാർ ജോസഫ് പെരുന്തോട്ടം**

സഭാപരമായും സാമൂഹികമായും പലവിധ അസ്വസ്ഥതകളുടെയും വെല്ലുവിളികളുടെയും നടുവിലാണ് നാമെന്നും ആരാധനാക്രമപരമായ അച്ചടക്കരാഹിത്യം സൃഷ്ടിച്ചുകൊണ്ട് സഭയിൽ അന്തഃഛിദ്രമുണ്ടാക്കി സഭയെ തകർക്കാൻ ശ്രമിച്ചുകൊണ്ടിരിക്കുന്നവരുടെയിടയിൽ സഭയുടെ നിലപാടുകളോടുചേർന്ന് അതിരൂപതാകുടുംബം ഒറ്റക്കെട്ടായി നിൽക്കുന്നതിനു നന്ദി പറഞ്ഞുകൊണ്ടാണ് പിതാവ് തന്റെ പ്രഭാഷണം ആരംഭിച്ചത്. തുടർന്ന് അതിരൂപതയുടെ പൊതുസംരംഭങ്ങളിൽ അതിരൂപതാകുടുംബം നല്കുന്ന പ്രത്യേക സഹായസഹകരണങ്ങൾക്കും പിതാവ് നന്ദി അറിയിച്ചു. അജപാലനപദ്ധതിയിലൂടെയും ദൈവാരാധന, വിശ്വാസ പരിശീലനം, വിദ്യാഭ്യാസം, ആതുരസേവനം, കുടുംബം, പ്രേഷിത ദൗത്യം, പ്രവാസിക്ഷേമം, എക്യുമെനിസവും ഡയലോഗും, കൂട്ടായ്മ എന്നീ മേഖലകളെ കേന്ദ്രീകരിച്ച് അജപാലനശുശ്രൂഷാസംവിധാനങ്ങൾ വിവിധ ഡിപ്പാർട്ടുമെന്റുകളിലൂടെ നിർവഹിച്ചതായും പഞ്ചവത്സര അജപാലന പദ്ധതിയിലൂടെ അജപാലനശുശ്രൂഷയ്ക്കു ശക്തമായ അടിത്തറയും സാക്ഷ്യത്തിനു ശക്തിയും പകരാൻ ശ്രമിക്കുകയായിരുന്നുവെന്നും പിതാവ് സമർത്ഥിച്ചു. തോമാശ്ലീഹാ രക്തസാക്ഷിത്വത്തിന്റെ ജൂബിലി വർഷമാചരിച്ചുകൊണ്ട് നമ്മുടെ വിശ്വാസത്തിന്റെ ഉറവിട ജീവിതം ഉൾക്കൊള്ളാനും വിശ്വാസ ജീവിതശൈലി ഉൾക്കൊള്ളാനും നാം ശ്രമിക്കുകയായിരുന്നുവെന്നും പിതാവ് പറഞ്ഞു...

ഇന്നു നടക്കുന്ന ക്രൈസ്തവപീഡനങ്ങൾ (മണിപ്പൂർ) ക്രൈസ്തവർക്ക് അരക്ഷിതത്വബോധം നല്കുകയാണെന്നു പിതാവ് പറഞ്ഞു. ഭരണഘടനാ വിരുദ്ധമായ നിലപാടുകളിലൂടെ ഭരണാധികാരികൾതന്നെ ഭരണഘടനയെ ഇല്ലാതാക്കുന്ന അവസ്ഥ അംഗീകരിക്കാനാവില്ലെന്നു പിതാവ് കൂട്ടിച്ചേർത്തു. വന്യമൃഗാക്രമണത്തിലൂടെ അനേകരുടെ ജീവൻ നഷ്ടമാകുന്നതായും ദിനചര്യപോലെ നടക്കുന്ന ഈ സംഭവം ഭരണാധികാരികൾ ശ്രദ്ധിക്കുന്നുണ്ടോയെന്നും പിതാവ് ആരാഞ്ഞു...

ഏറെ കൊട്ടിഘോഷിക്കപ്പെട്ട ഒരു പഠന സർവേയാണ് ജെ.ബി. കോശി കമ്മിഷൻ റിപ്പോർട്ട്. പല നിർദേശങ്ങളുമായി സമർപ്പിക്കപ്പെട്ടിരിക്കുന്ന ഈ റിപ്പോർട്ടിന്റെ സത്ഫലങ്ങൾ അനുഭവിക്കുവാൻ നമുക്കു സാധിക്കണം. ഉദാസീനത പുലർത്തരുത്. സർക്കാരിനെ ഇങ്ങനെയൊരു കമ്മിഷൻ നിയമിച്ചതിൽ, സർക്കാരിന് ആത്മാർത്ഥതയുണ്ടെങ്കിൽ ഇതു പ്രാവർത്തികമാക്കാനുള്ള തന്റേടവും സംവിധാനങ്ങളും അതിനായി

സ്വീകരിക്കണമെന്നു നമ്മുടെ അതിരൂപതാകുടുംബം വിനയപൂർവം കേരള സർക്കാരിനോട് അറിയിക്കുകയാണെന്നും പിതാവു പറഞ്ഞു...

ഇന്ന് മുഹമ്മയിൽ നാം നടത്തുന്ന ഈ കുടുംബസംഗമത്തിൽ ഏക മനസ്സോടെ, ഏക ഹൃദയത്തോടെ ആയിരിക്കാം. ഈയൊരു ഐക്യം, സ്നേഹം, കൂട്ടായ്മ നാം ബന്ധപ്പെടുന്ന എല്ലാവരുമായി പങ്കിടാനുള്ള തീരുമാനത്തോടെ വേണം ഇവിടെനിന്നും പോകാൻ. 'അതിരൂപതയിൽ നാം ഒരു കുടുംബം' എന്നുപറയുമ്പോൾ നാം അതിന്റെ അവിഭാജ്യഘടക മാണ്. സഭയുടെ ഔദ്യോഗികമായ സാന്നിധ്യം രൂപതാകൂട്ടായ്മയാണ്. ആ രൂപതാകൂട്ടായ്മയോട് ആന്തരികമായും ബാഹ്യമായും ബന്ധപ്പെടുന്ന ഒരു ജീവിതമാണ് യഥാർത്ഥ ക്രിസ്തീയജീവിതം. അതാണ് സഭാത്മക മായ ജീവിതം. അങ്ങനെ ഒരു മനോഭാവം പടുത്തുയർത്താം, വലിയ ഈ അതിരൂപതാകുടുംബത്തിൽ എല്ലാവരും സ്നേഹത്തിൽ ഒന്നാണ് എന്ന ചിന്തയിൽ മുന്നേറാം. 25 ഉം 50 ഉം വർഷത്തിനുശേഷവും ഈ അതിരൂപതാകുടുംബദിനം ആചരിക്കാൻ സാധിക്കണം. അതിനു തീരു മാനമെടുക്കേണ്ടത് ഇന്ന് ഇവിടെയായിരിക്കുന്ന ഇന്നത്തെ കുടുംബമാണ് എന്നറിയിച്ചുകൊണ്ട് പിതാവ് തന്റെ സന്ദേശം ഉപസംഹരിച്ചു.

**റൈറ്റ് റവ. ഡോ. ജയിംസ് റാഫേൽ ആനാപറമ്പിൽ**
(മെത്രാൻ, ആലപ്പുഴ രൂപത)

137-ാമത് അതിരൂപതാദിന ഉദ്ഘാടനവേളയിൽ സഭ ഒരു ഭവനം എന്ന വിഷയത്തെ ആസ്പദമാക്കിയാണ് പിതാവ് സംസാരിച്ചത്. അഭി മാനകരമായ ഒരു ചരിത്രവും ശുശ്രൂഷയും സഭാമക്കൾക്കും സാർവത്രി കസഭയ്ക്കും ലോകത്തിനും നല്കുന്ന ഒരു വലിയ രൂപതയുടെ അയൽ രൂപതയായിരിക്കുന്നതിലുള്ള സന്തോഷം അറിയിച്ചുകൊണ്ടാണ് പ്രസംഗം ആരംഭിച്ചത്. സഭാപിതാക്കന്മാർക്ക്, വൈദികശ്രേഷ്ഠർക്ക്, വിശുദ്ധരായ സമർപ്പിതർക്കു ജന്മം നല്കിയ ഒരു വലിയ അമ്മയാണ് ചങ്ങനാശേരി അതിരൂപതയെന്നു പിതാവ് സമർത്ഥിച്ചു.

അഭി. മാർ ജോസഫ് പവ്വത്തിൽ പിതാവിനെ വേദിയിൽ അനു സ്മരിച്ചതിനെക്കുറിച്ചും പിതാവ് കൂട്ടിച്ചേർത്തു. ഏതുകാര്യത്തിലും ക്രാന്തദർശിയായ പിതാവിന്റെ നിലപാടറിയുവാൻ കേരളസഭയും ഭാരത സഭയും ചങ്ങനാശേരിയിലേയ്ക്കാണ് ഉറ്റുനോക്കിയിരുന്നതെന്നും വിദ്യാ ഭ്യാസത്തെക്കുറിച്ചും സഭൈക്യത്തെപ്പറ്റിയുമൊക്കെ പിതാവ് എന്തു പറയുന്നുവെന്നു ശ്രദ്ധയോടെ കേൾക്കുകയും അതിന്റെ അർത്ഥവും പ്രസ ക്തിയുമൊക്കെ തിരിച്ചറിഞ്ഞ് ഭാരതസഭ വളർന്നുകൊണ്ടിരിക്കുകയു മാണെന്ന് പിതാവ് പറഞ്ഞു.

അതിരൂപതയിൽ നാം ഒരു കുടുംബം എന്നതാണ് ഈ വർഷത്തെ വിഷയം. ഇതു വളരെ പ്രസക്തമാണ്. സഭ ഒരു കുടുംബമാണ്. കുടുംബ ത്തിൽ മാതാപിതാക്കളും മക്കളും ബന്ധുക്കളുമൊക്കെ ജീവിതം

പങ്കിടുന്നു, കരുതൽ നല്കുന്നു, സ്നേഹിക്കുന്നു, പരസ്പരം ഭാരം വഹിക്കുന്നു. ഇതാണല്ലോ കുടുംബമെന്നതുകൊണ്ട് അർത്ഥമാക്കുന്നത്. ഈയർത്ഥത്തിൽ അതിരൂപത ഒരു കുടുംബമെന്നത് സഭയുടെ ദർശന മാണ്, പടുത്തുയർത്താനാഗ്രഹിക്കുന്ന ഭാവിയുമാണ്...

മാർത്തോമ്മാ ശ്ലീഹായുടെ സമയം മുതലുള്ള വിശ്വാസപാരമ്പര്യ ത്തിന്റെ അവകാശികളാണ് നമ്മുടെ സമൂഹമെന്നും ദൈവരാജ്യത്തിന്റെ മാനദണ്ഡങ്ങളിൽ മാത്രമേ ഏതു ഭവനവും സഭയും നിലനില്ക്കുകയു ള്ളൂവെന്നും പിതാവ് കൂട്ടിച്ചേർത്തു...

ഭാരതസഭയ്ക്കു മാതൃകയും ആവേശവും പകരുന്ന ഒരു രൂപത യാണ് ചങ്ങനാശേരി അതിരൂപതയെന്നും സീറോമലബാർസഭയുടെ തനിമ കണ്ടെത്തുന്നതിൽ അതിരൂപത നിർവഹിക്കുന്ന സേവനം വളരെ വലുതാണെന്നും പിതാവ് ഓർമപ്പെടുത്തി. അഭി. പിതാക്കന്മാർ പ്രത്യേ കിച്ച് പവ്വത്തിൽ പിതാവ് വത്തിക്കാൻ സൂനഹദോസിന്റെ ആഹ്വാനമുൾ ക്കൊണ്ട് പൗരസ്ത്യസഭകളുടെ വി. പാരമ്പര്യം സംരക്ഷിക്കപ്പെടണം, അവയെ വീണ്ടെടുക്കണം എന്നുള്ള ഉൾവിളി ശ്രവിച്ച് ക്രാന്തദർശിയായി പ്രവർത്തിച്ചു. അതുവഴിയായി ദൈവവിശ്വാസത്തിലും ആരാധനയിലും നാം ഒരു സമൂഹമായി പടുത്തുയർത്തപ്പെടുകയാണ്. സഭയ്ക്ക് അകത്തു നിന്നും പുറത്തുനിന്നും മുറിവുകളുണ്ടെന്നും ഇതു സഭാവളർച്ചയ്ക്ക് ആവശ്യമാണെന്നും ഇതെല്ലാം സത്യത്തിലൂടെയും സ്നേഹത്തിലൂടെ യും അനുരഞ്ജനത്തിലൂടെയും പരിഹരിക്കപ്പെടുവാനാകട്ടെയെന്നും ആശംസിച്ചുകൊണ്ട് പിതാവ് ഉദ്ഘാടനകർമം നിർവഹിച്ചു.

**20 മെയ് 2023** **മാർ ജോസഫ് പവ്വത്തിൽ നഗർ**
**സെന്റ് ജോർജ് ഫൊറോനാപള്ളി, മുഹമ്മ**




# I

C.23/GL 130 28.05.2023

## DECREE

In accordance with the direction of Vatican Council II (SC 45, 46) I hereby constitute Archeparchial Commission for Liturgy with the following members w.e.f. 28 May 2023.

1. Archbishop Mar Joseph Perumthottam
2. Bishop Mar Thomas Tharayil
3. Very Rev. Dr. Varghese Thanamavunkal
4. Very Rev. Dr. Jose Kochuparampil (Secretary)
5. Rev. Dr. George Mangalathil
6. Rev. Dr. Jacob Kooroth (Sacred Art)
7. Rev. Dr. Thomas Karukakalam
8. Rev. Dr. Varghese Mattathil (Sacred Music)
9. Rev. Fr. Sebastian Chamakala
10. Rev. Dr. Dominic Muriyamkavunkal
11. Rev. Dr. Mathew Thekkedathu (Convener)
12. Rev. Dr. Jacob Kizhakkeveedu
13. Rev. Dr. Andrews Panamparampil
14. Rev. Fr. George Vallayil
15. Rev. Dr. James Mathew Pampara CMI
16. Rev. Dr. Thomas Kottuppallil MCBS
17. Rev. Sr. Dr. Annie Prasanna CMC
18. Rev. Sr. Kochuthresia MTS
19. Rev. Sr. Dr. Reji Kunnel SABS
20. Dr. P.C. Aniyankunju
21. Arct. John Kocherry

The Commission will promote and regulate the sacred liturgy, primarily of the sacraments and ensure that the general liturgical norms and particular guidelines regarding the same are enforced in all parishes and other Catholic centres in the Archeparchy. The Commission will also make sure that proper orientation to people of God in Sacred liturgy (SC 10) is provided in Archeparchial, Forane and Parish levels.

Given at the Archeparchial Curia on the day of Pentecost, 28 May, 2023

**† Joseph Perumthottam**
Metropolitan Archbishop of Changanacherry

**Fr Isaac Alencherry**
Chancellor

## II
## 137-മത് അതിരൂപതാദിനത്തിൽ പള്ളികൾ സംബന്ധിച്ച് നടത്തിയ പ്രഖ്യാപനങ്ങൾ

മുഹമ്മ സെന്റ് ജോർജ് ഫൊറോനാ പള്ളിയിൽ 2023 മെയ് 20 ന് നടന്ന 137-ാമത് അതിരൂപതാദിനാഘോഷത്തിൽ ചങ്ങനാശേരി അതിരൂപതയിൽ പുതുതായി ഒരു സ്വതന്ത്ര ഇടവകയും ഒരു അതിർത്തിതിരിഞ്ഞ കുരിശു പള്ളിയും പ്രഖ്യാപിച്ചു. കരുമാടി സെന്റ് നിക്കോളാസ് പള്ളിയുടെ കീഴിലായിരുന്ന അമ്പലപ്പുഴ-ചിറക്കോട് സെന്റ് മേരീസ് കുരിശുപള്ളിയെ മാർത്ത് മറിയം എന്നപേരിൽ സ്വതന്ത്ര ഇടവകയായും (C.23/PY-AMA 888), തിരുവനന്തപുരം ലൂർദ് ഫൊറോനാപള്ളിയുടെ കീഴിലായിരുന്ന ആറ്റിങ്ങൽ സെന്റ് ജൂഡ് മിഷൻ സെന്ററിനെ (C.23/PY-ATT 889) അതിർത്തി തിരിഞ്ഞ കുരിശുപള്ളിയായും പ്രഖ്യാപിച്ചു.

## III
## വാർഷികധ്യാനം

നമ്മുടെ അതിരൂപതയിലെ ബഹു. വൈദികരുടെ വാർഷികധ്യാനം മൂന്നു ബാച്ചുകളിലായി കുന്നന്താനം സീയോൻ ധ്യാനകേന്ദ്രത്തിൽ ക്രമീകരിച്ചിരിക്കുന്നു. ഓരോ ധ്യാനവും ആദ്യദിവസം (ഞായർ) വൈകുന്നേരം 6 മണിക്ക് റംശായോടുകൂടി ആരംഭിച്ച് സമാപനദിവസം (വെള്ളി) ഉച്ചഭക്ഷണത്തോടുകൂടി അവസാനിക്കുന്നു.

ബാച്ച് I - 2023 ജൂൺ 11 മുതൽ 16 വരെ
ധ്യാനഗുരു - ബിഷപ് മാർ ജയിംസ് റാഫേൽ ആനാപറമ്പിൽ
(മെത്രാൻ, ആലപ്പുഴ രൂപത)

ബാച്ച് II - 2023 ജൂലൈ 09 മുതൽ 14 വരെ
ധ്യാനഗുരു - റവ. ഡോ. ജോസഫ് കടുപ്പിൽ
(പ്രൊഫസർ, സെന്റ് തോമസ് അപ്പസ്തോലിക് സെമിനാരി, വടവാതൂർ)

ബാച്ച് III - 2023 ജൂലൈ 23 മുതൽ 28 വരെ
ധ്യാനഗുരു - റവ. ഡോ. ജോസഫ് കടുപ്പിൽ
(പ്രൊഫസർ, സെന്റ് തോമസ് അപ്പസ്തോലിക് സെമിനാരി, വടവാതൂർ)

അതിരൂപതയ്ക്കു പുറത്ത് സേവനത്തിലോ, പഠനത്തിലോ ഏർപ്പെട്ടിരിക്കുന്ന വൈദികർക്കും അതിരൂപതയിൽ സേവനമനുഷ്ഠിക്കുന്ന സന്ന്യാസവൈദികർക്കും ധ്യാനത്തിൽ സംബന്ധിക്കാൻ താല്പര്യമുള്ളപക്ഷം ഇഷ്ടമുള്ള ഏതെങ്കിലും ധ്യാനബാച്ചിൽ പങ്കെടുക്കാവുന്നതാണ്. അങ്ങനെയുള്ളവർ ഏതു ബാച്ചിലാണ് ധ്യാനിക്കുന്നതെന്ന് അതിരൂപതാ ചാൻസിലറെ രേഖാമൂലം അറിയിക്കേണ്ടതാണ്.

**Batch I - June 11-16, 2023**

Alencherry Isaac
Anchil Mathew
Anchil Mathew (Jerin)
Aruparayil Joseph
Bangalavuparampil Joseph
Changankary Mathew
Chavara John
Chempilakam Joseph
Chooravady Antony
Chooravady Mathew (Sr)
Edamuriyil Chacko
Elanjiparampil Varghese
Eruppakkattu Joseph
Ettolil Joseph
Kachamkode Antony
Kadathukalam Abraham
Kainikkara Thomas
Kaithaparampil Joseph (Morley)
Kalarickal Joseph
Kalathil Joseph
Kalayamkandam James
Kamicherry Scaria
Kanchikal Philip
Karattu Mathew
Karikandom Mathew
Karikompil Cherian
Karinganamattom Joseph
Karippingapuram Abraham
Karukayil Jacob
Kattady Jacob
Kochelechemkalam Thomas
Kocherry Damianose
Kochuparampil Jose
Kochuparampil Varghese
Kollara Joseph
Kooroth Jacob
Koottummel George
Kossackal Varghese
Kottathil Mathew
Kottathil Thomas
Kottayil Cyriac
Kuzhippallil Jacob
Madathiparampil Mathew
Malyeckal Matthew
Manakunnel John
Mancherikalam Sebastian (Josey)
Mangalathu Thomas
Manianchira Thomas
Marattukalam Mathew
Mathilakathukuzhy Varghese
Meppuram Gregory
Moolamkunnam George
Moolayil Antony
Moonnattinmugham Mathew
Moonnuparayil Varghese
Mullankuzhy George
Mundunadackal Isaac
Muthumakuzhiyil Mathew

Muttel Thomas
Nadackal Mathew
Naduthundathil Sebastian
Naduvilekkalam Jacob
Nelpurackal Alexander
Nelpuraparampil Philip
Nuzhaithadom George
Odalany Mathew
Onamkulam Gregory
Oozhikattu Mathew
Ottarackal Chacko
Padinjareveettil Thomas
Paikkattumattathil Thomas
Pakalomattom Joseph
Palamattam Alexander
Panachinkal Varghese
Panakkezham Joseph
Parathanam Joseph
Parathanam Thomas
Paruvaparambil John
Pattathanam Stephen
Pazhayapura George
Plamparambil Varghese
Poovatholil Thomas
Porookara Antony
Pulickal Mathew
Pullukattu Francis
Punnakalayil Varghese
Purackal Joseph
Puthenpurackal Thomas (Aji)
Puthenpurackal Thomas (Sr)
Puthiaparampil Joseph (Toji)
Puthiyaparambil Thomas
Puthiyidam Mani
Puthuparampu Devasia
Puthusseril Sebastian
Puthuveettil Joseph
Puthuveettilkalam Joseph (Teji)
Souriamakil Sebastian
Srampickal Varkey
Thaikkattusserril Thomas
Thanniath Mathew
Thathakattupulickal John
Thekkedathu Mathew
Thekkumuriyil Thomas
Thevary Antony
Thundukalam Antony
Thycheril George
Thyparampil Augustine
Thyparampil Joseph
Vaikathukaranveettil Philip
Vanchickal Thomas
Vaniapurackal Joseph
Vathyakary George
Velangattusserry Joseph
Vellanickal George
Vengasserry Thomas
Vengassery Joseph
Vengassery Paul
Vettukuzhiyil Varghese
Vettuvayalil Abraham

**Batch II - July 09-14, 2023**

Aerathedom Philip
Alumkal Joseph
Ambalathunkal Kurian
Ampalathinkal Jacob
Anakkallunkal Antony
Aranjaniyil Geevarghese
Athikalam Jacob
Avanoor George
Chackathra Jacob
Chamakala Sebastian
Chekkonthayil Thomas
Chethipuzha Mathew
Choorapuzha Scaria
Chorattuchamakala Joseph
Chundakkattil James
Elamkulam Kurian
Elamthuruthiyil Joseph
Ethackad Antony
Kadaprakkunnil Joseph
Kaithaparampil Joseph (Mijo)
Kakkaparambil Antony
Kalayil Varghese
Kampiyil Thomas
Kanikunnel James
Kanjooparampil Thomas
Kanniyaconil Thomas
Kanniyakonil Scaria
Karakkadu Thomas
Karuvelil Francis
Kattappuram Joseph

Kattoor Thomas
Kavithazhe Philip
Kayamkulathusserry Joseph
Kiliyattusseril Varghese
Kizhakkethalakkal Antony
Kizhakkeveettil Antony
Kocheethra Joseph
Kochuparampil George
Koippally Jacob
Kokkavayalil James
Kudilil James
Kunnumpuram Thomas
Kunnuparampil Joseph
Kurinjiparampil Sebastian
Kuthukallunkal Thomas
Kuzhuppil Thomas
Madathiparampil John
Maliakel Thomas
Mammoottil Joseph
Mangalathil George
Mattathil Joseph
Mattathil Varghese
Mudanthangelil Martin
Mullakariyil Joseph
Mullanpara John
Muppathilchira Martin
Muriyankavumkal Dominic
Muthalakavil Antony
Nalpathilchira Joseph
Nambisserykalam Varghese
Neriamparampil Emmanuel
Nilavanthara Joseph
Padinjarekuttu Mathew
Palackal James
Pallichira Mathew
Panamparampil Andrews
Panjipuzha Varghese
Parackal Joseph
Parappally Jose
Parasseril Jose
Parathara Thomas
Pathalil John
Pazhayamadom Cyriac
Peediyekkal Paul
Plaparampil Thomas
Plathottam Joseph
Plathottathil Thomas
Poovathussery Joseph
Pulichamackal Mathew
Pulickassery Devasia
Punnassery Sebastian
Puthenkalam Xavier
Puthenparambil Joseph (Shijo)
Puthenpurachirathykalam Xavier
Puthenpurackal Mathew (Joshy)
Puthiaparampil Joseph
Puthumanamoozhiyil George
Puthuveedu Joseph
Puthuveettilkalam Joseph (Tony)
Puthuvelil Varghese
Thadathil John V.
Thadathil Mathew
Thalachelloor Antony
Thanniath Thomas
Tharmassery Abraham
Thayil Philip
Thayilnedumparampil Abraham
Theempalangattu Abraham
Thondikkakuzhyil Abraham
Thumpechirayil Mathew
Thundiyil Devasia
Vadakkekalam John
Vadakkettam Francis
Vallathara Aloysius
Varikatt Jacob
Varikkappallil Jose
Vattackattu Jacob
Vazhaparampil Thomas
Veliyathu George

**Batch III - July 23-28, 2023**

Aiyankary Joseph
Ampalathumparampil Francis
Anchupankil Jacob
Arackal Varghese
Aruvanparampil Varghese
Aryankala Thomas
Athikkalam James
Chackupurackal Kurian
Chalackal Joseph
Chalackal Sebastian
Chalassery Joseph
Changankary Abraham

Cheeramvelil Jacob
Cheppila Scaria
Chethipuzha Jacob
Choolaparampil Joseph
Chooravady Mathew (Moban)
Edachethra Varghese
Erupathil Zachariah
Kaithaparampil Varghese
Kakkuzhy Cherian
Kalathil Mathew
Kanicherril Varghese
Kanjiravelil Thomas
Kannadippara Sebastian
Kappammuttil George
Karikandathil Elias
Karivelil Zacharias
Karukakalam Thomas
Karukaparambil Cherian
Karukayil Joseph (Manoj)
Kattooppara Antony
Kayamkulathusserry Thomas
Kayithara Varghese
Kezhaplackal Philipose
Kinganamchira Michael
Kizhakkemury Joseph
Kochuchirayil Joseph
Koilparampil Henry
Kooliparampil Isaac
Koottummel Sebastian
Kulathumkal Thomas
Kunnath Andrews
Kunnath James
Kunnil James
Kuriannurparampil Joseph
Kuzhiyadiyil Joseph
Maleckal Antony
Mampara Sebastian
Manakalam Joseph
Manavath Varkey
Mannamthuruthil Sebastian
Manthuruthil George
Mukalel Jose
Mulavana Joseph
Mundakathil Joseph
Muriankarychirayil Mathew
Muttathil Anto
Nadamukath Mathew
Nalpathamkalam Cyril
Nalpathamkalam Joseph
Nambimadam Varghese
Narithuruthel Joseph
Nedumparampil Joseph
Nelluvely Emmanuel
Nerayath Antony
Pallichirayil Joseph
Panakezham George
Parackal Jacob
Parackal Thoma Paulose
Parappallil Scaria
Parappuram Alex Mathew
Parathottal Thomas
Pazhayamadam Varghese
Pazhayamadom James
Peediackal Kuriakose
Perumpallithara Antony
Plathanam John
Ponganamthadathil Augustine
Ponnattil Joseph
Powanchira Mathew
Pulickaparampil Joseph
Pulikapadavil Varghese
Punnasserry Xavier
Puthenkalam Tom
Puthenparambil Joseph (Libin)
Puthenpurackal Thomas (Tomy)
Puthiaparampil Joseph
Puthuparambil Joseph
Puthuparambil Sebastian
Srambickal Thomas (Bibin)
Srampical Scaria
Thanamavunkal Varghese
Tharakunnel Antony
Thattasserry Antony
Thekkedath Kuriakose
Thekkepurath Joseph
Thoompunkal Joseph (Roy)
Thundiyil Johnson
Thyparampil Martin
Valiyakunnumpurath Cyriac
Vallayil George
Vallayil Job
Vallianipuram Thomas
Varavukalayil Varghese
Vellanickal Louis
Vettithanam Xavier
Vettuvelikkalam Luka

# III
# കടമുള്ള ദിവസങ്ങൾ

ജൂൺ 29 പത്രോസ്-പൗലോസ് ശ്ലീഹന്മാരുടെ തിരുനാളും ജൂലൈ 3 ദുക്റാനത്തിരുനാളും കടമുള്ള ദിവസങ്ങളാകയാൽ വിശ്വാസികൾ സംബന്ധിക്കത്തക്കവിധം പരി. കുർബാന ഇടവകകളിൽ ക്രമീകരിക്കേണ്ടതാണ്.

# IV
# പ്രത്യേക പിരിവുകൾ

**പത്രോസിന്റെ കാശ്**

വി. പത്രോസ് - പൗലോസ് ശ്ലീഹന്മാരുടെ തിരുനാളിനോടനുബന്ധിച്ച് ജൂൺ 29-ാം തീയതിയിലെ സ്തോത്രകാഴ്ച പത്രോസിന്റെ കാശ് (Peter's Pence) ആയി പരി. പിതാവിനു സമർപ്പിക്കാനുള്ളതാണ്.

**സീറോമലബാർസഭാദിന ഫണ്ട്**

നമ്മുടെ പിതാവായ മാർ തോമാശ്ലീഹായുടെ ദുക്റാനത്തിരുനാൾ (ജൂലൈ 3) സഭാദിനമായി ആചരിക്കുന്നു. ജൂലൈ 3-ലെ സ്തോത്ര കാഴ്ച - ഒരാൾക്കു രണ്ടുരൂപാവീതം - സീറോമലബാർസഭാ കാര്യാല യത്തിന്റെ പ്രവർത്തനച്ചെലവുകൾക്കായി നൽകാനുള്ളതാണ്.

# V
## 2022-23 വർഷത്തെ കണക്ക് സമർപ്പിക്കേണ്ട പള്ളികൾ ഫൊറോനാകേന്ദ്രങ്ങളിൽ എത്തിച്ചേരേണ്ട തീയതിയും സമയവും

| | |
|---|---|
| പുളിങ്കുന്ന് | ജൂൺ 06 10 am |
| മണിമല | ജൂൺ 09 10 am |
| അമ്പൂരി | ജൂൺ 10 10 am |
| തിരുവനന്തപുരം | ജൂൺ 10 02 pm |
| അതിരമ്പുഴ | ജൂൺ 20 10 am |
| ചമ്പക്കുളം - കല്ലൂർകാട് | ജൂൺ 23 10 am |
| കുടമാളൂർ | ജൂൺ 27 10 am |
| തൃക്കൊടിത്താനം | ജൂലൈ 04 10 am |
| കോട്ടയം | ജൂലൈ 07 10 am |
| ആലപ്പുഴ | ജൂലൈ 18 10 am |
| മുഹമ്മ | ജൂലൈ 18 02 pm |
| കൊല്ലം - ആയൂർ | ജൂലൈ 21 10 am |
| ചെങ്ങന്നൂർ | ജൂലൈ 21 03 pm |

അതിരൂപതാ സാമ്പത്തികകാര്യാലയത്തിൽ 2022-23 വർഷത്തെ കണക്ക് സമർപ്പിക്കുവാൻ വരുമ്പോൾ പൊതുകണക്കിന്റെയും കൃഷികണക്കിന്റെയും കൂടാതെ പ്രത്യേക ആവശ്യങ്ങൾക്കുള്ള കണക്ക്, ഇവയുടെയെല്ലാം നാൾവഴി, പേരേട്, തിരട്ട്, ബാങ്ക് പാസ്ബുക്ക്, ഡിപ്പോസിറ്റ് രസീതുകൾ, വൗച്ചറുകൾ, മുറിച്ചാർത്ത്, ഇന്റേണൽ ഓഡിറ്റ് റിപ്പോർട്ട്, അവയുടെ മറുപടി, ഇത്രയും റിക്കാർഡുകൾ ഒഴിവാക്കാതെ നല്കേണ്ടതാണ്.

❍

## അനുസ്മരണം

# 'തീക്ഷ്ണതയുള്ള ഇടയൻ' ബഹു. ജോസ് വയലാർ അച്ചൻ



കായൽപുറം സെന്റ് ജോസഫ് ഇടവകയിലെ വയലാർ തോമസ് - ഏലി ദമ്പതികളുടെ മകനായി 1943 ആഗസ്റ്റ് 3 ന് ജോസ് ജനിച്ചു. പുളിങ്കുന്ന് സെന്റ് ജോസഫ് ഹൈസ്കൂളിൽനിന്നു പത്താംക്ലാസ്സ് പാസ്സായി, 1959 ജൂണിൽ പാറേൽ മൈനർ സെമിനാരിയിൽ വൈദിക പഠനത്തിനായി ചേർന്നു. ആദ്യവർഷം പ്രീയൂണിവേഴ്സിറ്റിക്കു എസ്.ബി. കോളേജിൽ പഠിച്ചു. രണ്ടാമത്തെയും മൂന്നാമത്തെയും വർഷങ്ങളിൽ മൈനർസെമിനാരിയിൽ ഇംഗ്ലീഷ്, സുറിയാനി, ലത്തീൻ ഭാഷകൾ പഠിച്ചു. ഈ 3 വർഷവും ഞങ്ങൾ ഒന്നിച്ചായിരുന്നു. 4-ാംവർഷം ആരംഭത്തിൽ ആലുവാ സെന്റ് ജോസഫ് മേജർ സെമിനാരിയിൽ ചേർന്നു. 3 വർഷം ഫിലോസഫിയും (കാർമൽഗിരിയിൽ) 4 വർഷം തിയോളജിയും (മംഗലപ്പുഴയിൽ) പഠിച്ചശേഷം 1968 ഡിസംബർ 17ന് അഭി. ജോസഫ് പാറേക്കാട്ടിൽ പിതാവിന്റെ കൈവെപ്പിലൂടെ വൈദികനായി.

പിന്നീടുള്ള 44 വർഷങ്ങളിൽ തുരുത്തി, നിദ്രവിള, കപ്പാട്, ഫിൽഗിരി, വള്ളക്കടവ്, പുറക്കാട്, നെടുമുടി, നസ്രത്ത്, കണ്ണാടി, മണിമല ന്യൂ, വെട്ടിമുകൾ, കരിമ്പനക്കുളം, കൊടിനാട്ടുംകുന്ന്, ചാഞ്ഞോടി, തെള്ളകം, ഇരവുചിറ, വായ്പ്പൂർ ഓൾഡ്, തടിയൂർ, പനയമ്പാല, മങ്കൊമ്പ് പയസ് X എന്നീ പള്ളികളിൽ ശുശ്രൂഷ ചെയ്തു.

ഇടയ്ക്കു ക്ഷീണിതനായിരുന്നതിനാൽ റിട്ടയേർഡായി. ഒരുവർഷം മുടിയൂർക്കര പ്രീസ്റ്റ് ഹോമിലും (2012-13) 2014 മുതൽ ഇത്തിത്താനം സെന്റ് ജോസഫ്സ് പ്രീസ്റ്റ് ഹോമിലും എട്ടുവർഷത്തോളം വിശ്രമജീവിതം നയിച്ചു. അവസാനം ഓർമയൊക്കെ കുറഞ്ഞു. ഹാർട്ട് വീക്കായി ബൈസ്റ്റാൻഡർ ലിജിയുടെ സഹായത്തോടെ ആഴ്ചകളോളം ചെത്തിപ്പുഴ ആശുപത്രിയിലും നേഴ്സിംഗ് ഹോമിലുമായി കഴിഞ്ഞു. 2023 ഏപ്രിൽ അവസാന ആഴ്ച ക്ഷീണം വർദ്ധിച്ചു. അഭി. ജോസഫ് പെരുന്തോട്ടം പിതാവിൽനിന്നു രോഗീലേപനം സ്വീകരിച്ചു. 2023 ഏപ്രിൽ 27 വ്യാഴാഴ്ച ബഹു. വയലാറച്ചൻ നിത്യസമ്മാനത്തിനായി സ്വർഗത്തിലേക്കു യാത്രയായി. മെയ് 1 തിങ്കൾ 10.45ന് അച്ചന്റെ മൃതശരീരം പ്രീസ്റ്റ്ഹോമിൽ കൊണ്ടുവന്ന് അന്തിമോപചാരം അർപ്പിച്ചതിനുശേഷം കായൽപുറത്തുള്ള വീട്ടിലേക്കുകൊണ്ടുപോയി. മെയ് 2 ചൊവ്വ 10 മണിക്ക് അഭി. ജോസഫ് പെരുന്തോട്ടം പിതാവിന്റെയും അഭി. തോമസ് തറയിൽ പിതാവിന്റെയും കാർമികത്വത്തിൽ അനേകം വൈദികരുടെയും സന്യസ്തരുടെയും അത്മായരുടെയും സാന്നിധ്യത്തിൽ കായൽപുറം സെന്റ് ജോസഫ് പള്ളി സിമിത്തേരിയിൽ സംസ്കരിച്ചു. ബഹു. വികാരി അഗസ്റ്റിൻ തൈപറമ്പിൽ അച്ചനും പി.പി.എഫ്. സെക്രട്ടറി ബഹു. ടോം ആര്യൻകാല അച്ചനും നേതൃത്വം നൽകി.

സെമിനാരി പഠനകാലത്ത് ബഹു. വയലാറച്ചനു നല്ല വായനാശീല മുണ്ടായിരുന്നു. ധാരാളം മലയാളം പുസ്തകങ്ങൾ ആവേശത്തോടെ വായി ക്കുമായിരുന്നു. അകലെയുള്ള കുളിമുറിയിലേക്കു പോകുമ്പോഴും ബ്രദർ ജോസിന്റെ കൈയിൽ ഒരു പുസ്തകമുണ്ടാകും. ചിലപ്പോഴൊക്കെ കുളിമുറി ഫ്രീയാകാൻ കുറച്ചു സമയം കാത്തുനില്ക്കണമായിരുന്നു. ആ സമയവും വായനയിൽ മുഴുകും. തിരുപ്പട്ടസ്വീകരണം കഴിഞ്ഞുള്ള വർഷം മലയാളം ബി.എ.യ്ക്കു എസ്.ബി. കോളേജിൽ ചേർന്നെങ്കിലും അച്ചനതു തുടരാനായില്ല.

വൈദികശുശ്രൂഷയിൽ ഏറെ തീക്ഷ്ണത പുലർത്തിയിരുന്ന വൈദിക നായിരുന്നു ജോസച്ചൻ. നല്ല സുവിശേഷപ്രസംഗനായിരുന്നു അച്ചൻ. കന്യാ കുമാരി മിഷനിൽ - നിദ്രവിളയിൽ ഒരുവർഷം അച്ചൻ സേവനം ചെയ്തു. ജോസച്ചൻ പാവങ്ങളോടു കാണിച്ച കരുണയും ആർദ്രതയും എടുത്തുപറയേ ണ്ടതാണ്. ഒരിക്കൽ ജർമനിയിൽനിന്ന് എനിക്കു കിട്ടിയ 30 കുർബാനധർമം ഞാനച്ചനുമായി പങ്കുവച്ചു. രണ്ടുമൂന്നു ദിവസം കഴിഞ്ഞ് അച്ചനെ കണ്ടുമുട്ടിയ പ്പോൾ അച്ചൻ പറഞ്ഞു 'അച്ചൻ തന്ന തുക നിർധനയായ ഒരു പെൺകുട്ടിക്കു വിവാഹാവശ്യത്തിനായി ഞാൻ കൊടുത്തു. 30 കുർബാന ഞാൻ തന്ന ആളിന്റെ നിയോഗത്തിൽ അർപ്പിച്ചുകൊള്ളാം'' എന്ന്. വ്യക്തിപരമായ ജീവിതത്തിലും നടപ്പിലും ഏറ്റം വലിയ ലാളിത്യം വയലാറച്ചൻ പുലർത്തിയിരുന്നു. എന്നാൽ സഹവൈദികർ സന്ദർശിക്കാനെത്തിയാൽ അച്ചൻ ഒത്തിരി ആതിഥേയത്വം കാണിച്ചിരുന്നു.

ഈശോയുടെ കാരുണ്യവും അലിവും സർവോപരി ജീവിതലാളിത്യവും അനുകരണാർഹമായവിധം അച്ചൻ സ്വന്തം ജീവിതത്തിലും ശുശ്രൂഷയിലും പരിശീലിച്ചിരുന്നു. സെന്റ് ജോസഫ്സ് പ്രീസ്റ്റ് ഹോമിലെ എട്ടുവർഷത്തോളം അച്ചൻ കഴിച്ച വിശ്രമജീവിതത്തിൽ, തന്റെ ആരോഗ്യം അനുവദിച്ചിടത്തോളം കാലം ചാപ്പലിലെ എല്ലാ വി. കർമങ്ങൾക്കും പ്രാർത്ഥനകൾക്കും ക്രമമായി സംബന്ധിക്കാൻ ശ്രദ്ധിച്ചിരുന്നു. 44 വർഷത്തെ സജീവ ഇടവകശുശ്രൂഷ കൾക്കും പ്രീസ്റ്റ്ഹോമിലെ തുടർന്നുള്ള വിശ്രമശുശ്രൂഷകൾക്കും നിത്യപു രോഹിതനായ മിശിഹാ അച്ചനു നിത്യസമ്മാനം നൽകട്ടെയെന്നു പ്രാർത്ഥി ക്കുകയും നിത്യസൗഭാഗ്യം നേരുകയും ചെയ്യുന്നു.

**ഫാ. ജോസഫ് നടുവിലേഴം**

## സെന്റ് ജോസഫ് പ്രീസ്റ്റ് പ്രൊവിഡന്റ് ഫണ്ട് അസോസിയേഷൻ അറിയിപ്പ്

2023 ഏപ്രിൽ 27 ന് PPFA കുടുംബത്തിൽനിന്നും നിത്യസമ്മാനത്തിനു യാത്രയായ വയലാർ ബഹു. ജോസച്ചനെ നമ്മുടെ പ്രാർത്ഥനയിലോർക്കാം. എല്ലാ അംഗങ്ങളും ബഹു. അച്ചന്റെ നിയോഗത്തിൽ ഒരു വി. കുർബാന അർപ്പിക്കേണ്ടതാണ്.

സ്നേഹപൂർവം,

**ഫാ. അഗസ്റ്റിൻ തൈപ്പറമ്പിൽ**
(ട്രഷറർ)

**ഫാ. തോമസ് ആര്യൻകാല**
(സെക്രട്ടറി)

# 137-ാമത് അതിരൂപതാദിനാചരണറിപ്പോർട്ട്

137-ാമത് ചങ്ങനാശേരി അതിരൂപതാദിനാചരണം 2023 മെയ് 20 ശനിയാഴ്ച രാവിലെ 9 മുതൽ 1.30 വരെ മുഹമ്മ സെന്റ് ജോർജ് ഫൊറോനാ പള്ളിയിൽ നടത്തപ്പെട്ടു. രണ്ടായിരത്തിലധികം പ്രതിനിധികൾ സംബന്ധിച്ച അതിരൂപതാദിനാഘോഷങ്ങൾ കൂട്ടായ്മയുടെയും പങ്കുവയ്ക്കലിന്റെയും സുന്ദര നിമിഷങ്ങളായിരുന്നു.

### സമ്മേളനനഗർ

ചങ്ങനാശേരി അതിരൂപതാധ്യക്ഷനും നമ്മുടെ അതിരൂപതാദിനാചരണത്തിന്റെ തുടക്കക്കാരനുമായിരുന്ന അഭി. മാർ ജോസഫ് പവ്വത്തിൽ പിതാവിന്റെ വിയോഗത്തിനുശേഷം ആദ്യമായി നടത്തപ്പെടുന്ന അതിരൂപതാദിനമാകയാൽ അഭി. പിതാവിന്റെ നാമത്തിൽ സമ്മേളനനഗർ അറിയപ്പെടണമെന്ന ആഗ്രഹം അതിരൂപതാദിനാചരണത്തിന്റെ ആദ്യഘട്ട ചർച്ചകളിൽതന്നെ ഉയർന്നുവന്നിരുന്നു. ആ ആഗ്രഹത്തിന് അഭി. പെരുന്തോട്ടം പിതാവിന്റെ ഔദ്യോഗികമായ അംഗീകാരം ലഭിച്ചതോടെ 137-ാമത് അതിരൂപതാദിനത്തിന്റെ സമ്മേളനനഗറിനു 'സീറോ മലബാർ സഭയുടെ കിരീടം' എന്നു വിശേഷിപ്പിക്കപ്പെട്ട മാർ ജോസഫ് പവ്വത്തിൽ പിതാവിന്റെ നാമം നൽകപ്പെട്ടു.

### വിവിധതലങ്ങളിലെ ഒരുക്കങ്ങൾ

മെയ് 12 ന് അതിരൂപതാദിന ലോഗോ പ്രകാശനം ചെയ്തുകൊണ്ട് അതിരൂപതാദിനാചരണത്തിന്റെ ഒരുക്കങ്ങൾക്ക് ഔദ്യോഗികമായ ആരംഭം അഭി. മാർ ജോസഫ് പെരുന്തോട്ടം പിതാവ് നിർവഹിച്ചു.

അതിരൂപതാദിനാചരണത്തിന് ഒരുക്കമായി മെയ് 14 മുതൽ 19 വരെ പ്രാർത്ഥനാവാരമായി ആചരിച്ചു. എല്ലാ ഇടവകകളിലും കുരിശുപള്ളികളിലും മെയ് 14 ഞായറാഴ്ച അതിരൂപതാദിനത്തിന്റെ ഇടവകതലത്തിലുള്ള ആഘോഷങ്ങൾ നടത്തപ്പെട്ടു. അതിന്റെ ഭാഗമായി ഇടവകകളിൽ പേപ്പൽ പതാക ഉയർത്തുകയും അതിരൂപതാ ആന്തം ആലപിക്കുകയും അതിരൂപതാദിന പ്രതിജ്ഞ ചൊല്ലുകയും അതിരൂപതയുടെ പൊതുനിയോഗത്തിൽ അർപ്പിക്കപ്പെട്ട പരി. കുർബാനയിൽ അതിരൂപതാദിനത്തിന്റ വിജയത്തിനുവേണ്ടി പ്രത്യേകം പ്രാർത്ഥിക്കുകയും ചെയ്തു.

### വിളംബരദിനം (മെയ് 19 വെള്ളി)

അതിരൂപതാദിനത്തിനു മുന്നോടിയായി മെയ് 19 വെള്ളിയാഴ്ച വിളംബരദിനമായി ആചരിച്ചു. ചങ്ങനാശേരി സെന്റ് മേരീസ് മെത്രാപ്പോലീത്തൻ പള്ളിയിൽ സ്ഥിതിചെയ്യുന്ന അഭി. മാർ ജോസഫ് പവ്വത്തിൽ മെത്രാപ്പോലീത്തയുടെ കബറിടത്തിൽനിന്നും അതിരൂപതാ യുവദീപ്തി-എസ്.എം.വൈ.എം.ന്റെ നേതൃത്വത്തിൽ ഛായാചിത്രം പുറപ്പെട്ടു. ഛായാചിത്രപ്രയാണം പള്ളിക്കൂട്ടുമ്മ, പൊങ്ങ, പള്ളാത്തുരുത്തി, കൈതവന എന്നീ ഇടവകകളിൽ നല്കപ്പെട്ട സ്വീകരണങ്ങൾ ഏറ്റുവാങ്ങി ആലപ്പുഴ പഴവങ്ങാടി മാർ സ്ലീവാ ഫൊറോനാ പള്ളിയിൽ എത്തിച്ചേർന്നു.

അതേസമയം, നിരണം മാർത്തോമാ ശ്ലീഹാ തീർത്ഥാടനകേന്ദ്രത്തിൽ നിന്നും ആരംഭിച്ച ദീപശിഖാപ്രയാണം എടത്വാ, പച്ച - ചെക്കിടിക്കാട്, പുന്നപ്ര എന്നീ ഇടവകകളിലൂടെ സഞ്ചരിച്ച് ആലപ്പുഴ പഴവങ്ങാടിയിൽ ഛായാചിത്ര പ്രയാണവുമായി സംഗമിച്ചു.

തുടർന്ന് ഇരുപ്രയാണങ്ങളും ഒന്നുചേർന്ന് തത്തംപള്ളി, പുന്നമട, മണ്ണഞ്ചേരി എന്നീ ഇടവകളിലൂടെ ബൈക്കുറാലിയുടെ അകമ്പടിയോടെ വൈകുന്നേരം 5.45 ന് ആഘോഷപൂർവം മുഹമ്മ സെൻറ് ജോർജ് ഫൊറോനാ പള്ളിയിൽ എത്തിച്ചേർന്നപ്പോൾ അഭി. മാർ തോമസ് തറയിൽ പിതാവ് അവ ഏറ്റുവാങ്ങി.

തുടർന്നുനടന്ന റംശാ പ്രാർത്ഥനയ്ക്കു വികാരി ജനറാൾ വെരി റവ. ഡോ. ജയിംസ് പാലക്കൽ കാർമികത്വം വഹിച്ചു. അഭി. മാർ തോമസ് തറയിൽ പിതാവ് സന്ദേശം നൽകി.

## അതിരൂപതാദിനം (മെയ് 20 ശനി)

രാവിലെ 9.30 ന് മുഹമ്മ സെന്റ് ജോർജ് ഫൊറോനാപള്ളിയുടെ മോണ്ടളത്തിൽനിന്നും ദീപശിഖ, ഛായാചിത്രം, അതിരൂപതാദിന പതാക എന്നിവയ്ക്കു പിന്നിലായി അണിനിരന്ന പേപ്പൽ പതാകയേന്തിയ 18 ഫൊറോനാ കൗൺസിൽ സെക്രട്ടറിമാരും വിശിഷ്ടാതിഥികളും അഭി. പിതാക്കന്മാരും ആഘോഷപൂർവം സമ്മേളനനഗറിലേക്കു പ്രവേശിച്ചതോടെ അതിരൂപതാദിനാഘോഷങ്ങൾക്ക് ആരംഭംകുറിച്ചു. ഛായാചിത്രവും ദീപശിഖയും നിർദിഷ്ടസ്ഥാനങ്ങളിൽ പ്രതിഷ്ഠിച്ചു. അതിരൂപതാ പാസ്റ്ററൽ കൗൺസിൽ സെക്രട്ടറി ഡോ. ഡൊമിനിക് വഴീപ്പറമ്പിൽ അതിരൂപതാദിന പതാക ഉയർത്തി; മുഹമ്മ ഫൊറോനാ ഗായകസംഘം അതിരൂപതാ ആന്തം ആലപിച്ചു. തുടർന്ന് ധൂപാത്മ പ്രാർത്ഥന നടന്നു; വികാരി ജനറാൾ വെരി റവ. ഡോ. വർഗീസ് താനമാവുങ്കൽ കാർമ്മികത്വം വഹിച്ചു.

## സ്വാഗതം

അതിരൂപതാദിന പൊതുസമ്മേളനത്തിനു ജനറൽ കൺവീനർ അഭി. മാർ തോമസ് തറയിൽ പിതാവ് സ്വാഗതം ആശംസിച്ചു. അതിരൂപതാദിനം ആചരിക്കുമ്പോൾ അതിരൂപതയുടെ ദൗത്യങ്ങളോടുള്ള പ്രതിബദ്ധത നാം കാണിക്കുകയാണെന്നും ഇടവകകൾ സ്വയംമറന്ന് അതിരൂപതയെ ഓർമിക്കുന്ന ദിനമാണെന്നും ആമുഖമായി പിതാവ് അനുസ്മരിച്ചു. അഭി. മാർ ജോസഫ് പെരുന്തോട്ടം മെത്രാപ്പോലീത്തയുടെ മെത്രാഭിഷേകത്തിന്റെ ഇരുപത്തിയൊന്നാം വാർഷികത്തിന്റെ ഭാഗമായി കേക്ക് മുറിക്കുകയും അഭി. മാർ ജോർജ് കോച്ചേരി പിതാവ് അഭി. മാർ ജോസഫ് പെരുന്തോട്ടം പിതാവിനെ പൊന്നാടയണിച്ച് അനുമോദനമേകുകയും ചെയ്തു. അഭി. മാർ തോമസ് തറയിൽ പിതാവ് അതിരൂപതാകുടുംബത്തിനുവേണ്ടി ആശംസകൾ നേർന്നു. മുഹമ്മ സെന്റ് ജോർജ് ഫൊറോനാപള്ളി വികാരി വെരി റവ. ഫാ. ജോൺ പരുവപ്പറമ്പിൽ സമ്മേളനനഗർ പരിചയപ്പെടുത്തി.

## ഉദ്ഘാടനം

ആലപ്പുഴ രൂപതാ മെത്രാൻ റൈറ്റ് റവ. ഡോ. ജയിംസ് ആനാപറമ്പിൽ പിതാവ് പൊതുസമ്മേളനം ഉദ്ഘാടനം ചെയ്തു. അതിരൂപതയിൽ നാം

ഒരു കുടുംബം എന്ന അതിരൂപതാദിനവിഷയം വളരെ കാലികപ്രസക്തമാണെന്നും ദൈവരാജ്യത്തിന്റെ മൂല്യങ്ങളിൽ മാറ്റുരച്ചു വളരുന്നതാണ് നമ്മുടെ സഭാകുടുംബമെന്നും പിതാവ് ഉദ്ബോധിപ്പിച്ചു. ക്രാന്തദർശിയായിരുന്ന അഭി. മാർ ജോസഫ് പവ്വത്തിൽ പിതാവിനെ അനുസ്മരിക്കയും എപ്രകാരം ഭാരത സഭ അദ്ദേഹത്തിന്റെ വാക്കുകൾക്കായി കാതോർത്തിരുന്നുവെന്നും പിതാവ് ഓർമപ്പെടുത്തി. ദൈവരാജ്യത്തിന്റെ മാനദണ്ഡങ്ങളിൽ മാത്രമേ ഏതു ഭവനവും നിലനില്ക്കുകയുള്ളൂവെന്ന് ഉദ്ബോധിപ്പിച്ച പിതാവ് തിരിതെളിച്ച് സമ്മേളനം ഉദ്ഘാടനം ചെയ്തു.

## അതിരൂപതാദിന പ്രതിജ്ഞ

ഉദ്ഘാടനത്തിനുശേഷം വിവിധ ഫൊറോനാ കൗൺസിൽ സെക്രട്ടറിമാർ പേപ്പൽ പതാക കൈകളിൽ വഹിച്ചുകൊണ്ടു വേദിക്കുമുന്നിൽ നിരന്നപ്പോൾ അതിരൂപതാ വികാരി ജനറാൾ വെരി റവ. ഡോ. ജയിംസ് പാലയ്ക്കൽ സമ്മേളനത്തിൽ പങ്കെടുത്തവർക്ക് അതിരൂപതാദിന പ്രതിജ്ഞ ചൊല്ലിക്കൊടുത്തു.

## അദ്ധ്യക്ഷപ്രസംഗം

അഭി. മാർ ജോസഫ് പെരുന്തോട്ടം മെത്രാപ്പോലീത്ത സമ്മേളനത്തിൽ അദ്ധ്യക്ഷനായിരുന്നു. പഞ്ചവത്സര അജപാലനപദ്ധതിയിലൂടെ അജപാലന ശുശ്രൂഷയ്ക്കു ശക്തമായ അടിത്തറയും സാക്ഷ്യത്തിനു ശക്തിയും പകരാൻ ശ്രമിക്കുകയായിരുന്നുവെന്നു പിതാവ് അനുസ്മരിപ്പിച്ചു. അതിരൂപതയുടെ പൊതുസംരംഭങ്ങളിൽ അതിരൂപതാകുടുംബം നല്കുന്ന പ്രത്യേക സഹായ സഹകരണങ്ങൾക്ക് അഭി. പിതാവ് നന്ദിപറഞ്ഞു. അതിരൂപതയിൽ നാം ഒരു കുടുംബം എന്നതാണ് നമ്മുടെ ആപ്തവാക്യമെന്നും കുടുംബവും ഇടവകയും തമ്മിലും ഇടവകയും രൂപതയും തമ്മിലുള്ള ബന്ധം അനിവാര്യമാണെന്നും സ്നേഹത്തിലും സാഹോദര്യത്തിലും വിശുദ്ധിയിലും ഓരോ കുടുംബവും വളർന്നുകൊണ്ടാണ് ഇതു സാധ്യമാക്കിത്തീർക്കേണ്ടതെന്നും അഭി. പിതാവ് പറഞ്ഞു. അധ്യക്ഷപ്രസംഗത്തിന്റെ സമാപനത്തിൽ അഭി. പിതാവ് ഈ വർഷത്തെ എക്സലൻസ് അവാർഡ് ജേതാക്കളായി അഭി. മാർ ജോർജ് കോച്ചേരി, ഡോ. സിബി മാത്യൂസ് IPS എന്നിവരുടെ പേരുകൾ പ്രഖ്യാപിച്ചു.

## മുഖ്യപ്രഭാഷണം

ചെന്നൈ ഇൻകം ടാക്സ് ചീഫ് കമ്മിഷണറായ ശ്രീ. ഷാജി പി. ജേക്കബ് IRS മുഖ്യപ്രഭാഷണം നടത്തി. അതിരൂപതാകുടുംബത്തിലെതന്നെ അംഗമായ അദ്ദേഹം ഈ കാലഘട്ടത്തിൽ സഭയും സമൂഹവും അഭിമുഖീകരിക്കുന്ന വെല്ലുവിളികളെക്കുറിച്ചും സാധ്യതകളെകുറിച്ചും വ്യക്തമായ ദിശാബോധം നല്കി.

## എക്സലൻസ് അവാർഡ്

അതിരൂപത നൽകുന്ന പരമോന്നത ബഹുമതിയായ എക്സലൻസ് അവാർഡ് മാർ ജോർജ് കോച്ചേരി, ഡോ. സിബി മാത്യൂസ് IPS എന്നിവർക്ക് അഭി. മാർ ജോസഫ് പെരുന്തോട്ടം പിതാവ് സമ്മാനിച്ചു. വത്തിക്കാൻ ഡിപ്ലോമാറ്റിക് സർവീസിലൂടെ ആഗോളകത്തോലിക്കാസഭയ്ക്കു നൽകിയ നേതൃത്വവും സേവനങ്ങളും പരിഗണിച്ചും മാതൃരൂപതയായ ചങ്ങനാശേരി അതിരൂപതയ്ക്കു നല്കുന്ന എല്ലാ പിന്തുണയും പ്രോത്സാഹനവും കണക്കിലെടുത്താണ് അഭി.

മാർ ജോർജ് കോച്ചേരി പിതാവിനെ അതിരൂപതാകുടുംബം എക്സലൻസ് അവാർഡ് നല്കി ആദരിച്ചത്. ഔദ്യോഗികജീവിതത്തിലെ മികവാർന്ന പ്രവർത്തനവും ക്രിസ്തീയധാർമികതയിൽ അടിയുറച്ചുനിന്ന് സമൂഹത്തിനു ദിശാബോധം നൽകിയ നേതൃത്വപാടവവുമാണ് ഡോ. സിബി മാത്യൂസ് IPS നെ എക്സലൻസ് അവാർഡിന് അർഹനാക്കിയത്.

## പ്രഖ്യാപനങ്ങൾ

അതിരൂപതയുടെ അജപാലനപരമായ ആവശ്യങ്ങൾ പരിഗണിച്ച് അഭി. മാർ ജോസഫ് പെരുന്തോട്ടം പിതാവ് രണ്ടു പ്രഖ്യാപനങ്ങളാണ് ഈ വർഷം നടത്തിയത്.

അമ്പലപ്പുഴ സെന്റ് മേരീസ് പള്ളി ഇടവകയായി ഉയർത്തപ്പെട്ടു - പ്രഥമ വികാരി: റവ. ഫാ. ജയിംസ് കണികുന്നേൽ

ആറ്റിങ്ങൽ സെന്റ് ജൂഡ് പള്ളി അതിർത്തിതിരിഞ്ഞ കുരിശുപള്ളിയായി ഉയർത്തപ്പെട്ടു - പ്രഥമ കുരിശുപള്ളി വികാരി: റവ. ഫാ. മാത്യു മഠത്തിപറമ്പിൽ

## പ്രത്യേക പുരസ്കാരങ്ങൾ, അംഗീകാരങ്ങൾ

വിവിധതലങ്ങളിൽ അംഗീകാരത്തിന് അർഹരായ വ്യക്തികൾക്കും ഇടവകൾക്കും അതിരൂപതാകുടുംബം ആദരവും അനുമോദനങ്ങളും അർപ്പിച്ചു. അതിരൂപതാ പി.ആർ.ഒ. അഡ്വ. ജോജി ചിറയിൽ ആദരവിന് അർഹരായവരെ സമ്മേളനത്തിൽ പരിചയപ്പെടുത്തി. അവരുടെ പേരും പുരസ്കാരത്തിന് അർഹമായ മേഖലയും താഴെ കൊടുക്കുന്നു.

**ജൂബിൻ ജിമ്മി:** ചെസ്സ് സ്റ്റേറ്റ് ലെവൽ ഒന്നാം റാങ്ക് (under 16 Category)

**തോമസ് വി.ജെ. കപ്പാമൂട്:** ഏഷ്യൻ പവർ ലിഫ്റ്റിംഗ് ചാമ്പ്യൻഷിപ്പ് സ്വർണ മെഡൽ ജേതാവ്

**അനീഷ് കെ. ജോസഫ്:** നാഷണൽ സർവീസ് സ്കീം ബെസ്റ്റ് പ്രോഗ്രാം ഓഫീസർ

**ഡോ. ഷേർളി ഫിലിപ്സ് പുതുമന:** നാഷണൽ മാസ്റ്റേഴ്സ് അത്‌ലറ്റിക് മീറ്റ് ലോങ്ങ് ജംപിൽ സ്വർണമെഡൽ ജേതാവ്

**ഡോ. ജോർജ് ജോസഫ്:** നാഷണൽ ലോ ഡേ അവാർഡ് ജേതാവ്

**ഹെൽന മെറിൻ ജോസഫ്:** ലളിതകലാ അക്കാദമി സ്റ്റേറ്റ് അവാർഡുകൾ

ഇടവകകൾ തയ്യാറാക്കിയ പാരിഷ് ബുള്ളറ്റിൻ, പാരിഷ് ഡയറക്ടറി എന്നിവയിൽ മികച്ച നിലവാരം പുലർത്തിയവയ്ക്കു കുടുംബങ്ങളുടെ എണ്ണമനുസരിച്ച് സമ്മാനങ്ങൾ നൽകി.

### പാരിഷ് ബുള്ളറ്റിൻ

ചമ്പക്കുളം - കല്ലൂർക്കാട് സെന്റ് മേരീസ് ബസിലിക്ക (ഒന്നാംസ്ഥാനം: 500 ന് മുകളിൽ കുടുംബങ്ങൾ)

തുരുത്തി മർത്ത് മറിയം ഫൊറോനാപള്ളി (രണ്ടാംസ്ഥാനം: 500 ന് മുകളിൽ കുടുംബങ്ങൾ)

കുളത്തൂർ ലിറ്റിൽ ഫ്ളവർ പള്ളി (500 ൽ താഴെ കുടുംബങ്ങൾ)

പേരൂർക്കട ലൂർദ്സ് ഹിൽസ് പള്ളി (500 ൽ താഴെ കുടുംബങ്ങൾ)

**പാരിഷ് ഡയറക്ടറി**

കുറിച്ചി സെൻറ് ജോസഫ്സ് പള്ളി (ഒന്നാം സ്ഥാനം )

പുന്നമട സെൻറ് മേരീസ് പള്ളി (രണ്ടാം സ്ഥാനം )

## ഇതര പരിപാടികൾ

എക്സലൻസ് അവാർഡ് ജേതാക്കളായ അഭി. മാർ ജോർജ് കോച്ചേരി പിതാവും ഡോ. സിബി മാത്യൂസ് IPS ഉം മറുപടി പ്രസംഗങ്ങൾ നടത്തി. FCC സന്യാസിനിസമൂഹത്തിന്റെ സുപ്പീരിയർ ജനറൽ വെരി റവ. സി. ലിറ്റി, മാതൃവേദി അതിരൂപതാ പ്രസിഡന്റ് ശ്രീമതി ബീന ജോസഫ് മറ്റത്തിൽ എന്നിവർ ആശംസകളർപ്പിച്ചു.

മുഹമ്മ സെന്റ് ജോർജ് ഫൊറോനയിലെ വിദ്യാർത്ഥിനികൾ മനോഹരമായ സംഘനൃത്തം അവതരിപ്പിച്ചു. 138-ാമത് അതിരൂപതാദിനം സംബന്ധിച്ചുള്ള പ്രഖ്യാപനം അഭി. മാർ തോമസ് തറയിൽ പിതാവ് നിർവഹിച്ചു. ആതിഥേയത്വം വഹിക്കുന്ന കുറുമ്പനാടം ഫൊറോനയെ പ്രതിനിധീകരിച്ച് പെരി. ബഹു. വികാരിയച്ചനും ഫൊറോനയിലെ മറ്റു വൈദികരും പ്രതിനിധികളും അതിരൂപതാദിന പതാക ഏറ്റുവാങ്ങി. കോർഡിനേറ്റർ റവ. ഡോ. ആൻഡ്രൂസ് പാണംപറമ്പിൽ ഏവർക്കും നന്ദിപറഞ്ഞു. ഗായകസംഘം സീറോമലബാർ ആന്തം ആലപിച്ചു. സ്നേഹവിരുന്നോടെ 137-ാമത് അതിരൂപതാദിനസമ്മേളനം പര്യവസാനിച്ചു.

അതിരൂപതാദിന പരിപാടികൾക്കു ജനറൽ കൺവീനർ അഭി. മാർ തോമസ് തറയിൽ, വികാരി ജനറാൾമാരായ വെരി റവ. ഫാ. ജോസഫ് വാണിയപ്പുരയ്ക്കൽ, വെരി റവ. ഡോ. ജയിംസ് പാലയ്ക്കൽ, വെരി റവ. ഡോ. വർഗീസ് താനമാവുങ്കൽ, മുഹമ്മ ഫൊറോനാപള്ളി വികാരി വെരി റവ. ഫാ. ജോൺ പരുവപ്പറമ്പിൽ, ചാൻസലർ വെരി റവ. ഡോ. ഐസക് ആലഞ്ചേരി, പ്രൊക്യുറേറ്റർ വെരി റവ. ഫാ. ചെറിയാൻ കാരിക്കൊമ്പിൽ, പാസ്റ്ററൽ കൗൺസിൽ സെക്രട്ടറി ഡോ. ഡൊമിനിക് വഴീപ്പറമ്പിൽ, പി.ആർ.ഒ. അഡ്വ. ജോജി ചിറയിൽ എന്നിവർ നേതൃത്വം വഹിച്ചു.


കോർഡിനേറ്റേഴ്സ്

**ഫാ. ആൻഡ്രൂസ് പാണംപറമ്പിൽ**
**ഫാ. ജോൺ വടക്കേകളം**
**ഫാ. ആന്റണി ആനക്കല്ലുങ്കൽ**

# 137-ാമത് അതിരൂപതാദിന
# എക്സലൻസ് അവാർഡ്

**ആർച്ചുബിഷപ് മാർ ജോർജ് കോച്ചേരിക്കും**
**ഡോ. സിബി ടി. മാത്യൂസ് IPS നും**

## ആർച്ചുബിഷപ് മാർ ജോർജ് കോച്ചേരി



ചങ്ങനാശേരി പാറേൽപള്ളി ഇടവകയിൽ കോച്ചേരി ആന്റണി - സിസിലി ദമ്പതികളുടെ 14 മക്കളിൽ മൂത്ത പുത്രനായി 1945 ഫെബ്രുവരി 4 ന് ജനിച്ചു. 1974 ജൂൺ 26 ന് അഭി. മാർ ആന്റണി പടിയറ പിതാവിൽനിന്നും പൗരോഹിത്യം സ്വീകരിച്ചു. കാനോൻനിയമത്തിൽ ഡോക്ടറേറ്റ് നേടിയ പിതാവ് 1978 ൽ വത്തിക്കാൻ ഡിപ്ലോമാറ്റിക് സർവീസിൽ പ്രവേശിച്ചു. 2000 ആഗസ്റ്റ് 21 ന് അഭി. ജോസഫ് പവ്വത്തിൽ പിതാവിൽനിന്നും മെത്രാഭിഷേകം സ്വീകരിച്ചു.

ഘാനാ-ടോഗോ, സിംബാബ്വേ, ബംഗ്ലാദേശ് എന്നിവിടങ്ങളിൽ അപ്പസ്തോലിക് നുൺഷ്യോയായി സേവനമനുഷ്ഠിച്ച് 2023 ൽ വിരമിച്ചു. തന്റെ സേവനകാലയളവിൽ കോസ്റ്ററിക്കാ, പനാമ, സാൽവദോർ, ഓസ്ട്രേലിയ, ബംഗ്ലാദേശ് എന്നിവിടങ്ങളിൽ മാർപാപ്പാമാരുടെ സന്ദർശനത്തിനുള്ള ക്രമീകരണങ്ങളുടെ മുഖ്യചുമതലക്കാരനായി പ്രവർത്തിച്ചു.

ഘാനാ ഗവൺമെന്റ് ഓർഡർ ഓഫ് വോൾട്ടായെന്ന ബഹുമതി നൽകി ആദരിച്ചു. 2017 ൽ ബംഗ്ലാദേശിലെ എല്ലാ അംബാസിഡർമാരുടെയും തലവനായും 2019-22 വരെ ഡീൻ ഓഫ് ഓൾ അപ്പസ്തോലിക് നുൺഷ്യോയായും പ്രവർത്തിച്ചു. ഇപ്പോൾ ചങ്ങനാശേരി ചെത്തിപ്പുഴ സെന്റ് തോമസ് ഹോസ്പിറ്റലിൽ വിശ്രമജീവിതം നയിക്കുന്നു.

അതിരൂപതാ Excellence Award ലഭിക്കുന്ന ആദ്യ മേൽപ്പട്ടക്കാരനാണ് അഭി. കോച്ചേരി പിതാവ്.

ഡിപ്ലോമാറ്റിക് സർവീസിലൂടെ ആഗോളസഭയ്ക്കു നൽകിയ സേവനങ്ങളും സംഭാവനകളും നേതൃത്വവും പരിഗണിച്ചും മാതൃരൂപതയ്ക്കു നൽകുന്ന പിന്തുണയും പ്രോത്സാഹനവും കണക്കിലെടുത്ത് 137-ാമത് അതിരൂപതാദിനത്തിൽ Excellence Award നൽകി അഭി. മാർ ജോർജ് കോച്ചേരി പിതാവിനെ ആദരിച്ചു.

## ഡോ. സിബി ടി. മാത്യൂസ് IPS



ചങ്ങനാശേരി സെന്റ് മേരീസ് മെത്രാപ്പോലീത്തൻ ഇടവകയിൽ തൂമ്പുങ്കൽ കുടുംബത്തിലെ ജോസഫ് മാത്യൂസ് - ഏലിക്കുട്ടി ദമ്പതികളുടെ മകനായി 1952 ഫെബ്രുവരി 5-ന് ജനിച്ചു. സെന്റ് ബർക്കുമാൻസ് കോളേജിൽനിന്നും ബിരുദവും ബിരുദാനന്തര ബിരുദവും നേടി. പാലാ സെന്റ് തോമസ് കോളേജിൽ അസിസ്റ്റന്റ് പ്രൊഫസറായി ഔദ്യോഗികജീവിതം ആരംഭിച്ചു.

1977-ൽ ഉയർന്ന റാങ്കോടെ IPS കരസ്ഥമാക്കി. കേരളത്തിലെ പ്രധാന നഗരങ്ങളായ കൊച്ചി, കോഴിക്കോട്, തിരുവനന്തപുരം എന്നിവിടങ്ങളിൽ സിറ്റി പോലീസ് കമ്മിഷണറായിരുന്നു. വിജിലൻസ് DIG, ഉത്തരമേഖല IG, ഇന്റലിജൻസ് ADGP എന്നീ പദവികൾക്കുശേഷം ഡയറക്ടർ ജനറൽ ഓഫ് പോലീസായി നിയമിതനായി. 1997, 2007 വർഷങ്ങളിൽ വിശിഷ്ടസേവനത്തിനുള്ള രാഷ്ട്രപതിയുടെ പോലീസ് മെഡൽ നേടി. 2011 ൽ സർവീസിൽനിന്നും വിരമിച്ചു. തുടർന്ന് സംസ്ഥാന മുഖ്യവിവരാവകാശ കമ്മിഷണറായി 5 വർഷം സേവനം ചെയ്തു.

കേരളത്തിലെ ഉയർന്ന ആത്മഹത്യാനിരക്കു സംബന്ധിച്ച പഠനത്തിനു മഹാത്മാഗാന്ധി സർവകലാശാലയിൽനിന്നും ഡോക്ടറേറ്റ് നേടി. Kerala on Suicide Point, നിർഭയം എന്നീ ഗ്രന്ഥങ്ങൾ രചിക്കുകയും നിരവധി ലേഖനങ്ങൾ പ്രസിദ്ധീകരിക്കുകയും ചെയ്തു. Divine Voice എന്ന കത്തോലിക്കാ പ്രസിദ്ധീകരണത്തിന്റെ എഡിറ്റോറിയൽ ബോർഡ് അംഗമാണ്.

ഇപ്പോൾ തിരുവനന്തപുരത്ത് കണ്ണമൂലയിൽ താമസം. ഭാര്യ: ശ്രീമതി ഗ്രേസ്, മക്കൾ: പ്രതിഭാ മാത്യു, എഡ്വിൻ ജൂഡ്.

ഔദ്യോഗിക ജീവിതത്തിലെ മികവാർന്ന പ്രവർത്തനങ്ങളും ക്രിസ്തീയ ധാർമികതയിൽ അടിയുറച്ചുനിന്നു സഭയുടെ നിലപാടുകളോടുചേർന്നു സമൂഹത്തിനു ദിശാബോധം നൽകിയ ഉജ്ജ്വലനേതൃത്വവും കണക്കിലെടുത്ത് 137-ാമത് അതിരൂപതാദിനത്തിൽ എക്സലൻസ് അവാർഡ് നൽകി ഡോ. സിബി മാത്യൂസ് IPS നെ ചങ്ങനാശേരി അതിരൂപത ആദരിച്ചു.

# പബ്ലിക് റിലേഷൻസ് - ജാഗ്രതാസമിതി

**അതിരൂപതാദിനാചരണത്തിൽ പങ്കുചേർന്നു**

ചങ്ങനാശേരി അതിരൂപതയുടെ 137-മത് അതിരൂപതാദിനാചരണത്തിൽ പിആർ - ജാഗ്രതാസമിതി പങ്കുചേർന്നു. അതിരൂപതാദിനത്തിൽ ആദരിക്കേണ്ട വ്യക്തികൾ, മികച്ച ബുള്ളറ്റിൻ, മികച്ച ഡയറക്ടറി എന്നിവയുടെ തെരഞ്ഞെടുപ്പ് സമിതി നിർവഹിച്ചു. പരിപാടികളുടെ പത്രവാർത്തകൾ നൽകിയതും സമിതി യുടെ ചുമതലയിലായിരുന്നു. അതിരൂപതാദിനാചരണത്തിന്റെ ഭാഗമായി അതി രൂപതയിൽ നടന്ന ആനുകാലികസംഭവങ്ങളെ ആസ്പദമാക്കിയുള്ള News & Views എന്ന വാർത്താപത്രിക സമിതി പുറത്തിറക്കി. ഇതിനായി കഠിനാദ്ധ്വാനം ചെയ്ത ബിനു കുര്യാക്കോസ് വെളിയനാടൻ പ്രത്യേക പ്രശംസയർഹിക്കുന്നു.

**ജെ.ബി. കോശി കമ്മിഷൻ റിപ്പോർട്ട് നടപ്പിലാക്കണം**

ക്രൈസ്തവർ ഏറെ പ്രത്യാശയോടെ കാത്തിരുന്ന ജെ.ബി. കോശി കമ്മിഷൻ റിപ്പോർട്ട് സംസ്ഥാനസർക്കാരിനു സമർപ്പിക്കപ്പെട്ടിരിക്കുകയാണ്. ഇപ്രകാരം ഒരു ജുഡീഷ്യൽ കമ്മിഷനെ നിയമിക്കണമെന്നു സമിതി ആവശ്യപ്പെട്ടിരുന്ന താണ്. ഈ കമ്മിഷന്റെ വിവരശേഖരണത്തിലും നിവേദനങ്ങൾ നൽകുന്ന തിലും സമിതി ശ്രദ്ധ പുലർത്തിയിരുന്നു. ഈ റിപ്പോർട്ട് നടപ്പിൽ വരേണ്ടത് സമിതിയുടെ പ്രഖ്യാപിത ലക്ഷ്യത്തിന്റെ ഭാഗമാണ്. അതിനാൽ കമ്മിഷന്റെ റിപ്പോർട്ടിനെക്കുറിച്ചു പഠനം നടത്തി, ക്രൈസ്തവസഭകളുമായി ചർച്ച ചെയ്ത് ഉടൻ നടപ്പിലാക്കണമെന്നു പിആർ - ജാഗ്രതാസമിതി സംസ്ഥാനസർക്കാരി നോട് ആവശ്യപ്പെട്ടു.

**അഡ്വ. ജോജി ചിറയിൽ**
(പി.ആർ.ഒ.)

**ഫാ. ജയിംസ് കൊക്കാവയലിൽ**
(ഡയറക്ടർ)

## നിത്യതയിലേക്ക്



**സി. ആൽമ കിഴക്കേക്കര MMS**

**"ഞാൻ നന്നായി പൊരുതി;**
**എന്റെ ഓട്ടം പൂർത്തിയാക്കി;**
**വിശ്വാസം കാത്തു"** (2 തിമോ. 4:7).

ഈശോയിൽ സ്നേഹം നിറഞ്ഞവരേ,

റൂഹാദ്ഖുദ്ശായുടെ ആവാസത്താൽ പൂരിതരായി നാമൊരു പുതിയ വിശ്വാസ പരിശീലനവർഷത്തിലേയ്ക്കു പ്രവേശിക്കുകയാണ്. 'സഭാനുഭവം കുടുംബത്തിൽ' എന്നതാണ് ഈ വർഷത്തെ നമ്മുടെ അതിരൂപതയുടെ പ്രധാന ചിന്താവിഷയം. അതിന്റെ അടിസ്ഥാനത്തിൽ 'വിശ്വാസജീവിതം കുടുംബത്തിൽ' എന്നതാണ് നമ്മുടെ വിശ്വാസപരിശീലനവർഷത്തിന്റെ ചിന്താവിഷയമായി സ്വീകരിച്ചിരിക്കുന്നത്. സഭയോടു കൂടുതൽ തീക്ഷ്ണതയോടെ ചേർന്നുനിൽക്കാനും നമ്മുടെ കുടുംബങ്ങളെ നവീകരിക്കുവാനും ശ്രദ്ധിക്കാം. എല്ലാവർക്കും ദൈവാനുഗ്രഹപ്രദമായ ഒരു വിശ്വാസപരിശീലനവർഷം ആശംസിക്കുന്നു.

ഈശോയിൽ സ്നേഹപൂർവം,

**ഫാ. ജോസഫ് ഈറ്റോലിൽ**
**ഫാ. ജോസഫ് പുളിക്കപ്പറമ്പിൽ**
(അസി. ഡയറക്ടേഴ്സ്)

**ഫാ. ആൻഡ്രൂസ് പാണംപറമ്പിൽ**
(ഡയറക്ടർ)

## അറിയിപ്പുകൾ

**2023 ജൂൺ**

| | | |
|---|---|---|
| 3 ശനി | : | **മതാധ്യാപക നേതൃസംഗമം** |
| 4 ഞായർ | : | **മതബോധനക്ലാസ്സുകൾ ആരംഭിക്കുന്നു**<br>ശ്ലീഹാ രണ്ടാം ഞായർ - ക്ലാസ്സ് - 1 |
| 10 ശനി | : | അതിരൂപതാ മിഷൻലീഗ് ഉദ്ഘാടനം |
| 11 ഞായർ | : | ശ്ലീഹാ മൂന്നാം ഞായർ - ക്ലാസ്സ് 2 |
| 15 വ്യാഴം | : | **CLT, MCC കോഴ്സുകളുടെ ആപ്ലിക്കേഷൻ സമർപ്പിക്കേണ്ട അവസാന തീയതി** |
| 18 ഞായർ | : | ശ്ലീഹാ നാലാം ഞായർ - ക്ലാസ്സ് 3 |
| 25 ഞായർ | : | ശ്ലീഹാ അഞ്ചാം ഞായർ - ക്ലാസ്സ് 4 |

**2023 ജൂലൈ**

| | | |
|---|---|---|
| 1 ശനി | : | **ബി.സി.റ്റി. കോഴ്സ്** ഒന്നാം ദിവസം - സന്ദേശനിലയം |
| 2 ഞായർ | : | ശ്ലീഹാ ആറാം ഞായർ - ക്ലാസ്സ് 5 |
| 3 തിങ്കൾ | : | **ദുക്റാന തിരുനാൾ, അതിരൂപതാ മതാധ്യാപകദിനം**<br>(ഓഫീസ് അവധി) |
| 8 ശനി | : | **ബി.സി.റ്റി. കോഴ്സ്** രണ്ടാം ദിവസം - സന്ദേശനിലയം<br>**CLT, MCC കോഴ്സ് പുതിയ ബാച്ചുകളുടെ ഉദ്ഘാടനം** |
| 9 ഞായർ | : | ശ്ലീഹാ ഏഴാം ഞായർ - ക്ലാസ്സ് 6 |
| 15 ശനി | : | **ബി.സി.റ്റി. കോഴ്സ്** മൂന്നാം ദിവസം - സന്ദേശനിലയം |

### 10, 12 ക്ലാസുകളിലെ കുട്ടികളുടെ സർട്ടിഫിക്കറ്റ്

10, 12 ക്ലാസുകളിലെ കുട്ടികളുടെ സർട്ടിഫിക്കറ്റ് ഇപ്രാവശ്യം ecos@sandesന്റെ സഹായത്തോടെ പ്രിന്റ് ചെയ്തു നൽകുന്നതിനാൽ അതിന്റെ നിബന്ധന

കളടങ്ങിയ സന്ദേശം ഔദ്യോഗിക whatsapp ഗ്രൂപ്പുകളിലൂടെ നൽകിയിട്ടുണ്ട്. Verification process നടത്തി സർട്ടിഫിക്കറ്റുകൾ ലഭിക്കാനായി അതിൽ നിർദേശിച്ചിരിക്കുന്ന രേഖകൾ സന്ദേശനിലയത്തിൽ ഏല്പ്പിക്കുവാൻ ബന്ധപ്പെട്ടവർ ശ്രദ്ധിക്കുക.

**മതാധ്യാപക നേതൃസംഗമം**

ഈ വർഷത്തെ **മതാധ്യാപക നേതൃസംഗമം ജൂൺ 3 ശനി രാവിലെ 9.30 മുതൽ ഉച്ചകഴിഞ്ഞ് 1.30 വരെ നടത്തപ്പെടുന്നതാണ്.**

സ്ഥലം: എസ്.ബി. ഹയർ സെക്കന്ററി സ്കൂൾ, ചങ്ങനാശേരി
രജി. ഫീസ്: 100 രൂപ

പ്രസ്തുത സമ്മേളനത്തിൽ സൺഡേസ്കൂൾ ഫൊറോനാ ഓർഗനൈസർമാർ, സെക്രട്ടറിമാർ, സൺഡേസ്കൂൾ ഹെഡ്മാസ്റ്റർ, സ്റ്റാഫ് സെക്രട്ടറി, CRT അംഗങ്ങൾ എന്നിവരും CLT ഡിപ്ലോമയ്ക്ക് അർഹരായവരും പങ്കെടുക്കേണ്ടതാണ്.

**ബി.സി.റ്റി. കോഴ്സ്**

മതാധ്യാപകർക്കുണ്ടായിരിക്കേണ്ട അടിസ്ഥാന യോഗ്യതയായ ബി.സി.റ്റി. കോഴ്സ് ആരംഭിക്കുകയാണ്. ഈ വർഷത്തെ BCT കോഴ്സിന്റെ ആദ്യബാച്ച് (Dayscholar Batch) ജൂലൈ 1, 8, 15 തീയതികളിൽ നടത്തപ്പെടുന്നു. സർട്ടിഫിക്കറ്റ് ലഭിക്കാൻ മുകളിൽ പറഞ്ഞിരിക്കുന്ന മൂന്നു ദിവസങ്ങളിലും പൂർണമായി പങ്കെടുത്തിരിക്കണം. ഉച്ചഭക്ഷണം കൊണ്ടുവരേണ്ടതാണ്. വികാരിയച്ചന്റെ സാക്ഷ്യപത്രം നിർബന്ധമായി ഹാജരാക്കേണ്ടതാണ്.

| *സ്ഥലം* | *സമയം* | *കോഴ്സ് ഫീസ്* |
|---|---|---|
| സന്ദേശനിലയം | 9.30 മുതൽ 4.00 വരെ | 250 രൂപ |

**കാറ്റകെറ്റിക്കൽ ഫൊറോനാകമ്മിറ്റി (സി.എഫ്.സി)**

2023-24 വിശ്വാസപരിശീലന പ്രവർത്തനവർഷ ആരംഭത്തിൽതന്നെ ഫൊറോനകളിൽ അതിരൂപതാ ഡയറക്ടറും ടീമും സന്ദർശനം നടത്തുകയും വരുംവർഷത്തെ പ്രവർത്തനപരിപാടികൾ ചർച്ച ചെയ്യുകയും മാർഗനിർദേശങ്ങൾ നല്കുകയും ചെയ്യുന്നതാണ്. സി.എഫ്.സി. മീറ്റിംഗുകളിൽ സൺഡേസ്കൂൾ ഫൊറോനാ ഓർഗനൈസർ, സെക്രട്ടറി, സി.ആർ.റ്റി. അംഗങ്ങൾ, ഹെഡ്മാസ്റ്റർമാർ, സ്റ്റാഫ് സെക്രട്ടറിമാർ, ഓഫീസ് സെക്രട്ടറിമാർ, മിഷൻലീഗ് മേഖലാ ഡയറക്ടർ, മേഖലാ ജോയിന്റ് ഡയറക്ടർമാർ, മേഖലാ ഭാരവാഹികൾ എന്നിവർ നിർബന്ധമായി പങ്കെടുക്കേണ്ടതാണ്.

കാറ്റകെറ്റിക്കൽ ഫൊറോനാകമ്മിറ്റികൾ വർഷാരംഭത്തിൽതന്നെ എല്ലാ ഫൊറോനകളിലും നടത്തപ്പെടേണ്ടതായതുകൊണ്ട് ഫൊറോനാ സെക്രട്ടറിമാർ സന്ദേശനിലയം ഓഫീസുമായി ആലോചിച്ച് മീറ്റിംഗിനുള്ള ദിവസവും സമയവും നിശ്ചയിക്കേണ്ടതും അതിൽ പങ്കെടുക്കേണ്ടവരെ അറിയിക്കേണ്ടതുമാണ്.

*ശേഷം പേജ് 52 ൽ.....»*

ഈശോയിൽ സ്നേഹം നിറഞ്ഞവരേ,

പന്തക്കുസ്താതിരുനാളോടെ നാം ഒരു പുതിയ വിശ്വാസപരിശീലന വർഷത്തിലേക്കു പ്രവേശിക്കുന്നു. ജൂൺ 10-ന് മിഷൻലീഗിന്റെ അതിരൂപതാതല പ്രവർത്തനവർഷ ഉദ്ഘാടനം നടത്തപ്പെടുന്നു. ഇനിയുള്ള ദിവസങ്ങൾ തീക്ഷ്ണമായ പ്രവർത്തനത്തിന്റെ ദിവസങ്ങളാണ്. അവധിക്കാലത്ത് കടന്നുകൂടാനിടയുള്ള ആലസ്യത്തെ ഒഴിവാക്കി റൂഹായുടെ കൃപയാൽ പൂരിതരായി മിശിഹായ്ക്കു ലോകത്തിന്റെ അതിർത്തികൾവരെ സാക്ഷ്യം നൽകാനുള്ള നമ്മുടെ വിളി പൂർത്തിയാക്കാം. എല്ലാവർക്കും നല്ല ഒരു പ്രവർത്തനവർഷം ആശംസിക്കുന്നു.

ഈശോയിൽ സ്നേഹപൂർവം,

**ഫാ. ആൻഡ്രൂസ് പാണംപറമ്പിൽ**
(ഡയറക്ടർ)

**ഫാ. ജോസഫ് ഈറ്റോലിൽ**
**ഫാ. ജോസഫ് പുളിക്കപ്പറമ്പിൽ**
(അസി. ഡയറക്ടേഴ്സ്)

## അറിയിപ്പുകൾ

**2023 ജൂൺ**

| | | |
|---|---|---|
| 2 വെള്ളി | : | ധന്യൻ മാർ തോമസ് കുര്യാളശ്ശേരിയുടെ ചരമദിനം |
| 4 ഞായർ | : | **പരി. ത്രിത്വത്തിന്റെ തിരുനാൾ** |
| 8 വ്യാഴം | : | പരി. കുർബാനയുടെ തിരുനാൾ, വി. മറിയം ത്രേസ്യാ |
| 10 ശനി | : | **അതിരൂപതാതല പ്രവർത്തനവർഷ ഉദ്ഘാടനം**, മാനേജിങ് കമ്മിറ്റി |
| 11 ഞായർ | : | പ്രവർത്തനവർഷ ഉദ്ഘാടനം ശാഖകളിൽ |
| 16 വെള്ളി | : | ഈശോയുടെ തിരുഹൃദയത്തിരുനാൾ |
| 17 ശനി | : | മാതാവിന്റെ വിമലഹൃദയത്തിരുനാൾ, പ്രവർത്തനവർഷ ഉദ്ഘാടനം (മേഖലകളിൽ) |
| 24 ശനി | : | **'സ്നേഹവീടുകളിലേയ്ക്ക്'** (ശാഖയിൽ) |
| 29 വ്യാഴം | : | വി. പത്രോസ്-പൗലോസ് ശ്ലീഹന്മാരുടെ തിരുനാൾ, കടമുള്ള ദിവസം |

**2023 ജൂലൈ**

| | | |
|---|---|---|
| 2 ഞായർ | : | അംഗത്വസ്വീകരണം അതിരൂപതാതല ഉദ്ഘാടനം |
| 3 തിങ്കൾ | : | **ദുക്റാനതിരുനാൾ**, കടമുള്ള ദിവസം (അംഗത്വസ്വീകരണം ശാഖകളിൽ), മാർ തോമസ് തറയിൽ പിതാവിന്റെ നാമഹേതുക തിരുനാൾ, തോമസ് നാമധാരികൾക്ക് ആശംസകൾ നേരാം |
| 8 ശനി | : | ബേത്‌ലെഹെം മീറ്റ്, പഠനഗ്രന്ഥ ചർച്ച |
| 15 ശനി | : | **'സ്നേഹവീടുകളിലേയ്ക്ക്'** (ശാഖയിൽ) |

**പ്രവർത്തനവർഷ ഉദ്ഘാടനം (ജൂൺ 10)**

മിഷൻലീഗ് അതിരൂപതാ നേതൃസംഗമവും പ്രവർത്തനവർഷ ഉദ്ഘാടനവും ജൂൺ 10 ശനിയാഴ്ച രാവിലെ 9 മുതൽ ഉച്ചകഴിഞ്ഞ് 1.30 വരെ എസ്.ബി. ഹയർ സെക്കന്ററി സ്കൂളിൽ നടത്തപ്പെടുന്നു. മേഖലാ ഡയറക്ടേഴ്സ്, അതിരൂപതാ-മേഖലാ എക്സിക്യൂട്ടിവ്സ്, മേഖലാ-ശാഖാ ജോയിന്റ് ഡയറക്ടേഴ്സ്, ഓർഗനൈസേഴ്സ്, കുട്ടികളുടെ ഭാരവാഹികൾ (പ്രസിഡന്റ്, വൈസ് പ്രസിഡന്റ്, സെക്രട്ടറി, ജോയിന്റ് സെക്രട്ടറി, ജൂണിയർ ഓർഗനൈസേഴ്സ്) ഹെഡ്മാസ്റ്റർ എന്നിവർ പങ്കെടുക്കേണ്ടതാണ്. രജി. ഫീസ് 125 രൂപ. മത്സരങ്ങളുടെ സമ്മാനങ്ങളും അന്ന് വിതരണം ചെയ്യപ്പെടുന്നതാണ്. പങ്കെടുക്കുന്നവരുടെ എണ്ണം ജൂൺ 5-നു മുമ്പായി ഓഫീസിൽ അറിയിക്കുവാൻ ശ്രദ്ധിക്കുക.

**മേഖല–ശാഖ പ്രവർത്തനവർഷ ഉദ്ഘാടനം**

ജൂൺ 11 ഞായറാഴ്ച ശാഖാതലത്തിൽ പ്രവർത്തനവർഷ ഉദ്ഘാടനം നടത്തേണ്ടതാണ്. അന്നേദിവസം വിവിധ പരിപാടികളോടെ (മിഷൻലീഗിന്റെ പതാക ഉയർത്തിയും തിരികൾ തെളിച്ചും ആന്തം ആലപിച്ചും) ശാഖാ പ്രവർത്തനവർഷ ഉദ്ഘാടനം ക്രമീകരിക്കാവുന്നതാണ്. മേഖലാതല ഉദ്ഘാടനം ജൂൺ 17 ശനിയാഴ്ചയോ അതിനടുത്ത ദിവസമോ മേഖലയിലെ എല്ലാ ശാഖകളുടെയും സഹകരണത്തോടെ ക്രമീകരിക്കേണ്ടതാണ്.

**സ്നേഹവീടുകളിലേക്ക്**

മിഷൻലീഗിന്റെ മുദ്രാവാക്യങ്ങളിലൊന്നായ 'സേവനം' കുഞ്ഞുമിഷനറിമാരിൽ വളർത്താനുതകുന്നതും എല്ലാ മാസവും ക്രമീകരിക്കാവുന്നതുമായ ഒരു പരിപാടിയാണ് 'സ്നേഹവീടുകളിലേക്ക്'. ഏതെങ്കിലും വിധത്തിൽ ശാരീരികമായോ മാനസികമായോ ബുദ്ധിമുട്ടനുഭവിക്കുന്ന കുട്ടികളുടെയും മുതിർന്നവരുടെയും സ്ഥാപനങ്ങൾ സന്ദർശിച്ചു സഹായങ്ങൾ ചെയ്തു കൊടുക്കുകയെന്നതാണ് ഇതുകൊണ്ട് ഉദ്ദേശിക്കുന്നത്.

**മാനുവൽ ബുക്ക് പൂരിപ്പിക്കുന്ന ക്രമീകരണം**

അഞ്ചാം ക്ലാസ് മുതൽ 12 വരെയുള്ള എല്ലാ കുട്ടികളും മിഷൻലീഗിന്റെ അംഗങ്ങളായതിനാൽ ക്ലാസ്സ് ടീച്ചറിന്റെ ഉത്തരവാദിത്വത്തിൽ മാനുവൽ ബുക്ക് പൂരിപ്പിക്കേണ്ടതാണ്. ഈ ക്രമീകരണത്തിന്റെ വിശദവിവരം സൺഡേസ്കൂൾ, മിഷൻലീഗ് മാർഗരേഖയിൽ നൽകിയിട്ടുണ്ട്.

**മേഖല – ശാഖ സന്ദർശനം**

ശാഖാസന്ദർശനം മേഖലാ ഭാരവാഹികൾ ജൂൺ 30-ന് മുമ്പും മേഖലാ സന്ദർശനം അതിരൂപതാ ഭാരവാഹികൾ ജൂലൈ 30-ന് മുമ്പും പൂർത്തിയാക്കേണ്ടതാണെന്ന് ഓർമിപ്പിക്കുന്നു.

**അംഗത്വസ്വീകരണം**

ഈ വർഷം ആഘോഷമായ വി. കുർബാനസ്വീകരണം നടത്തിയ കുട്ടികൾ ജൂലൈ 3-ന് നമ്മുടെ പിതാവായ മാർ തോമാശ്ലീഹായുടെ ദുക്റാന തിരുനാളിന് അംഗത്വസ്വീകരണം നടത്തേണ്ടതാണ്.

**പ്രത്യേക ശ്രദ്ധയ്ക്ക്**

ഉണ്ണിയെത്തേടിയെന്ന വിശ്വാസപരിശീലനപദ്ധതിയിലൂടെ കുട്ടികളുടെ ത്യാഗഫലമായി ലഭിച്ച തുകയുടെ പകുതിയും മിഷൻലീഗിന്റെ അതിരൂപതാ വിഹിതവും ദൈവവിളിഫണ്ടും മിഷൻഫണ്ടും അടച്ചുതീർക്കേണ്ടതാണ്.

---

» *സന്ദേശനിലയം തുടർച്ച...*

## CLT കോഴ്സ് & MCC കോഴ്സ്

CLT 42-ാം ബാച്ചിലേയ്ക്കും MCC 13-ാം ബാച്ചിലേയ്ക്കുമുള്ള അപേക്ഷാ ഫോമുകൾ സന്ദേശനിലയത്തിൽ ലഭ്യമാണ്. പൂരിപ്പിച്ച അപേക്ഷകൾ ജൂൺ 15-ന് മുമ്പായി സന്ദേശനിലയത്തിൽ ഏല്പിക്കേണ്ടതാണ്. കോഴ്സുകളുടെ ഉദ്ഘാടനം ജൂലൈ 8 ശനിയാഴ്ച രാവിലെ 9.30ന് സന്ദേശനിലയം ഹാളിൽ നടത്തപ്പെടും.

**പ്രത്യേക ശ്രദ്ധയ്ക്ക്**

1. മതാധ്യാപകർ മീറ്റിംഗ് കൂടി ക്ലാസ് ചാർജുകൾ നിശ്ചയിച്ചു കഴിഞ്ഞെന്നു കരുതുന്നു. പ്രധാനാധ്യാപകൻ / അധ്യാപിക, ഓഫീസ് സെക്രട്ടറി, സ്റ്റാഫ് സെക്രട്ടറി എന്നിവർ പുതുതായി നിയമിക്കപ്പെട്ടിട്ടുണ്ടെങ്കിൽ അവരുടെ പേരു വിവരങ്ങളും വാട്സ്ആപ്പ് നമ്പരും നീങ്ങിപ്പോകുന്നവരുടെ വാട്സ്ആപ്പ് നമ്പറും ഓഫീസിൽ അറിയിക്കണമെന്നു താല്പര്യപ്പെടുന്നു. അതാത് വാട്സ്ആപ്പ് ഗ്രൂപ്പുകളിൽ അവരെ ഉൾപ്പെടുത്തുന്നതിനുവേണ്ടിയാണിത്.
2. പുതിയ അധ്യയനവർഷത്തിലേയ്ക്ക് ആവശ്യമുള്ള ടെക്സ്റ്റ് ബുക്ക്, വർക്കു ബുക്ക് എന്നിവയുടെ ലിസ്റ്റ് സന്ദേശനിലയത്തിൽ 9495664623 എന്ന വാട്സ് ആപ്പ് നമ്പറിൽ മുൻകൂട്ടി അറിയിക്കേണ്ടതാണ്.
3. പാഠപുസ്തക-വിശ്വാസോത്സവ പുസ്തകങ്ങളുടെ തുക നൽകാനുള്ളവർ എത്രയും വേഗം അടയ്ക്കേണ്ടതാണ്.

**ആദരാഞ്ജലികൾ**

വാഴപ്പള്ളി സെന്റ് തെരേസാസ് സൺഡേസ്കൂൾ വിദ്യാർത്ഥിനി കരീന മേരി ജോണിന്റെയും പുതുപ്പള്ളി സൺഡേസ്കൂൾ അധ്യാപിക സി. ഷീല SDP യുടെ പിതാവിന്റെയും ആലപ്പുഴ ഫൊറോനാ സെക്രട്ടറിയും തത്തംപള്ളി സൺഡേസ്കൂൾ അധ്യാപികയുമായ സി. മെറിൻ മൂന്നാറ്റുംമുഖം SABS ന്റെ പിതാവിന്റെയും പുലിമുഖം സൺഡേസ്കൂൾ അധ്യാപിക സൗമ്യയുടെ പിതാവിന്റെയും മുണ്ടുപാലം സൺഡേസ്കൂൾ അധ്യാപിക മെറിൻ മാത്യുവിന്റെ പിതാവിന്റെയും കൊടിനാട്ടുംകുന്ന് സൺഡേസ്കൂൾ അധ്യാപകൻ വി.ജെ. ജോസഫ് വെട്ടുകുഴിയുടെ പിതാവിന്റെയും മാമ്മൂട് സൺഡേസ്കൂൾ അധ്യാപിക സി. ജസീന്താ പുളിൻകാലാ SABS ന്റെ മാതാവിന്റെയും റ്റിജി സി.വി. ചിറ്റേട്ടുകളത്തിന്റെ പിതാവിന്റെയും ഏറ്റുമാനൂർ സൺഡേസ്കൂൾ അധ്യാപകൻ ബോണി ലിയോ തോമസിന്റെ പിതാവിന്റെയും നിര്യാണത്തിൽ സന്ദേശനിലയം - മിഷൻലീഗ് കുടുംബം അനുശോചനവും പ്രാർത്ഥനയുമറിയിക്കുന്നു.

MVN - HIRS

# മാർത്തോമ്മാ വിദ്യാനികേതൻ

Higher Institute for Religious Sciences for Laity

## ബൈബിൾ, ദൈവശാസ്ത്ര കോഴ്സുകൾ ആരംഭിക്കുന്നു

അല്മായർക്കുവേണ്ടിയുള്ള ഉന്നത പഠനകേന്ദ്രമായ മാർത്തോമ്മാ വിദ്യാനികേതനിൽ ദൈവശാസ്ത്ര ത്രിവത്സര ബിരുദ കോഴ്സ് BA (RSc), ഏകവത്സര ഡിപ്ലോമ കോഴ്സ് എന്നിവയുടെ പുതിയ ബാച്ച് 2023 ജൂലൈ 23 ന് ഉച്ചകഴിഞ്ഞ് 2 മണിക്ക് ആരംഭിക്കുന്നു. അല്മായരെ സഭയിലും സമൂഹത്തിലും മെച്ചപ്പെട്ട ശുശ്രൂഷചെയ്യാൻ ഒരുക്കുന്ന ഈ കോഴ്സിലേക്കു താല്പര്യമുള്ള എല്ലാവരെയും സ്നേഹപൂർവം സ്വാഗതം ചെയ്യുന്നു.

**ഫാ. ജയിംസ് കൊക്കാവയലിൽ**
(ഡീൻ ഓഫ് സ്റ്റഡീസ്)

**ഫാ. തോമസ് കറുകക്കളം**
(ഡയറക്ടർ)

| | |
|---|---|
| **കോഴ്സ് ഉദ്ഘാടനം:** | **3 ജൂലൈ, 2 PM** |
| **ക്ലാസ്സുകൾ ആരംഭിക്കുന്നത്:** | **23 ജൂലൈ, ഞായർ 2 മണിക്ക്** |
| **യോഗ്യത:** | **SSLC** |
| **അപേക്ഷകർ:** | **അൽമായർ, സിസ്റ്റേഴ്സ്** |

**ഞായറാഴ്ചകളിൽ 2 pm മുതൽ 5 pm വരെ**

**ONLINE ക്ലാസ്സുകൾ ഉണ്ടായിരിക്കുന്നതല്ല**

മേൽപ്പറഞ്ഞ കോഴ്സുകളിൽ പങ്കെടുക്കാൻ താല്പര്യമുള്ളവർ ഗൂഗിൾ ഫോം പൂരിപ്പിച്ച് 2023 ജൂൺ 26 ന് മുമ്പ് മാർത്തോമ്മാ വിദ്യാനികേതനിൽ സമർപ്പിക്കേണ്ടതാണ്. ഓഫീസിൽ നേരിട്ടോ sathyadarsanam@gmail.com എന്ന മെയിലിലോ സമർപ്പിക്കേണ്ടതാണ്.

**NB: വികാരിയച്ചന്റെ ശിപാർശക്കത്ത് ക്ലാസ്സിനു വരുമ്പോൾ കൊണ്ടുവരേണ്ടതാണ്**

***വിശദവിവരങ്ങൾക്ക്:***

ഓഫീസ് സമയത്ത് (9.30 - 5.00 pm) മാർത്തോമ്മാവിദ്യാനികേതൻ,
പി.ബി. നമ്പർ 20, ചങ്ങനാശേരി 686 101
ഫോൺ: 0481 2421891, 8281876993

# മാർത്തോമ്മാ പുരസ്കാരം 2023

## പന്ത്രണ്ടാമത് മാർത്തോമ്മാ പുരസ്കാരത്തിന് അപേക്ഷ ക്ഷണിക്കുന്നു

അല്മായർക്കുവേണ്ടിയുള്ള ഉന്നത ദൈവശാസ്ത്രപഠനകേന്ദ്രമായ മാർത്തോമ്മാ വിദ്യാനികേതൻ ഏർപ്പെടുത്തിയിരിക്കുന്ന മാർത്തോമ്മാ പുരസ്കാരത്തിനായി നാമനിർദേശങ്ങൾ ക്ഷണിക്കുന്നു. ഇരുപത്തയ്യായിരം രൂപയും ഷീൽഡും പ്രശസ്തിപത്രവും അടങ്ങുന്നതാണ് പുരസ്കാരം.

ഭാരതീയവും പൗരസ്ത്യവുമായ ക്രൈസ്തവപൈതൃകം ആഴത്തിൽ അറിയുന്നതിനും പരിപോഷിപ്പിക്കുന്നതിനും സഹായകമാകുംവിധം മികച്ച സംഭാവനകൾ നൽകുന്നവരെ ആദരിക്കുന്നതിനുവേണ്ടിയാണ് ഈ പുരസ്കാരം ഏർപ്പെടുത്തിയിരിക്കുന്നത്. ഭാരതീയ പൗരസ്ത്യ ക്രൈസ്തവപൈതൃകത്തോടു ബന്ധപ്പെട്ട് ദൈവശാസ്ത്രം, കല, സാഹിത്യം, വാസ്തുശില്പം, പുരാവസ്തുഗവേഷണം, ചരിത്രം, ദൈവാരാധന തുടങ്ങിയ മേഖലകളിൽ മികച്ച സംഭാവനകൾ നല്കുന്നവരിൽനിന്നാണ് നാമനിർദേശങ്ങൾ ക്ഷണിച്ചിരിക്കുന്നത്. ദേശീയ-അന്തർദേശീയ തലങ്ങളിൽ ക്രൈസ്തവ-അക്രൈസ്തവഭേദമെന്യേ ആർക്കും സ്വന്തമായോ മറ്റുള്ളവർക്കുവേണ്ടിയോ നാമനിർദേശങ്ങൾ സമർപ്പിക്കാവുന്നതാണ്. 2022 ഡിസംബർ 31 വരെയുള്ള സംഭാവനകൾ മാത്രമേ പുരസ്കാരത്തിനായി പരിഗണിക്കുകയുള്ളു. നാമനിർദേശങ്ങൾക്കൊപ്പം പരിഗണിക്കപ്പെടേണ്ട വ്യക്തിയുടെ ഫോട്ടോ, സംഭാവനകൾ സാക്ഷ്യപ്പെടുത്തിയ രേഖകൾ, മറ്റു ഫോട്ടോഗ്രാഫുകൾ, ഗ്രന്ഥങ്ങൾ, ലേഖനങ്ങൾ തുടങ്ങിയവയും സമർപ്പിക്കേണ്ടതാണ്. അപേക്ഷാഫോറം നേരിട്ടോ, തപാലിലോ നൽകാവുന്നതാണ്.

പൂരിപ്പിച്ച അപേക്ഷാഫോറം 2023 ജൂൺ 15 നകം സെക്രട്ടറി, മാർത്തോമ്മാ പുരസ്കാരം, മാർത്തോമ്മാ വിദ്യാനികേതൻ, പി.ബി. നമ്പർ 20, ചങ്ങനാശേരി - 686 101 കേരള എന്ന വിലാസത്തിൽ ലഭിച്ചിരിക്കേണ്ടതാണ്. 2023 ജൂലൈ 3 ന് മാർത്തോമ്മാ വിദ്യാനികേതൻ വാർഷികത്തോടനുബന്ധിച്ച് അവാർഡുദാനം നടത്തുന്നു.

**അഡ്വ. ജോർജ് വർഗീസ് കോടിക്കൽ**
(സെക്രട്ടറി)
9447366765

**ഫാ. ഡോ. തോമസ് കറുകക്കളം**
(ഡയറക്ടർ)

ഈശോയിൽ ഏറ്റവും സ്നേഹം നിറഞ്ഞവരേ,

പന്തക്കുസ്താതിരുനാളിൽ പരിശുദ്ധാത്മാവിനാൽ നിറഞ്ഞ ശിഷ്യരെപ്പോലെ പരിശുദ്ധാത്മാവിൽ നിറയുന്നവരാകാൻ ദൈവം നിങ്ങൾക്കിടയാക്കട്ടെയെന്നു പ്രാർത്ഥിക്കുന്നു

വചനം ഹൃദയത്തിലും ജീവിതത്തിലും നിറയുകയെന്ന ലക്ഷ്യത്തോടെ നാം നടത്തിയ നൂറുമേനി വചനമനഃപാഠ മത്സരം ഗ്രാൻഡ് ഫിനാലെയോടെയും സമാപനസംഗമത്തോടുകൂടിയും സമാപിക്കുകയാണ്. അഞ്ച് റിജനുകളിൽ നിന്നായി ഒന്നാം സ്ഥാനം കരസ്ഥമാക്കിയ അഞ്ചുകുടുംബങ്ങൾ ഗ്രാൻഡ് ഫിനാലെയിൽ മാറ്റുരയ്ക്കുന്നു. പ്രായഭേദമന്യേ എല്ലാവരും ഈ വർഷത്തെ ലോഗോസ് മത്സരത്തിൽ പങ്കെടുക്കാൻ ശ്രദ്ധിക്കുമല്ലോ.

നമ്മൾ നടപ്പിലാക്കിയ ഏതാനും പദ്ധതികളുടെ സമ്മാനദാനം ഇനിയും നടക്കേണ്ടതായിട്ടുണ്ട്. ഒന്നാം ബാച്ച് ബൈബിൾ കോഴ്സും ബൈബിൾ കൈയെഴുത്തും പൂർത്തിയാക്കിയവർ, ലോഗോസ് 2022 ആദ്യ മൂന്നുസ്ഥാനങ്ങൾ കരസ്ഥമാക്കിയവർ തുടങ്ങിയവർക്കുള്ള സമ്മാനങ്ങൾ ഉടനെതന്നെ നൽകുന്നതാണ്.

സ്നേഹപൂർവം,

**ഫാ. ജോർജ് മാന്തുരുത്തിൽ**
(ഡയറക്ടർ)

### നൂറുമേനി സംഗമവും സമ്മാനദാനവും

2023 ജൂൺ 10ന് എസ്.ബി. കോളേജിലെ മാർ മാത്യു കാവുകാട്ട് ഹാളിൽ നടത്തപ്പെടുന്നു. രാവിലെ 9 മണിക്ക് രജിസ്ട്രേഷൻ ആരംഭിക്കും. ഇടവകയിൽ നിന്നെത്തുന്ന നൂറുമേനി വിജയികൾ തങ്ങൾക്കു നിശ്ചയിച്ചു നൽകിയിരിക്കുന്ന കൗണ്ടറുകളിൽനിന്നും നിങ്ങൾക്കു ലഭിച്ചിരിക്കുന്ന കൂപ്പൺ നൽകി സമ്മാനങ്ങൾ വാങ്ങി ഹാളിനുള്ളിൽ പ്രവേശിച്ച് ഇരിക്കേണ്ടതാണ്. അഭി. മേജർ ആർച്ചുബിഷപ് മാർ ജോർജ് ആലഞ്ചേരി പിതാവിനോടൊപ്പം എല്ലാവർക്കും ഫോട്ടോയെടുക്കുന്നതിനുള്ള ക്രമീകരണങ്ങൾ ചെയ്തിട്ടുണ്ട്. ഇടവകയിൽ ആദ്യ മൂന്നുസ്ഥാനങ്ങൾ നേടിയവർ, 100 ഉം അതിൽ കൂടുതലും ലഭിച്ചവർ, കുടുംബമായി 200 ലഭിച്ചവർ എന്നിവരാണ് സമ്മാനാർഹരായിട്ടുള്ളവർ. ഇവരെ പ്രസ്തുത ദിവസം പറഞ്ഞയയ്ക്കുന്ന കാര്യം ബഹു. അച്ചന്മാർ പ്രത്യേകം ശ്രദ്ധിക്കണം. ഉച്ചഭക്ഷണം ക്രമീകരിച്ചിട്ടുണ്ട്.

### ലോഗോസ് ക്വിസ് 2023

ഈ വർഷത്തെ ലോഗോസ് രജിസ്ട്രേഷൻ ജൂൺ 1-ാം തീയതി ആരംഭിച്ചു. എല്ലാവരും ഈ വചനപഠന പദ്ധതിയിൽ തീക്ഷ്ണതയോടെ പങ്കെടുക്കണ

*ശേഷം പേജ് 61 ൽ.....»*

# റവ. ഫാ. ആന്റണി മാന്നല മെമ്മോറിയൽ
# 7-ാമത് അഖില കേരളാ ബൈബിൾ ക്വിസ്

എളിമയും ലാളിത്യവും മുഖമുദ്രയാക്കി ദൈവത്തെയും ദൈവജനത്തെയും ശുശ്രൂഷിച്ച് ഏവർക്കും പ്രിയങ്കരനായി ജീവിച്ചു നിത്യതയിലേക്കു കടന്നുപോയ പുണ്യാത്മാവ് ബഹു. ആന്റണി മാന്നലയച്ചന്റെ ശാശ്വതസ്മരണയ്ക്കായി 2023 ജൂലൈ 08 ശനിയാഴ്ച 9.00 am ന് ഏഴാമത് അഖില കേരളാ ബൈബിൾ ക്വിസ് മത്സരം നടത്തപ്പെടുന്നു.

## പഠനവിഷയങ്ങൾ

1. **ജോഷ്വാ 13 മുതൽ 24 വരെ അധ്യായങ്ങൾ**
2. **പ്രഭാഷകൻ 27 മുതൽ 33 വരെ അധ്യായങ്ങൾ**
3. **ലൂക്കാ 1 മുതൽ 8 വരെ അധ്യായങ്ങൾ**
4. **2 കോറിന്തോസ് 1 മുതൽ 6 വരെ അധ്യായങ്ങൾ (അവലംബം POC ബൈബിൾ)**

   } 80% (ലോഗോസ് 2023 പഠനഭാഗം)

5. **YOUCAT - അധ്യായം 3 - പേജ് 72 മുതൽ 99 വരെ അഥവാ ചോദ്യോത്തരം 113 മുതൽ 165 വരെ** } 10%
6. **സഭാപരവും മാന്നലയച്ചനെക്കുറിച്ചുള്ളതുമായ ചോദ്യങ്ങൾ** } 10%

## നിബന്ധനകൾ

1. **ഒരു സൺഡേസ്കൂളിൽനിന്നു 2023-24 വർഷം 5 മുതൽ 12 വരെ ക്ലാസിൽ പഠിക്കുന്ന കുട്ടികളിൽ നിന്നും 2 പേർ വീതമുള്ള 2 ടീമുകൾക്കു പങ്കെടുക്കാം.**
2. **2023 ജൂലൈ 05 ന് മുമ്പ് പേര് രജിസ്റ്റർ ചെയ്യണം. രജിസ്ട്രേഷൻ സമയത്ത് ഒരു വാട്സ്ആപ്പ് നമ്പർ നിർബന്ധമായി നൽകണം.**
3. **രജിസ്ട്രേഷൻ ഫീസ് ടീം ഒന്നിന് 100 രൂപ.**
4. **മത്സരത്തിനുമുമ്പ് ഡയറക്ടറുടെ / ഹെഡ്മാസ്റ്ററുടെ സാക്ഷ്യപത്രം ഹാജരാക്കണം.**

## സമ്മാനങ്ങൾ

| | | |
|---|---|---|
| **1-ാം സമ്മാനം** | **5000/-** | **രൂപയും എവർറോളിംഗ് ട്രോഫിയും** |
| **2-ാം സമ്മാനം** | **4000/-** | |
| **3-ാം സമ്മാനം** | **3000/-** | |
| **4-ാം സമ്മാനം** | **2000/-** | |
| **5-ാം സമ്മാനം** | **1000/-** | |
| **6-ാം സമ്മാനം** | **900/-** | |
| **7-ാം സമ്മാനം** | **800/-** | |

കൂടാതെ മാർക്കിന്റെ അടിസ്ഥാനത്തിൽ 8 മുതൽ 10 വരെ സ്ഥാനം ലഭിക്കുന്നവർക്കു യഥാക്രമം 700 രൂപ, 600 രൂപ, 500 രൂപ എന്നിങ്ങനെ ക്യാഷ് അവാർഡും പങ്കെടുക്കുന്ന എല്ലാവർക്കും പ്രോത്സാഹനസമ്മാനങ്ങളും സർട്ടിഫിക്കറ്റുകളും നൽകുന്നു.

**ഫാ. സോണി തെക്കുംമുറിയിൽ**
(വികാരി, 8281330744)

**കൂടുതൽ വിവരങ്ങൾക്കും രജിസ്ട്രേഷനും താഴെപ്പറയുന്ന നമ്പരുകളിൽ വിളിക്കാം**

**നിഷാന്ത് ജോസ് ഫിലിപ്പ്**
ഹെഡ്മാസ്റ്റർ **8281212446**

**ജോസ് മുണ്ടിയാനിക്കൽ**
കൺവീനർ **9447418157**

ഈശോമിശിഹായിൽ പ്രിയ സഹോദരങ്ങളേ,

പുതിയ ആരാധനാവത്സരകാലത്തേക്കു നാം പ്രവേശിച്ചിരിക്കുന്നു. നമ്മുടെ കർത്താവിന്റെ ശ്ലീഹന്മാരുടെ മിശിഹാനുഭവത്തിൽ അടിയുറച്ചതും പരിശുദ്ധ റൂഹായുടെ നിറവിലുമുള്ള ദൗത്യത്തെ സഭ സവിശേഷമായി ധ്യാനിക്കുന്ന കാലമാണ് ശ്ലീഹാക്കാലം. **'ഗാർഹിക സഭയിൽ നമ്മുടെ വിളിയും ദൗത്യവും'** എന്ന വിഷയമാണ് ഈ കാലയളവിൽ നമ്മുടെ പരിചിന്തനത്തിനായി മാർഗ രേഖയിൽ നൽകിയിരിക്കുന്നത്. ശ്ലീഹന്മാരുടെ ദൗത്യത്തെ സഭ ധ്യാനവിഷയ മാക്കുന്ന ഈ ആരാധനാവത്സരകാലത്തിൽ, തങ്ങളുടെ ജീവിതാന്തസിന്റെ കടമകളെയും ദൗത്യങ്ങളെയുംകുറിച്ചു ചിന്തിക്കുവാനും ദൈവകൃപയിൽ ആശ്രയിച്ചു മുന്നോട്ടു നീങ്ങുവാനും കുടുംബങ്ങൾക്കു സാധിക്കണം.

സംഘടനാപ്രവർത്തനങ്ങളെ സഭാത്മകശുശ്രൂഷകളായിവേണം മനസി ലാക്കാൻ. കേവലം സ്ഥാനമാനങ്ങളെ കേന്ദ്രീകരിച്ചായിരിക്കരുത് നമ്മുടെ പ്രവർത്തനങ്ങൾ. യൂണിറ്റുതലത്തിലാണ് സംഘടനാപ്രവർത്തനങ്ങൾ സജീവ മാകേണ്ടത്. മാർഗരേഖ മാതൃകയാക്കിയും ഫൊറോനാ – അതിരൂപതാ നിർ ദേശങ്ങളനുസരിച്ചും യൂണിറ്റ് ഡയറക്ടറുമായി കൂടിയാലോചിച്ചു നവനവങ്ങ ളായ പരിപാടികൾ ആസൂത്രണം ചെയ്തും 'കുടുംബവിശുദ്ധീകരണം' എന്ന ലക്ഷ്യത്തിലേക്കു നമുക്കു മുന്നേറാം.

സ്നേഹപൂർവം,

**ഫാ. ജോസഫ് ഇരുപ്പക്കാട്ട്**
(അസി. ഡയറക്ടർ)

**ഫാ. സെബാസ്റ്റ്യൻ ചാമക്കാല**
(ഡയറക്ടർ)

## റിപ്പോർട്ട്

### പ്രത്യേക ദിനാചരണങ്ങൾ

മെയ് ഒന്നാം തീയതി തൊഴിലാളിദിനം ആഘോഷിച്ചു. യൂണിറ്റുകളിൽ വ്യത്യസ്ത തുറകളിൽ ശുശ്രൂഷ നൽകുന്ന ആദരിക്കപ്പെടേണ്ട തൊഴിലാളി കളെ അനുമോദിച്ചു. മെയ് ആറാം തീയതി നഴ്സസ് ഡേയോട് അനുബന്ധിച്ച് ഇടവകയിലെ നഴ്സ്മാരെയും പാലിയേറ്റീവ് കെയർ അംഗങ്ങളെയും അനു മോദിച്ചു. മെയ് പതിനാല് ലോക മാതൃദിനം ഇടവകകളിൽ സാഘോഷം കൊണ്ടാടി. അതിരൂപതാ ആനിമേഷൻ കോർ ടീം അംഗങ്ങൾ അതിരമ്പുഴ യിലെ അനാഥരായ അമ്മമാരുടെ ഭവനമായ അബ്രോഭവൻ സന്ദർശിച്ച് അവ രോടൊപ്പം മാതൃദിനാഘോഷങ്ങൾ നടത്തി. മെയ് ഇരുപത്തിരണ്ടിന് മാതൃ വേദി സഹമദ്ധ്യസ്ഥയായ വി. റീത്തയുടെ തിരുനാൾ യൂണിറ്റുതലത്തിൽ ആഘോഷിച്ചു. ലോക പ്ലാസ്റ്റിക് വിരുദ്ധദിനത്തിന്റെ സന്ദേശങ്ങൾ കൈമാറുന്ന പ്രവർത്തനങ്ങൾ ക്രമീകരിച്ചു.

### പിതൃവേദി റൂബി ജൂബിലി ഗാനരചനാ മത്സരം

ചങ്ങനാശേരി അതിരൂപതയിലെ പിതാക്കന്മാർക്കായി സംഘടിപ്പിച്ച റൂബി ജൂബിലി ഗാനരചനാ മത്സരം യൂണിറ്റുകളിൽ നടത്തി. മെയ് 28 ന് ഫൊറോന

കളെ ഏൽപിച്ച മികച്ച എൻട്രികളിൽനിന്നും ഫൊറോനയിലെ മികച്ച എൻട്രി തിരഞ്ഞെടുത്ത് ജൂൺ 10 ന് മുമ്പായി അതിരൂപതാകേന്ദ്രത്തിൽ എത്തിക്കേണ്ട താണ്.

**അതിരൂപതാതല മീറ്റിങ്ങുകൾ**

മെയ് ഇരുപത്തിനാലാം തീയതി വൈകുന്നേരം അതിരൂപതാ ആനിമേഷൻ ടീമിന്റെയും ഇരുപത്തിയഞ്ചാം തീയതി ഫൊറോനാ ഡയറക്ടർമാർ, ആനി മേറ്റർമാർ എന്നിവരുടെ സംയുക്തമീറ്റിങ്ങ് ഓൺലൈനായും മെയ് ഇരുപത്തി യേഴാം തീയതി അതിരൂപതാ കൗൺസിൽ മീറ്റിങ്ങ് നേരിട്ടും നടത്തപ്പെട്ടു. ഫൊറോനകളിലെ മാതൃവേദി-പിതൃവേദി പ്രസിഡന്റുമാർ, സെക്രട്ടറിമാർ, ട്രഷറർമാർ, കൗൺസിലർമാർ എന്നിവർ മീറ്റിങ്ങിൽ പങ്കെടുത്തു. വരുന്ന മാസങ്ങളിലെ പ്രവർത്തനങ്ങൾ, പിതൃവേദി റൂബിജൂബിലി ആഘോഷങ്ങൾ, കലോത്സവം എന്നിവ പ്രധാന ചർച്ചാവിഷയമായി.

**ഗർഭിണികളുടെ സംഗമം**

ജീവൻ നൽകാൻ ഒരുങ്ങുന്ന ദമ്പതികളെ മെയ് ഇരുപത്തിയൊമ്പതാം തീയതി ഓൺലൈനായി ഒരുമിച്ചുകൂട്ടി ഡോ. മാമ്മൻ പി. ചെറിയാൻ, ഡോ. സലോ തോമസ് എന്നിവരുടെ നേതൃത്വത്തിൽ ക്ലാസുകൾ സംഘടിപ്പിച്ചു.

**ജൂൺ മാസത്തിൽ ഓർമിക്കാൻ**

**ജൂൺ 1: ലോക രക്ഷാകർതൃദിനം**

പ്രായമായ മാതാപിതാക്കളോടൊപ്പം സമയം ചിലവഴിക്കാം. മക്കൾ നാട്ടി ലില്ലാത്ത മാതാപിതാക്കളെ സന്ദർശിക്കാം. പ്രായമായ മാതാപിതാക്കളെ പള്ളി യിൽ ഒരുമിച്ചുകൂട്ടി വയോജനസംഗമം ക്രമീകരിക്കാം.

**ജൂൺ 5: പരിസ്ഥിതിദിനം**

പരിസ്ഥിതിസംരക്ഷണത്തിന്റെ പ്രാധാന്യം പങ്കുവയ്ക്കുന്ന വിവിധ പരി പാടികൾ, പോസ്റ്റർ മത്സരങ്ങൾ, പരിസരശുചീകരണം എന്നിങ്ങനെ വിവിധ പരിപാടികൾ നടത്താം.

**ജൂൺ 18: പിതൃദിനം**

പിതൃവേദിയുടെ റൂബിജൂബിലിയോടനുബന്ധിച്ച് പിതൃദിനം ഉചിതമായ രീതിയിൽ ആഘോഷിക്കാം. പിതാക്കന്മാരുടെ വൃദ്ധസദനങ്ങൾ സന്ദർശിക്കാം. സമൂഹത്തിനു മാതൃകയാകുന്ന യുവപിതാക്കന്മാരെ ആദരിക്കാം.

**ജൂൺ 23: ലോക വിധവാദിനം**

വിധവകളെ ഒരുമിച്ചുകൂട്ടി ക്ലാസുകൾ ക്രമീകരിക്കാം. അവരുടെയിടയിൽ നിന്നുതന്നെ ഒന്നോ രണ്ടോ നേതാക്കളെ തിരഞ്ഞെടുത്ത് യൂദിത്ത്-നവോമി ഫോറങ്ങൾ എല്ലാ മാസവും പള്ളിയിൽ ഒരുമിച്ചുകൂടുന്നതിന് അവസരമൊ രുക്കാം.

**ജൂൺ 26: ലോക ലഹരിവിരുദ്ധദിനം**

ലഹരിവിരുദ്ധസന്ദേശങ്ങൾ നല്കുന്ന പ്രോഗ്രാമുകൾ ക്രമീകരിക്കാം.

## അറിയിപ്പുകൾ

### പിതൃവേദി റൂബിജൂബിലി പ്രസംഗമത്സരം

പിതൃവേദിയുടെ റൂബിജൂബിലിയോടനുബന്ധിച്ച് 'പിതൃവേദിയും പിതൃദൗത്യവും' എന്ന വിഷയത്തിൽ ചങ്ങനാശേരി അതിരൂപതയിലെ പിതാക്കന്മാർക്കായി പ്രസംഗമത്സരം ക്രമീകരിക്കുന്നു. പിതൃവേദിയുടെ ലക്ഷ്യം, പ്രവർത്തനങ്ങൾ, ഇടപെടലുകൾ എന്നിവയും കുടുംബത്തിൽ പിതാക്കന്മാരുടെ ദൗത്യവും ഉൾക്കൊള്ളിച്ചുകൊണ്ടായിരിക്കണം പ്രസംഗം. വിശദവിവരങ്ങളും നിബന്ധനകളും വാട്സ്ആപ്പ് മുഖേന അറിയിക്കുന്നതാണ്.

### അതിരൂപതാ കലോത്സവം

ഈ വർഷത്തെ അതിരൂപതാ കലോത്സവം നവംബർ 11 ശനിയാഴ്ച നടത്തപ്പെടുന്നു. ഇടവക-ഫൊറോനാതല മത്സരങ്ങൾ ജൂലൈ മാസം മുതൽ ക്രമീകരിക്കേണ്ടതുണ്ട്. വിശദവിവരങ്ങളും മത്സരങ്ങളുടെ മാർഗരേഖയും വാട്സ്ആപ്പ് മുഖേന ജൂൺ മാസംതന്നെ നൽകുന്നതാണ്.

### മുണ്ട് ചലഞ്ച്

ആദ്യഘട്ട മുണ്ടുകൾ വിതരണം ചെയ്തുകൊണ്ടിരിക്കുന്നു. മുണ്ട് ലഭിച്ച ഇടവകകൾ വൈകാതെതന്നെ അതിന്റെ തുക അതിരൂപതാകേന്ദ്രത്തിൽ എത്തിക്കേണ്ടതാണ്. ആവശ്യമായ ക്രമീകരണങ്ങൾ ചെയ്യാൻ ഫൊറോനാസമിതി ശ്രമിക്കുമല്ലോ.

### നന്ദി–സ്വാഗതം

കഴിഞ്ഞ ഒരു വർഷക്കാലം റീജന്റുമാരായി ഫാമിലി അപ്പോസ്തലേറ്റിന്റെ ശുശ്രൂഷകളിൽ സഹായിച്ച് വൈദികവസ്ത്രം സ്വീകരിച്ച് തുടർപഠനങ്ങൾക്കായി മേജർ സെമിനാരികളിലേക്കു യാത്രയാകുന്ന **ബ്രദർ വിപിൻ വെട്ടുപറമ്പിലിനും ബ്രദർ ജോസഫ് വട്ടക്കളത്തിനും** ഫാമിലി അപ്പോസ്തലേറ്റ് കുടുംബത്തിന്റെ പ്രാർഥനാശംസകൾ. ഫാമിലി അപ്പോസ്തലേറ്റിൽ പുതിയ റീജന്റായി ശുശ്രൂഷ ചെയ്യാനെത്തിയിരിക്കുന്ന **ബ്രദർ മാത്തുക്കുട്ടി മണ്ണാന്തുരുത്തിലിനു** സ്നേഹപൂർവമായ സ്വാഗതം.


| വിവാഹ ഒരുക്കധ്യാനം | | | കൂടുതൽ വിവരങ്ങൾക്ക് |
|---|---|---|---|
| | **2023 JUNE** | **2023 JULY** | 0481 2424476<br>9447016240<br>വിളിക്കേണ്ട സമയം:<br>10 am - 5 pm |
| FAMILY APOSTOLATE · ARCHDIOCESE OF CHANGANASSERY | 10, 11, 12 CHRY<br>19, 20, 21 ZION<br>26, 27, 28 CHRY | 8, 9, 10 CHRY<br>24, 25, 26 CHRY | |

**അഭി. മാർ ജോസഫ് പവ്വത്തിൽ പിതാവിന്റെ 41–ാം ചരമദിനാചരണം നടത്തി**

അതിരൂപതാ യുവദീപ്തി-SMYMന്റെ ആഭിമുഖ്യത്തിൽ അഭി. മാർ ജോസഫ് പവ്വത്തിൽ പിതാവിന്റെ 41-ാം ചരമദിനാചരണവും ഓർമകുർബാനയും അനുസ്മരണസമ്മേളനവും 2023 ഏപ്രിൽ 27 ന് വ്യാഴാഴ്ച സെന്റ് മേരീസ് മെത്രാപ്പോലീത്തൻ പള്ളിയിലെ മർത്ത് മറിയം കബറിടപള്ളിയിൽ നടത്തി. അഭി. മാർ ജോസഫ് പെരുന്തോട്ടം മെത്രാപ്പോലീത്ത വി. കുർബാനയർപ്പിച്ച് അനുസ്മരണപ്രസംഗം നടത്തി. അതിരൂപതാ ഡയറക്ടർ ഫാ. ആന്റണി ആന ക്കല്ലുങ്കൽ, അതിരൂപതാ പ്രസിഡന്റ് ജോർജ് സെബാസ്റ്റ്യൻ, വികാരി ജനറാൾ വെരി റവ. ഫാ. ജോസഫ് വാണിയപ്പുരയ്ക്കൽ, മുൻ അതിരൂപതാ ഡയറക്ടർ ഫാ. ആന്റണി എത്തയ്ക്കാട്, മുൻ അതിരൂപതാ പ്രസിഡന്റ് സൈബി അക്കര, ഓഫീസ് സെക്രട്ടറി ലാലിച്ചൻ മറ്റത്തിൽ, അതിരൂപതാ ഡെപ്യൂട്ടി പ്രസിഡന്റ് രേഷ്മ ദേവസ്യാ എന്നിവർ അനുസ്മരണപ്രസംഗങ്ങൾ നടത്തി.

**പ്രാർത്ഥനാ പഠന പരിശീലന ക്യാമ്പ് – മെസ്സിസ്സ് 2K23 നെടുങ്കുന്നം ഫൊറോന**

യുവദീപ്തി-SMYM നെടുങ്കുന്നം ഫൊറോനയുടെ ഈ വർഷത്തെ പ്രാർ ത്ഥന-പഠന പരിശീലനക്യാമ്പ് മെയ് 12, 13, 14 തീയതികളിൽ സഞ്ജീവനി സെന്ററിൽ നടത്തി. ഫൊറോനാ പ്രസിഡന്റ് ജോബിൻ ഇടത്താഴെയുടെ അദ്ധ്യക്ഷതയിൽ കൂടിയ സമ്മേളനത്തിൽ അതിരൂപതാ സിഞ്ചെള്ളൂസ് വെരി റവ. ഫാ. ജോസഫ് വാണിയപ്പുരയ്ക്കൽ ക്യാമ്പ് ഉദ്ഘാടനം ചെയ്തു. ഡയറ ക്ടർ ഫാ. ആന്റണി ആനക്കല്ലുങ്കൽ, പ്രസിഡന്റ് ജോർജ് സെബാസ്റ്റ്യൻ, ഫാ. വർഗീസ് വെട്ടുകുഴി, ഫാ. വർഗീസ് കോശാക്കൽ, സി. സെലിൻ CMC, രേഷ്മ ദേവസ്യാ, ജിയാ വിത്സൻ എന്നിവർ പ്രസംഗിച്ചു. ശ്രീ. കെ.വി. സെബാസ്റ്റ്യൻ, ഫാ. ജോസഫ് ഈറ്റോലിൽ, ഫാ. മാത്യു പള്ളിച്ചിറ എന്നിവർ ക്ലാസുകൾ നയിച്ചു. അതിരൂപതാ സഹായമെത്രാൻ മാർ തോമസ് തറയിൽ ക്യാമ്പേഴ്സു മായി സംവദിച്ചു.

**തൃക്കൊടിത്താനം ഫൊറോനാ ക്യാമ്പ് – മെസ്സിസ്സ് 2K23**

തൃക്കൊടിത്താനം ഫൊറോനയുടെ പ്രാർത്ഥന-പഠന പരിശീലനക്യാമ്പ് മെയ് 26, 27, 28 തീയതികളിൽ കുന്നന്താനം സീയോൻ ധ്യാനകേന്ദ്രത്തിൽ നടന്നു. അതിരൂപതാ സഹായമെത്രാൻ മാർ തോമസ് തറയിൽ ക്യാമ്പ് ഉദ്ഘാടനം ചെയ്തു. ഫാ. ആന്റണി ആനക്കല്ലുങ്കൽ, ഫാ. ജോസഫ് ഈറ്റോലിൽ, ഫാ. മാത്യു പള്ളിച്ചിറ എന്നിവർ ക്ലാസ്സുകൾ നയിച്ചു.

**അതിരമ്പുഴ ഫൊറോനാ പ്രാർത്ഥന–പഠന പരിശീലന ക്യാമ്പ് – മെസ്സിസ്സ് 2K23**

അതിരമ്പുഴ ഫൊറോന യുവദീപ്തി-SMYM ന്റെ പ്രാർത്ഥനാ-പഠന പരിശീലന ക്യാമ്പ് മെസ്സിസ്സ് 2K23 മാങ്ങാനം സ്പിരിച്ചാലിറ്റി സെന്ററിൽ മെയ് 26, 27, 28 തീയതികളിൽ നടത്തി. അതിരൂപതാ സിഞ്ചെള്ളൂസ് വെരി റവ. ഫാ.

ജോസഫ് വാണിയപ്പുരയ്ക്കൽ ക്യാമ്പ് ഉദ്ഘാടനം ചെയ്തു. അതിരൂപതാ ടീം ക്ലാസുകൾ നയിച്ചു. അതിരൂപതാ ഭാരവാഹികൾ ക്യാമ്പിനു നേതൃത്വം നൽകി.

**വന്യമൃഗാക്രമണങ്ങൾക്കെതിരെ കളക്ട്രേറ്റ് ധർണ**

യുവദീപ്തി-SMYM ന്റെ ആഭിമുഖ്യത്തിൽ കാട്ടുപോത്തിന്റെയും മറ്റു വന്യ ജീവികളുടെയും ആക്രമണത്തിൽ മരിച്ചവർക്കു നീതികിട്ടണമെന്നും അവരുടെ കുടുംബങ്ങൾക്കു സർക്കാർ ന്യായമായ ധനസഹായം നൽകണമെന്നും ആവശ്യപ്പെട്ടുകൊണ്ട് കോട്ടയം കളക്ട്രേറ്റ് പടിക്കൽ ധർണ നടത്തി. പ്രതിഷേധർണ അഡ്വ. പ്രിൻസ് ലൂക്കോസ് ഉദ്ഘാടനം ചെയ്തു. അതിരൂപതാ ഡയറക്ടർ ഫാ. ആന്റണി ആനക്കല്ലുങ്കൽ, പ്രസിഡന്റ് ജോർജ് സെബാസ്റ്റ്യൻ, ഓഫീസ് സെക്രട്ടറി ലാലിച്ചൻ മറ്റത്തിൽ, ഡെപ്യൂട്ടി പ്രസിഡന്റ് രേഷ്മ ദേവസ്യാ, മുൻ പ്രസിഡന്റ് അഡ്വ. ജോർജ് ജോസഫ്, ആൽബിൻ ജെ. പടിഞ്ഞാറേക്കര, ജറി ജസ്റ്റി എന്നിവർ പ്രസംഗിച്ചു.

❍

---

» *കുടുംബക്കൂട്ടായ്മ - ബൈബിൾ അപ്പോസ്തലേറ്റ് തുടർച്ച...*

മെന്ന് ഓർമിപ്പിക്കുന്നു. കഴിഞ്ഞവർഷത്തെ സർട്ടിഫിക്കറ്റുകളും സമ്മാനങ്ങളും ഇനിയും വാങ്ങുവാനുള്ള ഇടവകകൾ ഓഫീസിൽനിന്നു വാങ്ങേണ്ടതാണ്. ഈ വർഷത്തെ ലോഗോസ് പഠനസഹായി ഓഫീസിൽ ലഭ്യമാണ്.

**പ്രത്യേക ശ്രദ്ധയ്ക്ക്**

ബൈബിൾ കോഴ്സ് 1-ാംബാച്ച് പൂർത്തിയാക്കിയവരിൽ ഏതാനും ആളുകൾകൂടി നോട്ടുകൾ സമർപ്പിക്കേണ്ടതായിട്ടുണ്ട്. ഇവർക്കുള്ള സമ്മാനങ്ങൾ ഉടൻ വിതരണം ചെയ്യേണ്ടതിനാൽ നോട്ടുകൾ ജൂൺ 12 നകം എത്തിക്കേണ്ടതാണ്. ബൈബിൾ കൈയെഴുത്ത് പൂർത്തിയാക്കിയവരുടെ ബൈബിൾ അഭി. പിതാവ് വെഞ്ചരിച്ചു നൽകുന്നതാണ്. ആയതിനാൽ ഇനിയും ബൈൻഡ് ചെയ്യാനുള്ളവർ എത്രയും വേഗം ചെയ്യുകയും ആവശ്യപ്പെടുന്ന ദിവസം അതിരൂപതാ കുടുംബക്കൂട്ടായ്മ ഓഫീസിൽ എത്തിക്കേണ്ടതുമാണ്.

ലോഗോസ് ക്വിസ് 2022 മത്സരത്തിൽ ഓരോ വിഭാഗത്തിലും ആദ്യ മൂന്നുസ്ഥാനങ്ങൾ കരസ്ഥമാക്കിയവർക്കുള്ള സർട്ടിഫിക്കറ്റുകളും ക്യാഷ് അവാർഡുകളും ജൂൺ മാസത്തിൽ നൽകുന്നതാണ്. വിശദവിവരങ്ങൾ ബന്ധപ്പെട്ടവരെ അറിയിക്കുന്നതാണ്.

**നൂറുമേനി ഗ്രാൻഡ് ഫിനാലെ**

2023 ജൂൺ 9-ാം തീയതി വെള്ളിയാഴ്ച രാവിലെ 11 മണിക്ക് എസ്.ബി. കോളേജിലെ കാവുകാട്ടു ഹാളിൽ നടത്തപ്പെടുന്നു. അതിരൂപതയിലെ അഞ്ച് റീജിനുകളിൽ നിന്നും ഒന്നാം സ്ഥാനം ലഭിച്ച 5 ടീമുകളാണ് പങ്കെടുക്കുന്നത്.

❍

### അവലോകനവും ചർച്ചയും

CARP ഡിപ്പാർട്ട്മെന്റിന്റെ ആഭിമുഖ്യത്തിൽ മെയ് 18 വ്യാഴാഴ്ച വൈകുന്നേരം 3 മണിക്ക് അതിരൂപതാ ഓഫീസിൽ കൂടിയ അതിരൂപതാ എക്സിക്യുട്ടിവ് കമ്മിറ്റിയിൽ സംവരണമാനദണ്ഡങ്ങളെ സംബന്ധിച്ചും EWS ആനുകൂല്യങ്ങളെപ്പറ്റിയും അവലോകനവും ചർച്ചയും നടന്നു. അടിയന്തിരപ്രാധാന്യം നൽകി ജസ്റ്റിസ് ജെ.ബി. കോശി കമ്മിഷൻ റിപ്പോർട്ട് നടപ്പിലാക്കാണമെന്ന് ആവശ്യപ്പെട്ടു മുഖ്യമന്ത്രിക്കു നിവേദനം സമർപ്പിച്ചു. ഡയറക്ടർ ഫാ. ജയിംസ് കൊക്കാവയലിൽ റിപ്പോർട്ടിലെ പ്രതിപാദ്യവിഷയങ്ങൾ യോഗസമക്ഷം അവതരിപ്പിച്ചു സംസാരിച്ചു

## ജൂൺ മാസത്തിൽ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

### ഇഡബ്ല്യുഎസ്

സർക്കാർസ്ഥാപനങ്ങളിലെ ഹയർ സെക്കന്ററി, നഴ്സിംഗ് അഡ്മിഷൻ തുടങ്ങി എല്ലാ വിദ്യാഭ്യാസപ്രവേശനങ്ങൾക്കും 10% ഇഡബ്ല്യുഎസ് സംവരണം സുറിയാനി ക്രിസ്ത്യാനികൾക്കു ലഭ്യമാണ്. ഇതിനായി വില്ലേജ് ഓഫീസിൽ നിന്നും സംസ്ഥാന ഇഡബ്ല്യുഎസ് സർട്ടിഫിക്കറ്റാണ് വാങ്ങേണ്ടത്. ഇതിന്റെ ഫോമുകൾക്കും വിശദവിവരങ്ങൾക്കും കാർപ് വെബ്സൈറ്റ് സന്ദർശിക്കുക. https://carpchanganacherry.com

### വിദ്യാഭ്യാസ വായ്പ

ഉന്നതവിദ്യാഭ്യാസത്തിനു പ്രവേശനം ലഭിച്ച വിദ്യാർത്ഥികൾക്കു കുറഞ്ഞ പലിശനിരക്കിൽ വായ്പകൾ കേരള സംസ്ഥാന ന്യൂനപക്ഷ ധനകാര്യ വികസന കോർപറേഷൻ, കേരള സംസ്ഥാന പിന്നാക്ക വികസന കോർപ്പറേഷൻ എന്നിവയിൽനിന്നു ലഭ്യമാണ്. വിശദവിവരങ്ങൾക്കു കാർപ് വെബ്സൈറ്റ് സന്ദർശിക്കുക. https://carpchanganacherry.com

### ഭവനവായ്പ

വീട് നിർമിക്കാൻ 6 ലക്ഷം രൂപ വായ്പ നൽകുന്നു. ന്യൂനപക്ഷ ക്ഷേമ വകുപ്പാണ് ഇതിനുള്ള അപേക്ഷ ക്ഷണിച്ചിരിക്കുന്നത്. എല്ലാ ജില്ലാ കേന്ദ്രങ്ങളിലും അപേക്ഷ സ്വീകരിക്കും. പലിശനിരക്ക് 6%

### പ്രധാന മന്ത്രി മാതൃവന്ദന യോജന

രണ്ടാമത്തെ പെൺകുട്ടിക്കു ജന്മം നൽകുന്ന മാതാവിനു 6000 രൂപ ലഭിക്കും. 2022 ഏപ്രിൽ ഒന്നുമുതൽ ഇതു മുൻകാല പ്രാബല്യമുള്ളതാണ്. 2022 ഏപ്രിൽ മുതൽ ജനിച്ച രണ്ടാമത്തെ പെൺകുട്ടിയുടെ മാതാക്കൾ ജൂൺ 30ന് മുമ്പായി അടുത്തുള്ള അംഗൻവാടിയിൽ പേരു രജിസ്റ്റർ ചെയ്യണം APL/ BPL വ്യത്യാസമില്ലാതെ ആനുകൂല്യം ലഭിക്കും.

**ബേബി വട്ടക്കര** (9142121717)
**ടോം ജോസഫ്** (9447207700)
**ബിനു കുര്യാക്കോസ്** (7306513917)
(കോർഡിനേറ്റേഴ്സ്)

**ഫാ. ജയിംസ് കൊക്കാവയലിൽ**
(ഡയറക്ടർ)
6238214912

പ്രിയ ബഹു. അച്ചാ/സുഹൃത്തേ,

**ചാസിൽനിന്നും ആശംസകൾ !!!**

വേനൽചൂടിനു ശമനമായി മഴക്കാലത്തിന്റെ വരവറിയിച്ച് ജൂൺ മാസം സമാഗതമായി. ഒപ്പം മദ്ധ്യവേനലവധിക്കുശേഷം വിദ്യാഭ്യാസസ്ഥാപനങ്ങൾ തുറക്കുകയാണല്ലോ. ഈ അവസരത്തിൽ ധാരാളം കുടുംബങ്ങൾ സാമ്പത്തിക ബുദ്ധിമുട്ടുകളനുഭവിക്കുന്ന അവസ്ഥയാണുള്ളത്. ഇതു മനസിലാക്കി പ്രാദേശിക സൊസൈറ്റികളടെ നേതൃത്വത്തിൽ അവർക്കുവേണ്ട കരുതലും സഹായ സഹകരണങ്ങളും നൽകണമെന്നഭ്യർത്ഥിക്കുന്നു. മഴക്കാലം ഒട്ടേറെ സാംക്രമിക രോഗങ്ങൾക്കും മഴക്കെടുതികൾക്കും ഇടയാക്കുമെന്നു കഴിഞ്ഞകാല അനുഭവങ്ങൾ നമ്മെ പഠിപ്പിച്ചിട്ടുണ്ട്. ഇത്തരം സാഹചര്യങ്ങൾ മുന്നിൽകണ്ട് ആവശ്യമായ മുൻകരുതൽ നടപടികൾ സ്വീകരിക്കുവാൻ ചാസ് പ്രാദേശിക യൂണിറ്റുകൾക്കു കഴിയണം.

ജൂൺ 5 ലോകപരിസ്ഥിതിദിനമായും 26 അന്താരാഷ്ട്ര ലഹരിവിരുദ്ധദിനമായും ആചരിക്കുകയാണല്ലോ. പ്രപഞ്ചസ്രഷ്ടാവായ ദൈവം താൻ സൃഷ്ടിച്ചതെല്ലാം മനോഹരമായിരിക്കുന്നുവെന്നു കണ്ട് സ്വയം കൃതാർത്ഥനായതായി ഉൽപ്പത്തി പുസ്തകത്തിൽ നാം വായിക്കുന്നു. ദൈവം നല്ലതെന്നു പറഞ്ഞതിനെ അശുദ്ധമാക്കുവാൻ മനുഷ്യന് അവകാശമില്ല. മനുഷ്യന്റെ ചെയ്തികളും പ്രവർത്തനങ്ങളും പ്രകൃതിക്കു വിരുദ്ധമായി മാറിയപ്പോൾ കാലാവസ്ഥാവ്യതിയാനം, പ്രകൃതിക്ഷോഭങ്ങൾ, സാംക്രമികരോഗങ്ങൾ എന്നിങ്ങനെയുള്ള ദുരിതങ്ങൾ മനുഷ്യനു സമ്മാനിച്ച് പ്രകൃതി പ്രതികരിക്കുവാൻ തുടങ്ങി. ഈ സാഹചര്യത്തിൽ പരിസ്ഥിതിദിനാചരണത്തോടനുബന്ധിച്ച് പ്രകൃതിയിലേയ്ക്കു മാലിന്യങ്ങൾ വലിച്ചെറിഞ്ഞ് ഭൂമിയെ മലീമസമാക്കാതെയും ഭൂമിയിൽ ജലം താഴ്ന്നിറങ്ങുന്നതിനുവേണ്ട നീർക്കുഴികൾ നിർമിച്ചും മരങ്ങൾ നട്ടുവളർത്തിയും ഉൾപ്പെടെയുള്ള പ്രവർത്തനങ്ങൾ യൂണിറ്റുകൾ വഴി നടപ്പിലാക്കണം. അതുപോലെതന്നെ നമ്മുടെ നാട് ഇന്ന് അഭിമുഖീകരിക്കുന്ന മറ്റൊരു വിപത്താണ് അനിയന്ത്രിതമായി വർദ്ധിച്ചുവരുന്ന ലഹരിയുടെ ഉപയോഗം. കുട്ടികളും യുവതലമുറയും ലഹരിക്കടിമകളായിത്തീർന്നിരിക്കുന്നു. ലഹരിമാഫിയകളുടെ തേർവാഴ്ച നമ്മുടെ നാടിന്റെ സ്വസ്ഥത കൊടുത്തുന്നു. ഈ മേഖലകളിലെല്ലാം ജനപങ്കാളിത്തത്തോടുകൂടി വിവിധ കർമപരിപാടികൾ ചാസ് ആസൂത്രണം ചെയ്തു നടപ്പിലാക്കിവരുന്നു. ഇത്തരം പ്രവർത്തനങ്ങൾക്കുവേണ്ട പിന്തുണയും പ്രോത്സാഹനവും നൽകി സഹകരിക്കുമല്ലോ. ചാസിന്റെ നേതൃത്വത്തിൽ ജൂൺ 25 ഞായറാഴ്ച രാവിലെ 8.30 ന് നമ്മുടെ അതിരൂപതയിലെ എല്ലാ ഇടവകകളിലും ദൈവജനം ഒന്നുചേർന്നു ലഹരിക്കെതിരായി ഒരു 'സൗഹൃദചങ്ങല' തീർക്കുന്നു. ചാസിന്റെ പ്രാദേശികയൂണിറ്റുകളും സ്വാശ്രയസംഘാംഗങ്ങളും ക്രെഡിറ്റ് യൂണിയൻ അംഗങ്ങളും ഇടവകയിലെ മറ്റു ഭക്തസംഘടനകളെയും ഉൾപ്പെടുത്തി ബഹു. വികാരിയച്ചന്റെ നേതൃത്വത്തിൽ ആവശ്യമായ ക്രമീകര

ണങ്ങൾ ചെയ്യണമെന്നു പ്രത്യേകം ഓർമിപ്പിക്കുന്നു. അങ്ങനെ കൂട്ടായപ്രവർത്തനത്തിലൂടെ നാടിന്റെ നന്മക്കായി കൈ കോർക്കാം.

ഈശോയിൽ സ്നേഹപൂർവം,

**ഫാ. ജോർജ് പനക്കേഴം**
**ഫാ. ജോർജ് തൈച്ചേരിൽ**
(അസി. ഡയറക്ടേഴ്സ്)

**ഫാ. തോമസ് കുളത്തുങ്കൽ**
(ഡയറക്ടർ)

## കേന്ദ്രവാർത്തകൾ

### ഓറിയന്റേഷൻ പ്രോഗ്രാം

സോഷ്യൽവർക്ക്, ബിസിനസ് അഡ്മിനിസ്ട്രേഷൻ, അഗ്രിക്കൾച്ചർ, കോമേഴ്സ് എന്നീ മേഖലകളിൽ വിവിധ കോളേജുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾ അവരുടെ പഠനത്തിന്റെ ഭാഗമായി ഇന്റേൺഷിപ്പ് നടത്തുന്നതിനു എത്തിയ 32 വിദ്യാർത്ഥികൾക്ക് മെയ് 2, 15 തീയതികളിൽ സന്നദ്ധപ്രവർത്തന മേഖലയെക്കുറിച്ച് ശിൽപശാല സംഘടിപ്പിച്ചു. ഡയറക്ടർ ഫാ. തോമസ് കുളത്തുങ്കൽ, പ്രോഗ്രാം ഓഫീസർ ജോബി മാത്യു, പ്രൊജക്റ്റ് ഓഫീസർ സി. സെൽമ SRA എന്നിവർ ക്ലാസ് നയിച്ചു.

### കൃഷിക്കൂട്ടം രൂപീകരിച്ചു

കാർഷികവികസനത്തിന്റെ ഭാഗമായി കാർഷികക്ഷേമവകുപ്പ് നടപ്പിൽ വരുത്തുന്ന 'കൃഷിക്കൂട്ടം' പദ്ധതിയിൽ ചാസിന്റെ ആഭിമുഖ്യത്തിൽ കർഷകരെ സംഘടിപ്പിച്ചുകൊണ്ട് ചങ്ങനാശേരി ബൈപ്പാസ് റോഡിനു സമീപവും കുറുമ്പനാടം സമൃദ്ധ കേന്ദ്രീകരിച്ചും രൂപീകരിച്ച കൃഷിക്കൂട്ടത്തിന്റെ രജിസ്ട്രേഷൻ നടപടികൾ പൂർത്തീകരിച്ചു.

### ശലഭം 2023

കുട്ടികൾക്ക് അവധിക്കാലം സന്തോഷപ്രദവും ഫലപ്രദവുമാക്കുവാൻ ചാസിന്റെ നേതൃത്വത്തിൽ സമ്മർ ക്യാമ്പ് 'ശലഭം 2023' മെയ് 18,19 തീയതികളിൽ കൊടുപ്പുന്ന സെന്റ് ജോസഫ്സ് പാരീഷ് ഹാളിൽ സംഘടിപ്പിച്ചു. ചാസ് ഡയറക്ടർ ഫാ. തോമസ് കുളത്തുങ്കൽ ഉദ്ഘാടനം നിർവഹിച്ചു. അസി. ഡയറക്ടറും കൊടുപ്പുന്ന പള്ളി വികാരിയുമായ ഫാ. ജോർജ് തൈച്ചേരിൽ അദ്ധ്യക്ഷതവഹിച്ചു. നേതൃത്വപരിശീലനം, വ്യക്തിത്വവികസനം, ആശയവിനിമയം, ഗ്രൂപ്പ് ചർച്ചകൾ, വിവിധ കലാകായികപരിപാടികൾ തുടങ്ങിയവ ക്യാമ്പിന്റെ പ്രത്യേകതകളായിരുന്നു. സൺഡേസ്കൂൾ ഹെഡ്മാസ്റ്റർ റോണി മുണ്ടുചിറ, ബിജുമോൻ അമ്പതിൽചിറ എന്നിവർ പ്രസംഗിച്ചു.

### വിപണി ഇടപെടലുകൾ – സംസ്ഥാനതലസമ്മേളനം

കേരളാ ഗവൺമെന്റിന്റെ രണ്ടാം വർഷികത്തോടനുബന്ധിച്ചുള്ള മൂന്നാമത് നൂറുദിന കർമപരിപാടികളോടനുബന്ധിച്ചു നടന്ന വിപണി ഇടപെടലുകളുടെ ഭാഗമായി 2023 മെയ് 19 വെള്ളിയാഴ്ച രാവിലെ 10 മണിക്ക് പാലാ മുനിസിപ്പൽ ടൗൺഹാളിൽ സംഘടിപ്പിച്ച സംസ്ഥാനതലസമ്മേളനത്തിൽ ചാസിനെ പ്രതിനിധീകരിച്ച് ഡയറക്ടർ ഫാ. തോമസ് കുളത്തുങ്കൽ സംസാരിച്ചു.

### എന്റെ കേരളം പ്രദർശനവിപണി

സംസ്ഥാനസർക്കാരിന്റെ രണ്ടാം വാർഷികത്തോടനുബന്ധിച്ചു കോട്ടയം നാഗമ്പടം മൈതാനിയിൽ മെയ് 15 മുതൽ 21 വരെ സംഘടിപ്പിച്ച എന്റെ കേരളം പ്രദർശന-വിപണനമേളയിൽ ചാസ് സ്വാശ്രയവിപണി, ഖാദി ഗ്രാമവ്യവസായ ഉൽപ്പന്നങ്ങളുടെ പ്രദർശനവും വിപണനവും നടത്തി.

## ചാസ് സാമൂഹ്യസുരക്ഷാ സഹായപദ്ധതി

ചാസിന്റെ സാമൂഹ്യസുരക്ഷാ സഹായപദ്ധതികൾ വഴി 2023 മെയ് മാസം ആനുകൂല്യം ലഭിച്ച കുടുംബങ്ങൾ

**(1) SHG മരണാനന്തര സഹായം** (3 കുടുംബങ്ങൾക്ക് 10,000/- രൂപ വീതം 30,000/- രൂപ അനുവദിച്ചു)

| *പേര്* | *സംഘം* | *യൂണിറ്റ്* | *മേഖല* |
|---|---|---|---|
| 623. ആനിമ്മ കുഞ്ഞുമോൻ | ആശാജീവൻ | ചീപ്പുങ്കൽ | കുടമാളൂർ |
| 624. ഏലിക്കുട്ടി മാണി | മരിയ | ചെറുവാണ്ടൂർ | അതിരമ്പുഴ |
| 625. മേഴ്സി രാരിച്ചൻ | ഐശ്വര്യ | പുറക്കാട് | ആലപ്പുഴ |

**(2) മ്യൂച്വൽ ബനഫിറ്റ് സ്കീം (MBS)**

- മരണാനന്തരസഹായം (ഓരോ കുടുംബത്തിനും 10,000/- രൂപ വീതം 15 കുടുംബങ്ങൾക്ക് 1,50,000/- രൂപ സഹായം അനുവദിച്ചു)

| *പേര്* | *യൂണിറ്റ്* | *മേഖല* |
|---|---|---|
| 868. ലില്ലിക്കുട്ടി ടോമി പുത്തൻപുരയിൽ | മാന്നില | കുറുമ്പനാടം |
| 869. വർക്കി ജോർജ് പെൻതാനത്ത് | ചേപ്പുംപാറ | കോട്ടയം |
| 870. ജോസഫ് ചാക്കോ പന്തപ്പാട | പഴവങ്ങാടി | ആലപ്പുഴ |
| 871. മോനിയമ്മ പാറത്തറ | അമ്പലപ്പുഴ | എടത്വാ |
| 872. സരസമ്മ രാമവിലാസം | ഫിൽഗിരി | കൊല്ലം |
| 873. ത്രേസ്യാമ്മ മാത്യു ചെത്തിപ്പുഴ | കുറുമ്പനാടം | കുറുമ്പനാടം |
| 874. ലീലാമ്മ ബേബിച്ചൻ വള്ളിക്കാട്ടിൽ | പൂന്തോപ്പ് | ആലപ്പുഴ |
| 875. മോളിക്കുട്ടി വർഗീസ് പുത്തൻപുരയ്ക്കൽ | പൂന്തോപ്പ് | ആലപ്പുഴ |
| 876. മേഴ്സി രാരിച്ചൻ വാണിയപ്പുരയ്ക്കൽ | പുറക്കാട് | ആലപ്പുഴ |
| 877. ജോൺ ജോസഫ് ജോബിൻ നിവാസ് | ആറുമാനൂർ | അതിരമ്പുഴ |
| 878. അച്ചാമ്മ ലോറൻസ് പാലാരിമംഗലം | ആര്യങ്കാവ് | കൊല്ലം |
| 879. അച്ചാമ്മ അബ്രഹാം മാവുങ്കൽ | ആര്യങ്കാവ് | കൊല്ലം |
| 880. റോസമ്മ വർഗീസ് നെടുംപറമ്പിൽ | പുഴവാത് | ചങ്ങനാശേരി |
| 881. അന്നമ്മ പീലിപ്പോസ് പടിഞ്ഞാറേകാട്ടുങ്കൽ | പച്ച | എടത്വാ |
| 882. മേരിക്കുട്ടി ചാക്കോ വടക്കേപറമ്പിൽ | പനയമ്പാല | നെടുങ്കുന്നം |

## മേഖലാവാർത്തകൾ

### സ്വാശ്രയ സംഘരൂപീകരണം

| *തീയതി* | *യൂണിറ്റ്* | *സംഘം* | *അംഗങ്ങൾ* |
|---|---|---|---|
| 02.05.2023 | അതിരമ്പുഴ | ഉദയം | 15 |
| 16.05.2023 | മരിയൻ | ഫിൽഗിരി | 11 |

**എക്സിക്യുട്ടിവ് മീറ്റിംഗ്**

ആര്യങ്കാവ് യൂണിറ്റ് എക്സിക്യൂട്ടിവ് മീറ്റിംഗ് മെയ് 04 ന് സെന്റ് മേരീസ് പാരീഷ് ഹാളിൽ കൂടി. യൂണിറ്റ് ഡയറക്ടർ റവ. ഫാ. ഫിലിപ്പ് തയ്യിലിന്റെ അദ്ധ്യക്ഷതയിൽ സെക്രട്ടറി റിപ്പോർട്ട് അവതരിപ്പിച്ചു. യൂണിറ്റ് എക്സിക്യുട്ടിവിന്റെ പ്രവർത്തനരീതികളെക്കുറിച്ചും ഉത്തരവാദിത്വങ്ങളെക്കുറിച്ചും ചാസ് ഡയറക്ടർ ഫാ. തോമസ് കുളത്തുങ്കൽ വിശദീകരിച്ചു. മേഖലാ കോർഡിനേറ്റർ ബേബി ജോസഫ്, യൂണിറ്റ് ഭാരവാഹികൾ എന്നിവർ നേതൃത്വം നൽകി.

**കൃഷിക്കൂട്ടം രൂപീകരിച്ചു**

കാർഷികമേഖലയുടെ സമഗ്രവികസനം ലക്ഷ്യമാക്കി കേരളാ ഗവൺമെന്റ് ആവിഷ്ക്കരിച്ച 'കൃഷിക്കൂട്ടം' പദ്ധതി, മെയ് 6 മുതൽ ഫിൽഗിരി യൂണിറ്റിൽ പ്രവർത്തനം ആരംഭിച്ചു. യൂണിറ്റ് ഡയറക്ടർ റവ. ഫാ. മാത്യു നടയ്ക്കൽ ഉദ്ഘാടനം ചെയ്തു. 12 കർഷകർ സഹകാരികളാണ്.

**യൂണിറ്റ് വാർഷികം**

ചാസ് കാവാലം യൂണിറ്റിന്റെ വാർഷികം മെയ് 18 ന് സെന്റ് തെരേസാസ് പാരീഷ് ഹാളിൽ സംഘടിപ്പിച്ചു. യൂണിറ്റ് ഡയറക്ടർ റവ. ഫാ. ജോസഫ് പുതുവീട്ടിലിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗം ചാസ് ഡയറക്ടർ ഫാ. തോമസ് കുളത്തുങ്കൽ ഉദ്ഘാടനം ചെയ്തു. സെക്രട്ടറി ജോർജ് തോമസ് വാർഷികറിപ്പോർട്ടും കണക്കും അവതരിപ്പിച്ചു. ചാസിന്റെ വിവിധ പ്രവർത്തന മേഖലകളെക്കുറിച്ച് ചമ്പക്കുളം മേഖലാ കോർഡിനേറ്റർ ബിനു ജോസഫ് വിശദീകരിച്ചു. പ്രസിഡന്റ് ബ്രിന്റോ ചാക്കോ, മേഖലാ കോർഡിനേറ്റർ ബൈജു സി. സേവ്യർ, മോളിമ്മ തോമസ്, സിജി കുര്യൻ എന്നിവർ പ്രസംഗിച്ചു.

ചാസ് ചേന്നങ്കരി യൂണിറ്റിന്റെ വാർഷിക പൊതുയോഗം മെയ് 21 ന് സെന്റ് ജോസഫ്സ് പള്ളി പാരീഷ് ഹാളിൽ ചേർന്നു. പ്രസിഡന്റ് ശ്രീ. ജോസഫ് സി. പി. അദ്ധ്യക്ഷത വഹിച്ചു. യൂണിറ്റ് ഡയറക്ടർ റവ. ഫാ. ജയിംസ് അത്തിക്കളം ആശംസയർപ്പിച്ചു. സെക്രട്ടറി ലൗലി തോമസ് ഓഡിറ്റ് ചെയ്ത കണക്കും ജോയിന്റ് സെക്രട്ടറി ലിജോമോൻ ഫിലിപ്പ് വാർഷിക റിപ്പോർട്ടും അവതരിപ്പിച്ചു. ഇന്റേണൽ ഓഡിറ്റേഴ്സായി ജിൻസി കോയിക്കാട്, ജിൻസി കാട്ടുപ്പറമ്പ് എന്നിവരെ നിയമിച്ചു.

**'ചാസ് മോഡൽ ഗ്രാമം' പദ്ധതി അവലോകനം**

മുട്ടാർ ഓൾഡ് യൂണിറ്റിന്റെ നേതൃത്വത്തിൽ 'സമൃദ്ധി' പുരുഷ സ്വാശ്രയ സംഘം ചുറ്റുപാടുമുള്ള 75 കുടുംബങ്ങളെ ഉൾപ്പെടുത്തി നടപ്പിലാക്കിവന്ന ചാസ് മോഡൽ ഗ്രാമം പദ്ധതിയുടെ അവലോകന മീറ്റിംഗ് മെയ് 14 ന് യൂണിറ്റ് ഡയറക്ടർ റവ. ഫാ. സിറിൽ ചേപ്പിലയുടെ അദ്ധ്യക്ഷതയിൽ ചേർന്നു. പദ്ധതിയുടെ ഭാഗമായി തുടക്കംകുറിച്ച ജൈവകൃഷി, പരിസ്ഥിതിസംരക്ഷണപ്രവർത്തനങ്ങൾ, വളർത്തുകൂട്ടം, ഉറവിട മാലിന്യസംസ്കരണം, ആശാകിരണം ക്യാൻസർ സുരക്ഷാപദ്ധതി, പ്ലാസ്റ്റിക്കിനെതിരെയുള്ള ബദൽ സംവിധാനങ്ങൾ തുടങ്ങിയ

*ശേഷം പേജ് 71 ൽ.....»*

## കളർ എ ഹോം ഭവനനിർമാണപദ്ധതി

കളർ എ ഹോം ഭവനനിർമാണപദ്ധതിയിൽ 2022 ഡിസംബറിൽ ഇടവകകൾ സമാഹരിച്ച തുകയും 2023 മെയ് 22 വരെ അതിരൂപതാകേന്ദ്രത്തിൽ ലഭിച്ച തുകയും (40%)

| നം. | ഇടവക | ആകെ സമാഹരിച്ച തുക | അതിരൂപതയിൽ ലഭിച്ച തുക |
|---|---|---|---|
| 167 | പുറക്കാട് | 73720 | 29500 |
| 168 | മുട്ടാർ ഓൾഡ് | 105220 | 42088 |
| 169 | ആര്യങ്കാവ് | 84000 | 33600 |
| 170 | ചാരമംഗലം | 25000 | 10000 |
| 171 | അമ്പലപ്പുഴ | 16100 | 6440 |
| 172 | കുമരകം - വടക്കുംകര | 81740 | 32696 |
| 173 | വെരൂർ | 674110 | 269645 |
| 174 | പള്ളാത്തുരുത്തി | 50940 | 20376 |
| 175 | തോട്ടുവാത്തല | 24650 | 9860 |
| 176 | ചാത്തനാട് | 37450 | 14980 |
| 177 | ആനിക്കാട് | 14300 | 5720 |
| 178 | പുതുപ്പള്ളി | 95700 | 38280 |
| 179 | ഈര | 15970 | 15970 |
| 180 | മാന്നില | 66650 | 26660 |
| 181 | കായൽപുറം - സെന്റ് ആന്റണീസ് | 10950 | 4380 |
| 182 | മണിമല ന്യൂ | 51830 | 20732 |
| 183 | രാമങ്കരി | 67030 | 26812 |
| 184 | കുടമാളൂർ | 170400 | 68170 |
| 185 | നർബോനപുരം | 113800 | 45520 |

(തുടരും...)

## കളർ എ ഡ്രീം ഉന്നതവിദ്യാഭ്യാസപദ്ധതി

കളർ എ ഡ്രീം പദ്ധതിയിലേക്കു 2023 ഏപ്രിൽ 19 മുതൽ 2023 മെയ് 22 വരെ വിവിധ ഇടവക/സംഘടനകളിൽ നിന്നും ലഭിച്ച സംഭാവനകൾ

| നം. | ഇടവക / സംഘടന | തുക |
|---|---|---|
| 1. | സെന്റ് മേരീസ് ബസിലിക്ക - ചമ്പക്കുളം | 41000 |
| 2. | സെന്റ് മേരീസ് ഫൊറോനാ ചർച്ച് - പുളിങ്കുന്ന് | 23000 |
| 3. | സെന്റ് മേരീസ് ഫൊറോനാ ചർച്ച് - അതിരമ്പുഴ | 10500 |
| 4. | സെന്റ് ജോസഫ്സ് ചർച്ച് - ചമ്പക്കര | 10000 |
| 5. | സെന്റ് മേരീസ് ചർച്ച് - വടക്കേകര | 5000 |
| 6. | സെന്റ് മേരീസ് ചർച്ച് - കടയനിക്കാട് | 5000 |

## സെന്റ് തോമസ് ഹോസ്പിറ്റൽ

### ആർച്ചുബിഷപ് മാർ ജോർജ് കോച്ചേരിക്ക് പുരസ്കാരം

ചങ്ങനാശേരി അതിരൂപതയുടെ 137-ാം അതിരൂപതാദിനത്തോടനുബന്ധിച്ചുള്ള എക്സലൻസ് അവാർഡ് ലഭിച്ച ആർച്ചുബിഷപ് മാർ ജോർജ് കോച്ചേരി പിതാവിനു അഭിനന്ദനങ്ങൾ.

### 'സുസ്മേര' – ഏഴ് പഞ്ചായത്തുകളിലെ എഴുന്നൂറിലധികം വീടുകളിൽ സൗജന്യ ആരോഗ്യ പരിചരണം

ചെത്തിപ്പുഴ സെന്റ് തോമസ് ആശുപത്രിയുടെ ആഭിമുഖ്യത്തിൽ അന്തർദേശീയ നഴ്സസ് വാരാചരണത്തിന്റെയും ആശുപത്രിയുടെ എഴുപതാം വാർഷികാഘോഷങ്ങളുടെയും ഭാഗമായി ഏഴ് പഞ്ചായത്തുകളുടെ സഹകരണത്തോടെ എഴുനൂറിലധികം ഭവനങ്ങളിൽ ആശുപത്രിയിലെ നഴ്സുമാരടക്കമുള്ള ആരോഗ്യസംഘമെത്തി സൗജന്യ ആരോഗ്യപരിചരണം നടത്തി. 2023 മെയ് 11 രാവിലെ എട്ട് മണിക്ക് *ആരോഗ്യപരിചരണം കുടുംബങ്ങളിലേക്ക്* എന്ന ആശയവുമായി ആരംഭിച്ച സുസ്മേര പ്രൊജക്റ്റിന്റെ ഉദ്ഘാടനവും ഫ്ളാഗ്ഓഫും അതിരൂപതാ സഹായമെത്രാൻ അഭി. മാർ തോമസ് തറയിൽ നിർവഹിച്ചു. ചങ്ങനാശേരി മുൻസിപ്പൽ വൈസ് ചെയർമാൻ ബെന്നി ജോസഫ് യോഗത്തിൽ മുഖ്യപ്രഭാഷണം നൽകി. നൂറോളം നഴ്സുമാരും മറ്റു ആരോഗ്യപ്രവർത്തകരും ഭവനങ്ങളിലെത്തി നൽകിയ ആരോഗ്യപരിചരണം നിർധനരായ നിരവധി രോഗികൾക്ക് ആശ്വാസമായി.

### അന്താരാഷ്ട്ര നഴ്സസ് ദിനം

ചെത്തിപ്പുഴ സെന്റ് തോമസ് ഹോസ്പിറ്റലിൽ അന്താരാഷ്ട്ര നഴ്സസ് ദിനം ഒരാഴ്ചകാലം നീണ്ടുനിന്ന വിപുലമായ പരിപാടികളോടെ ആഘോഷിച്ചു. അതിരൂപതാ സഹായമെത്രാൻ മാർ തോമസ് തറയിൽ ഉദ്ഘാടനം നിർവഹിച്ച യോഗത്തിൽ വികാരി ജനറൽ വെരി റവ. ഫാ ജോസഫ് വാണിയപ്പുരയ്ക്കൽ അധ്യക്ഷത വഹിച്ചു. അതിരൂപതാ മെത്രാപ്പോലീത്ത അഭി. മാർ ജോസഫ് പെരുന്തോട്ടം ആശുപത്രിയിലെ മികച്ച നഴ്സ്, മികച്ച അദ്ധ്യാപിക, നല്ല പ്രവർത്തനം കാഴ്ചവച്ച വാർഡ് എന്നിവയ്ക്കുള്ള അവാർഡുകൾ കൈമാറി. അലൻ ഫൗണ്ടേഷൻ സ്ഥാപകയും ചെയർപേഴ്സണുമായ റിൻസി ജോസഫ് മുഖ്യപ്രഭാഷണം നൽകി. ഫുഡ് ഫെസ്റ്റിവൽ, ഫ്ളോറൻസ് നൈറ്റിംഗൽ ഫാഷൻ ഷോ, കരകൗശല വസ്തുക്കളുടെ പ്രദർശനം, വെൽനെസ്സ് ആക്ടിവിറ്റി, കലാകായിക മത്സരങ്ങൾ, സാംസ്കാരിക പരിപാടികൾ എന്നിവയും വാരാഘോഷങ്ങളുടെ ഭാഗമായി സംഘടിപ്പിച്ചു.

### തൊഴിലാളിദിനത്തിൽ ഡയാലിസിസ് കിറ്റുകൾ കൈമാറി ഓട്ടോ–ടാക്സി സുഹൃത്തുക്കൾ

ലോകതൊഴിലാളിദിനത്തിൽ ഓട്ടോ-ടാക്സി തൊഴിലാളി യൂണിയന്റെയും ചെത്തിപ്പുഴയിലെ ഓട്ടോ-ടാക്സി തൊഴിലാളികളുടെ കൂട്ടായ്മയായ

'നന്മയുടെ യാത്ര'യുടെയും നേതൃത്വത്തിൽ ഡയാലിസിസ് കിറ്റുകൾ ചെത്തിപ്പുഴ സെന്റ് തോമസ് ആശുപത്രിക്കു സംഭാവന ചെയ്തു. ആശുപത്രിയിൽ നടന്ന ചടങ്ങിൽ യൂണിയൻ സെക്രട്ടറി ഷാജഹാൻ പി.എസ്. -ൽ നിന്നും ഹോസ്പിറ്റൽ എക്സി. ഡയറക്ടർ ഫാ. ജയിംസ് പി. കുന്നത്ത് ഡയാലിസിസ് കിറ്റുകൾ ഏറ്റുവാങ്ങി. ഡയാലിസിസ് രോഗികൾക്കു സൗജന്യ യാത്രാ സൗകര്യവും ഓട്ടോ-ടാക്സി തൊഴിലാളികൾ ക്രമീകരിച്ചിട്ടുണ്ട്.

**വൻകുടൽ ഉയർത്തി നട്ടെല്ലിൽ സ്ക്രൂചെയ്ത് ബന്ധിപ്പിക്കുന്ന ലാപ്രസ്കോപിക് ശസ്ത്രക്രിയ**

ചെത്തിപ്പുഴ സെന്റ് തോമസ് ആശുപത്രിയിലെ ഡിപ്പാർട്ടുമെന്റ് ഓഫ് ജനറൽ & ലാപ്രസ്കോപിക് സർജൻ ഡോ. വിജയ് വർഗീസിന്റെ നേതൃത്വത്തിൽ അനസ്തെറ്റിസ്റ്റുമാരായ ഡോ. കുക്കു ജോൺ, ഡോ. അനു അമ്പൂക്കൻ എന്നിവരുടെ സഹായത്തോടെ ചെയ്ത ലാപ്രസ്കോപിക് വെൻട്രൽ മെഷ് റെക്റ്റോപെക്സി ശസ്ത്രക്രിയയിലൂടെ ചങ്ങനാശേരി സ്വദേശിയായ 55 വയസ്സുള്ള സ്ത്രീയ്ക്കു സാധാരണ ജീവിതത്തിലേക്കു മടങ്ങിയെത്താൻ കഴിഞ്ഞു. കടുത്ത നടവുവേദനയും മലബന്ധവുമായിട്ടാണ് രോഗി ആശുപത്രിയിലെത്തിയത്. പ്രസ്തുത രോഗിയുടെ വൻകുടൽ താഴേയ്ക്കു താന്നിരിക്കുന്നതായി പരിശോധനയിൽ ബോധ്യപ്പെട്ടു. വയറു തുറന്നുള്ള ശസ്ത്രക്രിയ മാത്രമാണ് ഇത്തരം കേസുകളിൽ സാധാരണ പ്രതിവിധി. എന്നാൽ വയറുതുറന്നുള്ള ശസ്ത്രക്രിയകൾക്ക് ആശുപത്രിവാസവും വിശ്രമവും കൂടുതലായി വേണ്ടിവരും. എന്നാൽ പരിശീലനം സിദ്ധിച്ച പ്രഗത്ഭരായ ഡോക്ടേഴ്സിനു നൂതനമായ ലാപ്രസ്കോപിക് ശസ്ത്രക്രിയയിലൂടെ ഇതിനു പരിഹാരം കണ്ടെത്താൻ കഴിയും. താഴ്ന്നിരിക്കുന്ന വൻകുടൽ മെഷ് ഉപയോഗിച്ച് ഉയർത്തി നട്ടെല്ലിൽ സ്ക്രൂ ചെയ്ത് പിടിപ്പിക്കുന്ന രീതിയാണ് ഈ ശസ്ത്രക്രിയ. നാലുമണിക്കൂറിനുള്ളിൽ ശസ്ത്രക്രിയ പൂർത്തിയാക്കാനും ഓപ്പറേഷനുശേഷം രണ്ടുദിവസത്തിനുള്ളിൽ രോഗിക്കു വീട്ടിലേയ്ക്കു മടങ്ങാനും കഴിഞ്ഞു.

**സൗജന്യ ഓർത്തോ മെഡിക്കൽ ക്യാമ്പ്**

ചെത്തിപ്പുഴ സെന്റ് തോമസ് ഹോസ്പിറ്റലിൽ ഓർത്തോപീഡിക് ഡിപ്പാർട്ടുമെന്റിന്റെ നേതൃത്വത്തിൽ സൗജന്യ ഓർത്തോ മെഡിക്കൽ ക്യാമ്പ് മെയ് 15 മുതൽ 27 വരെ സംഘടിപ്പിച്ചു. ചങ്ങനാശേരി എസ്.ബി. കോളേജ് പ്രിൻസിപ്പൽ ഫാ. റെജി പ്ലാത്തോട്ടം ക്യാമ്പ് ഔദ്യോഗികമായി ഉദ്ഘാടനം ചെയ്തു. ഹോസ്പിറ്റൽ എക്സി. ഡയറക്ടർ ഫാ. ജയിംസ് പി. കുന്നത്ത് യോഗത്തിന് അധ്യക്ഷത വഹിച്ചു. ഓർത്തോവിഭാഗത്തിൽ പ്രഗത്ഭരായ ഡോ. അഭിജിത് രാധാകൃഷ്ണൻ, ഡോ. മാത്യു കെ.എം. പുതിയിടം, ഡോ. ഷിബു ജോൺ വർക്കി, ഡോ. റോജി ബോബൻ, ഡോ. ജിന്നി ജോൺ എന്നീ ഓർത്തോപീഡിക് സർജൻമാരുടെ സേവനം ക്യാമ്പിൽ ലഭ്യമായിരുന്നു.

**ആരോഗ്യരംഗത്തെ മികവിന് ഡോ. മാത്യു കെ.എം. പുതിയിടത്തിന് അവാർഡ്**

ദീപികയുടെ 137-ാമത് സ്ഥാപകദിനത്തിന്റെ ഭാഗമായി ആരോഗ്യരംഗത്തെ മികവിനു ചെത്തിപ്പുഴ സെന്റ് തോമസ് ഹോസ്പിറ്റലിലെ സീനിയർ ഓർത്തോപീഡിക് കൺസൾട്ടൻറും ഓർത്തോപീഡിക് സർജനുമായ ഡോ. മാത്യു പുതി

യിടത്തിനു രാഷ്ട്രദീപികയുടെ വിശിഷ്ടപുരസ്കാരം ബംഗാൾ ഗവർണർ ഡോ. സി.വി. ആനന്ദബോസ് സമ്മാനിച്ചു.

ജോയിന്റ് റീപ്ലേസ്മെന്റ് സർജറിരംഗത്തെ വിദഗ്ധനായ ഡോ. മാത്യു കാൽമുട്ടിന്റെയും തോളിന്റെയും സന്ധികളുടെ ആർത്രോസ്കോപ്പി, വിവിധതരം ട്രോമ ശസ്ത്രക്രിയകൾ എന്നിവയിൽ വർഷങ്ങളുടെ അനുഭവപരിചയമുണ്ട്.

**ഫാ. മാർട്ടിൻ മുപ്പതിൽചിറ**
**ഫാ. ജേക്കബ് അത്തിക്കളം**
**ഫാ. തോമസ് പുതിയിടം**
(അസോസിയേറ്റ് ഡയറക്ടേഴ്സ്)

**ഫാ. ജയിംസ് പി. കുന്നത്ത്**
(എക്സിക്യൂട്ടിവ് ഡയറക്ടർ)

## സഹൃദയ ഹോസ്പിറ്റൽ

### ഇന്നത്തെ യുവത്വം നാളത്തെ തലമുറ

യുവത്വത്തിന്റെ പക്വതയാർന്ന വളർച്ചയ്ക്ക് ഉണർവേകാൻ പ്രശസ്ത മനശാസ്ത്രജ്ഞൻ ഡോ. ശ്രീജിത്ത് നായർ 'Attention Management & Mental wellbeing' എന്ന വിഷയത്തെക്കുറിച്ച് വ്യക്തമായ അവബോധം നൽകി. സമൂഹത്തിന്റെ ആരോഗ്യത്തിനും നന്മയ്ക്കുമായി കഴിഞ്ഞ അഞ്ച് പതിറ്റാണ്ടുകളായി ആലപ്പുഴയിൽ സേവനമനുഷ്ഠിച്ചു വരുന്ന സഹൃദയുടെ കരുതൽ പുന്നപ്ര കാർമൽ പോളിടെക്നിക് കോളേജിലെ വിദ്യാർത്ഥികൾക്കായി സമർപ്പിച്ചു. സെമിനാറിന്റെ ഉദ്ഘാടനം ബഹു. പ്രിൻസിപ്പൽ ഫാ. ജയിംസ് ദേവസ്യായും അധ്യക്ഷ പ്രസംഗം മെക്കാനിക്കൽ ഡിപ്പാർട്ട്മെന്റ് HOD പ്രൊഫ. രാജേഷ് ആറും നടത്തി. വിദ്യാർഥികൾക്കായി കൗൺസിലിങ്ങും ക്രമീകരിച്ചു.

### വേൾഡ് ഹാൻഡ് ഹൈജീൻ ഡേ ആചരണം

വേൾഡ് ഹാൻഡ് ഹൈജീൻ ഡേയോട് അനുബന്ധിച്ച് ബോധവൽക്കരണ സെമിനാറും ഹോസ്പിറ്റൽ സ്റ്റാഫിനായി പോസ്റ്റർ കോമ്പറ്റീഷനും സംഘടിപ്പിച്ചു. കൈകളുടെ ശുചിത്വം ഉറപ്പുവരുത്തേണ്ടത് ഓരോ വ്യക്തികളുടെയും ഉത്തരവാദിത്വമാണെന്നും കൈകളുടെ ശുചിത്വം ശരിയായി പാലിക്കുന്നതു വഴി നിരവധി രോഗങ്ങളെയും രോഗവാഹികളായ അണുക്കളെയും തടയാനാകുമെന്നും സഹൃദയ അസി. ഡയറക്ടർ ഫാ. ആന്റോ ആന്റണി പെരുമ്പള്ളിത്തറ പറഞ്ഞു. ആശുപത്രി ജനറൽ മെഡിസിൻ വിഭാഗം ഡോ. പൂജ നയിച്ച ബോധവത്ക്കരണ സെമിനാറിൽ ശരിയായി കൈകൾ ശുചിയാക്കേണ്ടതെങ്ങനെ എന്നുള്ള 'ഫൈവ് മൊമൻസ് ഓഫ് ഹാൻഡ് ഹൈജീൻ' ടെക്നിക് പരിചയപ്പെടുത്തി.

### നഴ്സസ് ഡേ ആചരണം

ആലപ്പുഴ സഹൃദയ ഹോസ്പിറ്റൽ നഴ്സസ് ഡേ ദിനചാരണം നടത്തി. സഹൃദയ എക്സി. ഡയറക്ടർ ഫാ. തോമസ് മാളിയേക്കൽ പാതകയുയർത്തി ആഘോഷങ്ങൾക്കു തുടക്കംകുറിച്ചു. ചിറകുകളില്ലാത്ത ഭൂമിയിലെ മാലാഖമാരാണ് നഴ്സുമാരെന്നും നാളെയുടെ ഭാവി നഴ്സുമാരുടെ കയ്യിൽ ഭദ്രമാണെന്നും സഹൃദയ അസിസ്റ്റന്റ് ഡയറക്ടർ ഫാ. ആന്റോ ആന്റണി പെരുമ്പള്ളിതറ

പറഞ്ഞു. തുടർന്ന് സ്റ്റാഫ് നേഴ്സുമാർ ഹോസ്പിറ്റൽ ഡയറക്ടേഴ്സ്, മേട്രൺ, ഡിപ്പാർട്ടുമെന്റ് ഇൻചാർജുമാർ എന്നിവരുടെ സാന്നിധ്യത്തിൽ പ്രതിജ്ഞ ചെയ്യുകയും മധുരം പങ്കുവെക്കുകയും ചെയ്തു.

തത്തംപള്ളി സെന്റ് മൈക്കിൾസ് യൂണിറ്റ് യുവദീപ്തി അംഗങ്ങൾ ദിനചാരണത്തിൽ പങ്കുകൊള്ളുകയും ആശംസകളർപ്പിച്ചു സംസാരിക്കുകയും ചെയ്തു. ഡേയുടെ ഭാഗമായി അർഹരായവർക്ക് എയർബെഡ് സൗജന്യമായി നൽകി.

**സുസജ്ജം സഹൃദയ**

137-ാമത് ചങ്ങനാശേരി അതിരൂപതാദിനത്തിൽ ആലപ്പുഴ സഹൃദയ ഹോസ്പിറ്റലിൽ മെഡിക്കൽ ടീം അടിയന്തിര വൈദ്യസഹായ സംവിധാനം ഒരുക്കി.

**സൗജന്യ മെഡിക്കൽ ക്യാമ്പ്**

ആലപ്പുഴ സഹൃദയ ആശുപത്രിയുടെയും മാതൃ-പിതൃ വേദി സെന്റ് മേരീസ് ചർച്ച് പുന്നമടയുടെയും സംയുക്താഭിമുഖ്യത്തിൽ സൗജന്യ മെഡിക്കൽ ക്യാമ്പ് നടത്തി. സഹൃദയ ഹോസ്പിറ്റൽ ഡയറക്ടർ ഫാ. തോമസ് മാളിയേക്കൽ ക്യാമ്പ് ഉദ്ഘാടനം ചെയ്തു സംസാരിച്ചു. മാതൃ-പിതൃവേദി സെന്റ് മേരീസ് ചർച്ച് പുന്നമട യൂണിറ്റ് സെക്രട്ടറി ജ്യോതി മാത്യു സ്വാഗതം ആശംസിച്ച ചടങ്ങിൽ പ്രസിഡന്റ് ആൻസി കുര്യൻ അധ്യക്ഷത വഹിച്ചു. വികാരി റവ. ഫാ. തോമസ് താന്നിയത്ത്, ആനിമേറ്റർ സി. എൽസി FDSHJ എന്നിവർ ആശംസയർപ്പിച്ചു സംസാരിച്ചു. ആശുപത്രിയുടെ ജനറൽ മെഡിസിൻ വിഭാഗം ഡോ. ഗോവിന്ദ്, ഓർത്തോപീഡിക് വിഭാഗം ഡോ. ശിവസുബ്രഹ്മണ്യൻ, ഇ.എൻ.ടി വിഭാഗം ഡോ. പ്രശാന്ത് എന്നിവർ ക്യാമ്പിനു നേതൃത്വം നൽകി. പി.എഫ്.ടി, ജി.ആർ. ബി.എസ്, യൂറിക് ആസിഡ്, ബി.പി. എന്നീ ടെസ്റ്റുകളും സൗജന്യ മരുന്നു വിതരണവും ക്രമീകരിച്ചു.

**ഫാ. ആന്റോ ആന്റണി പെരുമ്പള്ളിത്തറ**
(അസിസ്റ്റന്റ് ഡയറക്ടർ)

**ഫാ. തോമസ് മാളിയേക്കൽ**
(എക്സിക്യൂട്ടീവ് ഡയറക്ടർ)

» *ചാസ് തുടർച്ച...*

പ്രവർത്തനങ്ങളുടെ വിലയിരുത്തൽ ചാസ് അസി. ഡയറക്ടർ ഫാ. ജോർജ് തൈച്ചേരിൽ നടത്തി. തുടർപ്രവർത്തനങ്ങളുടെ വിജയകരമായ നടത്തിപ്പിനു കുടുംബങ്ങളെ ചുമതലപ്പെടുത്തുകയും ചെയ്തു.

**സംരംഭകത്വ സെമിനാർ**

കുളത്തൂർ യൂണിറ്റിൽ ഒരു മാസമായി നടന്നുവന്നിരുന്ന തയ്യൽ പരിശീലനത്തിൽ പങ്കെടുക്കുന്നവർക്കായി മെയ് 22 ന് സംരംഭകത്വ സെമിനാർ സംഘടിപ്പിച്ചു. ഇൻഡസ്ട്രിയൽ എക്സ്റ്റൻഷൻ ഓഫീസർ അഭിലാഷ് എ. ക്ലാസ് നയിച്ചു. 20 അംഗങ്ങൾ പങ്കെടുത്തു. യൂണിറ്റ് ഭാരവാഹികളായ വി.ജെ. ചാക്കോ, തോമസ് തയ്യിൽ എന്നിവർ നേതൃത്വം കൊടുത്തു.

പ്രവാസി അപ്പോസ്തലേറ്റിൽനിന്നും പ്രാർത്ഥനാശംസകൾ!!!

ഈശോയിൽ ഏറ്റം സ്നേഹമുള്ള പ്രവാസി സഹോദരങ്ങളേ,

തോമാശ്ലീഹായുടെ രക്തസാക്ഷിത്വത്തിന്റെ 1950-ാം വർഷ സമാപനത്തോടനുബന്ധിച്ച് ഏപ്രിൽ 29-ാം തീയതി കാവുകാട്ടു ഹാളിൽ അഭി. പിതാക്കന്മാർ പങ്കെടുത്ത സമ്മേളനത്തിൽ ഡയറക്ടറച്ചന്മാരോടൊപ്പം എക്സിക്യുട്ടിവ് അംഗങ്ങളും പങ്കെടുത്തു. മെയ് 5-ാം തീയതി ദേശീയ നഴ്സസ് ദിനവും മെയ് 12-ാം തീയതി അന്താരാഷ്ട്ര നഴ്സസ് ദിനവും ആചരിച്ചു. തദവസരത്തിൽ ഭാരതത്തിലും രാജ്യത്തിനു പുറത്തും സേവനമനുഷ്ഠിക്കുന്ന ആതുരശുശ്രൂഷകരെ അനുമോദിച്ചുകൊണ്ടുള്ള പ്രാർത്ഥനകളും ആശംസകളുമടങ്ങിയ സന്ദേശങ്ങൾ കൈമാറി. മെയ് 20 നു മുഹമ്മ സെന്റ് ജോർജ് ഫൊറോനാ ദൈവാലയത്തിൽ നടന്ന അതിരൂപതാദിനാഘോഷങ്ങളിൽ ഡയറക്ടറച്ചന്മാരും അതിരൂപതാ എക്സിക്യുട്ടിവ് അംഗങ്ങളും പങ്കെടുത്തു.

പ്രവാസി അപ്പോസ്തലേറ്റിന്റെ 7-ാമത് വാർഷികാചരണവും കുടുംബസംഗമവും 2023 ജൂലൈ 29-ാം തീയതി ശനിയാഴ്ച രാവിലെ 9 മുതൽ 1 വരെ ചങ്ങനാശേരി സെന്റ് മേരീസ് മെത്രാപ്പോലീത്തൻ ദൈവാലയത്തിലെ ഓഡിറ്റോറിയത്തിൽ നടത്താൻ തീരുമാനിച്ചു. വാർഷികാഘോഷങ്ങൾ സംബന്ധിച്ച് അതിരൂപതയിലെയും വിവിധ രാജ്യങ്ങളിലെയും എക്സിക്യുട്ടിവ് അംഗങ്ങളെ ഉൾപ്പെടുത്തി രൂപീകരിച്ച കമ്മിറ്റികളുടെ മീറ്റിംഗ് പല ദിവസങ്ങളിലായി നടത്തിവരുന്നു.

**ആവേ മരിയ**

രണ്ടാംഘട്ട യൂറോപ്യൻ യാത്രയ്ക്കു താല്പര്യമുള്ളവർ ആവേ മരിയ ഓഫീസിലേയ്ക്കു വിളിക്കുക. അടുത്ത വിശുദ്ധനാട് തീർത്ഥാടനം നവംബറിൽ ക്രമീകരിച്ചിരിക്കുന്നു.

**ഫാ. മാത്യു മാറാട്ടുകളം**
(അസി. ഡയറക്ടർ)

**ഫാ. ജോസഫ് പുതുവീട്ടിൽക്കളം**
(ഡയറക്ടർ)

NB: **ഓഫീസ് സമയം രാവിലെ 10 മുതൽ വൈകിട്ട് 5 മണിവരെ**
**വിളിക്കേണ്ട നമ്പർ 9207470117, 8089920614 (നോർക്ക ഹെൽപ്പ് ഡസ്ക്)**
**ആവേ മരിയ ഹോളിഡേയ്സ്: 9207777092**

ഈശോയിൽ പ്രിയപ്പെട്ടവരേ,

മെയ്ദിനാഘോഷ പരിപാടികൾ വളരെ ഭംഗിയായി ഈ വർഷം സംഘടിപ്പിക്കപ്പെട്ടു. ഇതിനായി വിപുലമായ ക്രമീകരണങ്ങൾ യൂണിറ്റുതലത്തിലും ഫൊറോനാതലത്തിലും അതിരൂപതാതലത്തിലും നടക്കുകയുണ്ടായി. വളരെ ആത്മാർത്ഥമായ സഹകരണം എല്ലായിടങ്ങളിൽനിന്നും ഉണ്ടായിയെന്നതു സന്തോഷപൂർവം ഓർക്കുന്നു. ഇത്തരത്തിൽ കെഎൽഎം സംഘടനാപ്രവർത്തനങ്ങളോടു നാം കാണിക്കുന്ന കൂറും സഹകരണമനോഭാവവും സഭയോടു ചേർന്നു വളരുവാൻ തൊഴിലാളികളായ നമ്മെ സഹായിക്കുമെന്നതിൽ സംശയമില്ല. നിങ്ങൾക്കേവർക്കും ഹൃദ്യമായ അഭിനന്ദനങ്ങൾ!

**ഫാ. ജോൺ വടക്കേകളം**
(ഡയറക്ടർ)

**തൊഴിലാളി മഹാസംഗമം**

എല്ലാ തൊഴിലിനും മാഹാത്മ്യമുണ്ടെന്നും ദൈവത്തിന്റെ സൃഷ്ടികർമം തുടരുന്നവരാണ് തൊഴിലാളികളെന്നും മെയ്ദിനത്തോടനുബന്ധിച്ച് കേരളാ ലേബർ മൂവ്മെന്റ് അതിരൂപതയുടെ ആഭിമുഖ്യത്തിൽ ചങ്ങനാശേരി എസ്.ബി. കോളേജ് കാവുകാട്ട് ഹാളിൽ സംഘടിപ്പിച്ച മെയ്ദിന തൊഴിലാളി സംഗമം ഉദ്ഘാടനം നിർവഹിച്ചുകൊണ്ട് അതിരൂപതാ മെത്രാപ്പോലീത്താ അഭി. മാർ ജോസഫ് പെരുന്തോട്ടം പിതാവ് പറഞ്ഞു. തൊഴിലാളി സഹോദരങ്ങളെ സജീവമായി ഒന്നിച്ചുനിർത്തുന്ന സഭയുടെ പ്രസ്ഥാനമാണ് കേരളാ ലേബർ മൂവ്മെന്റ് എന്നും അദ്ദേഹം അഭിപ്രായപ്പെട്ടു.

അതിരൂപതാ വികാരി ജനറാൾ മോൺ. ജോസഫ് വാണിയപ്പുരയ്ക്കൽ സമ്മേളനത്തിന് അദ്ധ്യക്ഷത വഹിച്ചു. അതിരൂപതാ സഹായമെത്രാൻ അഭി. മാർ തോമസ് തറയിൽ പിതാവ് അനുഗ്രഹപ്രഭാഷണം നടത്തി. സംസ്ഥാന പ്ലാനിംഗ് ബോർഡ് അംഗവും സഫാരി ടി.വി., ലേബർ ഇൻഡ്യാ പബ്ലിക്കേഷൻ മാനേജിംഗ് ഡയറക്ടറുമായ സന്തോഷ് ജോർജ് കുളങ്ങര മുഖ്യപ്രഭാഷണം നടത്തി. അതിരൂപതാ ഡയറക്ടർ ഫാ. ജോൺ വടക്കേകളം, സാജൻ ജോയി പതാരംചിറ, ജോളി നാല്പതാംകളം, സണ്ണി അഞ്ചിൽ, ലീലാമ്മ ജോസഫ് എന്നിവർ പ്രസംഗിച്ചു.

സമ്മേളനത്തിൽ KLM ഏർപ്പെടുത്തിയിട്ടുള്ള മികച്ചകർഷകനായി തോമസ് ജോൺ, മികച്ച സംരംഭം മദർ തെരേസ SHG നാലുകോടി യൂണിറ്റ്, മികച്ച SHG സെന്റ് മേരീസ് ഫൊറോന SHG പുളിങ്കുന്ന് യൂണിറ്റ്, മികച്ച വനിതാ സംഘം മേരി മാതാ SHG പാറമ്പുഴ യൂണിറ്റ്, മികച്ച UCC ചാഞ്ഞോടി യൂണിറ്റ്, ഈ വർഷം ഏറ്റവും കൂടുതൽ KLM അംഗങ്ങളെ ചേർത്ത യൂണിറ്റ് നാലുകോടി യൂണിറ്റ്, ഏറ്റവും മികച്ച റാലി നാലുകോടി യൂണിറ്റ്, കായികമേള ഓവറോൾ ചാമ്പ്യൻഷിപ്പ് പാറേൽ യൂണിറ്റ് എന്നീ പുരസ്കാരങ്ങൾ സമ്മാനിച്ചു. വിജി സെബാസ്റ്റ്യൻ, ജോസഫ് ജോൺ, റീത്താമ്മ സണ്ണി, ഷോജി ആന്റണി, പ്രിജോഷ് ചാക്കോ, ജോസഫ് കെ.സി., സ്മിനു ജോസഫ്, മിനി സിബിച്ചൻ എന്നിവർ നേതൃത്വമേകി.

### ചങ്ങനാശേരിയ്ക്കു കുളിർമയായി മെയ്ദിനസന്ദേശറാലി

വർണാഭവും പ്രൗഢഗംഭീരവുമായ മെയ്ദിന സന്ദേശറാലി ആഗോളതൊഴിലാളിദിനത്തോടനുബന്ധിച്ച് ചങ്ങനാശേരിയിൽ സംഘടിപ്പിച്ചു. ചങ്ങനാശേരി സർക്കിൾ ഇൻസ്പെക്ടർ ശ്രീ. റിച്ചാർഡ് വർഗീസ് ഫ്ളാഗ് ഓഫ് ചെയ്ത റാലിയിൽ 'ഒന്നിക്കാം കരുതാം വളരാം' എന്ന സന്ദേശംനൽകി എല്ലാ തൊഴിലാളികൾക്കും ഐക്യദാർഢ്യം പ്രഖ്യാപിച്ചുകൊണ്ട് അതിരൂപതയുടെ വിവിധ കേന്ദ്രങ്ങളിൽനിന്ന് എത്തിച്ചേർന്ന KLM പ്രവർത്തകരായ തൊഴിലാളികൾ അണിനിരന്നു. യൂണിറ്റുതലത്തിലുള്ള ഒരേ വേഷവിധാനങ്ങളും വിവിധ ഫ്ളോട്ടുകളും കണ്ണിനു കുളിർമയേകുന്ന കാഴ്ചയായിരുന്നു.

### കെഎൽഎം – യുടിഎ സംസ്ഥാനസമ്മേളനം

കെഎൽഎം – യുടിഎ സംസ്ഥാന സമ്മേളനം മെയ് 28–ാം തീയതി ഞായറാഴ്ച തൃശ്ശൂർ സെന്റ് തോമസ് ഓഡിറ്റോറിയത്തിൽ സംഘടിപ്പിക്കപ്പെട്ടു. വിവിധ രൂപതകളിൽനിന്നുള്ള പ്രവർത്തകരുടെ സാന്നിധ്യത്തോടെ മികച്ച രീതിയിൽ സമ്മേളനം നടത്തപ്പെട്ടു.

### പുതിയ സംഘങ്ങൾ

കുറുമ്പനാടം അസംപ്ഷൻ യൂണിറ്റിൽ സെന്റ് അൽഫോൻസ, സെന്റ് കൊച്ചുത്രേസ്യാ എന്നീ SHGകൾ രൂപീകരിച്ചു. വികാരി റവ. ഫാ. ഫിലിപ്പ് ഏറത്തേടം സമ്മേളനത്തിന് അദ്ധ്യക്ഷത വഹിച്ചു. അതിരൂപതാ ഡയറക്ടർ ഫാ. ജോൺ വടക്കേകളം ഉദ്ഘാടനം ചെയ്തു.

കുറുമ്പനാടം യൂണിറ്റിൽ സെന്റ് മർത്താ SHG രൂപീകരിച്ചു. വികാരി വെരി റവ. ഫാ. ചെറിയാൻ കറുകപ്പറമ്പിൽ സമ്മേളനത്തിന് അദ്ധ്യക്ഷത വഹിച്ചു. അതിരൂപത ഡയറക്ടർ ഫാ. ജോൺ വടക്കേകളം ഉദ്ഘാടനം ചെയ്തു. റവ. ഫാ. മാത്യു അഞ്ചിൽ, അതിരൂപതാസമിതിയംഗം ഷാജി ആന്റണി എന്നിവർ പ്രസംഗിച്ചു.

### പുതിയ യൂണിറ്റ്

വാഴപ്പള്ളി വെസ്റ്റിൽ പുതിയ യൂണിറ്റ് രൂപീകരിച്ചു. വികാരി റവ. ഫാ. തോമസ് പാറത്താനം സമ്മേളനത്തിന് അദ്ധ്യക്ഷത വഹിച്ചു. അതിരൂപതാ ഡയറക്ടർ ഫാ. ജോൺ വടക്കേകളം ഉദ്ഘാടനം ചെയ്തു. അതിരൂപതാ സമിതിയംഗങ്ങളായ സാജൻ ജോയി പതാരംചിറ, ജോസഫ് കെ.സി. എന്നിവർ പങ്കെടുത്തു.

### കെഎൽഎം വാർഷികം

സെന്റ് മേരീസ് ചർച്ച് പാറേൽ കെഎൽഎം കുടുംബസംഗമം അഭി. മാർ തോമസ് തറയിൽ പിതാവ് ഉദ്ഘാടനം ചെയ്തു. അതിരൂപതാ ഡയറക്ടർ റവ. ഫാ. ജോൺ വടക്കേകളം, യൂണിറ്റ് ഡയറക്ടർ റവ. ഫാ. ജേക്കബ് വാരിക്കാട്ട്, കെഎൽഎം അതിരൂപതാസമിതിയംഗം വിജി സെബാസ്റ്റ്യൻ, റ്റോൺ ഐസക്, പ്രൊഫ. സജിവ് ജോസഫ്, പി.സി. കുഞ്ഞപ്പൻ തുടങ്ങിയവർ പ്രസംഗിച്ചു.

### മരണാനന്തര സഹായനിധി

താഴെപ്പറയുന്ന മരണമടഞ്ഞ സഹോദരരുടെ നോമിനികൾക്കു മരണാനന്തര സഹായമായ RS. 1, 20,000/- രൂപ കൈമാറി.

107 ദേവസ്യാ തോമസ് എട്ടുകെട്ടിൽചിറ വെളിയനാട് സെന്റ് പോൾ സംഘാംഗം (08/05/2023)

109 ജോൺ മാത്യു ആലഞ്ചേരി നാലുകോടി സെന്റ് തോമസ് സംഘാംഗം (08/05/2023)

113 തോമസ് ദേവസ്യാ പുതുപ്പറമ്പിൽ പൊടിപ്പാറ സെന്റ് ജോസഫ് സംഘാംഗം (08/05/2023)

115 ചാക്കോ തോമസ് എടയ്ക്കാട് ചാഞ്ഞോടി സെന്റ് ഫ്രാൻസിസ് സംഘാംഗം (08/05/2023)

116 ചാക്കോ തോമസ് ആര്യങ്കാലായിൽ കൊടിനാട്ടുംകുന്ന് മദർ തെരേസ സംഘാംഗം (08/05/2023)

117 ജസ്സമ്മ ഐസക്ക് അരങ്ങംപറമ്പ് കായൽപ്പുറം സെന്റ് ആന്റണീസ് സംഘാംഗം (08/05/2023)

118 ഈയ്യോ ഫിലിപ്പോസ് മണിമുറിയിൽ ചാഞ്ഞോടി സെന്റ് ഫ്രാൻസിസ് സംഘാംഗം (08/05/2023)

119 ജോബ് ഫിലിപ്പോസ് തൈപ്പറമ്പിൽ പൊടിപ്പാറ മരിയൻ സംഘാംഗം (08/05/2023)

120 ജോസഫ് തോമസ് കുന്നുംപുറത്ത് വായ്പൂര് ഓൾഡ് സെന്റ് ജോസഫ് സംഘാംഗം (12/05/2023)

121 തോമസ് തോമസ് ചെമ്പുംതറ കൈനടി സെന്റ് ആന്റണീസ് സംഘാംഗം (08/05/2023)

124 ജോസഫ് തോമസ് കൂത്രപ്പള്ളി കരിക്കാട്ടൂർ സെന്റ് മേരീസ് സംഘാംഗം (22/05/2023)

## ആദരാഞ്ജലികൾ

ചങ്ങനാശേരി സെന്റ് സെബാസ്റ്റ്യൻ സംഘാംഗം ജിജു ജോസഫ് കൊല്ലവന, കൂരോപ്പട സെന്റ് അൽഫോൻസ സംഘാംഗം എം.പി. ബാബു മനയിൽ, കുറുമ്പനാടം അസംപ്ഷൻ അസംപ്ഷൻ സംഘാംഗം ഡാനിയൽ ഐസക് പുത്തൻപുരയ്ക്കൽ, കുറുമ്പനാടം സെന്റ് തോമസ് സംഘാംഗം ഫിലിപ്പ് തോമസ് പാറത്തനം എന്നിവരുടെ നിര്യാണത്തിൽ കെ.എൽ.എം. കുടുംബം അനുശോചനവും പ്രാർത്ഥനയും നേരുന്നു.

## കൃഷിവിഷൻ 2023

കാർഷികമേളയുടെ കൃഷി അറിവുകളും പ്രദർശനങ്ങളും വില്പനകളും കൊണ്ടും കർഷകരുടെ പങ്കാളിത്തംകൊണ്ടും ശ്രദ്ധേയമായിരുന്നു കൃഷിവിഷൻ 2023. തോട്ടയ്ക്കാട് ജോർജിയൻ KLM ന്റെയും കുമരകം കൃഷി വിജ്ഞാന കേന്ദ്രത്തിന്റെയും സംയുക്താഭിമുഖ്യത്തിൽ നടത്തിയ കൃഷിവിഷൻ 2023 തോട്ടയ്ക്കാടിനു പുതിയ കാർഷികാനുഭവമായി മാറി. 2023 മെയ് 12 തീയതി രാവിലെ 10 മണിക്ക് ശ്രീ. തോമസ് ചാഴികാടൻ MP കാർഷികമേള ഉദ്ഘാടനം ചെയ്തു. ജോർജിയൻ KLM പ്രസിഡന്റ് അജി കണ്ണൻചിറ അധ്യക്ഷതവഹിച്ച

*ശേഷം പേജ് 77 ൽ.....»*

ഈശോയിൽ പ്രിയപ്പെട്ടവരേ,

ആത്മതാകേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ നടത്തിവരുന്ന സപ്പോർട്ട് എ ചൈൽഡ് പദ്ധതിയുടെ വാർഷികാഘോഷം ഭംഗിയായി സംഘടിപ്പിക്കപ്പെട്ടു. ഈ സഹായപദ്ധതിയോടു സഹകരിക്കുന്ന എല്ലാവരെയും നന്ദിയോടെ ഓർക്കുന്നു. നിത്യരോഗികളായി കഴിയുന്ന നൂറിൽപരം കുഞ്ഞുങ്ങൾക്കു വിദ്യാഭ്യാസം നൽകി പുരോഗതിയിലേയ്ക്ക് ഇവരെ നയിക്കാൻ കഴിയുന്നുവെന്നതിൽ നമുക്കേവർക്കും അഭിമാനിക്കാം.

പുതിയ അധ്യായനവർഷത്തിലേക്കു പ്രവേശിക്കുന്ന ഈ നാളിൽ സ്കൂൾ തലങ്ങളിലും സൺഡേസ്കൂൾതലത്തിലും ലഹരിക്കെതിരെ ബോധനം നൽകുന്നതിൽ നമുക്കു ശ്രദ്ധയുള്ളവരാകാം. ഇതിനായി സർവവിധ സാധ്യതകളും നമുക്കു പ്രയോജനപ്പെടുത്താം. ലഹരിക്കെതിരെ ഏതു സാഹചര്യത്തിലും 'NO' എന്നുപറയുവാൻ കുട്ടികളെ നാം പ്രാപ്തരാക്കേണ്ടതുണ്ട്. ഇതിനായി നമുക്കു പരസ്പരം കൈകോർക്കാം.

സ്നേഹത്തോടെ,

**ഫാ. ജോൺ വടക്കേകളം**
(ഡയറക്ടർ)

**സ്വയംതൊഴിൽ സഹായപദ്ധതി**

ആത്മതാകേന്ദ്രത്തിന്റെയും നാഷണൽ എൻജിഒ കോൺഫെഡറേഷന്റെയും സംയുക്താഭിമുഖ്യത്തിൽ ആലപ്പുഴ വണ്ടാനം പ്രത്യാശാകേന്ദ്രത്തിൽ നിത്യരോഗികളായവർക്കു സ്വയംതൊഴിൽ ചെയ്യുവാനായി 13 തയ്യൽമെഷീൻ 50% സബ്സിഡി നിരക്കിൽ നല്കി. ഈ സമ്മേളനം ഡയറക്ടർ ഫാ. ജോൺ വടക്കേകളം ഉദ്ഘാടനം ചെയ്തു. പ്രത്യാശാകേന്ദ്രം പ്രസിഡന്റ് മിനി അശോകൻ, കോഡിനേറ്റർ ഗിരിജ ത്രിദേവ്, പാലിയേറ്റീവ് കെയർ യൂണിറ്റിന്റെ കോഡിനേറ്റർ അജ്മൽ എന്നിവർ ആശംസകൾ അർപ്പിച്ചു. ടി.എം. മാത്യു, ട്രീസാ മാത്യു എന്നിവർ നേതൃത്വം നല്കി.

**ഹോമിയോ ചികിത്സാപദ്ധതി**

ലഹരിവസ്തുക്കളുടെ ദുരുപയോഗത്തിന് അടിമപ്പെട്ടവർക്കു പാർശ്വഫലങ്ങളില്ലാത്ത സൗജന്യനിരക്കിലുള്ള ഹോമിയോചികിത്സ താഴെപ്പറയുന്ന സ്ഥലങ്ങളിലും ദിവസങ്ങളിലുമായി നൽകിവരുന്നു. വിദഗ്ദ്ധ ഡോക്ടേഴ്സിന്റെയും കൗൺസിലേഴ്സിന്റെയും സേവനം ലഭ്യമാണ്. ഈ അവസരം പരമാവധി പ്രയോജനപ്പെടുത്തുവാൻ എല്ലാവരും ശ്രദ്ധിക്കുക.

ചൊവ്വ - (ആലപ്പുഴ) തത്തംപള്ളി, മരിയൻ ഹോമിയോ ഡിസ്പെൻസറി

ബുധൻ - (കോട്ടയം) ഇരവുചിറ, ഇമ്മാനുവൽ പ്രാർത്ഥനശുശ്രൂഷാകേന്ദ്രം

വ്യാഴം – (കോട്ടയം) അതിരമ്പുഴ, സെന്റ് മേരീസ് ഫൊറോനാ ദൈവാലയം

വെള്ളി – (കോട്ടയം) ചങ്ങനാശേരി, പാസ്റ്ററൽ സെന്റർ

**ലഹരിവിമുക്ത വിശുദ്ധീകരണ ധ്യാനം**

ലഹരിവിമുക്തി ആഗ്രഹിക്കുന്നവർക്കു പ്രാർത്ഥനയിലൂടെയും ധ്യാനത്തിലൂടെയും വിമുക്തിയുടെ മാർഗം തുറക്കാൻ കുന്നന്താനം പ്രൊവിഡൻസ് റിന്യൂവൽ സെന്ററിൽ **2023 ജൂൺ 11 മുതൽ 16 വരെ** ലഹരിവിമുക്ത കുടുംബവിശുദ്ധീകരണ ധ്യാനം നടത്തപ്പെടുന്നു. ജൂൺ 11-ാം തീയതി വൈകിട്ട് 5 മണിക്ക് ആരംഭിച്ച് 16-ാം തീയതി ഉച്ചക്ക് ഒരു മണിക്ക് ധ്യാനം അവസാനിക്കും. താമസിച്ചുള്ള ഈ ധ്യാനത്തിനു ഫീസ് ഉണ്ടായിരിക്കുന്നതല്ല. തദവസരത്തിൽ പ്രഗത്ഭരായ ഡോക്ടേഴ്സ്, സൈക്കോളജിസ്റ്റുകൾ എന്നിവരുടെ സേവനം ലഭ്യമായിരിക്കും.

പ്രൊവിഡൻസ് റിന്യുവൽ സെന്റർ, കുന്നന്താനം
ഫോൺ: 0469 2693413, 2690414, 9495193406

❍

---

» *കെ.എൽ.എം. തുടർച്ച...*

ഉദ്ഘാടന സമ്മേളനത്തിൽ KLM അതിരൂപതാ ഡയറക്ടർ ഫാ. ജോൺ വടക്കേകളം മുഖ്യസന്ദേശം നൽകി. വികാരി ഫാ. ജോസഫ് ചൂളപ്പറമ്പിൽ, മുൻവികാരി ഫാ. തോമസ് പ്ലാപ്പറമ്പിൽ എന്നിവർ അനുഗ്രഹസന്ദേശങ്ങൾ നൽകി.

വാകത്താനം ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡന്റ് മാത്യു പോൾ, വാകത്താനം കൃഷി ഓഫീസർ മുഹമ്മദ് അൻസീം, KLM ഫൊറോനാ കോർഡിനേറ്റർ ഷാജി ആന്റണി എന്നിവർ ആശംസകൾ അർപ്പിച്ചു. കുമരകം കൃഷി വിജ്ഞാന കേന്ദ്രത്തിലെ വിദഗ്ധരായ ഡോ. ജി. ജയലക്ഷ്മി, ഡോ. ആർ നവ്യ, മാനുവൽ അലക്സ് എന്നിവർ യഥാക്രമം തെങ്ങും ഇടവിള കൃഷികളും അടുക്കള മുറ്റത്തെ മത്സ്യകൃഷി, ജൈവ പച്ചക്കറികൃഷി തുടങ്ങിയ വിഷയങ്ങളിൽ വിജ്ഞാന പ്രദമായ ക്ലാസുകൾ നയിച്ചു.

നിരവധി സ്റ്റാളുകളിലായി വിപുലമായ പ്രദർശനങ്ങൾ സംഘടിപ്പിച്ചു. പച്ചക്കറിതൈകൾ ഫലവൃക്ഷതൈകൾ, ജൈവവളങ്ങൾ, കാർഷിക ഉപ കരണങ്ങൾ, വളർത്തുമത്സ്യങ്ങൾ, അലങ്കാരമത്സ്യങ്ങൾ, മുട്ടക്കോഴിക്കുഞ്ഞുങ്ങൾ, കരിങ്കോഴിക്കുഞ്ഞുങ്ങൾ, നൂതന രീതിയിലുള്ള കോഴിക്കൂടുകൾ, നാടൻ പശുക്കളുടെ ഉത്പന്നങ്ങൾ, സമ്പുഷ്ടീകരിച്ച ചാണകപ്പൊടി, KVK യുടെ ജൈവ കീടനാശിനികൾ എന്നിവയുടെയെല്ലാം വില്പന ഉണ്ടായിരുന്നു.

സമ്മേളനത്തിൽ മികച്ച സമ്മിശ്രകർഷകൻ, മികച്ച വനിതാകർഷക, മികച്ച യുവകർഷകൻ എന്നിവരെ ആദരിക്കുകയുണ്ടായി. സ്ത്രീകളുടെയും സംരംഭകരുടെയും നല്ല പങ്കാളിത്തം കൃഷിവിഷനിലുണ്ടായിരുന്നു.

❍

## CHRIS GALA 2023

അതിരൂപതയിലെ ദലിത് കത്തോലിക്കാ വിദ്യാർത്ഥികൾക്കായി (V,VI,VII, VIII,IX, X ക്ലാസുകളിലെ) മെയ് 6, 7 തീയതികളിൽ സംഘടിപ്പിച്ച CHRIS GALA 2023 ക്യാമ്പിൽ വിവിധ യൂണിറ്റിൽ നിന്നു 30 വിദ്യാർത്ഥികൾ പങ്കെടുത്തു. വിവിധ വിഷയങ്ങളിൽ ക്ലാസുകൾ, ഗെയിമുകൾ, പരിശീലന പരിപാടികൾ, കലാ പരിപാടികൾ എന്നിവയ്ക്കു പ്രഗൽഭരായ അദ്ധ്യാപകർ, വൈദികർ, ബ്രദേഴ്സ് എന്നിവർ നേതൃത്വം നൽകി. മെയ് 6-ാം തീയതി രാവിലെ 10.30 ന് റവ. ഫാ. സെബാസ്റ്റ്യൻ ചാമക്കാല ഉദ്ഘാടനം നിർവഹിച്ചു. DCMS ഡയറക്ടർ ഫാ. ജോൺ വടക്കേകളം, DCMS അതിരൂപതാ പ്രസിഡന്റ് ഡോ. സിജോ ജേക്കബ്, സെക്രട്ടറി ഇൻചാർജ് മാത്യു ജോസഫ്, DCYL സെക്രട്ടറി ജിബിൻ സാബു, വൈസ് പ്രസിഡന്റ് ആഷ്‌ലി വർഗീസ്, DCVS ഭാരവാഹികൾ എന്നിവർ പങ്കെടുത്തു. ക്യാമ്പിൽ മുഴുവൻ സമയവും DCMS ഭാരവാഹികൾ, വനിതാ അംഗങ്ങൾ, ഓഫീസ് സെക്രട്ടറി, DCVS ഭാരവാഹികൾ എന്നിവർ വിദ്യാർത്ഥികൾക്കു സഹായത്തിനായുണ്ടായിരുന്നു.

### യൂണിറ്റ് ശക്തീകരണ സന്ദർശനം

DCMS അതിരൂപതാ സംയുക്തകമ്മിറ്റി DCMS യൂണിറ്റുകളിൽ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനും വിലയിരുത്തുന്നതിനും അതിരൂപതാ കമ്മിറ്റി പ്രവർത്തനപരിപാടികൾ അവതരിപ്പിക്കുന്നതിനുമായി മാർച്ച് 26 മുതൽ ഞായറാഴ്ചകളിൽ നടത്തിയ യൂണിറ്റ് സന്ദർശനം 14/05/2023 രാവിലെ 8.30 മുതൽ കോട്ടയം ഫൊറോനയിലെ അയർക്കുന്നം, പുതുപ്പള്ളി പൂമറ്റം, ഇരവിനെല്ലൂർ, യൂണിറ്റുകളിലെ പൊതുയോഗ മീറ്റിംഗിൽ അതിരൂപതാ പ്രസിഡന്റ്, സെക്രട്ടറി, ഭാരവാഹികൾ DCVS ഭാരവാഹികൾ (വനിതകൾ), DCYL യുവജന പ്രസിഡന്റ്, DCYL ഭാരവാഹികൾ എന്നിവർ പങ്കെടുത്തു. യൂണിറ്റുകളിൽ ഇടവക വികാരി (യൂണിറ്റ് ഡയറക്ടർ) യൂണിറ്റ്-ഫൊറോനാ ഭാരവാഹികൾ, DCMS കുടുംബാംഗങ്ങൾ എന്നിവർ പങ്കെടുത്തു. 21/05/2023 ഞായറാഴ്ച 9 am മുതൽ അതിരമ്പുഴ ഫൊറോനയിലെ നാൽപ്പാത്തിമല, കോട്ടയ്ക്കുപുറം, അതിരമ്പുഴ ലിസ്യൂ, അതിരമ്പുഴ സെന്റ് മേരീസ് യൂണിറ്റുകളിലും 28/05/2023 ഞായറാഴ്ച കുടമാളൂർ ഫൊറോനയിലെ മാന്നാനം, കൈപ്പുഴ, വില്ലൂന്നി, ആർപ്പൂക്കര ചെറുപുഷ്പം യൂണിറ്റുകളിലും സന്ദർശനം നടത്തി.

### അനുസ്മരണ പ്രാർത്ഥനാസമ്മേളനം

DCMS അതിരൂപതാ കമ്മിറ്റിയുടെ നേതൃത്വത്തിൽ കാലം ചെയ്ത അഭി. ആർച്ചുബിഷപ് ജോസഫ് പവ്വത്തിൽ പിതാവ് അതിരൂപതയിലെ ദലിത് കത്തോലിക്കാ സമൂഹത്തിന് ആധ്യാത്മിക-സാമൂഹിക-വിദ്യാഭ്യാസമേഖലകളിൽ നൽകിയ സംഭാവനകൾ സ്മരിച്ചുകൊണ്ട് 21/05/2023 ഞായറാഴ്ച 3 pm ന് ഭൗതികശരീരം

........»»»

*'ചന്ദ്രനെപ്പോലെ അഴകുള്ളവളും സൂര്യനെപ്പോലെ ശോഭയുള്ളവളും അണിനിരന്ന സൈന്യംപോലെ ഭയം ജനിപ്പിക്കുന്നവളുമായി ഉഷകാലോദയം പോലെ ഉയർന്നുവരുന്ന ഇവൾ ആരാകുന്നു?'* (ഉത്തമഗീതം 6:10)

ലീജിയൻ ഓഫ് മേരി ചങ്ങനാശേരി കമ്മീസിയത്തിന്റെ 812-ാമതും കൂരിയായുടെ 1050-ാമതും സമ്മേളനം 14-05-2023 ഞായറാഴ്ച ഉച്ചകഴിഞ്ഞ് 2.30 ന് പാറേൽ സെന്റ് മേരീസ് പള്ളി ലീജിയൻ ഹാളിൽ ജോസഫ് ഇളംതുരുത്തിയിൽ അച്ചന്റെ അധ്യക്ഷതയിൽ കൂടുകയുണ്ടായി. ലീജിയൻ പ്രാർത്ഥനയ്ക്കും ജപമാലയ്ക്കും പ്രസിഡന്റ് നേതൃത്വം നല്കി. സെക്രട്ടറി റിപ്പോർട്ടും വായിച്ചു. ഖജാൻജി വരവുചിലവു കണക്കുകളും അവതരിപ്പിച്ചു.

അച്ചൻ തന്റെ സന്ദേശത്തിൽ സർവശക്തനായ ദൈവം അനുഗ്രഹങ്ങളും കൃപകളും ചൊരിയട്ടെ എന്നാശംസിച്ചു. നാമെല്ലാവരും ഐക്യത്തിൽ ഒന്നായി പോകണമെന്നും സ്നേഹത്തിൽ പോകാൻ ശ്രമിക്കണമെന്നും ഓർമിപ്പിച്ചു. ഐക്യത്തിനു ബലം നൽകുന്നത് സ്നേഹമാണ്. സഭ എപ്പോഴും ദൈവികവും മാനുഷികവുമാണ്. പരിശുദ്ധിയിലേക്കു ലക്ഷ്യംവച്ചു ജീവിക്കേണ്ടവരാണ് നാമെല്ലാവരുമെന്നും മാതാവിലൂടെ ഈശോയിലേക്ക് എന്നതായിരിക്കണം ഓരോ ലീജിയൻ അംഗങ്ങളുടെയും ലക്ഷ്യമെന്നും തന്റെ സന്ദേശത്തിൽ പറയുകയുണ്ടായി.

സമാപനപ്രാർത്ഥനയ്ക്കുശേഷം അച്ചന്റെ ആശീർവാദത്തോടുകൂടി സമ്മേളനം സമാപിച്ചു.

കമ്മീസിയത്തിനുവേണ്ടി,

**സ്റ്റെല്ലാ തോമസ് അരിക്കത്തിൽ**
(സെക്രട്ടറി)

**ഫാ. ജോസഫ് ഇളംതുരുത്തിയിൽ**
(സ്പിരിച്ചൽ അസിസ്റ്റന്റ്)

«««........

അടക്കം ചെയ്തിരിക്കുന്ന ചങ്ങനാശേരി സെന്റ് മേരീസ് മെത്രാപ്പോലീത്തൻ ദൈവാലയത്തിലെ മാർത്ത് മറിയം കബറിടപ്പള്ളിയിൽ അനുസ്മരണ പ്രാർത്ഥനാ സമ്മേളനം നടത്തപ്പെട്ടു. അഭി. പിതാവിന്റെ അജപാലനകാലത്ത് അതിരൂപതയിൽ DCMS നെ നയിച്ച പെരിയ ബഹു. വികാരി ജനറാൾ അച്ചന്മാർ, ബഹു. ഡയറക്ടർ അച്ചന്മാർ, മുൻ ഭാരവാഹികൾ, വനിതാ-യുവജന മുൻ ഭാരവാഹികൾ, നിലവിലെ DCMS കൗൺസിൽ അംഗങ്ങൾ, ഭാരവാഹികൾ തുടങ്ങിയവർ പങ്കെടുത്തു.

**മാത്യു ജോസഫ്**
(സെക്രട്ടറി ഇൻ ചാർജ്)

**ഡോ. സിജോ ജേക്കബ്**
(പ്രസിഡന്റ്)

**ഫാ. ജോൺ വടക്കേകളം**
(ഡയറക്ടർ)

പ്രിയ സഹോദരങ്ങളേ,

അതിരൂപതയിലെ എല്ലാ ഭ്രാതൃത്വങ്ങളുടെയും പഠനത്തിനും ധ്യാനത്തിനും സഭാംഗങ്ങൾക്കായി നൽകപ്പെട്ടിരിക്കുന്ന ഔദ്യോഗിക 'നിയമാവലിയും ജീവിത ക്രമവും' തുടർച്ച! കർത്താവിന്റെ നാമത്തിൽ തപശ്ചര്യയുടെ സഹോദരീസഹോദരന്മാർക്കു വി. ഫ്രാൻസിസ് നൽകുന്ന ഉദ്ബോധനം.

**വകുപ്പ് 4**

1. അൽമായ ഫ്രാൻസിസ്കൻ സമൂഹം സാർവത്രികസഭയുടെ നിയമങ്ങളാലും അവരുടെതന്നെ പ്രത്യേക നിയമങ്ങളാലും ഭരണഘടന, മതാനുഷ്ഠാനം, നിയമസംഹിത, ചട്ടങ്ങൾ എന്നിവയാലും നയിക്കപ്പെടുന്നു.
2. അൽമായ ഫ്രാൻസിസ്കൻ സഭയുടെ സ്വഭാവം, ലക്ഷ്യം, ചൈതന്യം എന്നിവ നിർണയിക്കുന്നതു അതിന്റെ നിയമാവലിയാണ്.
3. നിയമം 3: ഭരണഘടനയുടെ ലക്ഷ്യങ്ങൾ:
   a) നിയമം നടപ്പിലാക്കുക
   b) അൽമായ ഫ്രാൻസിസ്കൻ സഭാഗമാകുന്നതിനുള്ള വ്യവസ്ഥകൾ വ്യക്തമായി നിർദേശിക്കുക.
   c) ഭ്രാതൃത്വത്തിന്റെ ജീവിതക്രമവും ഘടനയും അതിന്റെ ഭരണക്രമവും ആസ്ഥാനവും വ്യക്തമാക്കുക.

**വകുപ്പ് 5**

1. നിയമം 3: നിയമാവലിയുടെയും ഭരണഘടനയുടെയും ഔദ്യോഗിക വ്യാഖ്യാനത്തിനുള്ള അവകാശം പരിശുദ്ധ സിംഹാസനത്തിനായിരിക്കും.
2. വിവിധതലങ്ങളിലും വിഭിന്ന റീജനുകളിലും ഭരണഘടന പ്രായോഗികമാക്കുന്നതിനും ഏകോപിപ്പിച്ചുകൊണ്ടു പോകുന്നതിനും സഹായകമാകുന്നവിധം ഈ സഭയുടെ ഭരണഘടനയ്ക്കു പ്രായോഗിക വ്യാഖ്യാനം നൽകാനുള്ള അധികാരം പൊതുസമ്മേളനത്തിന്റേതാണ് (General Chapter).
3. ഭരണഘടനയുടെ ഏതെങ്കിലും കാര്യത്തിനു സമയോചിത തീരുമാനമെടുക്കാൻ സഹായകമായ വിശദീകരണം നൽകാൻ അത്മായ ഫ്രാൻസിസ്കൻ സഭയുടെ അന്തർദേശീയ പ്രസിഡൻസിക്ക് അധികാരമുണ്ടായിരിക്കുന്നതാണ്. അങ്ങനെയെടുക്കുന്ന തീരുമാനം അടുത്ത പൊതുസംഘം (Chapter) വരെ സാധുവായിരിക്കുന്നതാണ്.

30.4.2023 ഞായറാഴ്ച വൈകുന്നേരം 3 മണിക്ക് വാഴപ്പള്ളി ഗദ്സമനി ആശ്രമത്തിൽ ബഹു. മൈക്കിൾ പറൂശ്ശേരിൽ അച്ചന്റെ അധ്യക്ഷതയിൽ അതിരൂപതാ കൗൺസിൽ യോഗം ചേർന്നു. സഭാംഗങ്ങൾക്കുവേണ്ടി തയ്യാറാക്കുന്ന ഡയറക്ടറിയുടെ നടപടികൾ എല്ലാ ഭ്രാതൃത്വ മിനിസ്റ്ററുമാരുടെയും സഹകരണത്തോടെ

*ശേഷം പേജ് 82 ൽ.....»*

*''തീക്ഷ്ണതയിൽ മാന്ദ്യം കൂടാതെ ആത്മാവിൽ ജ്വലിക്കുന്നവരായി കർത്താവിനെ ശുശ്രൂഷിക്കുവിൻ''* (റോമ 12:11).

പ്രിയ വിൻസെൻഷ്യൻ സഹോദരരേ,

നമ്മുടെ 69-ാമതു വാർഷികവും അതിരമ്പുഴ ഏരിയാ കൗൺസിൽ പ്ലാറ്റിനം ജൂബിലി ഉദ്ഘാടനവും ഏറ്റവും മനോഹരമാക്കിയ എല്ലാവർക്കും അഭിനന്ദനങ്ങളും നന്ദിയും രേഖപ്പെടുത്തുന്നു. 'ദേശീയനേതൃത്വം മുതൽ എല്ലാ തലങ്ങളിലുമുള്ള അംഗങ്ങളും ഒരുമയോടെ പ്രവർത്തിച്ച കൂട്ടായ്മയുടെ വിജയം' എന്നാണ് ബഹു. പനക്കേഴം അച്ചൻ ഈ സമ്മേളനത്തെ വിലയിരുത്തിയത്. മൂന്നുദിവസങ്ങളിലെ സന്ദർശനങ്ങളിലൂടെ ദേശീയാധ്യക്ഷൻ ബ്രദർ ജൂഡ് മംഗൽരാജ് നമുക്കു പകർന്നുനല്കിയ ആവേശത്തിനും ആശയങ്ങൾക്കും നന്ദി പറയുന്നു. വടക്കുകിഴക്കൻ പ്രദേശങ്ങളിലെ അതിദരിദ്രരായ വ്യക്തികളെ സഹായിക്കാൻ അവിടുത്തെ സെൻട്രൽ കൗൺസിലുകളെ ടിന്നിംഗിലൂടെ സഹായിക്കണമെന്ന ഒരഭ്യർത്ഥന അദ്ദേഹം നല്കിയിട്ടുണ്ട്. സാധിക്കുന്ന കോൺഫറൺസുകളുടെ സഹകരണം അഭ്യർത്ഥിക്കുന്നു. ഓരോ ഏരിയാ കൗൺസിലും മാസതോറും കൃത്യമായ ഒരു തുക നല്കി സഹായിക്കുന്നതും ഉചിതമാവും.

അഭി. മാർ ജോസഫ് പെരുന്തോട്ടം പിതാവും ഡോ. ജാൻസി ജയിംസും നല്കിയ സന്ദേശങ്ങൾ കോൺഫറൺസുകളിൽ ചർച്ച ചെയ്യുന്നത് ഉചിതമായിരിക്കും. തിരുവല്ല, വിജയപുരം, കോട്ടാർ തുടങ്ങി പല രൂപതകളിലെയും സെൻട്രൽ കൗൺസിലുകളുടെ മാതൃസ്ഥാനത്താണ് ചങ്ങനാശേരി സെൻട്രൽ കൗൺസിലെന്നും നമ്മുടെ ആദ്യ കോൺഫറൺസായ അതിരമ്പുഴയ്ക്ക് അതിനാൽ മുത്തശ്ശിയുടെ സ്ഥാനമാണുള്ളതെന്നും അഭി. പിതാവിന്റെ വിശേഷിപ്പിച്ചു. പ്രതീക്ഷയോടെ സേവനം ചെയ്യുന്ന വലിയ സമൂഹമായ സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റിയിൽ അംഗമാകാൻ ദൈവവിളി ലഭിക്കുകയെന്നതു വലിയ ഭാഗ്യമാണെന്നാണ് ഡോ. ജാൻസി ജയിംസ് അഭിപ്രായപ്പെട്ടത്. മറ്റുള്ളവരോട് അനുകമ്പയോടെ പ്രവർത്തിച്ച ഈശോയുടെ മാതൃക പിന്തുടരാനുള്ള ഉത്തരവാദിത്വം ഓർമപ്പെടുത്തുന്നതായിരുന്നു ബഹു. ജോസഫ് മുണ്ടകത്തിലച്ചന്റെ സന്ദേശം. ദൈവം സ്നേഹമാകുന്നു എന്ന ബനഡിക്ട് പതിനാറാമൻ പാപ്പായുടെ തിരുവെഴുത്തിനെ ആധാരമാക്കി ക്രൈസ്തവജീവിതത്തിന്റെ മൂന്നുമാനങ്ങളായ 1) സുവിശേഷം പ്രസംഗിക്കുക 2) ആരാധനയർപ്പിക്കുക 3) സ്നേഹശുശ്രൂഷയർപ്പിക്കുക എന്നീ ഉത്തരവാദിത്വങ്ങളെപ്പറ്റി ആധ്യാത്മികോപദേഷ്ടാവ് ബഹു. ജോസഫ് പനക്കേഴം അച്ചൻ വിശദീകരിച്ചു.

പുതുതായി പല ഇടവകകളിലും കോൺഫറൺസുകൾ രൂപം കൊള്ളുമ്പോൾ നിലവിലുള്ള ചില കോൺഫറൺസുകൾ പ്രവർത്തനം മന്ദീഭവിക്കുകയോ,

നിന്നുപോവുകയോ ചെയ്യുന്ന അവസ്ഥ കാണുന്നുണ്ട്. ഏരിയാ കൗൺസിൽ ഭാരവാഹികളുടെ കൂടുതലായ ശ്രദ്ധ ഇക്കാര്യത്തിൽ ഉണ്ടാവുമല്ലോ.

ഈ സമ്മേളനം വിജയപ്രദമാക്കാൻ എല്ലാ സഹകരണങ്ങളും പ്രോത്സാഹനങ്ങളും നല്കിയ പെരിയ ബഹു. ജോസഫ് മുണ്ടകത്തിലച്ചനു പ്രത്യേകം നന്ദി. കോൺഫറൺസ് പ്രസിഡന്റ് ബ്രദർ ടി.ജെ. മാത്യു, സെൻട്രൽ കൗൺസിൽ വൈസ് പ്രസിഡന്റ് ബ്രദർ കുരുവിള കുര്യൻ, ഏരിയാ കൗൺസിൽ പ്രസിഡന്റ് ബ്രദർ എബ്രഹാം കൊറ്റത്തിൽ എന്നിവരുടെ നേതൃത്വത്തിൽ നടത്തിയ ക്രമീകരണങ്ങൾക്കും അതിരമ്പുഴ കോൺഫറൺസിലെയും ഏരിയാ കൗൺസിലിലെയും എല്ലാ അംഗങ്ങളോടുമുള്ള നന്ദി അറിയിക്കുന്നു. ആറുവർഷം അതിരമ്പുഴ ഏരിയാ കൗൺസിലിനു നേതൃത്വം നല്കി സ്ഥാനമൊഴിയുന്ന ബ്രദർ തങ്കച്ചൻ പൊന്മാങ്കലിന്റെ സേവനങ്ങളെ സ്നേഹപൂർവം അനുസ്മരിക്കുന്നു. പുതിയ പ്രസിഡന്റ് ബ്രദർ എബ്രഹാം കൊറ്റത്തിലിന് എല്ലാ ആശംസകളും സെൻട്രൽ കൗൺസിലിലേക്ക് സ്വാഗതവും നേരുന്നു. VOC കോഴ്സിന്റെ ആദ്യ ക്ലാസ് മെയ് 27 ശനിയാഴ്ച ആരംഭിച്ചു. സാധിക്കുന്നവരെല്ലാം ഈ കോഴ്സ് പ്രയോജനപ്പെടുത്തണമെന്ന് അഭ്യർത്ഥിക്കുന്നു. പുതുതായി രൂപീകൃതമായ രാജമറ്റം വനിതാ കോൺഫറൺസിന് എല്ലാ ഭാവുകങ്ങളും നേരുന്നു.

ഈശോയിൽ സ്നേഹപൂർവം,

**ബ്രദർ തോമസ് ടി. മൂലയിൽ**
(സി.സി. പ്രസിഡന്റ്)

---

» ***SFO തുടർച്ച...***

പൂർത്തിയാക്കുന്നതിനു പരിശ്രമിച്ചു. സഭയുടെ വളർച്ചയ്ക്കും വ്യക്തികളുടെ ഉന്നമനത്തിനുംവേണ്ടി സഭാംഗങ്ങളെല്ലാവരും സഭാനിയമങ്ങളും പ്രവർത്തനരീതികളും നിർബന്ധമായും പഠിച്ചിരിക്കണമെന്ന് ഉദ്ബോധിപ്പിച്ചു. 5.30 നു യോഗം അവസാനിച്ചു. പങ്കെടുത്ത എല്ലാ മിനിസ്റ്റേഴ്സിനും നന്ദിയർപ്പിക്കുന്നു.

14.5.2023 ഞായറാഴ്ച 7.30 നു യൂദാപുരം ഭ്രാതൃത്വത്തിൽ ബഹു. വികാരി ഫാ. ജോർജ് പനക്കേഴത്തിന്റെയും SFO സ്പിരിച്വൽ അസിസ്റ്റന്റ് ബഹു. മൈക്കിൾ പറൂശ്ശേരിയുടെയും കാർമികത്വത്തിൽ പുതുതായി 11 അംഗങ്ങൾ നിത്യവ്രത വാഗ്ദാനവും സുവിശേഷാത്മക ജീവിതത്തിനുള്ള പ്രതിജ്ഞയും നടത്തി. അതിരൂപതാ പ്രസിഡന്റ് ബ്രദർ വി.സി. അല്ക്സ് അർത്ഥികളെ സ്വാഗതം ചെയ്തു. പുതുതായി വാഗ്ദാനം ചെയ്ത എല്ലാ സഭാംഗങ്ങൾക്കും ദൈവാനുഗ്രഹങ്ങൾ ലഭിക്കട്ടെയെന്നു പ്രാർത്ഥിക്കുന്നു. സമാധാനവും സൗഭാഗ്യവും.

**ബ്രദർ വി.സി. അലക്സ് വലിയപറമ്പിൽ**
(പ്രസിഡന്റ്)

**ഫാ. മൈക്കിൾ പറൂശ്ശേരിൽ** OFM Cap.
(സ്പിരിച്ച്വൽ അസിസ്റ്റന്റ്)

*ഈശോയിൽനിന്നു നിങ്ങൾ സ്വീകരിച്ച അഭിഷേകം നിങ്ങളിൽ നില നിൽക്കും. അതിനാൽ മറ്റാരും നിങ്ങളെ പഠിപ്പിക്കേണ്ടതില്ല. അവന്റെ അഭിഷേകം എല്ലാ കാര്യങ്ങളെയുംകുറിച്ചു നിങ്ങളെ പഠിപ്പിക്കും*
(1 യോഹ 2,27)

ലൈഫ് ഇൻ ദി സ്പിരിറ്റ് പ്രോഗ്രാമിലൂടെ ധാരാളം സഹോദരങ്ങൾ വചനത്തോട് ആഭിമുഖ്യമുള്ളവരാകുകയും വചനശുശ്രൂഷകൾ ചെയ്യാൻ കഴിവു നേടുകയും ചെയ്തു. അതിൽനിന്നും കൂടുതൽ തീക്ഷ്ണത ലഭിച്ചവരെ ഉൾപ്പെടുത്തി L.S.S ആക്റ്റീവ് എന്ന പേരിൽ പത്തു ഗ്രൂപ്പുകൾ ആരംഭിച്ചു പരിശീലനം നൽകികൊണ്ടിരിക്കുന്നു. തിരുസഭയ്ക്കും രൂപതയ്ക്കും ചങ്ങനാശേരി കരിസ്മാറ്റിക് സോണിനുവേണ്ടി പ്രാർത്ഥിക്കുവാൻ രൂപപ്പെടുത്തിയ മധ്യസ്ഥ പ്രാർത്ഥനാ ഗ്രൂപ്പ് ശനിയാഴ്ചകളിൽ മുടങ്ങാതെ നടക്കുന്നു. ഇടവകകളിൽ പാരിഷ് കമ്മിറ്റി മെമ്പേഴ്സ്, സൺഡേസ്കൂൾ അദ്ധ്യാപകർ തുടങ്ങിയവർക്ക് L.S.S കൊടുക്കുവാൻ പ്രാർത്ഥിച്ചു പരിശ്രമിച്ചുകൊണ്ടിരിക്കുന്നു. വിവിധ ഇടവകകളിൽ സംഘടിപ്പിച്ച കൂട്ടായ്മകൾ സജീവമായി നടന്നുകൊണ്ടിരിക്കുന്നു.

എമ്മാവൂസിൽ നടന്ന കെ.എ.സി. മീറ്റിംഗിൽ നമ്മുടെ സോണിൽനിന്ന് ആനിമേറ്റർ സി. ചെറുപുഷ്പം SABS ഉൾപ്പെടെ ഏഴുപേർ പങ്കെടുത്തു. പുതിയതായി നിയമിതനായ കമ്മിഷൻ പിതാവ് അഭി. വർഗീസ് ചക്കാലക്കലിന്റെ നേതൃത്വത്തിൽ നടന്ന ക്ലാസുകളിലൂടെയും ഗ്രൂപ്പ് ചർച്ചകളിലൂടെയും ഉരുത്തിരിഞ്ഞുവന്ന ആശയങ്ങൾ ക്രോഡീകരിച്ചു അടുത്തവർഷത്തേക്കുള്ള കർമ പരിപാടികൾക്കു രൂപംകൊടുത്തു. നവീകരണത്തിൽ പ്രവർത്തിക്കുന്നവർ സഭയുടെ ഉപ്പായി മാറണമെന്നു പിതാവിന്റെ ആഹ്വാനം ചെയ്തു.

സ്നേഹപൂർവം,

**മോൻ ചെത്തിമറ്റം**
(കോർഡിനേറ്റർ)

**ഫാ. ലൂയിസ് വെള്ളാനിക്കൽ**
(ആനിമേറ്റർ)



# പരസ്പരബഹുമാനവും കൂട്ടായ്മയും

(തിരുവചനഭാഗം: റോമാ 15,1–33)

സമൂഹജീവിതത്തിലെ കൂട്ടായ്മക്കാവശ്യമായ കാര്യങ്ങൾ മിശിഹായുടെ മാതൃക സ്വീകരിച്ചുകൊണ്ട് പ്രാവർത്തികമാക്കാൻ ശ്ലീഹാ ആഹ്വാനം ചെയ്യുന്നു. ഈ തിരുവചനഭാഗത്തെ താഴെക്കാണുംവിധം വിഭജിക്കാം.

1. സ്വയം പ്രസാദിപ്പിക്കാതിരിക്കുക (15,1–6)
2. അന്യോന്യം സ്വീകരിക്കുക (15,7–13)
3. സുവിശേഷത്തിനു പുരോഹിതശുശ്രൂഷ (15,14–21)
4. റോമാ സന്ദർശനം (15,22–28)
5. തനിക്കുവേണ്ടി പ്രാർത്ഥിക്കുക (15,29–33)

ഈ വചനഭാഗം അജപാലകർക്കു നല്കുന്ന സന്ദേശങ്ങൾ മനസ്സിലാക്കാൻ ശ്രമിക്കാം.

## 1. സ്വയം പ്രസാദിപ്പിക്കാതിരിക്കുക

*''ബലമുള്ളവരായ നാം ദുർബലരുടെ പോരായ്മകൾ സഹിക്കുകയാണു വേണ്ടത്, നമ്മെത്തന്നെ പ്രീതിപ്പെടുത്തുകയല്ല. നാം ഓരോരുത്തരും അയൽക്കാരന്റെ നന്മയെ ഉദ്ദേശിച്ച് അവന്റെ ഉത്കർഷത്തിനായി അവനെ പ്രീതിപ്പെടുത്തണം. എന്തെന്നാൽ, മിശിഹായും തന്നെത്തന്നെ പ്രീതിപ്പെടുത്തിയില്ല. ഇങ്ങനെ എഴുതപ്പെട്ടിരിക്കുന്നു: അങ്ങയെ അധിക്ഷേപിച്ചവരുടെ അധിക്ഷേപങ്ങൾ എന്റെമേൽ പതിച്ചു! മുമ്പ് എഴുതപ്പെട്ടവയെല്ലാം നമ്മുടെ പ്രബോധനത്തിനു വേണ്ടിയാണ്-സ്ഥൈര്യത്താലും വിശുദ്ധലിഖിതങ്ങളിൽനിന്നു ലഭിക്കുന്ന സമാശ്വാസത്താലും നമുക്കു പ്രത്യാശയുളവാക്കുവാൻവേണ്ടി. സ്ഥൈര്യവും സമാശ്വാസവും നൽകുന്ന ദൈവം പരസ്പരൈക്യത്തിൽ ഈശോമിശിഹായോടു ചേർന്നുജീവിക്കാൻ നിങ്ങളെ അനുഗ്രഹിക്കട്ടെ!''* (15,1–5).

ക്രിസ്തീയകൂട്ടായ്മയുടെ സവിശേഷതയായി പൗലോസ്ശ്ലീഹാ എടുത്തു കാണിക്കുന്നത് സ്വയം പ്രസാദിപ്പിക്കാൻ ശ്രമിക്കാതിരിക്കുന്ന ഒരു ജീവിതമാണ്. ദുർബലരുടെ പോരായ്മകൾ സഹിക്കണമെന്നതാണ് പൗലോസിന്റെ ആഹ്വാനം. 'ദുർബലർ' എന്നതുകൊണ്ട് ശ്ലീഹാ ഉദ്ദേശിക്കുന്നത് 'വീഴ്ച പറ്റിയവർ' എന്ന അർത്ഥത്തിലാണ് നാം മനസ്സിലാക്കേണ്ടത്. ബലവാന്മാർ തങ്ങളുടെ താൽപര്യങ്ങൾ സംരക്ഷിക്കാൻ ശ്രമിക്കാതെ ദുർബലരുടെ ആവശ്യ

ങ്ങൾക്കൊപ്പം നിൽക്കണമെന്നാണ് പൗലോസ്ശ്ലീഹാ വിവക്ഷിക്കുന്നത്. സ്വയം പ്രസാദിപ്പിക്കാതെ ദുർബലരെ പ്രസാദിപ്പിക്കുന്നതിനു മാതൃകയായി മിശിഹായെയാണ് ശ്ലീഹാ എടുത്തുകാണിക്കുന്നത്. ഫിലിപ്പിയർക്കെഴുതിയ ലേഖനത്തിൽ മിശിഹായുടെ ദാസ്യമനോഭാവത്തെക്കുറിച്ചും ശൂന്യവത്ക്കരണത്തെക്കുറിച്ചുമുള്ള (ഫിലി 2,6-8) ആദിമസഭയുടെ വിശ്വാസമാണ് ഈ ആഹ്വാനത്തിന് ആധാരമായി പൗലോസ്ശ്ലീഹാ സ്വീകരിക്കുന്നത്. പാപികളായ മനുഷ്യരെ രക്ഷിക്കുവാൻ സ്വയം ശൂന്യനാക്കിയ മിശിഹായെ അനുകരിച്ചുകൊണ്ട്, സ്വയം പ്രസാദിപ്പിക്കാതെ, വിശ്വാസത്തിൽ ബലഹീനരായവരെ പരിഗണിച്ചുകൊണ്ടുള്ള കൂട്ടായ്മാജീവിതം നയിക്കാനാണ് ശ്ലീഹാ ആഹ്വാനം ചെയ്യുന്നത്.

ഈശോയോടുചേർന്നു ജീവിക്കാനുള്ള കൃപയ്ക്കുവേണ്ടി, റോമായിലെ സഭയ്ക്കായി വി. പൗലോസ് പ്രാർത്ഥിക്കുന്നു: ''സ്ഥൈര്യവും സമാശ്വാസവും നൽകുന്ന ദൈവം പരസ്പരൈക്യത്തിൽ ഈശോമിശിഹായോടുചേർന്നു ജീവിക്കാൻ നിങ്ങളെ അനുഗ്രഹിക്കട്ടെ!. അങ്ങനെ നിങ്ങളൊത്തൊരുമിച്ച് ഏകസ്വരത്തിൽ നമ്മുടെ കർത്താവായ ഈശോമിശിഹായുടെ ദൈവവും പിതാവുമായവനെ മഹത്ത്വപ്പെടുത്താനിടയാകട്ടെ'' (15,5-6). സഭയിൽ ഐക്യമുണ്ടാകുന്നതിനുവേണ്ടിയാണ് പൗലോസ്ശ്ലീഹാ പ്രധാനമായും പ്രാർത്ഥിക്കുന്നത്. സഭയിലെ ഐക്യം പൗലോസ്ശ്ലീഹായുടെ ഇതരലേഖനങ്ങളിലെയും മുഖ്യപ്രമേയമാണ്. വിശുദ്ധ ലിഖിതങ്ങളുടെ പഠനം ഈ സന്ദർഭത്തിൽ ശ്ലീഹാ എടുത്തുപറയുന്നുണ്ട് (15,4). വചനാധിഷ്ഠിതജീവിതം മനുഷ്യരുമായുള്ള ഐക്യത്തിൽ ജീവിക്കാൻ സഹായിക്കുമെന്ന് ഇതു സൂചിപ്പിക്കുന്നു. ദൈവത്തിൽ ആശ്രയിക്കുന്നവർക്ക് എല്ലാ മനുഷ്യരെയും സ്നേഹത്തിൽ സ്വീകരിക്കുവാനുള്ള പ്രചോദനവും ശക്തിയും ലഭിക്കും. വചനാധിഷ്ഠിതജീവിതം നയിച്ച് എല്ലാവരെയും സ്വീകരിക്കുന്ന ജീവിതം നയിക്കുവാൻ അജപാലകരും അജഗണങ്ങളും പ്രത്യേകം പരിശ്രമിക്കണം.

### 2. അന്യോന്യം സ്വീകരിക്കുക

*''ആകയാൽ, ദൈവമഹത്ത്വത്തിനായി മിശിഹാ നിങ്ങളെ സ്വീകരിച്ചതുപോലെ നിങ്ങൾ അന്യോന്യം സ്വീകരിക്കുവിൻ. ദൈവത്തിന്റെ സത്യനിഷ്ഠ വെളിപ്പെടുത്താൻവേണ്ടി മിശിഹാ പരിച്ഛേദിതർക്കു ശുശ്രൂഷകനായി എന്നു ഞാൻ നിങ്ങളോടു പറയുന്നു. അങ്ങനെ പിതാക്കന്മാരോടു ചെയ്ത വാഗ്ദാനം സ്ഥിരീകരിക്കപ്പെട്ടു''* (15,7-8).

മിശിഹാ നിങ്ങളെ സ്വീകരിച്ചതുപോലെ നിങ്ങൾ അന്യോന്യം സ്വീകരിക്കുക എന്ന ആഹ്വാനമാണ് പൗലോസ്ശ്ലീഹാ നൽകുന്നത്. പാപികളായിരുന്നിട്ടും തന്റെ കരുണയാൽ മിശിഹാ നമ്മെ രക്ഷിച്ചുവെന്നതിനെയാണ് പൗലോസ് ശ്ലീഹാ 'മിശിഹാ നിങ്ങളെ സ്വീകരിച്ചതുപോലെ' എന്ന പ്രയോഗത്തിലൂടെ അർത്ഥമാക്കുന്നത്. പഴയദൈവജനമായ ഇസ്രായേൽക്കാർക്കായി രക്ഷാപദ്ധതി തയ്യാറാക്കിയ ദൈവം വിജാതീയരെയും പ്രസ്തുത രക്ഷാപദ്ധതിയിൽ പങ്കുകാരാക്കി. ഇത് വിജാതീയരും ദൈവത്തെ മഹത്ത്വപ്പെടുത്തുന്നതിനുവേണ്ടിയാണ്. മിശിഹായിൽ യഹൂദരും വിജാതീയരും ഒരുപോലെ ദൈവത്തെ സ്തുതിക്കാൻ

അർഹതയുള്ളവരായി. ദൈവത്തിന്റെ രക്ഷാകരസ്നേഹം സ്വീകരിച്ച എല്ലാവരും സ്നേഹത്തിൽ പരസ്പരം സ്വീകരിക്കുന്നവരായിരിക്കണം. അപ്രകാരം സഭാസമൂഹം സ്നേഹകൂട്ടായ്മയിൽ പരസ്പരം സ്വീകരിക്കുന്ന ഒരു സമൂഹമായി വർത്തിക്കണമെന്നാണ് പൗലോസ്ശ്ലീഹാ ആഹ്വാനം ചെയ്യുന്നത്.

അതേത്തുടർന്ന്, ക്രിസ്തീയജീവിതത്തിൽ യഹൂദരും വിജാതീയരും ഒന്നുചേർന്നു നടത്തുന്ന സംയുക്ത ദൈവാരാധനയെ സൂചിപ്പിക്കുന്ന പഴയനിയമ ഉദ്ധരണികൾ പൗലോസ്ശ്ലീഹാ കൊടുക്കുന്നു. സങ്കീ 18,49; നിയ 32,43; സങ്കീ 117,1 എന്നീ വചനങ്ങളാണ് പൗലോസ്ശ്ലീഹാ യഥാക്രമം ഉദ്ധരിക്കുന്നത്. സർവജനപദങ്ങളും ഇസ്രായേലിന്റെ ദൈവത്തെ സ്തുതിക്കുമെന്നുള്ള ഈ പ്രവചനം എപ്രകാരമാണു നിറവേറുകയെന്നതു നാളിതുവരെ അജ്ഞാതമായിരുന്നു. എന്നാൽ ഈശോയിൽ ഇവയുടെ പൂർത്തീകരണത്തിനുള്ള വഴി തുറന്നിരിക്കുന്നുവെന്നു പൗലോസ്ശ്ലീഹാ സമർത്ഥിക്കുന്നു. ഏശയ്യായുടെ ഗ്രന്ഥത്തിൽനിന്നും മിശിഹായുടെ ജനനത്തെക്കുറിച്ചുള്ള പ്രവചനം (11,10) ഉദ്ധരിച്ചുകൊണ്ട് ഈ ഭാഗം പൗലോസ്ശ്ലീഹാ ഉപസംഹരിക്കുന്നു. അതുകൊണ്ട് യഹൂദരും വിജാതീയരും ഉൾപ്പെടുന്ന ക്രിസ്തീയസമൂഹം ഐക്യത്തിൽ ജീവിക്കുകയും മിശിഹാ കേന്ദ്രീകൃതമായ ആരാധനയിലൂടെ പിതാവായ ദൈവത്തെ സ്തുതിക്കുകയും ചെയ്യുമെന്നു പൗലോസ്ശ്ലീഹാ എടുത്തുപറയുന്നു. ജീവിതത്തിലും ആരാധനയിലുമുള്ള ഐക്യമാണ് സഭൈക്യത്തിന്റെ അടിസ്ഥാനസ്വഭാവമെന്ന് ഇവിടെ പൗലോസ്ശ്ലീഹാ സമർത്ഥിക്കുന്നു. അപ്രകാരം സ്നേഹകൂട്ടായ്മയിൽ മിശിഹായിലൂടെ പിതാവായ ദൈവത്തെ ആരാധിക്കുന്ന സമൂഹമായി സഭയെ കെട്ടിപ്പടുക്കുവാൻ അജപാലകരും അജഗണങ്ങളും ഒന്നുചേർന്നു പരിശ്രമിക്കണം.

### 3. സുവിശേഷത്തിനു പുരോഹിതശുശ്രൂഷ

*''സഹോദരരേ, നിങ്ങൾ നന്മയാൽ പൂരിതരും എല്ലാ അറിവും തികഞ്ഞവരും പരസ്പരം ഉപദേശിക്കാൻ കഴിവുള്ളവരുമാണെന്ന കാര്യത്തിൽ എനിക്ക് ഒരു സംശയവുമില്ല. ദൈവം എനിക്കു നൽകിയ കൃപയാൽ ധൈര്യത്തോടെ ചില കാര്യങ്ങൾ ഓർമിപ്പിക്കാൻവേണ്ടിയാണു നിങ്ങൾക്കു ഞാൻ എഴുതിയത്. ദൈവത്തിന്റെ കൃപ എന്നെ വിജാതീയർക്കുവേണ്ടി ഈശോമിശിഹായുടെ ശുശ്രൂഷകനാക്കിയിരിക്കുകയാണല്ലോ. വിജാതീയരാകുന്ന ബലിവസ്തു സ്വീകാര്യവും പരിശുദ്ധാത്മാവിനാൽ പവിത്രീകൃതവുമാകാൻവേണ്ടി ഞാൻ ദൈവത്തിന്റെ സുവിശേഷത്തിനു പുരോഹിതശുശ്രൂഷ ചെയ്യുന്നു''* (15,14-16).

തന്റെ ശ്ലൈഹികശുശ്രൂഷ പുരോഹിതശുശ്രൂഷയായി പൗലോസ്ശ്ലീഹാ ഇവിടെ അവതരിപ്പിക്കുന്നു. സുവിശേഷപ്രഘോഷണത്തിലൂടെ അനേകം വിജാതീയരെ പൗലോസ്ശ്ലീഹാ മാനസാന്തരപ്പെടുത്തി മിശിഹായിൽ വിശ്വസിക്കുന്ന ജീവിതം നയിക്കുന്നവരാക്കി. വിശ്വാസം സ്വീകരിക്കുക, ജീവിക്കുക, ആഘോഷിക്കുക, പ്രകാശനം ചെയ്യുകയെന്നതാണ് സഭാജീവിതത്തിന്റെ പ്രത്യേകതയായി ആരംഭം മുതലേ നാം കാണുന്നത്: ''അവർ ശ്ലീഹന്മാരുടെ പ്രബോധനം, കൂട്ടായ്മ, അപ്പംമുറിക്കൽ, പ്രാർത്ഥന എന്നിവയിൽ സദാ താത്പര്യപൂർവം പങ്കുചേർന്നു'' (അപ്പ 2,42). ശ്ലൈഹികപ്രബോധനം വിശ്വാസ

സ്വീകരണത്തെയും കൂട്ടായ്മ വിശ്വാസജീവിതത്തെയും അപ്പംമുറിക്കൽ വിശ്വാസ പ്രഘോഷണത്തെയും പ്രാർത്ഥന വിശ്വാസപ്രകാശനത്തെയുമാണ് പ്രതിനിധാനം ചെയ്യുന്നത്. സുവിശേഷപ്രഘോഷണത്തിലൂടെ ഇപ്രകാരം വിശ്വാസികളുടെ സമൂഹം ആരാധനാസമൂഹമായി മാറുമ്പോഴാണ് സുവിശേഷപ്രഘോഷണം ലക്ഷ്യപ്രാപ്തിയിലെത്തുന്നത്. അതുകൊണ്ടാണ് സുവിശേഷ പ്രഘോഷണത്തെ പുരോഹിതശുശ്രൂഷയെന്നു പൗലോസ്ശ്ലീഹാ വിശേഷിപ്പിക്കുന്നത്. അജപാലകർ തങ്ങളുടെ വിശ്വാസിസമൂഹത്തെ ആരാധനാസമൂഹമാക്കിത്തീർക്കുവാൻ ശ്രദ്ധിക്കണം. തങ്ങളുടെ വിശ്വാസത്തിന്റെ ആഘോഷമാണ് പരി. കുർബാനയെന്ന ബോദ്ധ്യം വിശ്വാസികൾക്കു നൽകണം.

ജറുസലെം മുതൽ ഇറ്റലിയിൽ അഡ്രിയാറ്റിക്ക് സമുദ്രതീരത്തുള്ള ഇല്ലിറിക്കോൺവരെ, മിശിഹായെക്കുറിച്ച് ഒരിക്കലും കേട്ടിട്ടില്ലാത്ത വിജാതീയരോടാണ് പൗലോസ്ശ്ലീഹാ സുവിശേഷം പ്രസംഗിച്ചത്. ശ്ലീഹന്മാരുടെ നടപടികൾ 13 മുതൽ 20 വരെ അദ്ധ്യായങ്ങളിൽ ഈ യാത്രയെക്കുറിച്ചുള്ള വിവരണമുണ്ട്. മിശിഹായെ അറിയാത്ത സ്ഥലങ്ങളിൽ സുവിശേഷം പ്രസംഗിക്കുന്നതിലാണ് പൗലോസ്ശ്ലീഹാ അത്യധികം ഉത്സാഹം കാണിച്ചതെന്ന് എടുത്തുപറയുന്നു. മിശിഹായിൽ വിശ്വസിക്കുന്ന അജപാലകരും അജഗണങ്ങളും ഇപ്രകാരം മിശിഹായെ അറിയാത്തവരുടെയിടയിൽ മിശിഹായെ അറിയിക്കുന്നതിനുള്ള പ്രേഷിതതീക്ഷ്ണതയുള്ളവരായിരിക്കണമെന്ന് ഇതു സൂചിപ്പിക്കുന്നുണ്ട്. സഭ അവശ്യം പ്രേഷിതയാണ്. അപ്രകാരം പ്രേഷിതരാകുവാനുള്ള ഏറ്റവും ഉത്തമമായ മാർഗം വി. കുർബാനയിൽ കേന്ദ്രീകൃതമായ, സ്നേഹത്തിലും സാഹോദര്യത്തിലും ജീവിക്കുന്ന, കൂട്ടായ്മയായി സഭയെ കെട്ടിപ്പടുക്കുന്നതാണ്. അപ്രകാരം പ്രേഷിതചൈതന്യമുള്ള സമൂഹമായി സഭയെ നിലനിർത്തുവാൻ അജപാലകരും അജഗണങ്ങളും ശ്രദ്ധിക്കണം.

## 4. റോമാ സന്ദർശനം

*"മുൻപറഞ്ഞ കാരണത്താലാണ് നിങ്ങളുടെ അടുക്കൽ വരുന്നതിന് എനിക്കു പലപ്പോഴും തടസ്സം നേരിട്ടത്. ഇപ്പോഴാകട്ടെ, എനിക്ക് ഈ പ്രദേശങ്ങളിൽ പ്രവർത്തനത്തിനുള്ള സാധ്യതയൊന്നുമില്ല. നിങ്ങളുടെയടുക്കൽ വരാൻ പല വർഷങ്ങളായി ഞാൻ ആഗ്രഹിക്കുകയും ചെയ്യുന്നു. അതുകൊണ്ട്, സ്പെയിനിലേക്കുള്ള യാത്രയ്ക്കിടയിൽ നിങ്ങളെ കാണാമെന്നും നിങ്ങളുടെ സഹവാസം ഞാൻ കുറെക്കാലം ആസ്വദിച്ചതിനുശേഷം നിങ്ങൾ എന്നെ അങ്ങോട്ടു യാത്രയാക്കുമെന്നും പ്രതീക്ഷിക്കുന്നു"* (15,22-24).

പൗലോസ്ശ്ലീഹാ റോമിലേക്കും അവിടെനിന്നും സ്പെയിനിലേക്കും പോകാനൊരുങ്ങുകയാണ്. വിദൂരദേശങ്ങളിൽ സുവിശേഷമറിയിക്കാനുള്ള ഏശയ്യായുടെ പ്രവചനത്തിന്റെ സാക്ഷാത്ക്കാരമായാണ് (ഏശ 11,11; 41,1: 42,4) വി. പൗലോസ് തന്റെ സ്പെയിൻ യാത്രയെക്കാണുന്നത്. വി. പൗലോസ് റോമൻ പൗരനാകയാൽ റോമാസാമ്രാജ്യത്തിലുടനീളം യാത്രചെയ്യുവാൻ അവകാശമുള്ള വ്യക്തിയായിരുന്നു. റോമാസാമ്രാജ്യത്തിന്റെയും യൂറോപ്പിന്റെയും പശ്ചിമാതിർത്തിയായിരുന്നു സ്പെയിൻ. അതുകൊണ്ട് റോമാസാമ്രാജ്യം മുഴുവൻ സുവിശേഷമറിയിക്കുവാനുള്ള പൗലോസ്ശ്ലീഹായുടെ പ്രേഷിത

തീക്ഷ്ണതയാണ് ഇതിലൂടെ വ്യക്തമാകുന്നത്. 'ശ്ലീഹാ' എന്നുപറഞ്ഞാൽ അതു പൗലോസാണെന്ന് എല്ലാവർക്കുമറിയാം. സുവിശേഷപ്രഘോഷണം ഓരോ ക്രൈസ്തവന്റെയും അടിസ്ഥാനപരമായ ദൗത്യമാണ്. അതുകൊണ്ട് ഈ ദൗത്യബോധത്തിൽ അജഗണങ്ങളെ വളർത്തുവാൻ അജപാലകർ പ്രത്യേകം ശ്രദ്ധിക്കണം. ഈ ദൗത്യബോധത്തോടെ ജീവിക്കുവാൻ ഓരോ ക്രൈസ്തവനും പരിശ്രമിക്കുകയും വേണം.

തന്റെ ആസന്നമായ ജറുസലെം യാത്രയെക്കുറിച്ചാണ് പൗലോസ്ശ്ലീഹാ പിന്നീടു പരാമർശിക്കുന്നത് (15,25-28). ജറുസലെം സഭയിലെ വിശ്വാസികളെ - വിശുദ്ധരെ- സഹായിക്കാൻ ഗ്രീക്കുസഭകളിൽനിന്നു ശേഖരിച്ച പണം വിതരണം ചെയ്യാനാണ് പൗലോസ്ശ്ലീഹാ ജറുസലെമിലേക്കു പോയത്. ഇതേപ്പറ്റിയുള്ള വ്യക്തമായ വിവരണങ്ങൾ 1 കോറി 16,1-4; 2 കോറി 8,1-9,14 എന്നീ വചനഭാഗങ്ങളിൽ കാണാം. ''പാവങ്ങളോടു കരുണ വേണം'' എന്ന പ്രസ്താവന (ഗലാ 2,20) ജറുസലെം സഭയുടെ സഹായാഭ്യർത്ഥനയായി മസ്സിലാക്കാവുന്നതാണ്. ഈ സംഭാവനയെ കേവലം ദുരിതാശ്വാസപ്രവർത്തനമായിട്ടല്ല, വിശ്വാസം ലഭിച്ചതിനു യഹൂദരോടുള്ള വിജാതീയരുടെ നന്ദിപ്രകാശനമായിട്ടാണ് പൗലോസ്ശ്ലീഹാ മനസ്സിലാക്കുന്നത്. സഭയിലെ ജീവകാരുണ്യപ്രവർത്തനങ്ങൾക്ക് ഇതൊരു മാതൃകയാണ്. കേവലം ഉപവിപ്രവർത്തനങ്ങൾ എന്നതിനപ്പുറം അജപാലകരും അജഗണങ്ങളും കൂട്ടായ്മയുടെ ഒരു പ്രകാശനമായി അതിനെ കാണേണ്ടതാണ്.

## 5. തനിക്കുവേണ്ടി പ്രാർത്ഥിക്കുക

*''സഹോദരരേ, നമ്മുടെ കർത്താവായ ഈശോമിശിഹായുടെയും ആത്മാവിന്റെ സ്നേഹത്തിന്റെയും പേരിൽ ഞാൻ നിങ്ങളോട് അപേക്ഷിക്കുന്നു: എനിക്കുവേണ്ടി ദൈവത്തോടുള്ള പ്രാർത്ഥനകളിൽ എന്നോടൊപ്പം നിങ്ങളും ഉത്സുകരായിരിക്കണം. അതു യൂദയായിലുള്ള അവിശ്വാസികളിൽനിന്നു ഞാൻ രക്ഷപ്പെടുന്നതിനും ജറുസലെമിലെ എന്റെ ശുശ്രൂഷ വിശുദ്ധർക്കു സ്വീകാര്യമാകുന്നതിനുംവേണ്ടിയാണ്. അങ്ങനെ ദൈവഹിതമനുസരിച്ച് ഞാൻ സന്തോഷപൂർവം നിങ്ങളുടെ അടുത്തെത്തുകയും നിങ്ങളുടെ സഹവാസത്തിൽ ഉന്മേഷഭരിതനാവുകയും ചെയ്യും. സമാധാനത്തിന്റെ ദൈവം നിങ്ങളെല്ലാവരോടും കൂടെ ഉണ്ടായിരിക്കട്ടെ! ആമേൻ''* (15,30-33).

വി. പൗലോസിന്റെ ജറുസലെം യാത്രയെക്കുറിച്ച് സുദീർഘമായി വിവരിക്കുന്ന നടപടിഗ്രന്ഥം ഈ സംഭാവനയെക്കുറിച്ച് കാര്യമായൊന്നും പരാമർശിക്കുന്നില്ല. സംഭാവന നൽകുകയെന്ന ലക്ഷ്യത്തോടെയാണ് വി. പൗലോസ് ജറുസലെമിലേക്കു പോയതെങ്കിലും ജറുസലെമിലെത്തിയപ്പോൾ കാര്യങ്ങൾ കീഴ്മേൽ മറിഞ്ഞു. അവിടെവച്ച് വി. പൗലോസ് അറസ്റ്റ് ചെയ്യപ്പെടുകയും രണ്ടു വർഷങ്ങളോളം തടവിൽ പാർക്കേണ്ടിവരികയും ചെയ്തു. പിന്നീട് തടവുകാരനായിത്തന്നെ റോമിലും തുടർന്നു. ഇതുപോലെയൊക്കെ സംഭവിക്കുമെന്ന് പൗലോസിനറിയാമായിരുന്നു. പക്ഷേ ഈശോയെപ്പോലെ പൗലോസും ദൈവത്തിന്റെ ഹിതത്തിനു പൂർണമായി വിട്ടുകൊടുത്തുകൊണ്ട് ഈ സാഹചര്യങ്ങളെയെല്ലാം ധൈര്യപൂർവം നേരിട്ടു. ഈശോയുടെ ജീവിതത്തിൽ ദൈവ

ത്തിന്റെ രക്ഷാപദ്ധതിയെ മുമ്പിൽ കണ്ടുകൊണ്ട് ''തന്റെ ആരോഹണത്തിന്റെ ദിവസങ്ങൾ പൂർത്തിയായിക്കൊണ്ടിരിക്കവേ, അവൻ ജറുസലെമിലേക്കു പോകാൻ ഉറച്ചു'' (ലൂക്കാ 9,51) എന്നുപറയുന്നു. പൗലോസും ആ രീതിയിൽ ദൈവത്തിന്റെ പരിപാലനയ്ക്കു സ്വയം വിട്ടുകൊടുത്തുകൊണ്ട് ജീവിത സാഹചര്യങ്ങളെ നേരിട്ടു. ഇതുതന്നെയായിരിക്കണം അജപാലകരുടെയും അജഗണങ്ങളുടെയും പ്രവർത്തനശൈലി.

ജറുസലെമിൽ തന്നെ കാത്തിരിക്കുന്ന ദുരന്തങ്ങളെക്കുറിച്ചുള്ള മുന്നറിവു മൂലമാണോയെന്നു വ്യക്തമല്ല, തന്റെ യാത്രയ്ക്കായി പൗലോസ്ശ്ലീഹാ റോമാക്കാരുടെ പ്രാർത്ഥനാസഹായം ചോദിക്കുന്നുണ്ട് (15,30-33). നമ്മെ സ്നേഹിക്കുന്നവരുടെ പ്രാർത്ഥനകൾ നമ്മോടൊത്തുണ്ടെന്ന അറിവ് വളരെ വിലപ്പെട്ടതാണ്. നാം സ്നേഹിക്കുന്നവരിൽനിന്ന് എത്ര വിദൂരത്തിൽ ജീവിക്കേണ്ടിവന്നാലും ദൈവത്തിന്റെ കരുണയുള്ള സ്നേഹത്തിന്റെ മുമ്പിൽ നമുക്കു പരസ്പരം കാണാൻ സാധിക്കും. അതുപോലെതന്നെ പൗലോസ് ശ്ലീഹാ അവർക്കു തന്റെ ആശീർവാദം കൊടുക്കുന്നു. ''സമാധാനത്തിന്റെ ദൈവം നിങ്ങളെല്ലാവരോടുകൂടെ ഉണ്ടായിരിക്കട്ടെ'' എന്നുപറഞ്ഞുകൊണ്ടാണ് പൗലോസ് അവരെ ആശീർവദിക്കുന്നത്. സമാധാനത്തിന്റെ ദൈവസാന്നിദ്ധ്യത്തോടെയാണ് പൗലോസ്ശ്ലീഹാ ജറുസലെമിലെയും പിന്നീട് റോമിലെയും ജീവിതാനുഭവങ്ങളെയെല്ലാം നേരിട്ടത്. ഹൃദയത്തിൽ ദൈവത്തിന്റെ സമാധാനമുള്ളവർക്കു ജീവിതത്തിൽ ഏതു സാഹചര്യത്തെയും സന്തോഷത്തോടെ നേരിടാൻ കഴിയും. കർത്താവിന്റെ രക്ഷാകരസമ്മാനമായ സമാധാനം കൈവിടാതെ ജീവിതസാഹചര്യങ്ങളെയെല്ലാം നേരിടാൻ അജപാലകർക്കും അജഗണങ്ങൾക്കും സാധിക്കണം.

## ജീവിതസൂചിക

1. വചനാധിഷ്ഠിത ജീവിതം നയിച്ച് എല്ലാവരെയും സ്വീകരിക്കുന്ന ജീവിതം നയിക്കാൻ എനിക്കു സാധിക്കുന്നുണ്ടോ?
2. സ്നേഹകൂട്ടായ്മയിൽ മിശിഹായിലൂടെ പിതാവായ ദൈവത്തെ ആരാധിക്കുന്ന സമൂഹമായി സഭയെ കെട്ടിപ്പടുക്കുവാൻ ഞാൻ ശ്രമിക്കുന്നുണ്ടോ?
3. എന്റെ ശുശ്രൂഷകളെയെല്ലാം സുവിശേഷത്തിനുള്ള പുരോഹിതശുശ്രൂഷയായി കാണുവാൻ എനിക്കു സാധിക്കുന്നുണ്ടോ?
4. ജീവകാരുണ്യപ്രവർത്തനങ്ങളെ സഭാകൂട്ടായ്മയുടെ പ്രകാശനമായി കാണുവാൻ ഞാൻ ജനങ്ങളെ പഠിപ്പിക്കുന്നുണ്ടോ?
5. കർത്താവിന്റെ രക്ഷാകരസമാധാനം കൈവിടാതെ ജീവിതസാഹചര്യങ്ങളെ നേരിടാൻ എനിക്കു കഴിയുന്നുണ്ടോ?



# അഭിവന്ദ്യ പിതാക്കന്മാരുടെ ഡയറി

## മാർ ജോസഫ് പെരുന്തോട്ടം

**ഏപ്രിൽ 2023**

25 ഉച്ചകഴിഞ്ഞ് ചെത്തിപ്പുഴ നാരകത്തറ കുടുംബാംഗമായ അന്നമ്മ തോമസിന്റെ മൃതദേഹത്തിങ്കൽ ഒപ്പീസുചൊല്ലി പ്രാർത്ഥിച്ചു. ചങ്ങനാശേരി സെന്റ് മേരീസ് മെത്രാപ്പോലീത്തൻ ദൈവാലയത്തിൽ വാണിയപ്പുരക്കൽ ഈത്തമ്മ മാത്യുവിന്റെ മൃതസംസ്കാരശുശ്രൂഷയുടെ ദൈവാലയത്തിലെ കർമങ്ങൾക്കു കാർമികത്വം വഹിച്ചു. അതിരൂപതാകേന്ദ്രത്തിൽ സഞ്ജീവനിയുടെ മാനേജിംഗ് ബോർഡ് മീറ്റിംഗിൽ പങ്കെടുത്തു.

26 രാവിലെ പാറേൽ മരിയൻ തീർത്ഥാടനകേന്ദ്രത്തിൽ കളീക്കൽ ബഹു. അലക്സച്ചന്റെ സഹോദരന്റെ വിവാഹം ആശീർവദിച്ചു. ഇത്തിത്താനം സെന്റ് മേരീസ് ഇടവകാംഗമായ സി.സി. വർഗീസിന്റെ മൃതദേഹത്തിങ്കൽ ഒപ്പീസുചൊല്ലി പ്രാർത്ഥിച്ചു. അതിരൂപതാകേന്ദ്രത്തിൽ നടന്ന പ്രസ് മീറ്റിൽ പങ്കെടുത്തു. ഉച്ചകഴിഞ്ഞ് അതിരൂപതാകേന്ദ്രത്തിൽ നടത്തപ്പെട്ട പി.ടി. ചാക്കോ ഫൗണ്ടേഷൻ ഏർപ്പെടുത്തിയ മരണാനന്തര ബഹുമതി അവാർഡ് അഭി. ജോസഫ് പവ്വത്തിൽ പിതാവിനുവേണ്ടി സ്വീകരിച്ചു.

27 രാവിലെ എടത്വാ സെന്റ് ജോർജ് ഫൊറോനാ ദൈവാലയത്തിൽ മാർ ഗീവർഗീസ് സഹദായുടെ തിരുനാളിന് കൊടികയറ്റി. ചങ്ങനാശേരി സെന്റ് മേരീസ് മെത്രാപ്പോലീത്തൻ മാർത്ത് മറിയം കബറിടപള്ളിയിൽ അഭി. പവ്വത്തിൽ പിതാവിന്റെ 41-ാം ചരമദിന ഭാഗമായി പരി. കുർബാനയർപ്പിച്ചു വചനസന്ദേശം നൽകി. വടക്കേക്കര സെന്റ് മേരീസ് ഇടവകാംഗമായ കെ.വി. ആന്റണി കളത്തിലിന്റെ മൃതദേഹത്തിങ്കൽ ഒപ്പീസുചൊല്ലി പ്രാർത്ഥിച്ചു. ചെത്തിപ്പുഴ തിരുഹൃദയ ദൈവാലയത്തിൽ ബഹു. പ്ലാസിഡച്ചന്റെ ചരമവാർഷികത്തോടനുബന്ധിച്ചു കബറിടത്തിൽ ഒപ്പീസുചൊല്ലി അനുസ്മരണ സന്ദേശം നൽകി. തെള്ളകം പുഷ്പഗിരി സെന്റ് ജോസഫ്സ് ദൈവാലയത്തിൽ ഒരു വിവാഹവാഗ്ദാനം ആശീർവദിച്ചു. ഉച്ചകഴിഞ്ഞ് ചെത്തിപ്പുഴ സെന്റ് തോമസ് ആശുപത്രിയിൽ അന്തരിച്ച വയലാർ ബഹു. ജോസച്ചന്റെ മൃതദേഹത്തിങ്കൽ ഒപ്പീസുചൊല്ലി പ്രാർത്ഥിച്ചു.

28 വൈകുന്നേരം കൈപ്പുഴ തിരുകുടുംബ ദൈവാലയത്തിൽ പരി. കുർബാനയർപ്പിച്ചു വചനസന്ദേശം നൽകി. തുടർന്ന് പുതിയ കുരിശടി വെഞ്ചരിച്ചു. അതിരൂപതാകേന്ദ്രത്തിൽ ഇന്ത്യയിലെ വത്തിക്കാൻ അപ്പസ്തോലിക് നുൺഷ്യോ ആർച്ചുബിഷപ് ലെയോപോൾദോ ജിറേല്ലിയെ സ്വീകരിച്ചു.

29 തുരുത്തി CANA പൊന്തിഫിക്കൽ ജോൺപോൾ II ഇൻസ്റ്റിറ്റ്യൂട്ടിന്റെ ചാപ്പലിൽ ഇന്ത്യയുടെ വത്തിക്കാൻ പ്രതിനിധി ലെയോപോൾദോ ജിറേല്ലിക്കൊപ്പം പരി. കുർബാനയിൽ സഹകാർമികനായി. ശേഷം അവിടെ പഠിക്കുന്ന വിദ്യാർത്ഥികളുമായി കൂടിക്കാഴ്ച നടത്തി. ഇത്തിത്താനത്തുള്ള

നവീകരിച്ച ആശാഭവന്റെ സുവർണജൂബിലി സമാപനസമ്മേളനത്തിൽ പങ്കെടുത്തു സംസാരിച്ചു. ഇത്തിത്താനം സെന്റ് ജോസഫ്സ് പ്രീസ്റ്റ്ഹോം അഭി. അപ്പസ്തോലിക് നുൺഷ്യോയ്ക്കൊപ്പം സന്ദർശിച്ചു. ഉച്ചകഴിഞ്ഞ് ചങ്ങനാശേരി എസ്.ബി. കോളേജ് ആർച്ചുബിഷപ് കാവുകാട്ട് ഹാളിൽ നടത്തപ്പെട്ട മാർ തോമ്മാശ്ലീഹായുടെ 1950-ാം രക്തസാക്ഷിത്വവർഷ ത്തിന്റെയും പഞ്ചവത്സര അജപാലനപദ്ധതിയുടെയും അതിരൂപതാതല സമാപനസമ്മേളനത്തിന് അധ്യക്ഷപ്രസംഗം നടത്തി. ചങ്ങനാശേരി സെന്റ് മേരീസ് മെത്രാപ്പോലീത്തൻ ദൈവാലയം അഭി. അപ്പസ്തോ ലിക് നുൺഷ്യോയ്ക്കൊപ്പം സന്ദർശിച്ച് കാലം ചെയ്ത മാർ ജോസഫ് പവ്വത്തിൽ പിതാവിന്റെ കബറിടത്തിൽ പ്രാർത്ഥന നടത്തി. വൈകുന്നേരം ഫാത്തിമപുരത്തുള്ള അൽഫോൻസാ സ്നേഹനിവാസിന്റെ വെഞ്ചരിപ്പു കർമത്തിൽ അഭി. അപ്പസ്തോലിക് നുൺഷ്യോയ്ക്കൊപ്പം സഹകാർ മികനായി. അതിരൂപതാകേന്ദ്രത്തിൽ നടത്തപ്പെട്ട റീജണൽ ബിഷപ്സ് കോൺഫറൻസിൽ പങ്കെടുത്തു.

30 രാവിലെ ചമ്പക്കുളം സെന്റ് മേരീസ് ബസിലിക്ക ദൈവാലയം അഭി. അപ്പ സ്തോലിക് നുൺഷ്യോയ്ക്കൊപ്പം സന്ദർശിക്കുകയും പരി. കുർബാന യർപ്പിക്കുകയും ചെയ്തു. തുടർന്ന് അഭി. അപ്പസ്തോലിക് നുൺഷ്യോയ് ക്കൊപ്പം കൈനകരി ചാവറഭവൻ സന്ദർശിച്ചു. പുന്നമടയിൽനിന്നും അഭി. അപ്പസ്തോലിക് നുൺഷ്യോയെ യാത്രയാക്കി. വൈകുന്നേരം വെരൂർ സെന്റ് ജോസഫ് ദൈവാലയത്തിന്റെ ഇടവകദിനം ഉദ്ഘാടനം ചെയ്തു സംസാരിച്ചു.

**മെയ് 2023**

01 രാവിലെ ചീരഞ്ചിറയിലെ JIMPIRE (Jimmy Institute of Multidisciplinary Physical and Intellectual Rehabilitation and Empowerment) തെറാപ്പി സെന്റർ വെഞ്ച രിച്ചു. വില്ലൂന്നി സെന്റ് സേവ്യേഴ്സ് ദൈവാലയത്തിൽ ജോസഫൈൻ സന്യാസിനിസമൂഹത്തിലെ മൂന്ന് അർത്ഥിനികളുടെ സഭാവസ്ത്രസ്വീക രണവും പ്രഥമവ്രതവാഗ്ദാനവും ആശീർവദിച്ചു. വൈകുന്നേരം ചങ്ങനാ ശേരി എസ്.ബി. കോളേജിലെ കാവുകാട്ട് ഹാളിൽ നടത്തപ്പെട്ട കെ.എൽ. എമ്മിന്റെ സമ്മേളനത്തിൽ പങ്കെടുത്തു സംസാരിച്ചു.

02 രാവിലെ കായൽപുറം സെന്റ് ജോസഫ് ദൈവാലയത്തിൽ വയലാർ ബഹു. ജോസച്ചന്റെ മൃതസംസ്കാരകർമങ്ങൾക്കു കാർമികത്വം വഹിച്ചു.

03-05 സഭാപരമായ കാര്യങ്ങൾക്കായി പെർമനന്റ് സിനഡംഗങ്ങൾ വത്തിക്കാ നിലെ സഭാകാര്യാലയാധികാരികളുമായി നടത്തിയ കൂടിക്കാഴ്ചയിൽ പങ്കെടുത്തു. റോമിൽ പഠിക്കുന്ന വൈദികരെയും വൈദികാർത്ഥികളെയും സന്ദർശിച്ചു.

06 റോമിൽ പഠിക്കുന്ന വൈദികരോടും വൈദികാർത്ഥികളോടുമൊപ്പം വി. ബനഡിക്ടിന്റെ ആശ്രമം സ്ഥിതിചെയ്യുന്ന സുബിയാക്കോ സന്ദർശിച്ചു.

07 റോമിൽ സീറോമലബാർസഭയ്ക്കു ലഭിച്ചിരിക്കുന്ന സെന്റ് അനസ്താ സിയാ ബസിലിക്കയിൽ പരി. കുർബാനയർപ്പിച്ചു.

09-11 ബാഗ്ലൂരിൽ നടന്ന സി.ബി.സി.ഐ. സ്റ്റാൻഡിങ് കമ്മിറ്റി മീറ്റിങ്ങിൽ പങ്കെടുത്തു.

12 രാവിലെ കുറിച്ചി സെന്റ് തോമസ് മൈനർ സെമിനാരി ചാപ്പലിൽ വൈദികവസ്ത്രസ്വീകരണത്തിനും ചെറുപട്ടങ്ങൾക്കും കാർമികത്വംവഹിച്ചു. മേജർ സെമിനാരി ഗാതറിങ്ങിന്റെ സമാപനസമ്മേളനത്തിൽ പങ്കെടുത്തു സംസാരിച്ചു. ഉച്ചകഴിഞ്ഞ് ചെത്തിപ്പുഴ സെന്റ് തോമസ് നഴ്സിംഗ് കോളേജിൽ നടന്ന നഴ്സസ് ഡേ ആഘോഷങ്ങളിൽ പങ്കെടുത്തു സംസാരിച്ചു. വൈകുന്നേരം കൈനടി ചെറുകര അമലോത്ഭവ മാതാവിന്റെ കപ്പേളയുടെ ശതാബ്ദി ആഘോഷങ്ങളുടെ സമാപനസമ്മേളനം ഉദ്ഘാടനം ചെയ്തു സംസാരിച്ചു.

13 രാവിലെ പുന്നത്തുറ സെന്റ് തോമസ് ദൈവാലയത്തിൽ ആഘോഷമായ വി. കുർബാനസ്വീകരണത്തിന്റെ ഭാഗമായി പരി. കുർബാനയർപ്പിച്ചു വചനസന്ദേശം നൽകി. ചേപ്പുംപാറ മാർത്ത് മറിയം ദൈവാലയത്തിൽ കോഴിമറ്റത്തിൽ കുടുംബയോഗത്തിന്റെ ഭാഗമായി പരി. കുർബാനയർപ്പിച്ചു വചനസന്ദേശം നൽകി. ശേഷം നടന്ന സമ്മേളനം ഉദ്ഘാടനം ചെയ്തു സംസാരിച്ചു. മണ്ണനാൽ കുടുംബയോഗം ഉദ്ഘാടനം ചെയ്തു സംസാരിച്ചു. പുന്നത്തുറ ഇടവകയിലെ യുവജനങ്ങൾ നിർമിച്ചു നല്കിയ വീടിന്റെ ആശീർവാദകർമം നടത്തി. ഉച്ചകഴിഞ്ഞ് ആർപ്പൂക്കര സെന്റ് അൽഫോൻസാ അഭയഭവനിൽ ഓഡിറ്റോറിയം വെഞ്ചരിക്കുകയും സി. തെരേസ് പൗളിൻ SMMI യുടെ ജൂബിലിയാഘോഷങ്ങൾ ഉദ്ഘാടനം ചെയ്തു സംസാരിക്കുകയും ചെയ്തു.

14 രാവിലെ അതിരമ്പുഴ സെന്റ് മേരീസ് ഫൊറോനാ ദൈവാലയത്തിന്റെ ഓഡിറ്റോറിയത്തിൽ സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റിയുടെ ചങ്ങനാശേരി സെൻട്രൽ കൗൺസിലിന്റെ 69-ാം വാർഷികവും അതിരമ്പുഴ സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റിയുടെ പ്ലാറ്റിനം ജൂബിലിയും ഉദ്ഘാടനം ചെയ്തു. ഉച്ചകഴിഞ്ഞ് നെടുങ്കുന്നം സെന്റ് ജോൺ ദ് ബാപ്റ്റിസ്റ്റ് ഫൊറോനാ ദൈവാലയത്തിന്റെ ഓഡിറ്റോറിയത്തിൽ AKCC വാർഷികസമ്മേളനത്തിൽ പങ്കെടുത്തു. കുറിച്ചി മാർ ഇഗ്നാത്തിയോസ് ദൈവാലയാങ്കണത്തിൽ നടത്തപ്പെട്ട 1678-ാമത് സിറിയൻ ക്നാനായ വാർഷികസമ്മേളനത്തിൽ അനുഗ്രഹപ്രഭാഷണം നടത്തി.

15 തിരുവനന്തപുരം ലൂർദ് ഫൊറോനാ ദൈവാലയത്തിന്റെ ഓഡിറ്റോറിയത്തിൽ നടത്തപ്പെട്ട പാലാ സിവിൽ സർവീസ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ തിരുവനന്തപുരം സെന്റർ പ്രവർത്തനവർഷം ഉദ്ഘാടനം ചെയ്തു. തിരുവനന്തപുരം ഫൊറോനാ വൈദികസമ്മേളനത്തിൽ പങ്കെടുത്തു. കാരമൂട് സെന്റ് വിൻസെന്റ്സ് മൈനർ സെമിനാരിയിൽ വിശ്രമജീവിതം നയിക്കുന്ന അഭി. സൂസപാക്യം പിതാവിനെ സന്ദർശിച്ചു. കുറ്റിച്ചൽ ലൂർദ് മാതാ കോളേജ് ഓഫ് സയൻസ് ആൻഡ് ടെക്നോളജി സന്ദർശിച്ചു.

16 തത്തംപള്ളി സെന്റ് മൈക്കിൾസ് ദൈവാലയത്തിൽ മ്ശംശാന തോമസ് പടിഞ്ഞാറേക്കുറ്റ് CSsR ന് പൗരോഹിത്യപട്ടം നൽകി. അതിരൂപതാകേന്ദ്രത്തിൽ നടന്ന വൈദികരുടെ മൂന്നാംബാച്ചിന്റെ ഓൺഗോയിങ്ങ് ഫോർമേഷൻ മീറ്റിങ്ങിൽ സംസാരിച്ചു.

17 നെടുങ്കുന്നം സെന്റ് ജോൺ ദ് ബാപ്റ്റിസ്റ്റ് ഫൊറോനാ ദൈവാലയത്തിൽ FDSHJ സന്യാസിനിസമൂഹത്തിന്റെ അർത്ഥിനികളുടെ സഭാവസ്ത്ര സ്വീകരണവും പ്രഥമവ്രതവാഗ്ദാനവും നിത്യവ്രതവാഗ്ദാനവും നടത്തി. കൂടാതെ സിൽവർ ജൂബിലി ആഘോഷത്തിലും പങ്കെടുത്തു. വൈകുന്നേരം നിരണം മാർ തോമാശ്ലീഹാ സെമിനാരിയിൽ ഒന്നാംവർഷ തത്വശാസ്ത്ര വിദ്യാർഥികളെ സന്ദർശിക്കുകയും അവർ വരച്ച ഐക്കൺ വെഞ്ചരിക്കുകയും ചെയ്തു. അതിരൂപതാകേന്ദ്രത്തിൽ നടന്ന ഇന്റർഡിപ്പാർട്ട്മെന്റ് മീറ്റിങ്ങിൽ പങ്കെടുത്തു.

18 രാവിലെ കുറുമ്പനാടം സെന്റ് പീറ്റേഴ്സ് ഹയർ സെക്കന്ററി സ്കൂളിന്റെ ഹയർ സെക്കന്ററിയുടെ 25-ാം വാർഷികാഘോഷങ്ങൾ ഉദ്ഘാടനം ചെയ്തു. ഉച്ചകഴിഞ്ഞ് കുറിച്ചി സെന്റ് തോമസ് മൈനർ സെമിനാരിയിൽ പുതുതായി തിരഞ്ഞെടുക്കപ്പെട്ട വൈദികാർത്ഥികളെ മാതാപിതാക്കൾക്കൊപ്പം കണ്ടു. വൈകുന്നേരം ചെങ്കല്ലിൽ വടക്കേത്ത് ബഹു. പോൾ അച്ചന്റെ മൃതദേഹത്തിങ്കൽ ഒപ്പീസുചൊല്ലി പ്രാർത്ഥിച്ചു. അതിരൂപതാകേന്ദ്രത്തിൽ കഴിഞ്ഞവർഷം റീജൻസി ചെയ്തവർക്കുള്ള യാത്രയയപ്പു സമ്മേളനത്തിൽ പങ്കെടുത്തു.

19 രാവിലെ വെരൂർ സെന്റ് ജോസഫ് ഇടവകാംഗമായ എം.ജെ. ജോസഫ് മാമ്പറമ്പിലിന്റെ (വെരൂർ ജോയിച്ചൻ) മൃതദേഹത്തിങ്കൽ ഒപ്പീസുചൊല്ലി പ്രാർത്ഥിച്ചു.

20 മുഹമ്മ സെന്റ് ജോർജ് ഫൊറോനാ ദൈവാലയത്തിന്റെ ഓഡിറ്റോറിയത്തിൽ നടത്തപ്പെട്ട അതിരൂപതാദിനാഘോഷങ്ങളിൽ പങ്കെടുത്ത് അധ്യക്ഷപ്രസംഗം പറഞ്ഞു.

21 രാവിലെ കണ്ണാടി സെന്റ് ജോസഫ്സ് ഇടവകദൈവാലയത്തിൽ അജപാലന സന്ദർശനത്തിനോടനുബന്ധിച്ച് പരി. കുർബാനയർപ്പിച്ചു സന്ദേശം നൽകി. തുടർന്ന് ഇടവകയിലുള്ള വിവിധ സംഘടനാപ്രതിനിധികളെ കണ്ടു സംസാരിച്ചു, ഇടവകയിലെ രോഗികളുടെ ഭവനങ്ങൾ സന്ദർശിച്ചു.

22 രാവിലെ അതിരൂപതാകേന്ദ്രത്തിലെ ചാപ്പലിൽ ജേക്കബ് കുര്യാക്കോസ് തോട്ടാമഠത്തിന്റെ ആഘോഷമായ വി. കുർബാന സ്വീകരണത്തിന്റെ ഭാഗമായി പരി. കുർബാനയർപ്പിച്ചു വചനസന്ദേശം നൽകി. കൂത്രപ്പള്ളി സെന്റ് മേരീസ് ഇടവകാംഗമായ കുന്നക്കാട്ട് പുതുപ്പറമ്പിൽ ത്രേസ്യാമ്മ മാത്യൂസിന്റെ മൃതദേഹത്തിങ്കൽ ഒപ്പീസുചൊല്ലി പ്രാർത്ഥിച്ചു. എടത്വായിൽ നടത്തപ്പെട്ട കൊഴുപ്പക്കളം കുടുബയോഗം ഉദ്ഘാടനം ചെയ്തു. ആറുമാനൂർ മംഗളവാർത്ത ദൈവാലയത്തിന്റെ ഇടവകദിനത്തിന്റെ ഭാഗമായി പരി. കുർബാനയർപ്പിച്ചു വചനസന്ദേശം നൽകി. ശേഷം നടന്ന ഇടവകദിനസമ്മേളനം ഉദ്ഘാടനം ചെയ്തു. പുളിങ്കുന്ന് സെന്റ് മേരീസ് ഫൊറോനാ ഇടവകാംഗമായ പടമറ്റം നോബി ബ്രദറിന്റെ പിതാവ് പി.സി. അഗസ്റ്റിന്റെ മൃതദേഹത്തിങ്കൽ ഒപ്പീസുചൊല്ലി പ്രാർത്ഥിച്ചു.

22 നീണ്ടകരയിൽ CCCHI ജനറൽ ബോഡി മീറ്റിങ്ങിൽ പങ്കെടുത്തു.

## മാർ തോമസ് തറയിൽ

**ഏപ്രിൽ 2023**

24–28 നേപ്പാൾ കാഠ്മണ്ഡുവിൽ നടന്ന FABC സൗത്ത് ഏഷ്യൻ ബിഷപ്സ് കോൺഫറൻസിൽ പങ്കെടുത്തു

28 ഇന്ത്യ സന്ദർശിച്ച വത്തിക്കാൻ പ്രതിനിധി നുൺഷ്യോ ആർച്ചുബിഷപ് ലെയോപോൾദോ ജിറേല്ലിയെ നെടുമ്പാശ്ശേരി ഇന്റർനാഷണൽ എയർ പോർട്ടിൽ സ്വീകരിച്ചു

29 നുൺഷ്യോ ആർച്ചുബിഷപ് ലെയോപോൾദോ ജിറേല്ലിയോടൊപ്പം തുരുത്തി CANA പൊന്തിഫിക്കൽ ജോൺപോൾ II ഇൻസ്റ്റിറ്റ്യൂട്ടിൽ പരി. കുർബാനയിൽ സഹകാർമികത്വം വഹിച്ചു. ഇത്തിത്താനത്തുള്ള നവീകരിച്ച ആശാഭവന്റെ സുവർണജൂബിലി സമാപനത്തോടനുബന്ധിച്ചുള്ള സമ്മേളനത്തിൽ അഭി. നുൺഷ്യോയോടൊപ്പം പങ്കെടുത്തു. തുടർന്ന് ഇത്തിത്താനത്തുള്ള പ്രീസ്റ്റ്ഹോം സന്ദർശിച്ചു. ചങ്ങനാശേരി എസ്.ബി. കോളേജ് കാവുകാട്ട് ഹാളിൽ നടന്ന മാർത്തോമാ ശ്ലീഹായുടെ 1950–ാം രക്തസാക്ഷിത്വവാർഷിക അനുസ്മരണത്തിന്റെയും പഞ്ചവത്സര അജപാലനപദ്ധതിയുടെയും അതിരൂപതാതല സമാപനസമ്മേളനത്തിൽ സ്വാഗതപ്രഭാഷണം നടത്തി. വൈകുന്നേരം ഫാത്തിമാപുരത്തുള്ള അൽഫോൻസാ സ്നേഹനിവാസിന്റെ വെഞ്ചരിപ്പുകർമത്തിൽ നുൺഷ്യോയോടൊപ്പം സഹകാർമികത്വം വഹിച്ചു. തുടർന്ന് ചങ്ങനാശേരി ആർച്ചുബിഷപ്ഹൗസിൽ നടന്ന റീജണൽ ബിഷപ്സ് കോൺഫറൻസിൽ പങ്കെടുത്തു.

30 ചമ്പക്കുളം സെന്റ് മേരീസ് ബസിലിക്ക ദൈവാലയത്തിൽ അഭി. നുൺഷ്യോയോടൊപ്പം പരി. കുർബാനയിൽ സഹകാർമികത്വം വഹിച്ചു. തുടർന്ന് അദ്ദേഹത്തോടൊപ്പം കൈനകരി ചാവറഭവൻ സന്ദർശിച്ചു.

**മെയ് 2023**

01 വെരൂർ സെന്റ് ജോസഫ് ദൈവാലയത്തിൽ ആഘോഷമായ വി. കുർബാന സ്വീകരണത്തിനു മുഖ്യകാർമികത്വം വഹിച്ചു. ചങ്ങനാശേരി എസ്.ബി. ഹയർസെക്കന്ററി സ്കൂളിൽ പത്താംക്ലാസിലെ കുട്ടികൾക്കായി നടത്തപ്പെട്ട ഓറിയന്റേഷൻ പ്രോഗ്രാം ഉദ്ഘാടനം ചെയ്തു. ചങ്ങനാശേരി സെന്റ് മേരീസ് മെത്രാപ്പോലീത്തൻ ദൈവാലയത്തിൽ വിവാഹം ആശീർവദിച്ചു. ഉച്ചകഴിഞ്ഞ് മെയ്ദിനത്തോടനുബന്ധിച്ച് അതിരൂപതാ കെ.എൽ.എം. ചങ്ങനാശേരി എസ്.ബി. കോളേജ് കാവുകാട്ട് ഹാളിൽ സംഘടിപ്പിച്ച പരിപാടിയിൽ സന്ദേശം നൽകി.

02 വയലാർ ബഹു. ജോസഫ് അച്ചന്റെ മൃതസംസ്കാരശുശ്രൂഷയിൽ ദൈവാലയത്തിലെ കർമങ്ങൾക്കു സഹകാർമികത്വം വഹിച്ചു. പുന്നപ്ര ദനഹാലയായിൽ ക്ലാസ് നയിച്ചു. ചീരഞ്ചിറയിൽ പുതുതായി നിർമിച്ച JIMPIRE (Jimmy Institute of Multidisciplinary Physical and Intellectual Rehabilitation and Empowerment) തെറാപ്പി സെന്ററിന്റെ ഉദ്ഘാടനം നിർവഹിച്ചു.

03 വടക്കേക്കര കളത്തിൽ കെ.വി. ആന്റണിയുടെ മൃതദേഹത്തിങ്കൽ ഒപ്പീസുചൊല്ലി പ്രാർത്ഥിച്ചു. തുടർന്ന് പുന്നപ്ര ദനഹാലയായിൽ ക്ലാസ് നയിച്ചു. ഉച്ചകഴിഞ്ഞ് പറവൂർ മാർ ഗ്രിഗോറിയോസ് പള്ളിയുടെ പുതുതായി നിർമിച്ച കുരിശടിയുടെ വെഞ്ചരിപ്പുകർമം നിർവഹിച്ചു.

04 വെട്ടിക്കൽപുരയിടം സെന്റ് സെബാസ്റ്റ്യൻസ് ദൈവാലയത്തിൽ ആഘോഷമായ വി. കുർബാനസ്വീകരണത്തിനു മുഖ്യകാർമികത്വം വഹിച്ചു. തുടർന്ന് ചെത്തിപ്പുഴ കാർമൽ മൗണ്ടിൽ CMC സിസ്റ്റേഴ്സിന്റെ സഭാവസ്ത്രസ്വീകരണ ശുശ്രൂഷയിൽ പങ്കെടുത്തു. തൃക്കൊടിത്താനം സെന്റ് സേവ്യേഴ്സ് ഫൊറോനാ ദൈവാലയത്തിൽ വിവാഹവാഗ്ദാനം ആശീർവദിച്ചു. പാറേൽ സെന്റ് മേരീസ് ഇടവകാംഗമായ തേവലക്കര മത്തച്ചന്റെ മൃതസംസ്കാര ശുശ്രൂഷയിൽ ദൈവാലയത്തിലെ കർമങ്ങൾക്കു മുഖ്യകാർമികത്വം വഹിച്ചു. കോട്ടയം ലൂർദ് ഫൊറോനാ ദൈവാലയത്തിൽ വിവാഹവാഗ്ദാനത്തിനു മുഖ്യകാർമികത്വം വഹിച്ചു. കാവാലം സെന്റ് ജോസഫ് ദൈവാലയത്തിന്റെ ഇടവകദിനം ഉദ്ഘാടനം ചെയ്തു സന്ദേശം നൽകി.

05 കുറുമ്പനാടം അസംപ്ഷൻ ദൈവാലയത്തിൽ മാർ ജോസഫ് പവ്വത്തിൽ പിതാവിന്റെ അനുസ്മരണത്തോടനുബന്ധിച്ച് പരി. കുർബാനയർപ്പിച്ചു സന്ദേശം നൽകി. പുന്നപ്ര ദനഹാലയായിൽ ക്ലാസ് നയിച്ചു. കോട്ടയം മേഖല MCYM സംഘടനയുടെ ആഭിമുഖ്യത്തിൽ ഗിരിദീപം കോളേജിൽ നടത്തപ്പെട്ട യൂത്ത്ക്യാമ്പ് സന്ദർശിച്ച് യുവജനങ്ങളോടു സംസാരിച്ചു

06 ചെങ്കൽ സേക്രഡ് ഹാർട്ട് ദൈവാലയത്തിൽ ആഘോഷമായ പരി. കുർബാന സ്വീകരണത്തിനു മുഖ്യകാർമികത്വം വഹിച്ചു. തുടർന്ന് കുന്നന്താനം സീയോൻ ധ്യാനകേന്ദ്രത്തിൽ നടന്ന മിഷൻലീഗ് ഇലക്ഷൻ ക്യാമ്പ് സന്ദർശിച്ച് കുട്ടികളോടു സംസാരിച്ചു. ചങ്ങനാശേരി സെന്റ് മേരീസ് മെത്രാപ്പോലീത്തൻ ദൈവാലയത്തിൽ വിവാഹവാഗ്ദാനത്തിനു മുഖ്യകാർമികത്വം വഹിച്ചു. തൃശ്ശൂർ മറ്റം സെന്റ് തോമസ് ഫൊറോനാ ദൈവാലയത്തിൽ ആഘോഷമായ പരി. കുർബാന സ്വീകരണത്തിനു മുഖ്യകാർമികത്വം വഹിച്ചു.

07 എടത്വാ സെന്റ് ജോർജ് ഫൊറോനാ ദൈവാലയത്തിൽ തിരുനാളിനോടനുബന്ധിച്ച് പരി. കുർബാനയർപ്പിച്ചു സന്ദേശം നൽകി. തൃക്കൊടിത്താനം ഫൊറോനയിലെ യുവജനങ്ങളുടെ ആഭിമുഖ്യത്തിൽ കുന്നന്താനം സെന്റ് ജോസഫ് ദൈവാലയത്തിൽ നടന്ന മാർ ജോസഫ് പവ്വത്തിൽ അനുസ്മരണ സമ്മേളനം ഉദ്ഘാടനം ചെയ്തു സംസാരിച്ചു. കാഞ്ഞിരപ്പള്ളി തമ്പലക്കാട് സെന്റ് തോമസ് ദൈവാലയത്തിൽ നടന്ന ദമ്പതീസംഗമത്തിൽ പങ്കെടുത്തു സംസാരിച്ചു.

08 ചമ്പക്കര സെന്റ് ജോസഫ് ദൈവാലയത്തിൽ പ്രവേശകകൂദാശകൾ പരികർമം ചെയ്തു. തുടർന്ന് നൂറുമേനി കോർഡിനേറ്റേഴ്സിന്റെ മീറ്റിങ്ങിൽ പങ്കെടുത്തു. മങ്കൊമ്പ് നസ്രത്ത് സെന്റ് ജറോം ദൈവാലയത്തിൽ വിവാഹം ആശീർവദിച്ചു. വലിയപറമ്പിൽ ബഹു. സെബാസ്റ്റ്യൻ അച്ചന്റെ മാതാവിന്റെ മൃതസംസ്കാരശുശ്രൂഷയിൽ ഭവനത്തിലെ കർമങ്ങൾക്കു

മുഖ്യകാർമികത്വം വഹിച്ചു. കുറിച്ചി സെന്റ് തോമസ് മൈനർ സെമിനാരിയിൽ നടന്ന മേജർ സെമിനാരിക്കാരുടെ സമ്മേളനത്തിൽ പങ്കെടുത്തു.

09 ഇത്തിത്താനം സെന്റ് മേരീസ് ദൈവാലയത്തിൽ പ്രവേശകകൂദാശകൾ പരികർമം ചെയ്തു. കുറിച്ചി സെന്റ് തോമസ് മൈനർ സെമിനാരിയിൽ മേജർ സെമിനാരി അധ്യാപകരുമായി കൂടികാഴ്ച നടത്തി. ഇടപ്പാളയം സെന്റ് ജോർജ് ദൈവാലയത്തിൽ തിരുനാളിനോടനുബന്ധിച്ച് പരി. കുർബാനയർപ്പിച്ചു സന്ദേശം നൽകി.

10 പുതുക്കരി സെന്റ് സേവ്യേഴ്സ് ദൈവാലയത്തിൽ ആഘോഷമായ പരി. കുർബാന സ്വീകരണത്തിനു മുഖ്യകാർമികത്വം വഹിച്ചു. കുറ്റിക്കോണം പ്രൊവിഡൻസ് ഹോമിന്റെ ജൂബിലിയോടനുബന്ധിച്ച് പരി. കുർബാനയർപ്പിച്ചു സന്ദേശം നൽകി. ചെത്തിപ്പുഴ സർഗക്ഷേത്രയുടെ ആഭിമുഖ്യത്തിൽ നടത്തപ്പെട്ട നാടകവാരാചരണത്തിന്റെ സമാപനസമ്മേളനത്തിൽ സമ്മാനദാനം നൽകി സംസാരിച്ചു.

11 ചെത്തിപ്പുഴ സെന്റ് തോമസ് ഹോസ്പിറ്റലിൽ നഴ്സസ്ദിനത്തോടനുബന്ധിച്ച് നടന്ന പ്രോഗ്രാമിൽ പങ്കെടുത്തു സന്ദേശം നൽകി. തുടർന്ന് അഭി. ജോസഫ് കല്ലറങ്ങാട്ടിന്റെ പിതാവ് മാത്യുവിന്റെ മൃതസംസ്കാരശുശ്രൂഷയിൽ പങ്കെടുത്തു. പാളയം Queen of Peace ബസിലിക്കയിൽ സന്ദേശം നൽകി.

12 കുറിച്ചി സെന്റ് തോമസ് മൈനർ സെമിനാരിയിൽ ചെറുപട്ടങ്ങൾ നൽകി. വടക്കേക്കര കൂട്ടുമ്മൽകാട്ടിൽ ജോ വി. ജോസഫിന്റെ മൃതദേഹത്തിങ്കൽ ഒപ്പീസുചൊല്ലി പ്രാർത്ഥിച്ചു. പുന്നപ്ര ദനഹാലയായിൽ ക്ലാസ് നയിച്ചു. എടത്വാ ജൂബിലി ഹോസ്പിറ്റലിൽ ഡയാലിസിസ് യൂണിറ്റ് ആശീർവദിച്ചു. ചങ്ങനാശേരി എസ്.ബി. ഹയർസെക്കൻഡറി സ്കൂളിൽ നടന്ന ക്യാമ്പിൽ പങ്കെടുത്ത കുട്ടികളോടു സംസാരിച്ചു.

13 കൈനടി ചെറുകര കപ്പേളയിൽ തിരുനാളിനോടനുബന്ധിച്ച് പരി. കുർബാനയർപ്പിച്ചു സന്ദേശം നൽകി. തുടർന്ന് ചങ്ങനാശേരി പാലാത്ര ബേബി ഫിലിപ്പിന്റെ മൃതദേഹത്തിങ്കൽ ഒപ്പീസുചൊല്ലി പ്രാർത്ഥിച്ചു. നെടുങ്കുന്നം സഞ്ജീവനിയിൽ നടന്ന യുവജനങ്ങളുടെ ക്യാമ്പിൽ പങ്കെടുത്ത് സംസാരിച്ചു. ഇരവിപേരൂരിൽ നടന്ന കുടുംബയോഗത്തിൽ സംബന്ധിച്ച് സന്ദേശം നൽകി.

14 കേശവദാസപുരം മാർ ഗീവർഗീസ് സഹദാ ദൈവാലയത്തിൽ അജപാലന സന്ദർശനം നടത്തി. വൈകുന്നേരം കണ്ണാടി സെന്റ് റീത്താസ് ദൈവാലയത്തിൽ നവീകരിച്ച മദ്ബഹാ വെഞ്ചരിച്ചു പരി. കുർബാനയർപ്പിച്ചു. തുടർന്ന് വൈദികമന്ദിരത്തിന്റെ വെഞ്ചരിപ്പുകർമം നിർവഹിച്ചു.

15 ചങ്ങനാശേരി FCC ദേവമാതാ പ്രൊവിൻഷ്യൽഹൗസിൽ സിസ്റ്റേഴ്സിന്റെ ജൂബിലിയോടനുബന്ധിച്ച് പരി. കുർബാനയർപ്പിച്ചു സന്ദേശം നൽകി. തുടർന്ന് പുന്നപ്ര ദനഹാലയായിൽ ക്ലാസ് നയിച്ചു.

16 കുമരകം വടക്കുംകര സെന്റ് ജോൺ നെപുംസ്യാനോസ് ദൈവാലയ

ത്തിൽ പരി. കുർബാനയർപ്പിച്ചു സന്ദേശം നൽകി. പാറേൽ സെന്റ് മേരീസ് പള്ളി കെ.എൽ.എം. യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ നടന്ന കുടുംബ സംഗമത്തിൽ സംബന്ധിച്ചു സംസാരിച്ചു. പൗരോഹിത്യം സ്വീകരിച്ചിട്ട് 25 വർഷം മുതലുള്ള വൈദികർക്കുവേണ്ടി സംഘടിപ്പിച്ച ഓൺഗോയിങ് ഫോർമേഷനിൽ സംസാരിച്ചു.

17 അരുവിക്കുഴി ലൂർദ് മാതാ ദൈവാലയത്തിൽ പ്രവേശകകൂദാശകൾ പരികർമം ചെയ്തു. കുന്നന്താനം സീയോൻ ധ്യാനകേന്ദ്രത്തിൽ നടന്ന KCSL നേതൃത്വപരിശീലന ക്യാമ്പിൽ പങ്കെടുത്തു. വൈകുന്നേരം ഇന്റർ ഡിപ്പാർട്ടുമെന്റ് മീറ്റിങ്ങിൽ പങ്കെടുത്തു.

18 പഴവങ്ങാടി മാർസ്ലീവാ ഫൊറോനാപള്ളിയിൽ നടത്തപ്പെട്ട ജൂബിലി യിൽ പരി. കുർബാനയർപ്പിച്ചു സന്ദേശം നൽകി. ഉച്ചകഴിഞ്ഞ് നിരണം മാർതോമ്മാ ശ്ലീഹാ സെമിനാരി സന്ദർശിച്ച് വൈദികാർഥികളോടു സം സാരിച്ചു.

19 കോതമംഗലം മാർത്തോമാ ചെറിയപള്ളിയിൽ സന്ദേശം നൽകി. മുഹമ്മ സെന്റ് ജോർജ് ദൈവാലയത്തിൽ അതിരൂപതാദിനത്തോടനുബന്ധിച്ച് റംശാ പ്രാർത്ഥനയ്ക്കിടയിൽ സന്ദേശം നൽകി.

20 മുഹമ്മ സെന്റ് ജോർജ് ദൈവാലയത്തിലെ മാർ ജോസഫ് പവ്വത്തിൽ നഗറിൽ നടന്ന 137-ാമത് അതിരൂപതാദിനത്തിൽ പങ്കെടുത്തു സ്വാഗതം ആശംസിച്ചു.

21 തേക്കുപാറ സെന്റ് മേരീസ് ദൈവാലയത്തിൽ അജപാലനസന്ദർശനം നടത്തി. വൈകുന്നേരം തിരുവനന്തപുരം ലൂർദ് ഫൊറോനാ ദൈവാലയ ത്തിൽ ആഘോഷമായ പരി. കുർബാന സ്വീകരണത്തിനു മുഖ്യകാർമി കത്വം വഹിച്ചു.


22 കൂത്രപ്പള്ളി കുന്നക്കാട്ട് പുതുപ്പറമ്പിൽ ത്രേസ്യാമ്മ മാത്യൂസിന്റെ മൃത ദേഹത്തിങ്കൾ ഒപ്പീസുചൊല്ലി പ്രാർത്ഥിച്ചു. നല്ലതണ്ണി മാർതോമാശ്ലീഹാ ദയറാ (ആശ്രമം) സന്ദർശിച്ചു. പുളിങ്കുന്ന് പടമറ്റം പി.സി. അഗസ്റ്റിന്റെ മൃതദേഹത്തിങ്കൽ ഒപ്പീസുചൊല്ലി പ്രാർത്ഥിച്ചു.

23 പാലാ SH സേക്രഡ് ഹാർട്ട് പ്രൊവിൻഷ്യൽ ഹൗസിൽ പരി. കുർബാന യർപ്പിച്ചു സന്ദേശം നൽകി. അതിരൂപതയിലെ 2022-23 ബാച്ചിലെ വൈദി കരുടെ മീറ്റിങ്ങിൽ പങ്കെടുത്തവരോടു സംസാരിച്ചു.

24 പത്തനാപുരം മൗണ്ട് താബോർ ദയറായിൽ നടന്ന ബൈബിൾ കൺവൻ ഷനിൽ പ്രഭാഷണം നടത്തി.

25 ദൈവദാസി മദർ മേരി ഫ്രാൻസിസ്ക്കാ ദ ഷന്താളിന്റെ (ഷന്താളമ്മ) 51-ാം ചരമവാർഷികത്തിൽ അതിരമ്പുഴ സെന്റ് മേരീസ് ഫൊറോനാ ദൈവാലയത്തിൽ പരി. കുർബാനയർപ്പിച്ച് സന്ദേശം നൽകി. കൈനകരി ആയിരവേലി നിത്യസഹായമാതാവിന്റെ ചാപ്പലിന്റെ കൂദാശാകർമത്തിനു മുഖ്യകാർമികത്വം വഹിച്ചു. വൈശ്യംഭാഗം സെന്റ് ആന്റണീസ് ദൈവാല യത്തിൽ നടന്ന യൂത്ത് മീറ്റിൽ പങ്കെടുത്തു.






# ENGAGEMENTS

## 2023 JUNE

**Mar Joseph Perumthottam**
Metropolitan Archbishop of Changanacherry

| | | |
|---|---|---|
| 01 | 09:30 am | School Blessing @ Pacha - Chekkidikkad |
| | 06:00 pm | Academic Year Inauguration @ MOC, Manganam |
| 02 | 07:30 am | Mar Thomas Kurialacherry 98th Death Anniversary Holy *Qurbana* @ St. Mary's Metropolitan, Changanacherry |
| | 2:30-4:00 pm | Visitors |
| 03 | 10:00am | മതാദ്ധ്യാപക നേതൃസംഗമം @ St. Berchmans HSS, Changanacherry |
| | 04:00 pm | Olive Ministers Meet @ Mary Matha, Mariyapuram |
| 04 | 08:00 am | Pastoral Visit @ St. Joseph, Changankary |
| 05 | 06:15 am | Holy *Qurbana* & Sacraments of Initiation @ Virudhunagar |
| 06 – 08 | | KCBC |
| 09 | 2:30-4:00 pm | Visitors |
| 10 | 10:00 am | നൂറുമേനി സമാപനസമ്മേളനം @ St. Berchmans College Kavukatt Hall, Changanacherry |
| 11 | 07:00 am | Pastoral Visit @ St. Xavier's, Puthukary |
| 12 -16 | | Synod |
| 17 | 11:00 am | Marriage @ St. George Forane, Muhamma |
| | 06:00 pm | Homily @ St. Sebastian, Panayampala |
| 19 | 10:00 am | KCSL Inauguration & Animators' Meet @ St. Teresa's HSS, Vazhappally |
| 20 | 10-12:30 pm | Visitors |
| | 04:00 pm | Chethipuzha St. Thomas Hospital Trust Meeting @ Archbishop House, Changanacherry |
| 22 | 06:30 am | Holy *Qurbana* @ St. Thomas, Punnathura |
| | 06:30 pm | Doctors' Meet @ Archbishop House, Changanacherry |
| 25 | 07:30 am | Pastoral Visit @ St. Thomas, Pallathuruthy |
| 27 | 2:30-4:00 pm | Visitors |
| 29 – 30 | | Regional Bishops Conference @ Munnar |

Fr. Secretary - 9447507393

# ENGAGEMENTS

**Mar Thomas Tharayil**
Auxiliary Bishop of Changanacherry

## 2023 JUNE

| | | |
|---|---|---|
| 01 | 10:00 am | Talk @ Kurisummod, Media Village |
| 02 | 06:00 am | Holy *Qurbana* @ Changanacherry, St. Mary's Metropolitan |
| | 09-11:30 am | Curia |
| | 02:30-04:00 pm | Visitors |
| 03 | 06:30 am | Holy *Qurbana* @ Kurichy, St. Thomas Minor Seminary |
| | 10:00 am | Catechism Teachers' Meet @ Changanacherry, Sandesanilayam |
| | 04:00 pm | Narickal, St. Mary's |
| 04 | | Pastoral Visit @ Narickal, St. Mary's |
| | 03:00 pm | Private School Managers' Meet @ Thiruvananthapuram, Lourdes |
| 05 | | Engaged |
| 06 - 08 | | KCBC |
| 09 | 09-11:30 am | Curia |
| | 03:00 pm | CARP Executive Meeting @ Changanacherry, Marthoma Vidhyanikethan |
| 10 | 06:30 am | Holy *Qurbana* @ Laikadu, St. Joseph's |
| | 10:00 am | CML Year Inauguration @ Changanacherry, St. Berchmans HSS |
| | 10:45 am | നൂറുമേനി Grand Finale @ Changanacherry, St. Berchmans College Kavukatt Hall |
| | 04:00 pm | Thirumala, Holy Family |
| 11 | | Pastoral Visit @ Thirumala, Holy Family |
| 12-16 | | Synod |
| 17 | 10:30 am | Holy *Qurbana* @ Pazhayeroor, St. Thomas |
| | 04:00 pm | Palode, St. Mary's |
| 18 | | Pastoral Visit @ Palode, St. Mary's |
| 19-20 | | Priests Ongoing Formation @ Kakkanad, Mount St. Thomas |

| | | |
|---|---|---|
| 21 | 09-11:30 am | Curia |
| | 02:30-04:00 pm | Visitors |
| 22 | 06:30 pm | Doctors' Meet @ Changanacherry, Archbishop House |
| 23-24 | | Engaged |
| 25 | | Pastoral Visit @ Anakulam, St. Joseph's |
| 26 | | Thiruvananthapuram |
| 27 | | Engaged |
| 28 | 09-11:30 am | Curia |
| | 02:30-04:00 pm | Visitors |
| 29-30 | | Regional Bishops Conference @ Munnar |

Fr. Secretary - 8078088468

## ഐക്കൺ വിവരണം

### പന്തക്കുസ്താതിരുനാൾ ഐക്കൺ

**(കവർ ബാക്ക്)**

തിരുസഭയുടെ മാതാവായ പരിശുദ്ധ കന്യകാമറിയവും ലോകരക്ഷകനായ ഈശോമിശിഹായുടെ ശിഷ്യന്മാരായ പന്ത്രണ്ടുശ്ലീഹന്മാരും സീയോൻ മാളികയിൽ പ്രാർത്ഥനാ നിരതരായിരുന്നപ്പോൾ സ്വർഗാരോഹണത്തിനുമുമ്പ് ഈശോ വാഗ്ദാനം ചെയ്ത സഹായകനായ റൂഹാദ്ക്കുദ്ശാ അഗ്നിനാളങ്ങളായി അവരുടെമേൽ പറന്നിറങ്ങിയതിനെക്കുറിച്ചുള്ള കോപ്റ്റിക് ഐക്കൺ


*(ശ്ലീഹന്മാരുടെ നടപടി 2:1- 3).*

## അപ്പസ്തോലിക് നുൻഷ്യോ ആർച്ചുബിഷപ് ലെയോപോൾദോ ജിറേല്ലിയുടെ സന്ദർശനം
(2023 ഏപ്രിൽ 28–30)




### കാനാ – വി. ജോൺ പോൾ II ഇൻസ്റ്റിറ്റ്യൂട്ട്, തുരുത്തി





### ആശാഭവൻ, ഇത്തിത്താനം










## സെന്റ് ബർക്ക്മാൻസ് കോളേജ്, ചങ്ങനാശേരി







## മാർത്തോമ്മാശ്ലീഹായുടെ 1950-ാം രക്തസാക്ഷിത്വവർഷം & പഞ്ചവത്സര അജപാലനപദ്ധതി

മാർ മാത്യു കാവുകാട്ട് ഹാൾ






# അതിരൂപതാതല സമാപനം

## അൽഫോൻസാ സ്നേഹനിവാസ് വെഞ്ചരിപ്പ് കർമ്മം, ചങ്ങനാശേരി





## സ്വീകരണം – സെന്റ് മേരീസ് ബസിലിക്ക, ചമ്പക്കുളം & ചാവറ ഭവൻ, കൈനകരി












**VEDAPRACHARA MADHYASTAN VOL.95 No.12 June 2023**
Date of Publication: 31-05-2023
Registered No. RN-3149/1957
Postal Regn No. KL/CHC/74/2021-23
Licence No. KL/CR/CHC/WPP-2/2021-23
Licensed to Post Without Prepayment

Rs 25/-

Posted at Changanacherry sorting on the last day of every month

# പന്തക്കുസ്താതിരുനാൾ ആശംസകൾ



**സെഹിയോൻ ശാലയതിൽ ദൈവികപദ്ധതികൾ**
**പൂരിതമാകുന്നു റൂഹയിറങ്ങുന്നു.**
**സഭയാം മണിസൗധം മിശിഹായാം ശിലയിൽ**
**ശ്ലീഹർ അഭിഷിക്തർ അതിനുടെ തൂണുകൾപോൽ.**

**(ശ്ലീഹാക്കാലം ഞായർ, എന്ദാനാ)**

Estd. 1928

Phone 2410101

Printed & Published by Fr Justin Kayamkulathussery and owned by Archdiocese of Changanacherry and Printed at St. Joseph Orphanage Press and Book Stall, Aramanapady, Changanacherry, Kottayam Dist. 686 101, Kerala and Published at Ward No. IV, Building No. 631, Archbishop's House Changanacherry, Kottayam Dist. - 686 101, Kerala. Editor: Fr Biju George Alencherry.

E-mail: sjopresschry@gmail.com | Website: www.archdiocesechanganacherry.org